# വിജ്ഞാനഗന്ഥങ്ങൾ

**ഡോ. ആന്റണി തറേക്കടവിൽ**

**ALPHA INSTITUTE OF THEOLOGY AND SCIENCE**
Thalassery, Kerala, India - 670 101
Ph: 0490 2344727, 2343707
Web: www.alphathalassery.org, Email: alphits@gmail.com

# വിജ്ഞാനഗ്രന്ഥങ്ങൾ

| | |
|---|---|
| **Title:** | Wisdom Books |
| **Published by:** | The Director, Alpha Institute, Archdiocese of Tellicherry<br>Sandesa Bhavan, Tellicherry, 670101, Kannur, Kerala<br>Ph: 0490 - 2344727, 2343707, + 91 8086312826 |
| **Published on:** | 19th March 2017 (Feast of St. Joseph) |
| **Author:** | Rev. Antony Tharekadavil |
| **Editorial Board:** | Rev. Dr. Joseph Pamplany<br>Rev. Dr. Thomas Kochukarottu<br>Rev. Dr. Joseph Kakkaramattam |
| **Office Assistance:** | Mr. Jibin Thomas Mechirakath<br>Bro. Joice George<br>Mrs. Jeshitha Vijesh |
| **Design & Layout:** | Mr. Renjith KC |
| **Printing:** | Vimala Offset Press, Thalassery |
| **Copy Right:** | © All rights reserved. No part of this publication may be reproduced, stored in or introduced into a retrieval system, or transmitted, in any form, or by any means, electronic, mechanical, photocopying, recording or otherwise without the prior written permission of the publisher |

# ഉള്ളടക്കം

1. ബൈബിളിലെ ജ്ഞാനഗ്രന്ഥങ്ങൾ ........ 5
2. സങ്കീർത്തനങ്ങൾ ........ 26
സങ്കീർത്തനങ്ങളുടെ ഉത്ഭവം
വിലാപങ്ങൾ
സ്തുതിഗീതങ്ങൾ
കൃതജ്ഞതാഗീതങ്ങൾ
പ്രത്യാശയുടെയും വിശ്വാസത്തിന്റെയും ഗീതങ്ങൾ
രാജകീയ കീർത്തനങ്ങൾ
സീയോൻ ഗീതങ്ങൾ
പ്രബോധന ഗീതങ്ങൾ
സങ്കീർത്തനങ്ങൾ ദൈവവചനമാണ്
3. സുഭാഷിതങ്ങൾ ........ 41
പ്രവൃത്തികൾക്കനുസരിച്ച് പ്രതിഫലം
പ്രബോധനരീതിയും ഗ്രന്ഥത്തിന്റെ ഘടനയും
4. ജോബ് - സഭാപ്രസംഗകൻ ........ 54
ജോബ്
പുസ്തകത്തിന്റെ ഘടന
ദൈവശാസ്ത്രം
സഭാപ്രസംഗകൻ
ജോബ്-സഭാപ്രസംഗകൻ ഉപസംഹാരം
5. ഉത്തമഗീതം ........ 89
6. പ്രഭാഷകൻ ........ 97
പുസ്തകത്തിന്റെ ഘടന
നിയമവും പ്രവാചകന്മാരും ലിഖിതങ്ങളും
പ്രവൃത്തികൾക്കനുസരിച്ച് പ്രതിഫലം
മരണാനന്തര ജീവിതം
പ്രഭാഷകനും ഏകദൈവവിശ്വാസവും
പ്രഭാഷകൻ പുതിയ നിയമത്തിലേയ്ക്ക് ഒരു വഴികാട്ടി
7. ജ്ഞാനം ........ 121
യവന-രാഷ്ട്രീയ-സാമൂഹ്യ പശ്ചാത്തലം
യവന-താത്വിക പശ്ചാത്തലം
ജ്ഞാനഗ്രന്ഥം
ഗ്രന്ഥത്തിന്റെ ഘടനയും ദൈവശാസ്ത്രവും
ജ്ഞാനഗ്രന്ഥവും പുതിയ നിയമവും
ജ്ഞാനസാഹിത്യത്തെക്കുറിച്ചുള്ള ചില ആധുനികഗ്രന്ഥങ്ങൾ

*Published for the use of the students of Alpha Institute of Theology and Science*

# 01

## ബൈബിളിലെ ജ്ഞാനഗ്രന്ഥങ്ങൾ

ദൈവികവെളിപാടായി യഹൂദരും ക്രിസ്ത്യാനികളും കരുതുന്ന വി. ഗ്രന്ഥത്തെ (പഴയ നിയമം) സാധാരണയായി മൂന്ന് ഭാഗങ്ങളായി തിരിക്കാറുണ്ട്: 1) നിയമം (തോറ), 2) പ്രവാചകന്മാർ, 3) ലിഖിതങ്ങൾ (ജ്ഞാനഗ്രന്ഥങ്ങൾ). പരമ്പരാഗതമായ ഈ വിഭജനം പുതിയനിയമകാലത്തുതന്നെ നിലവിലിരുന്നതാണ്: "അവൻ അവരോടു പറഞ്ഞു. മോശയുടെ നിയമത്തിലും പ്രവാചകന്മാരിലും സങ്കീർത്തനങ്ങളിലും എന്നെക്കുറിച്ച് എഴുതപ്പെട്ടിരിക്കുന്നതെല്ലാം പൂർത്തിയാകേണ്ടിയിരിക്കുന്നു എന്നു ഞാൻ നിങ്ങളുടെകൂടെ ആയിരുന്നപ്പോൾ പറഞ്ഞിട്ടുണ്ടല്ലോ" (ലൂക്കാ 24:44); മത്തായി 5:17; 7:12; 22:40; 23:34; യോഹ 1:45; അപ്പ 26:23; 28:23; റോമ 3:21 മുതലായവയും കാണുക.

നിയമഗ്രന്ഥം അല്ലെങ്കിൽ പഞ്ചഗ്രന്ഥം എന്നത് ബൈബിളിലെ ആദ്യത്തെ അഞ്ചുപുസ്തകങ്ങളുടെ പേരാണ്: ഉൽപത്തി, പുറപ്പാട്, ലേവ്യർ, സംഖ്യ, നിയമാവർത്തനം. പഞ്ചഗ്രന്ഥം ദൈവം ലോകത്തെ സൃഷ്ടിച്ചതെങ്ങനെയാണെന്നും (ഉൽപ 1:2), പിന്നീട് പാപംചെയ്തപ്പോൾ മനുഷ്യനെ ശിക്ഷിച്ചുവെന്നും (ഉൽപ 3-4; 6-8), എന്നാൽ തുടർന്ന് ദൈവം മാനവ

കുലത്തിന്റെ രക്ഷയ്ക്കായി ഒരു മനുഷ്യനെ വിളിച്ചുവെന്നും (അബ്രാഹം) അവനിലൂടെ ഒരു ജനതയ്ക്ക് രൂപം നൽകിയെന്നും വിവരിക്കുന്നു (ഉൽപ 12–50). ഈ ജനത്തിന്റെ അടിമത്തവും, ദൈവം അവരെ അത്ഭുതകരമായി അടിമത്തത്തിൽ നിന്നും മോചിപ്പിച്ചതും, ആ മോചനത്തിനുശേഷം, അവർക്ക് തന്റെ നിയമം നൽകി അവരുമായി ഉടമ്പടിചെയ്ത്, തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമാക്കിയതും തുടർന്ന് തന്റെ കല്പന ലംഘിച്ച ജനത്തെ 40 വർഷം മരുഭൂമിയിൽ അലയാൻ അനുവദിച്ചതും എന്നാൽ അവസാനം അവരെ വാഗ്ദത്ത ദേശത്തിന്റെ അതിർത്തിയിൽ എത്തിച്ചതുവരെയുമുള്ള കാര്യങ്ങളാണ് പുറപ്പാട് മുതൽ നിയമാവർത്തനം വരെയുള്ള പഞ്ചഗ്രന്ഥത്തിലെ പുസ്തകങ്ങൾ വിവരിക്കുന്നത്. തന്റെ ജനം പാലിക്കേണ്ട മതപരവും ആരാധനക്രമപരവുമായ നിയമങ്ങളെല്ലാം ദൈവം ജനത്തിന് മരുഭൂമിയിലൂടെയുള്ള യാത്രയ്ക്കിടയിൽവച്ച് നൽകുകയും ചെയ്തു. യഹൂദജനതയുടെ ചരിത്രത്തിൽ ദൈവം എങ്ങനെ രക്ഷകനായി ഇടപെടുന്നു എന്നതാണ് പഞ്ചഗ്രന്ഥത്തിലെ പ്രധാന ചർച്ചാവിഷയമെന്ന് പറയാൻകഴിയും. ദൈവം വാഗ്ദാനം ചെയ്ത ദേശത്ത് (ഉൽപ 15:18–21) അവന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമായി ജീവിക്കാൻ അത്യന്താപേക്ഷിതമായ നിയമങ്ങൾ നൽകുന്നതിനാലാണ് പഞ്ചഗ്രന്ഥത്തെ നിയമഗ്രന്ഥം എന്ന് വിളിക്കുന്നത്. പുറപ്പാട് 19–ാം അധ്യായം മുതൽ നിയമാവർത്തനപുസ്തകത്തിന്റെ അവസാനംവരെ, ഇസ്രായേലിന്റെ മരുഭൂമിയാത്രയുടെ പശ്ചാത്തലത്തിൽ നല്കപ്പെടുന്നതായി വിവരിക്കുന്ന ഈ നിയമങ്ങൾ ചിതറിക്കിടക്കുന്നു. ഉൽപ 1 മുതൽ പുറപ്പാട് 18 വരെ ഈ നിയമം നല്കപ്പെടുന്ന1തിന്റെ ചരിത്രപരമായ സാഹചര്യമാണ് ഗ്രന്ഥകാരൻ വിവരിക്കുന്നത്.

ബൈബിളിന്റെ രണ്ടാംഭാഗമായ പ്രവാചകഗ്രന്ഥങ്ങളെ രണ്ടു ഭാഗങ്ങളായി തിരിക്കാറുണ്ട്: മുൻകാല പ്രവാചകന്മാരും പിൽക്കാല പ്രവാചകന്മാരും. ജോഷ്വ മുതൽ രാജാക്കന്മാർവരെയും, ഏശയ്യ മുതൽ മലാക്കിയാസ് വരെയുമുള്ള ഗ്രന്ഥങ്ങളാണവ. പഞ്ചഗ്രന്ഥത്തിലെ ചരിത്രത്തിനുശേഷം രക്ഷാകര ചരിത്രത്തിന്റെ തുടർച്ചയായി എന്തു സംഭവിച്ചു എന്ന ചർച്ചയാണ് പ്രവാചക ഗ്രന്ഥങ്ങളുടെ ഉള്ളടക്കം. മോശയുടെ നേതൃത്വത്തിലുള്ള 40 വർഷക്കാലത്തെ മരുഭൂമിയിലൂടെയുള്ള യാത്രയുടെ അവസാനം നേബോ മലയിൽവച്ച് (ഇസ്രായേൽ ജോർദ്ദാൻ നദികടന്ന് വാഗ്ദത്ത ദേശത്ത് പ്രവേശിക്കുന്നതിന് മുമ്പ്) മോശ മരിച്ചു. മോശയ്ക്കുശേഷം അവന്റെ പിൻഗാമിയായ ജോഷ്വയുടെ നേതൃത്വത്തിൽ ഇസ്രായേൽ ജനം വാഗ്ദത്ത ദേശത്ത് പ്രവേശിക്കുന്നതും, ദേശം കാനാന്യരിൽ നിന്ന് കൈയടക്കുന്നതും, തുടർന്നുവന്ന ന്യായാധിപന്മാരുടെ കാലവും അതിന്റെ അന്ത്യത്തോടെ ഒരു രാജാവിന്റെ കീഴിൽ ജനം അണിനിരക്കുന്ന

തും, ഒരു രാജ്യമായി വളർന്നുവന്നതും, ആദ്യരാജാക്കന്മാരായ സാവൂളിന്റെയും ദാവീദിന്റെയും, സോളമന്റെയും കാലശേഷം ഇസ്രായേൽ, ഇസ്രായേൽ യൂദാ എന്നീ രാജ്യങ്ങളായി വിഭജിക്കപ്പെട്ടതും, തുടർന്ന് ആദ്യം വടക്കൻരാജ്യമായ ഇസ്രായേലും (അസ്സീറിയായിലേക്ക്) തുടർന്ന് തെക്കൻരാജ്യമായ യൂദായും (ബാബിലോണിലേയ്ക്ക്) അടിമകളായി പോകുന്നതുമാണ് ഈ പുസ്തകങ്ങളുടെ (മുൻകാല പ്രവാചകന്മാർ) ഉള്ളടക്കം. ഈ കാലഘട്ടത്തിലും, തുടർന്ന് ബാബിലോൺ പ്രവാസകാലഘട്ടത്തിലും പ്രവാസത്തിനുശേഷവും മോശയുടെ നിയമം വിശദീകരിച്ച വ്യക്തികളായിരുന്നു പ്രവാചകന്മാർ. അവരിൽ ചിലരുടെ സന്ദേശമാണ് പില്ക്കാല പ്രവാചകന്മാർ എന്നറിയപ്പെടുന്ന പ്രവാചകഗ്രന്ഥങ്ങൾ നൽകുന്നത്. വാഗ്ദത്ത ദേശത്ത് ജീവിക്കുന്നതിനുള്ള ഉപാധിയായാണ് മോശനിയമം നൽകിയത്. ഈ നിയമം കാലാനുസൃതമായി പ്രവാചകന്മാരും മത-രാഷ്ട്രീയ നേതാക്കന്മാരും വിശദീകരിക്കുന്നതാണ് പ്രവാചകഗ്രന്ഥങ്ങളിൽ കാണുന്ന പ്രധാന ചർച്ചാവിഷയം (ജോഷ്വ 1:7-8; 13:1-7; 20:1-9).

നിയമത്തിലും (പഞ്ചഗ്രന്ഥം) പ്രവാചകന്മാരിലും (ജോഷ്വ-മലാക്കി) വെളിവാകുന്ന ഒരു പ്രധാന ആശയം മനുഷ്യനെ തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചതിനു ശേഷം അവന്റെ ജീവിതത്തിലെ വിഷമഘട്ടങ്ങളിൽ അവനെ തേടിയിറങ്ങുന്ന ദൈവത്തെക്കുറിച്ചുള്ളതാണ്. മനുഷ്യൻ പാപംചെയ്ത് തന്നിൽനിന്നകന്നുപോയപ്പോൾ ദൈവം രക്ഷകനായും, വിധികർത്താവായും അവനെ തേടിവന്നു (ഉൽപ 3:8-24; 4: 8-16). മനുഷ്യൻ ലോകം മുഴുവൻ തിന്മകൊണ്ട് നിറച്ചപ്പോൾ, ദൈവം ലോകത്തിൽ നീതിനടത്തുന്ന വിധികർത്താവായി ഇറങ്ങിവന്നു (6:1-22); അഹങ്കാരത്തിന് അധീനരായവരെ ദൈവം ലോകം മുഴുവൻ ചിതറിക്കുകയും പരസ്പരം മനസ്സിലാക്കാൻ കഴിയാത്തവിധം അവരുടെ ഭാഷ രൂപാന്തരപ്പെടുത്തുകയും ചെയ്തു (ഉൽപ 11:1-9); തുടർന്ന് ലോകം മുഴുവൻ ചിതറിപ്പോയ ജനത്തെ രക്ഷിക്കാൻ ദൈവം അബ്രാഹം എന്ന ഒരു മനുഷ്യനെ തിരഞ്ഞെടുക്കുകയും (ഉൽപ 12:1-6) അവനിലൂടെ ലോകരക്ഷയ്ക്കായി ഒരു ജനതയ്ക്ക് രൂപംനൽകുകയും ചെയ്തു (ഉൽപ 17). പിന്നീട് വന്ന ചരിത്രത്തിൽ ദൈവം താൻ രൂപംനൽകിയ ജനത്തിന്റെ വിധികർത്താവും രക്ഷകനുമായി കടന്നുവന്നതെങ്ങനെയെന്ന് പഞ്ചഗ്രന്ഥവും മുൻകാല പ്രവാചകന്മാരും വിവരിക്കുന്നു. ഈ വിവരണങ്ങളിലെല്ലാം, ഇസ്രായേലിനെ മുഴുവനുംകൂടി ഒരു ജനമായി (വ്യക്തിപരമായല്ല) കാണുകയും ഒരു ജനമെന്ന നിലയിൽ അവരുടെ ചരിത്രത്തിന് പ്രാധാന്യം ലഭിക്കുകയും ചെയ്യുന്നു. ദൈവം ജനത്തിന് രൂപം നൽകുന്നു, അവരെ രക്ഷിക്കുന്നു, നയിക്കുന്നു, ശിക്ഷിക്കുന്നു. ദാവീദിനെയും, സാമുവലിനെയും

പോലുള്ളവരോടും പ്രവാചകരോടും ദൈവം വ്യക്തിപരമായി ഇട പെടുന്നുണ്ടെങ്കിലും അതെല്ലാം രാജ്യത്തിന്റെ (ജനങ്ങളുടെ) ചരിത്രത്തെയാണ് ആത്യന്തികമായി ലക്ഷ്യം വയ്ക്കുന്നത്.

ദൈവം ഘട്ടംഘട്ടമായി ചരിത്രത്തിലുള്ള തന്റെ ഇടപെടലുകളിലൂടെ ഇസ്രായേലിന് സ്വയം വെളിപ്പെടുത്തുന്നു എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ഉദാ: ആദാമിനും ഹവ്വായ്ക്കും ദൈവം ന്യായാധിപനും വിധികർത്താവുമായി സ്വയം വെളിപ്പെടുത്തുന്നു (ഉൽപ 3); നോഹയ്ക്ക് നീതിമാന്മാരുടെ രക്ഷകനായും (ഉൽപ 6-9), ന്യായാധിപന്മാർക്ക് രക്ഷകനായും (ന്യായ 3:12-30), മോശയ്ക്ക് പിതാക്കന്മാരുടെ ദൈവമായും (പുറ 3:6), നിയമദാതാവായും (പുറ 19:1-8) അവൻ സ്വയം വെളിപ്പെടുത്തുന്നു. രാജാക്കന്മാരുടെ കാലത്ത് രാജാക്കന്മാരെ നിയമിക്കുന്ന ചക്രവർത്തിയായി ദൈവം സ്വയം വെളിപ്പെടുത്തുന്നു (1സാമു 13:14). മുൻപ് സൂചിപ്പിച്ചതുപോലെ മനുഷ്യനെ തന്റെ ഛായയിൽ സൃഷ്ടിക്കുകയും, ലോകത്തിലെ ജനതകളെയെല്ലാം രക്ഷിക്കാനായി ഒരു ജനതയ്ക്ക് രൂപം നൽകുകയും ചെയ്തതിന് ശേഷവും മനുഷ്യനെ തേടിയിറങ്ങുന്ന ദൈവത്തെയാണ് നാം ഈ ഗ്രന്ഥങ്ങളിൽ കാണുന്നത്. ദൈവം മനുഷ്യചരിത്രത്തിൽ അത്ഭുതകരമായി കടന്നുവരുകയും, വെളിപാടുകളിലൂടെ സ്വയം മനുഷ്യന് കാണിച്ചുകൊടുക്കുകയും ചെയ്യുന്നു. ഈ ചരിത്രവിവരണമനുസരിച്ച് ദൈവത്തിന്റെ (സ്വയം) വെളിപ്പെടുത്തലുകളോട് നീതിമാന്മാരായ മനുഷ്യർ പ്രതികരിക്കുക മാത്രമേ ചെയ്യുന്നുള്ളൂ: ഉദാ: നോഹ (ഉൽപ 6:22; 7:5), അബ്രാഹം (ഉൽപ 12:4) (22:1-18), മോശ (പുറ 4), ജോഷ്വ (ജോഷ്വ 1; 13), സാമുവൽ (1 സാമു 8:15-16). ദൈവത്തിന്റെ ഈ ഇടപെടലുകളും, നീതിമാന്മാരായിരുന്നവരുടെ അതിനോടുള്ള പ്രതികരണങ്ങളും ഇസ്രായേൽ ജനത്തെമുഴുവനും (ആത്യന്തികമായി മാനവരാശിയെ മുഴുവനും) ബാധിക്കുന്നവയായിരുന്നു. ഉദാ: നോഹയുടെ അനുസരണമാണ് പുതിയ മനുഷ്യകുലത്തിന്റെ നിലനിൽപിനുതന്നെ കാരണമായത് (ഉൽപ 6:7-8), സാമുവലിന്റെ അനുസരണമാണ് ഇസ്രായേലിനെ രാജഭരണത്തിൻ കീഴിൽ കൊണ്ടുവന്നത് (1സാമു 8:1-7).

ചുരുക്കിപ്പറഞ്ഞാൽ മനുഷ്യനെ സൃഷ്ടിച്ചതിനുശേഷം, മാനവകുല ചരിത്രത്തിലെ തന്റെ ഇടപെടലുകളിലൂടെ മനുഷ്യന് സ്വയം വെളിപ്പെടുത്തുകയും, അവന് വ്യക്തമായ കല്പനകൾ നൽകുകയും, അവനിൽ നിന്ന് അനുസരണം ആവശ്യപ്പെടുകയും ചെയ്യുന്ന ദൈവത്തിന്റെ ചിത്രമാണ് നിയമ-പ്രവാചക ഗ്രന്ഥങ്ങൾ വരച്ചുകാണിക്കുന്നത്. ദൈവം തന്റെ വചനങ്ങളിലൂടെ വ്യക്തമാക്കിയിട്ടുള്ള നിയമങ്ങൾ പൂർണ്ണമായി അനുസരിച്ചുകൊണ്ട് ദൈവത്തോട് പ്രതികരിക്കുകയാണ് ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ കർത്തവ്യം.

ഇതുവരെ പറഞ്ഞതിൽനിന്ന് വ്യത്യസ്തമായി, ഇസ്രായേലിലെ വിവേകികളായ ഗുരുക്കന്മാരുടെ അല്ലെങ്കിൽ ജ്ഞാനികളുടെ മനുഷ്യജീവിതത്തെക്കുറിച്ചുള്ള ധ്യാനത്തിൽനിന്നുരുത്തിരിഞ്ഞ ചിന്തകളാണ് ബൈബിളിന്റെ മൂന്നാംഭാഗമായ ജ്ഞാനഗ്രന്ഥങ്ങളിലുള്ളത്. അനുദിന ജീവിതത്തെ വിജയകരമായി മുന്നോട്ട് നയിക്കുന്നതിനാവശ്യമായ ഉപദേശങ്ങൾ നല്കുകയും ജീവിതാനുഭവങ്ങളെ വിജയകരമായി കൈകാര്യം ചെയ്യാൻ മനുഷ്യനെ പ്രാപ്തനാക്കുകയും ചെയ്യാനാണ് ഗുരുക്കന്മാർ ഈ ഗ്രന്ഥങ്ങളിലൂടെ ലക്ഷ്യമിടുന്നത്.

ഇസ്രായേലിൽ ജ്ഞാനികൾ എന്നറിയപ്പെട്ടിരുന്ന ഒരു ഗണമുണ്ടായിരുന്നുവെന്ന് ഏശയ്യായും (29:14) ജറെമിയായും (8:8) സാക്ഷിക്കുന്നുണ്ട്. ദൈവം പ്രപഞ്ചത്തിന്റെ സ്രഷ്ടാവും പരിപാലകനുമാണെന്ന അടിസ്ഥാന വീക്ഷണത്തിന് ഇവിടെയും വ്യത്യാസമൊന്നുമില്ല. എന്നാൽ പഞ്ചഗ്രന്ഥത്തെപ്പോലെ ദൈവം സ്രഷ്ടാവാണെന്ന് ജ്ഞാനഗ്രന്ഥങ്ങൾ പറയുന്നുണ്ടെങ്കിലും ദൈവം എങ്ങനെയാണ് ലോകത്തെ സൃഷ്ടിച്ചത് എന്ന് വിവരിക്കുമ്പോൾ, ജ്ഞാനഗ്രന്ഥങ്ങൾ നമുക്ക് സുപരിചിതമായ ഉൽപത്തി വിവരണത്തിൽനിന്നും വ്യതിചലിക്കുന്നതുപോലെ തോന്നിയേക്കാം. ഉദാഹരണമായി ജ്ഞാനഗ്രന്ഥമായ സുഭാ 8:22-36 -ൽ ദൈവം എങ്ങനെയാണ് പ്രപഞ്ചസൃഷ്ടി നടത്തിയതെന്ന് വിവരിക്കുന്നുണ്ട്. തന്റെ സൃഷ്ടികർമ്മത്തിന്റെ ആരംഭത്തിൽ തന്നെ ദൈവം ജ്ഞാനത്തെ സൃഷ്ടിച്ചു:

“കർത്താവ് തന്റെ സൃഷ്ടികർമ്മത്തിന്റെ ആരംഭത്തിൽ
തന്റെ എല്ലാ ആദ്യസൃഷ്ടികളിലും ആദ്യത്തേതായി
എന്നെ സൃഷ്ടിച്ചു.
യുഗങ്ങൾക്കു മുമ്പ്, ഭൂമിയുടെ ആവിർഭാവത്തിന് മുമ്പ്,
ഒന്നാമതായി ഞാൻ സ്ഥാപിക്കപ്പെട്ടു.

സമുദ്രങ്ങൾക്കും ജലസമൃദ്ധമായ അരുവികൾക്കും
മുമ്പുതന്നെ എനിക്ക് ജന്മം കിട്ടി.
പർവ്വതങ്ങൾക്കും, കുന്നുകൾക്കും
രൂപം കിട്ടുന്നതിനു മുമ്പ് ഞാനുണ്ടായി.
ഭൂമിയോ, അതിലെ വയലുകളോ
ആദ്യത്തെ പൂഴിത്തരിയോ നിർമ്മിക്കുന്നതിനും മുമ്പ്
എനിക്ക് ജന്മം നൽകപ്പെട്ടു” (സുഭാ 8:22-26).

ജന്മംകൊണ്ടതിനുശേഷം ഒരു വിദഗ്ദ്ധശില്പിയെപ്പോലെ ജ്ഞാനം ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ സഹായിയായി വർത്തിച്ചു:

"അവിടുന്ന് ആകാശങ്ങൾ സ്ഥാപിച്ചപ്പോഴും
സമുദ്രത്തിനുമീതെ ചക്രവാളം നിർമ്മിച്ചപ്പോഴും
ഉയരത്തിൽ മേഘങ്ങളെ ഉറപ്പിച്ചപ്പോഴും
ജലം തന്റെ കല്പന ലംഘിക്കാതിരിക്കാൻവേണ്ടി
സമുദ്രത്തിന് അതിരിട്ടപ്പോഴും
ഭൂമിയുടെ അടിത്തറ ഉറപ്പിച്ചപ്പോഴും
വിദഗ്ദ്ധനായ ഒരു പണിക്കാരനെപ്പോലെ
ഞാൻ അവിടുത്തെ അരികിലുണ്ടായിരുന്നു" (സുഭാ 8:27-30).

സൃഷ്ടിയുടെ രഹസ്യങ്ങൾ ജ്ഞാനത്തിനറിയാവുന്നതുകൊണ്ട് മനുഷ്യൻ അറിവുള്ളവനാകാൻ ജ്ഞാനത്തിന്റെ സ്വരം കേൾക്കണം:

"എന്റെ പടിവാതിൽക്കൽ അനുദിനം കാത്തുനിന്ന്,
എന്റെ വാതിലുകളിൽ ദൃഷ്ടിയുറപ്പിച്ച്,
എന്റെ വാക്കു കേൾക്കുന്നവൻ ഭാഗ്യവാൻ" (സുഭാ 8:34).
ജ്ഞാനത്തിന്റെ വാക്കു കേൾക്കുന്നവൻ ജീവനെ കണ്ടെത്തുന്നു:
"... എന്നെ കണ്ടെത്തുന്നവൻ ജീവനെ കണ്ടെത്തുന്നു
കർത്താവിന്റെ പ്രീതി നേടുകയും ചെയ്യുന്നു" (സുഭാ 8:35).
ജ്ഞാനത്തെ വെറുക്കുന്നവൻ മരണത്തെയാണ് സ്നേഹിക്കുന്നത്:
"... എന്നെ കൈവിടുന്നവൻ തന്നെത്തന്നെ ദ്രോഹിക്കുന്നു
എന്നെ വെറുക്കുന്നവൻ മരണത്തെയാണ് സ്നേഹിക്കുന്നത്"
(സുഭാ 8:36).

ഉൽപത്തിപ്പുസ്തകം, ഏകനായി പ്രപഞ്ചസൃഷ്ടി നടത്തുന്ന ദൈവത്തെയാണ് അടിസ്ഥാനപരമായി ചിത്രീകരിക്കുന്നതെങ്കിൽ ജ്ഞാനഗ്രന്ഥങ്ങൾ ജ്ഞാനത്തെ സൃഷ്ടികർമ്മത്തിൽ ദൈവത്തിന്റെ സഹായിയായി ചിത്രീകരിക്കുന്നു. ഉൽപത്തി പുസ്തകമനുസരിച്ച് ദൈവത്തിന്റെ ഒന്നാമത്തെ സൃഷ്ടി വെളിച്ചമാണ് (1:2). ജ്ഞാനഗ്രന്ഥങ്ങൾ പറയുന്നതനുസരിച്ച് ദൈവം ജ്ഞാനത്തെയാണ് ആദ്യം സൃഷ്ടിച്ചത് (സുഭാ 8:22). ജ്ഞാനത്തെ ദൈവം സൃഷ്ടിച്ചതായി ഉൽപത്തിപ്പുസ്തകത്തിൽ ഒന്നും പറയുന്നില്ല.

ജ്ഞാനത്തിന്റെ പുസ്തകം 7:22-8:8 ദൈവത്തിന്റെ ആദ്യസൃഷ്ടിയായ ഈ ജ്ഞാനം എന്താണ് എന്ന് കുറച്ചുകൂടെ വ്യക്തമായി പറയുന്നുണ്ട്. ജ്ഞാനം 7:23 ജ്ഞാനത്തെ മാനവീകരിച്ചിരിക്കുകയാണ്; അതായത് ജ്ഞാനത്തെ ഒരു വ്യക്തിയായി കാണുന്നു (സ്ത്രീയായി). അവൾ ദൈവശക്തിയുടെ ശ്വാസവും അവന്റെ മഹത്വത്തിന്റെ നിസ്സരണവുമാണ് (7:25). മലിനമായ ഒന്നിനും അവളിൽ പ്രവേശനമില്ല. ജ്ഞാനം ദൈവത്തിന്റെ പ്രവർത്തനങ്ങളുടെ

നിർമ്മല ദർപ്പണമാണ് (7:26); ദൈവത്തിന്റെ പ്രവൃത്തികളെന്താണെന്നറിയാൻ നാം ജ്ഞാനത്തിലേയ്ക്ക് നോക്കണം. ജ്ഞാനത്തിന് ദൈവികമായ ശക്തിയുണ്ട്. അത് ഓരോ തലമുറയിലും വിശുദ്ധ ചേതനകളിൽ പ്രവേശിച്ച് അവരെ ദൈവമിത്രങ്ങളും പ്രവാചകന്മാരുമാക്കുന്നു (7:27). ദൈവം മറ്റെന്തിനെക്കാളുമുപരി ജ്ഞാനത്തെ സ്നേഹിക്കുന്നു. ദൈവത്തെക്കുറിച്ചുള്ള അറിവിന്റെ ആദ്യപടി അവളെ അറിയുക എന്നതാണ് (7:28; 8:3, 8). ജ്ഞാനത്തിൽ ദൈവിക നിയമത്തിന്റെ പൂർത്തീകരണമുണ്ട് എന്നതാണ് ജ്ഞാനഗ്രന്ഥകാരന്മാരുടെ അഭിപ്രായം (പ്രഭാ 19:20). ജ്ഞാനത്തെ സ്വന്തമാക്കുന്നവൻ ദൈവനിയമത്തെ സ്വന്തമാക്കുന്നു.

ഇത്രയും പ്രധാനപ്പെട്ട ജ്ഞാനം സ്വന്തമാക്കാൻ കഴിയണമെങ്കിൽ ഒരുവൻ ദൈവഭയത്തോടെ (സുഭാ 1:7; 9:10) ജ്ഞാനം ലഭിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കുകയും, ജ്ഞാനത്തെ സ്നേഹിക്കുകയും ജ്ഞാനത്തെ അന്വേഷിക്കുകയും ചെയ്യണമെന്ന് ജ്ഞാനഗ്രന്ഥകാരന്മാർ പറയുന്നു (ജ്ഞാനം 7:7; 8:21; സുഭാ 8:17). ദൈവത്തിന്റെ ആദ്യസൃഷ്ടിയും, ദൈവിക നിയമത്തിന്റെ മുഴുവൻ പൂർത്തീകരണവും, ലോകസൃഷ്ടികർമ്മത്തിൽ ദൈവത്തിന്റെ സഹകാരിണിയും, എന്നാൽ ഉൽപത്തിപുസ്തകത്തിലെ സൃഷ്ടിവിവരണത്തിൽ പ്രതിപാദിച്ചിട്ടില്ലാത്തതുമായ ജ്ഞാനമെന്തെന്നു വിവരിക്കുകയും അതു സ്വന്തമാക്കാൻ കഴിയുന്നതെങ്ങിനെയെന്നു വ്യക്തമാക്കുകയുമാണ് ജ്ഞാനഗ്രന്ഥങ്ങൾ ചെയ്യുന്നത്.

ജ്ഞാനഗ്രന്ഥങ്ങളിൽ വെളിവാകുന്ന മറ്റൊരുകാര്യം ദൈവത്തിന്റെ സൃഷ്ടികർമ്മത്തെക്കുറിച്ചുള്ള ഉൽപത്തിപുസ്തകത്തിലുള്ളതിനെക്കാൾ വ്യക്തമായ ഉൾക്കാഴ്ചയാണ്. ദൈവം ആദിയിൽ പ്രപഞ്ചത്തെ സൃഷ്ടിച്ചു എന്നുപറയുമ്പോൾ, ദൈവം ക്രമമില്ലാതിരുന്ന അവസ്ഥയ്ക്ക് ക്രമം നല്കിയെന്നാണ് ജ്ഞാനി മനസ്സിലാക്കുന്നത്.

"... രൂപരഹിതമായ പദാർത്ഥത്തിൽനിന്ന് ലോകം സൃഷ്ടിച്ച അങ്ങയുടെ സർവ്വശക്തമായ കരത്തിന്, കരടികളുടെ കൂട്ടത്തെയോ, ധീരസിംഹങ്ങളെയൊ അവരുടെമേൽ അയയ്ക്കാൻ പ്രയാസമുണ്ടായിരുന്നില്ല" (ജ്ഞാനം 11:17). ദൈവം ഇല്ലായ്മയിൽ നിന്നും പ്രപഞ്ചത്തെ സൃഷ്ടിച്ചു എന്നതിനെക്കാൾ ക്രമരഹിതമായ അവസ്ഥയ്ക്ക് ക്രമം നൽകിക്കൊണ്ട് അതിനെ ഇന്നുകാണുന്ന രീതിയിലാക്കി എന്നാണ് ജ്ഞാനഗ്രന്ഥങ്ങൾ മനസ്സിലാക്കുന്നത് (ജ്ഞാനം 11:20). ഉൽപ്പത്തിപുസ്തകം ഒന്നാമദ്ധ്യായത്തിൽ കാണുന്ന സൃഷ്ടിക്കപ്പെടാത്തതും, ക്രമരാഹിത്യത്തിന്റെ ഉറവിടവുമായ ആദ്യസമുദ്രം നൽകുന്ന അവ്യക്തമായ ആശയവും യഥാർത്ഥത്തിൽ ഇതുതന്നെയാണ് (ഉൽപ 1:1-2). മറ്റു വാക്കുകളിൽപറഞ്ഞാൽ പ്രപഞ്ചത്തിൽ

ആദിയിൽ ഉണ്ടായിരുന്നത് ക്രമരഹിതമായ ഒരവസ്ഥയാണ്: "ആദിയിൽ ദൈവം ആകാശവും, ഭൂമിയും സൃഷ്ടിച്ചപ്പോൾ (സൃഷ്ടിക്കാനാരംഭിക്കുമ്പോൾ) ഭൂമി രൂപരഹിതവും ശൂന്യവുമായിരുന്നു. ആഴത്തിനു മുകളിൽ അന്ധകാരം വ്യാപിച്ചിരുന്നു. ദൈവത്തിന്റെ ചൈതന്യം വെള്ളത്തിന് മീതെ ചലിച്ചുകൊണ്ടിരുന്നു" (ഉൽപ 1:1–2). ഈ ക്രമരഹിതമായ അവസ്ഥയ്ക്ക് അടിസ്ഥാനപരമായ മാറ്റം ദൈവം വരുത്തിയത് പുതിയ സൃഷ്ടിനടത്തിക്കൊണ്ടും അതോടൊപ്പം നാമിന്നുകാണുന്ന ക്രമം എല്ലാറ്റിനും നൽകിക്കൊണ്ടുമാണ് (ഉൽപ 1:3–31). ഉൽപ്പത്തിപ്പുസ്തകത്തിന്റെ ആരംഭത്തിൽ അന്ധകാരാവൃതമായ കുഴഞ്ഞുമറിഞ്ഞ ജലസമുദ്രം നിലനിന്നിരുന്നതായി നാം കാണുന്നു. അപ്പോൾ ദൈവം പ്രകാശത്തെ സൃഷ്ടിക്കുകയും അതിനെ അന്ധകാരത്തിൽനിന്ന് വേർതിരിക്കുകയും ചെയ്തു. തുടർന്ന് രാത്രിയും പകലും മാറിമാറിവരണമെന്ന ക്രമം അവിടുന്ന് സ്ഥാപിച്ചു. ഈ ആശയം കൂടുതൽ വ്യക്തമാക്കിക്കൊണ്ട് ജ്ഞാനി ഇങ്ങനെ പറയും:

"മകനേ, ഞാൻ പറയുന്നതുകേട്ട് ജ്ഞാനം ആർജ്ജിക്കുക;
എന്റെ വാക്ക് സൂക്ഷ്മമായി മനസ്സിലാക്കുക;
സൂക്ഷ്മതയുള്ള ഉപദേശവും,
ജ്ഞാനവുമാണ് ഞാൻ നൽകുന്നത്;
ആദിയിൽ കർത്താവ് സൃഷ്ടിച്ചപ്പോൾ
സൃഷ്ടികളുടെ കർമ്മരംഗവും നിർണയിച്ചു.
ശാശ്വതമായ ക്രമത്തിലാണ് അവയെ സംവിധാനം ചെയ്തത്.
അത് ഭാവിതലമുറകൾക്കും ബാധകമാണ്.
അവയ്ക്ക് വിശപ്പോ ക്ഷീണമോ ഇല്ല,
ഒരിക്കലും അവ കർമ്മത്തിൽനിന്നും വിരമിക്കുന്നില്ല.
അവ പരസ്പരം തിക്കിത്തിരക്കുന്നില്ല.
അവ ഒരിക്കലും അവിടുത്തെ വാക്ക് ധിക്കരിക്കുന്നില്ല.
കർത്താവ് ഭൂമിയെ നോക്കുകയും,
തന്റെ നന്മകൾകൊണ്ട്
അതിനെ നിറയ്ക്കുകയും ചെയ്തു.
എല്ലാവിധ ജീവജാലങ്ങളെയും കൊണ്ട്
അവിടുന്ന് അതിന്റെ ഉപരിതലം നിറച്ചു.
അവ മണ്ണിലേയ്ക്ക് മടങ്ങും" (പ്രഭാ 16:24–30).

ഇതുപോലെയാണ് ഓരോ സൃഷ്ടികർമ്മവും. ആദിസമുദ്രത്തെ പിളർന്ന് ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു; ഭൂമിയിലെ വെള്ളം വറ്റിച്ച് കര സൃഷ്ടിച്ചു. കര കരയായും കടൽ കടലായും നിലനിൽക്കണമെന്ന ക്രമവും അവിടുന്ന് സ്ഥാപിച്ചു. ഈ സൃഷ്ടി

കർമ്മത്തെക്കുറിച്ചാണ് 148-ാം സങ്കീർത്തനം ഇപ്രകാരം ഘോഷിക്കുന്നത്:

"അവിടുന്നു കല്പിച്ചു അവ സൃഷ്ടിക്കപ്പെട്ടു
അവയെ എന്നേയ്ക്കും അവിടുന്ന് സുസ്ഥിരമാക്കി
അലംഘനീയമായ അതിർത്തികൾ
അവിടുന്ന് നിശ്ചയിച്ചു" (148: 5,6).

"സ്വന്തം ശക്തിയാൽ അവിടുന്ന്ലക്ഷ്യം പ്രാപിക്കുന്നു;
അവിടുത്തെ വചനത്താൽ എല്ലാംനിശ്ചിതമാർഗത്തിൽ
ചരിക്കുന്നു." (പ്രഭാ 43:26).

ദൈവത്തിന്റെ സൃഷ്ടികർമ്മവും ക്രമപ്പെടുത്തലുമാണ് 104-ാം സങ്കീർത്തനത്തിന്റെയും ഉള്ളടക്കം:

"... വസ്ത്രമെന്നപോലെ അങ്ങ് പ്രകാശമണിഞ്ഞിരിക്കുന്നു
കൂടാരമെന്നപോലെ അവിടുന്ന് ആകാശത്തെ വിരിച്ചിരിക്കുന്നു
അങ്ങയുടെ മന്ദിരത്തിന്റെ തുലാങ്ങൾ
ജലത്തിന് മേൽ സ്ഥാപിച്ചിരിക്കുന്നു
അങ്ങ് വാനമേഘങ്ങളെ രഥമാക്കി
കാറ്റിന്റെ ചിറകുകളിൽ സഞ്ചരിക്കുന്നു."

ദൈവം നല്കിയ ഈ ക്രമം ദൈവം സംരക്ഷിച്ചു നിലനിർത്തുന്നതിനെയാണ് ദൈവപരിപാലന എന്ന് ജ്ഞാനി വിളിക്കുന്നത്. ഒരു ഉദാഹരണംകൊണ്ട് ഇത് വ്യക്തമാക്കാം. എല്ലാദിവസവും സൂര്യനുദിക്കുന്നതായി നാം കാണുന്നു. അപ്പോൾ പ്രഭാതമായി; തുടർന്ന് മദ്ധ്യാഹ്നമായി, സന്ധ്യയായി, രാത്രിയായി. ഇത് നിരന്തരം ആവർത്തിക്കപ്പെടുന്നതിനാൽ മനുഷ്യനും സസ്യങ്ങൾക്കും ജീവിക്കാനും, ജോലിചെയ്യാനും, വിശ്രമിക്കാനും കഴിയുന്നു. ആധുനികസാങ്കേതിക വളർച്ചയുടെ ഫലമായി കുറച്ചുകാലത്തേക്ക് ഇരുട്ടുതന്നെ തുടർന്നാലും മനുഷ്യജീവിതം മുന്നോട്ട് പോയെന്നുവരാം. പക്ഷേ സൂര്യപ്രകാശം ലഭിക്കാത്ത സസ്യങ്ങൾ ചത്തൊടുങ്ങാനുള്ള സാധ്യത അപ്പോൾ അധികമാണ്. ഒരു പുഴ നിരന്തരമായി ഒഴുകണം. ഒരു വൃക്ഷം വളർന്ന് ഫലംനൽകണം. ഇതിന്റെ വിത്തിലൂടെ അടുത്തതലമുറ ജനിക്കണം. മനുഷ്യൻ ജനിക്കണം പതിവ്പോലെ വളരണം, മരിക്കണം; അടുത്ത തലമുറ ജനിക്കണം. നിരന്തരം ആവർത്തിക്കപ്പെടുന്ന ഈ ക്രമത്തെ കാത്തുസൂക്ഷിക്കുന്ന ശക്തിയാണ് ദൈവം. എന്ന് പ്രപഞ്ചത്തിന് ഈ ക്രമം നഷ്ടപ്പെടുന്നുവോ അന്ന് അത് ആദിയിലുണ്ടായിരുന്ന ക്രമരഹിതമായ അവസ്ഥയിലേയ്ക്ക് തിരിച്ചുപോവുകയും തുടർന്ന് ഇല്ലാതാവുകയും ചെയ്യും. നോഹയുടെകാലത്ത് സംഭവിച്ചത് ഈ തിരിച്ചുപോകലാണെന്ന് പറയാൻ കഴിയും:

"കർത്താവിന്റെ കണ്ണുകൾ ജ്ഞാനത്തെ കാത്തുസൂക്ഷിക്കുന്നു. അവിശ്വസ്തരുടെ പാദങ്ങളെ അവിടുന്ന് തകിടം മറിക്കുന്നു" (സുഭാ 22:12).

"ദൈവം തൻെറ കൽപനകളെമേഘങ്ങളുടെമേൽ വച്ച് അതിൻെറ മിന്നലുകളെ പ്രകാശിപ്പിക്കുന്നുവെന്ന് നിനക്ക് അറിയാമോ?" (ജോബ് 37:15).

"അവിടുന്ന് സമസ്തവും അതതിൻെറ കാലത്ത് ഭംഗിയായിരിക്കത്തക്കവിധം സൃഷ്ടിച്ചു" (സഭാ 3:11).

ദൈവം നൽകിയതും എല്ലാ തലമുറകളിലും തുടർന്നുകൊണ്ടിരിക്കുന്നതുമായ ഈ ക്രമത്തെക്കുറിച്ചാണ് പ്രഭാഷകൻ 16:24-30 ൽ പറയുന്നത്.

ദൈവം സൃഷ്ടിച്ചതും, പ്രപഞ്ചത്തിൽ അന്തർലീനമാക്കിയിരിക്കുന്നതും, നിരന്തരം ആവർത്തിക്കപ്പെടുന്നതുമായ ഈ ക്രമത്തെയാണ് ഗുരുക്കന്മാർ ജ്ഞാനം എന്ന് വിളിക്കുന്നത് എന്നുപറയാം. ഈ ക്രമമാണ് മനുഷ്യന് ദൈവത്തെക്കുറിച്ചും സൃഷ്ടികർമ്മത്തെക്കുറിച്ചും ഉൾക്കാഴ്ച നൽകുന്നത്. പ്രപഞ്ചത്തിൽ ആവർത്തിക്കപ്പെടുന്നതെങ്കിലും പലപ്പോഴും ശ്രദ്ധ പതിയാത്തതായ കാര്യങ്ങളെ സൂക്ഷ്മതയോടെ നോക്കുന്ന വ്യക്തിക്ക് ദൈവം സൃഷ്ടിയിൽ നിക്ഷേപിച്ചിരിക്കുന്ന ക്രമത്തെ കൂടുതൽ അറിയാൻ കഴിയും. ആ ക്രമം കൂടുതൽ മനസ്സിലാക്കുന്നവൻ ജ്ഞാനത്തിൽ വളരുന്നു. അവൻ ദൈവത്തെത്തന്നെയാണ് മനസ്സിലാക്കുന്നത്. പ്രകൃതിയിലെ രഹസ്യങ്ങളിലൂടെയും പ്രകൃതിയിൽ അന്തർലീനമായിരിക്കുന്ന ക്രമത്തിലൂടെയുമാണ് ദൈവം തന്നെത്തന്നെ മനുഷ്യന് വെളിപ്പെടുത്തുന്നത് എന്നാണ് ജ്ഞാനഗ്രന്ഥകാരന്മാർ കരുതുന്നത്. ഉദാ:

"ആകാശം ദൈവമഹത്ത്വം പ്രഘോഷിക്കുന്നു.
വാനവിതാനം അവിടുത്തെ കരവേലയെ വിളംബരം ചെയ്യുന്നു.
പകൽ പകലിനോട് അവിരാമം സംസാരിക്കുന്നു.
രാത്രി രാത്രിയ്ക്ക് വിജ്ഞാനം പകരുന്നു.
ഭാഷണമില്ല, വാക്കുകളില്ല,
ശബ്ദംപോലും കേൾക്കാനില്ല.
എന്നിട്ടും അവയുടെ സ്വരം ഭൂമിയിലെങ്ങും വ്യപിക്കുന്നു"
(സങ്കീ 19:1-4).

വി. പൗലോസ് റോമാക്കാർക്കെഴുതിയ ലേഖനം (1:20) ഇപ്രകാരമുള്ള ദൈവികവെളിപാടിനെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്: "ലോകസൃഷ്ടിമുതൽ ദൈവത്തിന്റെ അദൃശ്യപ്രകൃതി, അതായത്

അവിടുത്തെ അനന്തശക്തിയും ദൈവത്വവും, സൃഷ്ടവസ്തുക്കളിലൂടെ സ്പഷ്ടമായി അറിഞ്ഞിട്ടുണ്ട്. അതുകൊണ്ട്, അവർക്ക് ഒഴികഴിവില്ല." പ്രപഞ്ചത്തെ കണ്ണുതുറന്നു വീക്ഷിക്കുന്നവന് ജ്ഞാനവും തത്ഫലമായി ദൈവദർശനവുമുണ്ടാകും. കാരണം ദൈവത്തിന്റെ ജ്ഞാനം പ്രപഞ്ചത്തിൽനിന്ന് മനുഷ്യനെ തന്നിലേയ്ക്ക് മാടിവിളിക്കുന്നുണ്ട്. ജ്ഞാനം പറയുന്നു:

"എന്നെ അഭിലഷിക്കുന്നവൻ അടുത്തുവന്ന്
തൃപ്തിയാവോളം എന്റെ വിഭവങ്ങൾ ആസ്വദിക്കട്ടെ!
എന്നെ സ്മരിക്കുന്നത് തേനിനെക്കാളും,
എന്നെ സ്വന്തമാക്കുന്നത് തേൻകട്ടയെക്കാളും
മാധുര്യം പകരും;
എന്നെ ഭുജിക്കുന്നവന്റെ വിശപ്പ് ശമിക്കുകയില്ല;
പിന്നെയും ആഗ്രഹിക്കും;
എന്നെ പാനം ചെയ്യുന്നവൻ വീണ്ടും അഭിലഷിക്കും.
എന്നെ അനുസരിക്കുന്നവൻ ലജ്ജിതനാവുകയില്ല.
എന്റെ സഹായത്തോടെ അധ്വാനിക്കുന്നവൻ
പാപത്തിൽ വീഴുകയില്ല..." (പ്രഭാ 24:19-22).

പ്രപഞ്ചത്തിലൂടെ ദൃശ്യമായി സ്വയം വെളിപ്പെടുത്തുന്ന ദൈവത്തെക്കാണാൻ കഴിയാത്തവൻ ഭോഷനാണ് എന്നാണ് ജ്ഞാനഗ്രന്ഥം പറയുന്നത്: "ദൈവത്തെ അറിയാത്തവർ സ്വതേ ഭോഷന്മാരാണ്. ദൃഷ്ടിഗോചരമായ നന്മകളിൽനിന്ന് ഉൺമയായവനെ തിരിച്ചറിയാൻ അവർക്ക് കഴിഞ്ഞില്ല. ശിൽപങ്ങളിൽ ശ്രദ്ധപതിച്ച അവർ ശില്പിയെ തിരിച്ചറിഞ്ഞില്ല. അഗ്നി, വായു, കാറ്റ്, നക്ഷത്രവലയങ്ങൾ, ക്ഷോഭിച്ച സമുദ്രം, ആകാശതേജസ്സുകൾ... അവയുടെ ശക്തിയും പ്രവർത്തനവും മനുഷ്യരെ വിസ്മയിപ്പിച്ചെങ്കിൽ, അവയുടെ സ്രഷ്ടാവ് എത്രയോ കൂടുതൽ ശക്തനെന്ന് അവയിൽനിന്ന് അവർ ധരിക്കട്ടെ. സൃഷ്ടികളുടെ ശക്തിസൗന്ദര്യങ്ങളിൽനിന്ന് അവയുടെ സ്രഷ്ടാവിന്റെ ശക്തിസൗന്ദര്യങ്ങളെക്കുറിച്ച് അറിയാം. ദൈവത്തെ അന്വേഷിക്കുകയും കണ്ടെത്താൻ ഇച്ഛിക്കുകയും ചെയ്യുമ്പോഴാകാം അവർ വ്യതിചലിക്കുന്നത്. അവരെ തികച്ചും കുറ്റപ്പെടുത്താൻ വയ്യ. അവിടുത്തെ സൃഷ്ടികളുടെ മധ്യേ ജീവിച്ച് അവർ അന്വേഷണം തുടരുകയാണ്. ദൃശ്യവസ്തുക്കൾ മനോഹരങ്ങളാകയാൽ അവർ അതിൽ പ്രത്യാശയർപ്പിക്കുന്നു. എങ്കിലും അവർക്ക് ന്യായീകരണമില്ല. ലോകത്തെ ആരാഞ്ഞ് ഇത്രയും അറിയാൻ കഴിഞ്ഞെങ്കിൽ ഇവയുടെയെല്ലാം ഉടയവനെ കണ്ടെത്താൻ വൈകുന്നതെന്തുകൊണ്ട്?" (13:1-9). എന്നുപറഞ്ഞാൽ പ്രപഞ്ചത്തെക്കുറിച്ചുള്ള ധ്യാനത്തിലൂടെ പ്രപഞ്ചസ്രഷ്ടാവിലേയ്ക്ക് എത്തിച്ചേരാൻ കഴിയും എന്നാണ് ജ്ഞാനിയുടെ അടിസ്ഥാനപരമായ വീക്ഷണം.

ജ്ഞാനഗ്രന്ഥകാരന്മാർക്കും, ഗുരുക്കന്മാർക്കും ഈ വെളിപാട് ലഭിക്കുന്നത് പ്രപഞ്ചത്തെക്കുറിച്ചുള്ള ധ്യാനത്തിൽനിന്നുതന്നെയാണ്. ലോകത്തിൽകാണുന്ന എല്ലാറ്റിനും ഒരു ക്രമമുണ്ടെന്ന് അനുഭവം തെളിയിക്കുന്നു. പ്രപഞ്ചത്തിലെ സാധാരണകാര്യങ്ങളെല്ലാം വീണ്ടും വീണ്ടും ആവർത്തിക്കപ്പെടുന്നു. സൂര്യൻ എല്ലാ ദിവസവും ഉദിക്കുന്നു, അസ്തമിക്കുന്നു. മനുഷ്യൻ ഒരു കുഞ്ഞായി ജനിക്കുന്നു, വളരുന്നു, വൃദ്ധനാകുന്നു, മരിക്കുന്നു. വൃക്ഷങ്ങൾ വിത്തുതരുന്നു, അവ മുളച്ച് വീണ്ടും മരമാകുന്നു. വീണ്ടും വിത്തു നൽകുന്നു... മരം അതിന്റെ ജീവിതായുസ്സ് കഴിയുമ്പോൾ നശിച്ചുപോകുന്നു. മനുഷ്യൻ വിത്തുവിതയ്ക്കുന്നു, അവ വളരുന്നു, കൊയ്യുന്നു... ഇപ്രകാരം എല്ലാം ക്രമമായി നടന്നുകൊണ്ടിരിക്കുകയാണ്. ഈ ക്രമം അഭംഗുരം പാലിക്കപ്പെടുന്നതുകൊണ്ടാണ് മനുഷ്യജീവിതം സാധ്യമാകുന്നതുതന്നെ. കർഷകൻ വിത്ത് വിതയ്ക്കുന്നത് അവ വളരും എന്ന പ്രതീക്ഷയിലാണ്. അത് വളർന്നില്ലെങ്കിൽ പദ്ധതികൾ താളംതെറ്റും. ഇങ്ങനെയാണ് എല്ലാക്കാര്യങ്ങളും. ഏതൊരു ക്രമവും പാലിക്കപ്പെടണമെങ്കിൽ അതിനുപിന്നിലൊരു പ്രേരകശക്തിയുണ്ടായിരിക്കണം. പ്രപഞ്ചത്തിലെ ക്രമംപാലിക്കുന്ന പ്രേരകശക്തിയാണ് ദൈവം. ഈ ക്രമം അഭംഗുരം പാലിക്കുന്ന ആ ദൈവത്തെക്കുറിച്ച് വിവരിക്കുകയാണ് ബൈബിളിലെ ജ്ഞാനഗ്രന്ഥങ്ങൾ ചെയ്യുന്നത്.

അനുദിന ജീവിതാനുഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള അറിവായതിനാലും, പ്രപഞ്ചത്തിലൂടെ വെളിവാകുന്ന ദൈവത്തെക്കുറിച്ചുള്ള വെളിപാടായതിനാലും (റോമാ 1:20) ജ്ഞാനസാഹിത്യം ഇസ്രായേലിന്റെ മാത്രം പ്രത്യേകത ആയിരുന്നില്ല. പ്രപഞ്ചമെന്നത് ഇസ്രായേലിന്റെ രാഷ്ട്രീയ പരിമിതികൾക്കതീതമാകയാലും, മനുഷ്യന്റെ ജീവിതാനുഭവമെന്നത് സാർവത്രികമാകയാലും ജീവിതാനുഭവങ്ങളിലൂടെ വെളിവാകുന്ന പ്രപഞ്ചസ്രഷ്ടാവിനെക്കുറിച്ചുള്ള അന്വേഷണം എല്ലാ ജനതകളും നടത്തിയിരുന്നു. ജ്ഞാനം ഇപ്രകാരം ഉദ്ഘോഷിക്കുന്നത് കാണാം:

“അത്യുന്നതന്റെ നാവിൽനിന്ന് പുറപ്പെട്ട്
മഞ്ഞുപോലെ ഞാൻ ഭൂമിയെ ആവരണം ചെയ്തു.”
“ആഴികളിലെ അലകളിലും, ഊഴിയിലും
എല്ലാ ജനതകളിലും രാജ്യങ്ങളിലും
എനിക്ക് ആധിപത്യം ലഭിച്ചു” (പ്രഭാ 24:3,6).

വാസ്തവത്തിൽ ഇസ്രായേലിന്റെ അയൽരാജ്യങ്ങളിൽ, പ്രത്യേകിച്ചും ഈജിപ്തിലും മെസോപൊട്ടേമിയായിലും, ജ്ഞാനസാഹിത്യഗ്രന്ഥങ്ങൾ രചിക്കപ്പെട്ടിരുന്നു. അയൽക്കാരെന്ന നിലയ്ക്ക് അവി

ടുത്തെ ജ്ഞാനഗ്രന്ഥങ്ങളും ഇസ്രായേലിന്റെ ജ്ഞാനഗ്രന്ഥങ്ങളും പല പൊതു ആശയങ്ങളും പങ്കുവയ്ക്കുകയും ചെയ്തിരുന്നു. അതു കൊണ്ടുതന്നെ യഥാർത്ഥജ്ഞാനി മാനവകുലത്തെ, അതിരുകൾക്കപ്പുറം, ഒന്നായിക്കാണണമെന്നും മറ്റുജനതകളുടെ ജീവിതാനുഭവങ്ങളിൽനിന്നും പഠിക്കണമെന്നും ഇസ്രായേലിലെ ജ്ഞാനികൾ കരുതിയിരുന്നു:

"അത്യുന്നതന്റെ നിയമങ്ങൾ പഠിക്കുന്നതിൽ
താൽപര്യമുള്ളവൻ
എല്ലാ പൗരാണിക ജ്ഞാനവും ആരാഞ്ഞ് അറിയുകയും
പ്രവചനങ്ങളിൽ ഔത്സുക്യം പ്രദർശിപ്പിക്കുകയും ചെയ്യും.
അവൻ വിശ്രുതരുടെ വാക്കു വിലമതിക്കുകയും
ഉപമകളുടെ പൊരുൾ സൂക്ഷ്മമായി അപഗ്രഥിക്കുകയും ചെയ്യും.
അവൻ ആപ്തവാക്യങ്ങളുടെ ആന്തരാർത്ഥം തേടുകയും,
ഉപമകളുടെ നിഗൂഢതകളെ സ്വായത്തമാക്കുകയും ചെയ്യുന്നു.
അവൻ മഹാന്മാരെ സേവിക്കുന്നു.
ഭരണാധിപന്മാരുടെ മുമ്പിലും
അവന് പ്രവേശനമുണ്ട്.
വിദേശരാജ്യങ്ങളിൽ അവൻ സഞ്ചരിക്കും;
മനുഷ്യരുടെ നന്മതിന്മകൾ അവൻ വേർതിരിച്ചറിയുന്നു"
(പ്രഭാ 39:1–4).

ബൈബിളിലെ ജ്ഞാനഗ്രന്ഥങ്ങളോട് സാമ്യമുള്ളതും ഈ ആശയങ്ങൾ പങ്കുവയ്ക്കുന്നതുമായ മറ്റുഗ്രന്ഥങ്ങൾ മധ്യപൂർവ്വദേശത്തെ ഇസ്രായേലിന്റെ അയൽക്കാരുടെ ഇടയിലുണ്ടായിരുന്നു. ഈ ഗ്രന്ഥങ്ങളെക്കുറിച്ച് ബൈബിളിലെ ഓരോ ഗ്രന്ഥത്തെയുംപറ്റി ചർച്ചചെയ്യുന്ന അവസരത്തിൽ ചിന്തിക്കുന്നതാവും കൂടുതൽ ഉചിതം.

ഇസ്രായേലിൽ രാജഭരണമാരംഭിച്ചതോടെ അന്യരാജ്യങ്ങളുമായുള്ള സാമ്പത്തിക-രാഷ്ട്രീയ ഇടപെടലുകൾക്കായി അക്ഷരഭാഷാജ്ഞാനമുള്ള വ്യക്തികളെ ആവശ്യമായി വന്നു. തത്ഫലമായി എഴുത്തുവിദ്യ അഭ്യസിക്കാൻ വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെടുകയോ, ആളുകൾ അന്യനാടുകളിൽ പോയി പഠിക്കുകയോ ചെയ്തു. അങ്ങനെ പഠിച്ച അവസരങ്ങളിൽ അന്യരാജ്യക്കാരുടെ പുരാണങ്ങളും കഥകളുമായിരുന്നു പരിശീലനത്തിനുപയോഗിച്ചിരുന്നത് (സാഹിത്യകൃതികൾ). ഉദാഹരണമായി ഇന്ത്യൻ സംഗീതം പഠിക്കുന്നവൻ സരസ്വതീനാമകീർത്തനം പാടാറുണ്ടല്ലോ. അയൽ രാജ്യക്കാരുടെ സാഹിത്യകൃതികളുടെ സ്വാധീനം ബൈബിളിലുടനീളം കാണാം. ഈ പഠനത്തോടൊപ്പം ആ ജനതകളുടെ ഇടയിലെ ഉന്നത

നിലവാരമുള്ള സന്മാർഗ്ഗചിന്തകളും പാഠങ്ങളും ഇസ്രായേലിൽ സ്വീകരിക്കപ്പെട്ടു. അതുകൊണ്ടാണ് പലപ്പോഴും ബൈബിളിലെ ജ്ഞാനസൂക്തങ്ങൾ രാഷ്ട്രീയ പരിമിതികൾക്ക് അതീതമായ നില വാരം പുലർത്തുന്നത്. ഉദാ: ജ്ഞാനികളുടെ ആപ്തവാക്യങ്ങൾ എന്നറിയപ്പെടുന്ന സുഭാ 22:17-24;22 ഈജിപ്തിലെ ഫറവോയായ അമെനെമോഫെത്തിന്റെ ഉപദേശങ്ങൾക്ക് സമാനമാണെന്നാണ് കരുതപ്പെടുന്നത് (*ANET* 421-24 കാണുക).

ബൈബിളിലെ ജ്ഞാനഗ്രന്ഥങ്ങൾ മദ്ധ്യപൂർവ്വദേശത്തെ അന്യ സംസ്കാരങ്ങളിലെ തത്തുല്യമായ സാഹിത്യശൈലിയുമായി ഒത്തു പോകുന്നതാണെന്നും അതിനാൽതന്നെ രാജ്യത്തിന്റെ അതിർവര മ്പുകൾക്ക് അതീതമാണെന്നും ആധുനികപഠനങ്ങൾ തെളിയിക്കു ന്നു. അതിന്റെ പ്രധാനകാരണം മനുഷ്യന്റെ ജീവിതാനുഭവങ്ങൾ ഏത് രാജ്യത്തായിരുന്നാലും അവൻ ഏതു ജനതയിൽപ്പെട്ടിരുന്ന വനായാലും അടിസ്ഥാനപരമായി ഒന്നുതന്നെയാണെന്നതാണ്. അവന്റെ പ്രപഞ്ചത്തെക്കുറിച്ചുള്ള ഉൾക്കാഴ്ച അയൽക്കാരനിൽ നിന്ന് വളരെ വ്യത്യസ്തമാകാൻ തരമില്ല. ഇപ്രകാരം ജ്ഞാനചി ന്തകൾ മാനവരാശിയുടെ പൊതുപൈതൃകത്തിന്റെ ഭാഗമായതി നാൽ ഇസ്രായേലിന്റെ (അതുപോലെ അവരുടെ അയൽരാജ്യങ്ങ ളുടെ) രാഷ്ട്രത്തിന്റെ ചരിത്രത്തിനോ അവരുടെ രക്ഷാകരചരിത്ര ത്തിനോ വലിയ പ്രാധാന്യം ജ്ഞാനഗ്രന്ഥങ്ങൾ നൽകുന്നില്ല. അതു കൊണ്ട് ഇസ്രായേലിന്റെ രക്ഷാകരചരിത്രവുമായി ബന്ധപ്പെട്ടുള്ള ദൈവത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ ജ്ഞാനഗ്രന്ഥങ്ങളിൽ പൊതുവെ കാണാറില്ല. ജ്ഞാനഗ്രന്ഥങ്ങളിലെ ദൈവത്തെക്കുറി ച്ചും മനുഷ്യനെക്കുറിച്ചുമുള്ള അടിസ്ഥാനപരമായ കാഴ്ചപ്പാടുകൾ, മാനവകുലവും അതിന്റെ സ്രഷ്ടാവായ ദൈവവുമായുള്ള ബന്ധ ത്തെ അടിസ്ഥാനമാക്കിയുള്ളതാണ്.

ബാഹ്യലോകത്തിൽ നാം ദർശിക്കുന്നതും അനുഭവിച്ചറിയുന്ന തുമായ, ദൈവം സ്ഥാപിച്ച ഒരു ക്രമം ഉണ്ടെന്ന് നാം കണ്ടുകഴിഞ്ഞു (സുഭാ 8:22-30). പ്രപഞ്ചത്തിൽ ദൈവം സ്ഥാപിച്ചിരിക്കുന്ന ഈ ക്രമം ബാഹ്യലോകത്ത് മാത്രമല്ല മനുഷ്യന്റെ ആന്തരിക, ആത്മീ യ, ധാർമ്മിക ജീവിതത്തിലും ബാധകമാണെന്ന് ഗുരുക്കന്മാർ കരു തി. ദൈവം നീതിമാനാകയാൽ (ജ്ഞാനം 12:14) പ്രപഞ്ചത്തിന്റെ നിലനിൽപിനുവേണ്ടി അവൻ പ്രപഞ്ചത്തിലെ സൃഷ്ടികളെന്ന പോലെ മനുഷ്യനും പാലിക്കേണ്ട ഒരു ക്രമം നൽകിയിരിക്കുന്നു:

"കർത്താവിന്റെ കണ്ണുകൾ
ജ്ഞാനത്തെ കാത്തുസൂക്ഷിക്കുന്നു.
അവിശ്വസ്തരുടെ പാദങ്ങളെ

അവിടുന്ന് തകിടം മറിക്കുന്നു" (സുഭാ 22:12; 6:12-19; 2:8; 3:33; 10:3, 29; 11:1; 14:9; 15:3, 9).

ദൈവദത്തമായ ഈ ആന്തരിക ആത്മീയ ക്രമത്തിന്റെ ഫലമായി നന്മ ചെയ്യുന്നവന് ഉയർച്ചയും മഹത്ത്വവും ഉണ്ടാകുമെന്നും തിന്മ ചെയ്യുന്നവന് തകർച്ചയും നാശവുമുണ്ടാകുമെന്നും ജ്ഞാനികൾ വിശ്വസിച്ചു: "ധർമ്മമാർഗ്ഗത്തിൽ ചരിക്കുന്നവൻ സുരക്ഷിതനായിരിക്കും. ദുർമാർഗ്ഗത്തിൽ ചരിക്കുന്നവൻ കുഴിയിൽ വീഴും" (സുഭാ 28:18; 14:14,19). ഇസ്രായേലിനു പത്തു പ്രമാണങ്ങൾ നല്കപ്പെടുന്നതിനുമുമ്പുമുതൽതന്നെ മാനവകുലം മുഴുവനും കാത്തുപോന്നിരുന്ന ധാർമ്മിക നിയമങ്ങൾ ഇത്തരുണത്തിൽ സ്മരിക്കേണ്ടതാണ്. ദൈവം ആത്മീയ-ധാർമ്മിക ജീവിതത്തിന് നൽകിയിരിക്കുന്ന ഈ ക്രമത്തെക്കുറിച്ച് (നിയമ-പ്രവാചക ഗ്രന്ഥങ്ങളിൽനിന്ന് വ്യത്യസ്തമായി) തന്റെ വചനത്തിലൂടെയോ വ്യക്തമായ വെളിപാടിലൂടെയോ ദൈവം മനുഷ്യന് വെളിപ്പെടുത്തിയിട്ടില്ല. മറിച്ച് ബാഹ്യപ്രപഞ്ചത്തിൽ അന്തർലീനമായിരിക്കുന്ന ക്രമത്തെക്കുറിച്ച് ഒരുവൻ അനുഭവങ്ങളിലൂടെ പഠിക്കുന്നതുപോലെ ദൈവം നൽകിയിരിക്കുന്ന ധാർമ്മിക നിയമത്തെക്കുറിച്ച് അനുഭവങ്ങളിലൂടെ പഠിച്ച് ഉൾക്കാഴ്ച നേടണം. ദൈവസ്ഥാപിതമായ ഈ ക്രമത്തെക്കുറിച്ച് ഉൾക്കാഴ്ച ലഭിക്കാൻ മനുഷ്യൻ ജ്ഞാനം സ്വന്തമാക്കണം. അതുകൊണ്ടാണ് ജ്ഞാനി ഇപ്രകാരം പ്രാർത്ഥിക്കുന്നത്:

"അങ്ങയുടെ പ്രവൃത്തികൾ അറിയുകയും ലോകസൃഷ്ടിയിൽ അങ്ങയോടൊത്ത് ഉണ്ടാവുകയും ചെയ്ത, അങ്ങേയ്ക്ക് പ്രസാദകരവും അങ്ങയുടെ നിയമം അനുസരിച്ച് ശരിയുമായ കാര്യങ്ങൾ അറിയുന്ന ജ്ഞാനം അങ്ങയോടൊത്ത് വാഴുന്നു. വിശുദ്ധ സ്വർഗ്ഗത്തിൽനിന്ന്, അങ്ങയുടെ മഹത്ത്വത്തിന്റെ സിംഹാസനത്തിൽനിന്ന്, ജ്ഞാനത്തെ അയച്ചുതരണമേ. അവൾ എന്നോടൊത്ത് വസിക്കുകയും അധ്വാനിക്കുകയും ചെയ്യട്ടെ! അങ്ങനെ ഞാൻ അങ്ങയുടെ ഹിതം മനസ്സിലാക്കട്ടെ" (ജ്ഞാനം 9:9-10).

തന്റെ സൃഷ്ടിയിലൂടെ സ്വയം വെളിപ്പെടുത്താനാഗ്രഹിക്കുന്ന ദൈവം ഓരോ മനുഷ്യന്റെയും ജീവിതാനുഭവങ്ങളിലൂടെത്തന്നെ താൻ പ്രപഞ്ചത്തിന് നൽകാനാഗ്രഹിക്കുന്ന നിയമം അവനെ പഠിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. പ്രപഞ്ചത്തിലെ സംഭവങ്ങളിലും, വ്യക്തികളുടെ അനുഭവങ്ങളിലും ദൈവകല്പിതമായ ധാർമ്മികനിയമങ്ങൾ അന്തർലീനമായിരിക്കുന്നു എന്നർത്ഥം. വിജ്ഞർ ഈ നിയമങ്ങളെ തീക്ഷ്ണമായി അന്വേഷിക്കുകയും കണ്ടെത്തുകയും അതിനനുസൃതം ജീവിക്കുകയും ചെയ്യുന്നവരാണ് (സുഭാ 8:17; സങ്കീ 19:1-18; പ്രഭാ 6:18-37). കുറച്ചുകൂടി വ്യക്തമായിപ്പറഞ്ഞാൽ ഒരുവൻ താൻ ചെയ്യുന്ന നന്മപ്രവൃത്തികളെ ദൈവം എങ്ങനെ അനുഗ്രഹിക്കുന്നു

വെന്നും തിന്മയെ എങ്ങനെ ശിക്ഷിക്കുന്നുവെന്നും സ്വന്തം അനുഭവത്തെ വിശകലനം ചെയ്ത് പഠിക്കണം. അപ്രകാരം ചെയ്യുന്നവൻ ജ്ഞാനിയായിത്തീരുന്നു. അവൻ ജ്ഞാനത്തെ സ്വന്തമാക്കുന്നവനാണ്. ദൈവം പ്രപഞ്ചത്തിൽ നിക്ഷേപിച്ചിരിക്കുന്ന ബാഹ്യവും ആത്മീയവുമായ ക്രമവും അതിനെ നിയന്ത്രിക്കുന്ന ശക്തിയും ആണ് ജ്ഞാനം എന്ന് പറയാൻ കഴിയും:

"ഭൂമിയിൽ ഒരറ്റം മുതൽ മറ്റേ അറ്റംവരെ
ജ്ഞാനം സ്വാധീനം ചെലുത്തുന്നു.
അവൾ എല്ലാ കാര്യങ്ങളും
നന്നായി ക്രമപ്പെടുത്തുന്നു" (ജ്ഞാനം 8:1; പ്രഭാ 16:26-30).

തന്റെ സൃഷ്ടിയുടെ ആരംഭത്തിൽ ദൈവം എല്ലാം ക്രമീകരിക്കുകയാണ് ചെയ്തത്. കുഴഞ്ഞുമറിഞ്ഞ അന്ധകാരാവൃതമായ അവസ്ഥയെ ദൈവം വാസയോഗ്യമാക്കിത്തീർത്തത് പ്രപഞ്ചത്തിന് മുഴുവൻ ക്രമം നൽകിക്കൊണ്ടാണെന്ന് നാം കണ്ടു. ആ ക്രമത്തിന്റെ മാനവികഭാവമാണ് ജ്ഞാനം. ലോകത്തിൽ ദൃശ്യമായ ക്രമവും മനുഷ്യന്റെ ജീവിതത്തിൽ ആവശ്യമായ ക്രമവും, നീതിബോധവും, സത്യസന്ധതയും, ധാർമ്മികതയും എല്ലാം ഉൾക്കൊള്ളുന്ന യാഥാർത്ഥ്യത്തെ 'മാ അത്ത്' എന്നാണ് ഈജിപ്തുകാർ വിളിച്ചത്. മാ അത്ത് എന്നാൽ ലോകത്തിൽ സന്നിഹിതമായിരിക്കുന്ന ദൈവികമായ ക്രമമാണെന്നു പറയാം. ആ ക്രമത്തോട് എത്രമാത്രം പ്രവർത്തനചിന്താരീതികൾ താദാത്മ്യപ്പെടുത്താൻ കഴിയുന്നുവോ അത്രമാത്രം മനുഷ്യജീവിതം വിജയകരമായിത്തീരുമെന്ന് ഈജിപ്തിലെ ജ്ഞാനികൾ കരുതി. ഈ താദാത്മ്യപ്പെടലിലുണ്ടാകുന്ന പരാജയം ക്രമരാഹിത്യത്തിലേയ്ക്കും (chaos) പരാജയത്തിലേയ്ക്കും നയിക്കും.

പ്രപഞ്ചത്തിൽ നിലനില്ക്കുന്ന ക്രമത്തിന്റെ (മാ അത്ത്) മാനവിക ഭാവത്തെ ഒരു ദേവതയായാണ് ഈജിപ്തുകാർ കരുതിയിരുന്നത്. പ്രപഞ്ചത്തെ വിവേകത്തോടെ വീക്ഷിക്കുന്നവന് ഈ ക്രമമെന്തെന്ന് കുറെയൊക്കെ മനസ്സിലാകും; ജീവിതാനുഭവങ്ങളിലൂടെ ഈ ക്രമത്തെ മനസ്സിലാക്കാൻ കഴിയും. അതിനായി മനുഷ്യൻ തന്റെ അനുഭവങ്ങളെ ദൈവവിശ്വാസത്തിന്റെ ("ദൈവഭയം അറിവിന്റെ ആരംഭം ആണ്": സുഭാ 1:7; 9:10) വെളിച്ചത്തിൽ വിലയിരുത്തുകയും പഠിക്കുകയും ചെയ്യണം. ജ്ഞാനത്തെ ഗ്രഹിക്കാനാഗ്രഹിച്ചുകൊണ്ട് പ്രപഞ്ചത്തിലെ അനുഭവങ്ങളിലേയ്ക്കും സംഭവങ്ങളിലേയ്ക്കും നോക്കുന്ന മനുഷ്യന് ദൈവം നൽകിയിരിക്കുന്നതും മനുഷ്യദൃഷ്ടിക്ക് സാധാരണഗതിയിൽ അഗോചരവുമായ വലിയ കാര്യങ്ങളെക്കുറിച്ചുള്ള ഉൾക്കാഴ്ചകൾ സ്വന്തമാക്കാൻ കഴിയും (സുഭാ 8:17). പ്രപഞ്ചത്തിലെ പ്രതിഭാസങ്ങളിലും, അനുഭവങ്ങളിലും

സാധാരണ ദൃശ്യമായിരിക്കുന്ന കാര്യങ്ങൾക്കപ്പുറം ദൈവം അന്തർലീനമാക്കിയിരിക്കുന്ന ക്രമം മനസ്സിലാക്കുന്നവൻ ദൈവത്തെതന്നെയാണ് മനസ്സിലാക്കുകയും അറിയുകയും ചെയ്യുന്നത്:

"എല്ലാറ്റിന്റെയും കർത്താവ്
അവളെ (ജ്ഞാനത്തെ) സ്നേഹിക്കുന്നു;
ദൈവത്തെക്കുറിച്ചുള്ള ജ്ഞാനത്തിന്റെ
ആദ്യപടി അവളാണ്;
അവിടുത്തെ പ്രവർത്തനങ്ങളിൽ കൂട്ടാളിയും" (ജ്ഞാനം 8:3-4).

ജ്ഞാനത്തെ സ്വന്തമാക്കാത്തവൻ ദൈവത്തെ അറിയുന്നില്ല. "സ്രഷ്ടാവായ ദൈവം ഈ ക്രമത്തെ തീക്ഷ്ണതയോടെ കാത്തുസൂക്ഷിക്കുന്നു" എന്നാണ് (22:12) സുഭാഷിതങ്ങളിൽ പറയുന്നത്. "നീതിയെ സ്നേഹിക്കുന്നവന് അവളുടെ പ്രവർത്തനങ്ങളുടെ ഫലം നന്മയായിരിക്കും. ആത്മനിയന്ത്രണവും, വിവേകവും, നീതിയും, ധൈര്യവും അവൾ പരിശീലിപ്പിക്കുന്നു. ജീവിതത്തിൽ ഇവയേക്കാൾ പ്രയോജനകരമായി ഒന്നുമില്ല. വിപുലമായ അനുഭവജ്ഞാനമാണ് നിങ്ങൾ ഇച്ഛിക്കുന്നതെങ്കിൽ അവൾക്ക് ഭൂതവും ഭാവിയും അറിയാം; മൊഴികളുടെ വ്യംഗ്യവും, കടങ്കഥകളുടെ പൊരുളും അവൾക്കറിയാം. അടയാളങ്ങളും, അത്ഭുതങ്ങളും അവൾ മുൻകൂട്ടി കാണുന്നു. കാലങ്ങളുടെയും ഋതുക്കളുടെയും ഫലം അവൾക്കറിയാം" (ജ്ഞാനം 8:7-8),

"അനുഭവജ്ഞാനമില്ലാത്തവന് അറിവ് കുറയും" (പ്രഭാ 34:10). അതുകൊണ്ട് "ജ്ഞാനത്തോടുള്ള ബന്ധത്തിൽ അമർത്യതയും അവളുടെ മൈത്രിയിൽ നിർമ്മലമായ മോദവും അവളുടെ പ്രവൃത്തികളിൽ അക്ഷയസമ്പത്തും, സംസർഗ്ഗത്തിൽ വിവേകവും, അവളുമായുള്ള സംഭാഷണത്തിൽ യശസ്സും കുടികൊള്ളുന്നു എന്ന് ചിന്തിച്ച് എങ്ങനെ അവളെ സ്വന്തമാക്കാം എന്ന് തേടി ഞാൻ അലഞ്ഞു" (ജ്ഞാനം 8:17-18) എന്നാണ് ജ്ഞാനി സ്വന്തം അനുഭവം വിവരിക്കുന്നത്.

പ്രപഞ്ചത്തിലെ പ്രതിഭാസങ്ങളിലും സംഭവങ്ങളിലും സ്വയം വെളിപ്പെടുത്തുന്ന ദൈവത്തെയും അവന്റെ ജ്ഞാനത്തെയും ഗ്രഹിക്കാൻ മനുഷ്യനെ സഹായിക്കുകയാണ് ജ്ഞാനഗ്രന്ഥങ്ങളുടെ ലക്ഷ്യം. ദൈവം മനുഷ്യനെ സ്വതന്ത്രനായി സൃഷ്ടിച്ചു എന്നും തന്റെ സ്വാതന്ത്ര്യം ക്രിയാത്മകമായി ഉപയോഗിച്ചുകൊണ്ട് തന്റെ സ്രഷ്ടാവായ ദൈവത്തെ മനുഷ്യൻ അന്വേഷിക്കുകയും കണ്ടെത്തുകയും ചെയ്യണമെന്നുമാണ് ജ്ഞാനഗ്രന്ഥങ്ങൾ അടിസ്ഥാനപരമായി ചിന്തിക്കുന്നത്. അതുകൊണ്ട് ജ്ഞാനഗ്രന്ഥങ്ങളിൽ വെളിവാകുന്ന ദൈവമനുഷ്യദർശനങ്ങൾ നിയമത്തിലും പ്രവാചകന്മാ

രിലും വെളിവാകുന്ന ദൈവമനുഷ്യദർശനങ്ങളിൽനിന്നും വ്യത്യസ്ഥമാണെന്ന് പറയേണ്ടതില്ലല്ലോ.

നിയമവും പ്രവാചകന്മാരും അവതരിപ്പിക്കുന്നത് മനുഷ്യനെ അന്വേഷിക്കുകയും ഇസ്രായേലിന്റെ ചരിത്രത്തിൽ പ്രത്യേകമായി ഇടപെടുന്നതിലൂടെ സ്വയം വെളിപ്പെടുത്തുകയും ചെയ്യുന്ന ദൈവത്തിന്റെ ചിത്രമാണെങ്കിൽ, ജ്ഞാനഗ്രന്ഥങ്ങൾ നൽകുന്നത് പ്രപഞ്ചത്തിൽ മുഴുവനുമുള്ള സൃഷ്ടികളുടെയും സംഭവങ്ങളുടെയും ക്രമീകൃതമായ ചലനങ്ങളിലൂടെ ദൈവത്തെ മനസ്സിലാക്കാനാഗ്രഹിക്കുന്ന മനുഷ്യന് യുക്തിസഹമായ വിധത്തിൽ സ്വയം മനസ്സിലാക്കികൊടുക്കുന്ന ദൈവത്തിന്റെ ചിത്രമാണ്. ഇവിടെ മനുഷ്യന്റെ വ്യക്തിപരമായ അനുഭവങ്ങൾക്കും, വിശകലനത്തിനുമാണ് പ്രാധാന്യം. നിയമവും പ്രവാചകന്മാരും രാഷ്ട്രത്തിന്റെ (ജനത്തിന്റെ) ചരിത്രത്തിൽ അത്ഭുതകരമായി ഇടപെട്ടുകൊണ്ട് ചരിത്രത്തെ നയിക്കുന്ന ദൈവത്തിന്റെ ചിത്രം അവതരിപ്പിക്കുമ്പോൾ, പ്രപഞ്ചത്തിലെ ക്രമം നിലനിർത്തുകയും അതിലൂടെ ഓരോ വ്യക്തിയോടും വ്യക്തിപരമായി അവന്റെതന്നെ അനുഭവങ്ങളിൽ ഈ ക്രമം വിശദീകരിച്ചുകൊണ്ട് അവനോട് സംസാരിക്കുകയും, അവന്റെ ചരിത്രം മുന്നോട്ട് നയിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ ചിത്രമാണ് ജ്ഞാനഗ്രന്ഥങ്ങൾ നൽകുന്നത്. ഇതിനെ വിശദീകരിക്കാൻ ഒരു താരതമ്യപഠനം സഹായിച്ചേക്കും 19-ാം സങ്കീർത്തനം 1-8 (ജ്ഞാനഗ്രന്ഥം) വാക്യങ്ങളനുസരിച്ച് പ്രപഞ്ചം മുഴുവൻ ദൈവത്തെക്കുറിച്ച് വെളിപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്; ഈ വെളിപാടിലൂടെ ദൈവം തന്റെ നിയമം പഠിപ്പിച്ചുകൊണ്ടിരിക്കുന്നു എന്നു പറയുന്നുണ്ട്. വാക്കോ പ്രസംഗമോ ഇല്ലാത്ത വെളിപാടാണത്. പുറപ്പാടിന്റെ പുസ്തകം (നിയമം) 19-ാം അധ്യായത്തിലാകട്ടെ ദൈവം അത്ഭുതകരമായി മലയിൽ ഇറങ്ങിവന്ന് തന്റെ മഹത്ത്വം ദൃശ്യമായി കാണിച്ചുകൊണ്ട് ജനത്തിന് നിയമം നൽകുന്നത് കാണാം. ഇതാണ് ഈ ഗ്രന്ഥങ്ങളിലുള്ള ദൈവിക വെളിപാടിനെക്കുറിച്ചുള്ള വ്യത്യസ്തമായ വീക്ഷണങ്ങൾ.

നിയമവും പ്രവാചകന്മാരും മനുഷ്യനെ സൃഷ്ടിക്കുകയും അവനെ തേടിയിറങ്ങുകയും ചെയ്യുന്ന ദൈവത്തെക്കുറിച്ച് പഠിപ്പിക്കുമ്പോൾ, തന്റെ സ്രഷ്ടാവിനെത്തേടുന്ന മനുഷ്യന്റെ ചിത്രമാണ് ജ്ഞാനഗ്രന്ഥങ്ങൾ വരച്ചുകാണിക്കുന്നത്. പ്രപഞ്ചത്തിലെ തന്റെ അനുഭവങ്ങളിലൂടെ ഈ ലോകത്തിന്റെ മുഴുവൻ സ്രഷ്ടാവിന്റെ പക്കലേയ്ക്കുയരാൻ പരിശ്രമിക്കുകയാണവൻ (ജ്ഞാനം 13:1-9).

മറ്റു വാക്കുകളിൽ പറഞ്ഞാൽ സീനായ്മലയിൽവച്ച് ദൈവം ഇസ്രായേലിനെ തന്റെ ജനമായി തിരഞ്ഞെടുക്കുകയും അവരുമായി ഉടമ്പടിചെയ്യുകയും അവർക്ക് നിയമം നല്കുകയും ചെയ്തു. ഈ

ദൈവികനിയമം ഇസ്രായേലിന്റെ ജീവിതത്തിലൂടെയും പ്രവർത്തനത്തിലൂടെയും പ്രപഞ്ചത്തിൽ മുഴുവൻ വ്യാപിക്കണമെന്നതാണ് ദൈവികപദ്ധതി. സീനായിൽ നല്കപ്പെട്ട നിയമത്തിന്റെ പശ്ചാത്തലത്തിൽ പ്രപഞ്ചത്തെ നോക്കിക്കാണുകയാണ് നിയമവും പ്രവാചകന്മാരും. അതിന്റെ അടിസ്ഥാനം സീനായ് ഉടമ്പടിയാണ്. ജ്ഞാനഗ്രന്ഥങ്ങളാകട്ടെ രാഷ്ട്രീയ പരിമിതികളില്ലാതെ ആദ്യം നോക്കുന്നത് ദൈവത്തിന്റെ കരവേലയായ പ്രപഞ്ചത്തിലേയ്ക്കാണ്. ആ പ്രപഞ്ചത്തെ നോക്കി അതിലൂടെ പ്രപഞ്ചസ്രഷ്ടാവിലേയ്ക്ക് നോക്കുകയും ദൈവം തന്റെ സൃഷ്ടിയിൽ അന്തർലീനമാക്കിയിരിക്കുന്ന നിയമത്തെ ജ്ഞാനി അന്വേഷിക്കുകയും ചെയ്യുന്നു. ഈ അന്വേഷണത്തിന്റെ അടിസ്ഥാനം ദൈവം മനുഷ്യകുലം മുഴുവനുമായി ചെയ്തിരിക്കുന്ന ഉടമ്പടിയാണെന്നു പറയാം (നോഹ?).

രക്ഷാകര ചരിത്രത്തെയും ദൈവപ്രമാണങ്ങളെയും മനസ്സിലാക്കാൻ നിയമ-പ്രവാചകഗ്രന്ഥങ്ങൾ ഒരുവനെ സഹായിക്കുമ്പോൾ, പ്രപഞ്ചത്തിലൂടെ ഇന്നും സ്വയം വെളിപ്പെടുത്തുന്ന ദൈവത്തെയും അവന്റെ പ്രവൃത്തികളെയും ഉൾക്കൊള്ളാനാണ് ജ്ഞാനഗ്രന്ഥങ്ങൾ അവനെ സഹായിക്കുന്നത്. ആ അറിവും അതനുസരിച്ചുള്ള ജീവിതവും അവനെ വിജയത്തിലേയ്ക്ക് നയിക്കും.

ജ്ഞാനം ഒരുവന് ലഭിക്കുന്നത് അനുഭവത്തിലൂടെയാണെന്ന് നാം കണ്ടു. എന്നാൽ വിശാലമായ ഈ പ്രപഞ്ചത്തിലെ അനുഭവങ്ങൾ സങ്കീർണ്ണങ്ങളും വ്യതിരിക്തങ്ങളും എണ്ണമറ്റവയുമാണ്. മനുഷ്യജീവിതമാകട്ടെ ഹ്രസ്വവും:

“ആദ്യമനുഷ്യൻ അവളെ പൂർണമായി അറിഞ്ഞില്ല;
അവസാനത്തെ മനുഷ്യനും
അവളുടെ ആഴം അളക്കുകയില്ല.
അവളുടെ ചിന്ത സമുദ്രത്തേക്കാൾ വിശാലവും
അവളുടെ പ്രബോധനം
അഗാധത്തേക്കാൾ ആഴമേറിയതും ആണ്” (പ്രഭാ 24:28-29).

അതിനാൽ പ്രപഞ്ചത്തിലുള്ളതിനെയെല്ലാം മനസ്സിലാക്കാൻ ഒരുവന്റെ പരിമിതമായ ജീവിതാനുഭവങ്ങൾകൊണ്ട് മാത്രം സാധ്യമല്ലെന്ന് വ്യക്തം. ആയതിനാൽ ഒരുവൻ മറ്റുള്ളവരുടെയും അവന് മുമ്പ് കടന്നുപോയവരുടെയും അനുഭവങ്ങളെ വിശകലനംചെയ്ത് പഠിക്കുകയും അവരുടെ അനുഭവത്തിലധിഷ്ഠിതമായ ഉപദേശങ്ങൾക്ക് ചെവികൊടുക്കുകയും വേണം. അതുകൊണ്ടാണ് ദൈവഭയത്തോടെ ജീവിക്കുകയും, ജീവിതാനുഭവങ്ങളെ വിശകലനം ചെയ്തവരുമായ ഗുരുക്കന്മാരുടെ ഉപദേശങ്ങൾ പ്രധാനപ്പെട്ടവയാകുന്നത്:

“ജ്ഞാനികളുടെ വാക്ക് സശ്രദ്ധം കേൾക്കുക;
ഞാൻ നൽകുന്ന വിജ്ഞാനത്തിൽ മനസ്സു പതിക്കുക.
അവയെ ഉള്ളിൽ സംഗ്രഹിക്കുകയും,
അധരങ്ങളിൽ ഒരുക്കി വയ്ക്കുകയും ചെയ്യുന്നത്
ആഹ്ലാദപ്രദമായിരിക്കും”
(സുഭാ 22:17–18; 1:8–9; 4:1–9, 10, 20; 5:1).

കഴിഞ്ഞ തലമുറയെ ദൈവികജ്ഞാനം സ്വന്തമാക്കാൻ സഹായിച്ച അറിവ് യുവതലമുറകൾക്കും പ്രയോജനകരമാകും എന്നതിനാലാണ് ജ്ഞാനഗ്രന്ഥങ്ങൾ ഗുരുക്കന്മാരുടെ പ്രബോധനങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നതും അവ വരുംതലമുറകൾക്കായി എഴുതിവയ്ക്കുന്നതും.

ഇപ്രകാരം പല തലമുറകളിലായി വിരചിതമായ ഗുരുക്കന്മാരുടെ ഉപദേശങ്ങളും, അവരുടെ ജീവിതാനുഭവങ്ങളിൽ അധിഷ്ഠിതമായ പഠനങ്ങളും, സൃഷ്ടപ്രപഞ്ചത്തിൽ വെളിവാകുന്ന ദൈവിക വെളിപാടും ജ്ഞാനസമ്പാദനത്തിനുള്ള മാർഗ്ഗങ്ങളും, ജ്ഞാനത്തിന്റെ പ്രാധാന്യവുമെല്ലാം വിശദീകരിക്കുന്ന ഏഴു ഗ്രന്ഥങ്ങളാണ് ബൈബിളിലുള്ളത്: ജോബ്, സങ്കീർത്തനങ്ങൾ, സുഭാഷിതങ്ങൾ, സഭാ പ്രസംഗകൻ, ഉത്തമഗീതം, ജ്ഞാനം, പ്രഭാഷകൻ. ഈ ഗ്രന്ഥങ്ങളിൽകാണുന്ന സന്ദേശങ്ങൾക്കുള്ള ചില പൊതു സ്വഭാവവിശേഷങ്ങളാണ് താഴെ സംഗ്രഹിച്ചിരിക്കുന്നത്.

(1) ഈ ഗ്രന്ഥങ്ങളിൽ ദൈവത്തിന്റെ രക്ഷാകര പ്രവൃത്തികളെക്കുറിച്ച്, നിയമത്തിലും പ്രവാചകന്മാരിലുമുള്ള വിധത്തിലുള്ള ചർച്ചകളില്ല.

(2) പ്രകൃതിയിലൂടെ വെളിവാകുന്ന ദൈവദത്തമായ ക്രമത്തെക്കുറിച്ചുള്ള അന്വേഷണത്തിന്റെ ഭാഗമായി അനുദിന ജീവിതപ്രശ്നങ്ങളുടെ കാരണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നു. വിജ്ഞാനമാഗ്രഹിക്കുന്നവൻ തനിക്ക് മനസ്സിലാകാത്ത എല്ലാത്തിന്റെയും കാരണമന്വേഷിക്കുന്നു. യുക്തിസഹമായ ഒരുത്തരം കിട്ടുകയാണ് ലക്ഷ്യം.

(3) ജീവിതം എങ്ങനെ വിജയിപ്പിക്കാമെന്നും എങ്ങനെ പ്രപഞ്ചസ്രഷ്ടാവായ ദൈവസന്നിധിയിൽ കുറ്റമറ്റവരായിരിക്കാമെന്നും ഉപദേശിക്കുന്നു.

(4) മനുഷ്യന്റെ അനുഭവങ്ങളെ സാർവ്വത്രികമായി കാണുന്നു. അതിനാൽ രാഷ്ട്രത്തിന്റെ ചരിത്രത്തെക്കുറിച്ചും, പ്രശ്നങ്ങളെക്കുറിച്ചും പ്രത്യേക താൽപര്യങ്ങൾ പൊതുവെ ഇല്ല. തലമുറകൾ കൈമാറിവരുന്ന ജ്ഞാനം രാഷ്ട്രീയ അതിർവരമ്പു

കൾകൊണ്ട് പരിമിതപ്പെടുത്താനാവില്ലെന്നതാണ് ഇതിന് കാരണം. അതുകൊണ്ടുതന്നെ ഇസ്രായേലിന്റെ രക്ഷാകരചരിത്രത്തിന് പ്രാധാന്യം ലഭിക്കുന്നില്ല.

(5) ദൈവം സ്രഷ്ടാവാണെന്ന് ചിന്തിക്കുകയും, അവന്റെ സൃഷ്ടിയുടെ രഹസ്യത്തെക്കുറിച്ച് ധ്യാനിക്കുകയും ചെയ്യുന്നു.

ഈ ഗ്രന്ഥങ്ങൾ ഓരോന്നിനെക്കുറിച്ചും വിവരിക്കുകയാണ് താഴെ വരുന്ന പേജുകളിലൂടെ. നമ്മുടെ ബൈബിളിൽ നല്കിയിരിക്കുന്ന ജോബ് - സങ്കീർത്തനങ്ങൾ - സുഭാഷിതങ്ങൾ എന്ന ക്രമത്തിലായിരിക്കുകയില്ല താഴെവരുന്ന ചർച്ച മുന്നോട്ട് പോകുന്നത്. സാധ്യമാകുന്നിടത്തോളം ചരിത്രപരമായി ഓരോ പുസ്തകങ്ങളുടെയും പാരമ്പര്യങ്ങൾ രൂപംകൊണ്ട ക്രമമനുസരിച്ചായിരിക്കും ഓരോ ഗ്രന്ഥത്തെയും ചർച്ചാവിഷയമാക്കുന്നത്. കാരണം അപ്പോഴാണ് ഓരോ ഗ്രന്ഥത്തിനും മറ്റുള്ളവയുമായുള്ള ദൈവശാസ്ത്രപരമായ ബന്ധമെന്തെന്ന് മനസ്സിലാക്കാൻ കൂടുതൽ എളുപ്പം. സങ്കീർത്തനപ്പുസ്തകമായിരിക്കും ഏറ്റവും ആദ്യമായി പഠിക്കുക. കാരണം അത് നിയമ–പ്രവാചക ഗ്രന്ഥങ്ങളെയും ജ്ഞാനഗ്രന്ഥങ്ങളെയും ഒരുമിച്ചുചേർക്കുന്ന ഒരു കണ്ണിയാണെന്ന് പറയാം.

# 02

## സങ്കീർത്തനങ്ങൾ

**150** കീർത്തനങ്ങളടങ്ങുന്ന ഒരു കൊച്ചുഗ്രന്ഥമാണ് സങ്കീർത്തനങ്ങൾ. സംഗീതോപകരണങ്ങളുടെ അകമ്പടിയോടെ ഗായകസംഘം ആലപിക്കേണ്ട ഗാനങ്ങളായാണ് പല സങ്കീർത്തനങ്ങളും പ്രത്യക്ഷപ്പെടുന്നത്. 150 സങ്കീർത്തനങ്ങളും പ്രാസമനുസരിച്ചോ, വിഷയമനുസരിച്ചോ ക്രമപ്പെടുത്തിയതാണെന്ന് തോന്നുന്നില്ല. പരമ്പരാഗതമായി സങ്കീർത്തനങ്ങൾ ദാവീദ് രചിച്ചതായാണ് കരുതപ്പെടുന്നത്. സങ്കീർത്തനങ്ങൾ എന്ന മലയാളപദം ഇംഗ്ലീഷിലെ ജമെഹാഠ എന്ന പദത്തിന്റെ തർജ്ജമയാണ്. ഇംഗ്ലീഷ്പദമാകട്ടെ Psalmoi (പ്സാൾമോയി) സ്തുതിഗീതങ്ങൾ (Songs of Praise) എന്ന ഗ്രീക്കുപദത്തിൽനിന്ന് വരുന്നതാണ്. പ്സാൾമോസ് (Psalmos) എന്ന പദം പല സങ്കീർത്തനങ്ങളുടെയും തലക്കെട്ടായിക്കാണാം. പ്സാള്ളോ (Psallo) എന്ന ഗ്രീക്ക് ക്രിയയുടെ അർത്ഥം പാടുക എന്നാണ്. പഴയ ഹെബ്രായ ബൈബിളിൽ സങ്കീർത്തനപുസ്തകത്തിന് ഒരു തലക്കെട്ടുണ്ടായിരുന്നില്ല. റബ്ബിമാരുടെ പാരമ്പര്യം സങ്കീർത്തനങ്ങളെ സ്തുതിപ്പുകളുടെ പുസ്തകം എന്നുവിളിച്ചു (Sefer Tehillim or Tehillim (സ്തുതിപ്പുകൾ)). സങ്കീർത്തനങ്ങളെ എണ്ണുമ്പോൾ ഹെബ്രായ ബൈബിളിനും (MT) ഗ്രീക്ക്

ബൈബിളിനും (LXX) ഇടയിൽ ചില വ്യത്യാസങ്ങൾ കാണുന്നുണ്ട്: ഈ വ്യത്യാസമാണ് താഴെ കൊടുക്കുന്നത്.

| ഹീബ്രു | | | ഗ്രീക്ക് |
|---|---|---|---|
| സങ്കീ | 1 – 8 | = | 1 – 8 |
| ” | 9 – 10 | = | 9 |
| ” | 11 – 113 | = | 10 – 112 |
| ” | 114 – 115 | = | 113 |
| ” | 116:1 – 9 | = | 114 |
| ” | 116:10 – 19 | = | 115 |
| ” | 117 – 146 | = | 116 – 145 |
| ” | 147:1 – 11 | = | 146 |
| ” | 147:12– 20 | = | 147 |
| ” | 148 – 150 | = | 148 – 150 |
| | | | 151 |

73 സങ്കീർത്തനങ്ങളുടെ തലക്കെട്ടായി ദാവീദിന്റെ മിസ്മോർ (ഗാനാലാപനം) എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. സാഹിത്യകൃതികളെഴുതിയശേഷം ആധികാരിതയ്ക്കുവേണ്ടി അറിയപ്പെടുന്ന ആളുകളുടെ പേരിൽ ആരോപിക്കുക മധ്യപൂർവ്വദേശത്ത് നിലവിലിരുന്ന ഒരു ക്രമമാണ്. ആളുകളെക്കാൾ ആശയങ്ങൾക്ക് പ്രാധാന്യം കൊടുത്തിരുന്ന അക്കാലത്ത് തങ്ങളുടെ രചനകൾ മറ്റുള്ളവർ വായിക്കുന്നതിനുവേണ്ടിയാണ് അവർ അവ വിഖ്യാതരായ ആളുകളുടെ പേരിൽ പ്രസിദ്ധപ്പെടുത്തിയിരുന്നത്. അങ്ങനെ സാഹിത്യകൃതികൾക്ക് കൂടുതൽ ആധികാരികത്വം കൈവന്നിരുന്നു. അതുകൊണ്ട് ദാവീദിന്റേയോ (ഉദാ: 11), ആസാഫിന്റേയോ (78–83) (1ദിന 16:25; 2ദിന 5:3), കോറായുടെയോ (42–49) പേരിലറിയപ്പെടുന്ന സങ്കീർത്തനങ്ങൾക്ക് ആ വ്യക്തികളുമായി കൃത്യമായി എന്തെങ്കിലും ബന്ധമുണ്ടെന്ന് കരുതുക പ്രയാസമാണ്.

ഗാനങ്ങളായ സങ്കീർത്തനങ്ങളെല്ലാം ഗായകനായ ദാവീദിന്റെ പേരിൽ ആരോപിക്കപ്പെടുന്നുണ്ടെങ്കിലും, സങ്കീർത്തനങ്ങളുടെ ഉള്ളടക്കവും ദൈവശാസ്ത്രവുമെല്ലാം പരിശോധിച്ചാൽ ഇസ്രായേലിന്റെ ചരിത്രത്തിന്റെ ആരംഭം മുതൽ ക്രിസ്തുവിന് മുമ്പ് ബാബിലോണിലെ വിപ്രവാസകാലത്തിന് ശേഷംവരെയുള്ള ചരിത്രഘട്ടങ്ങളിലെ വ്യത്യസ്ഥങ്ങളായ ജീവിതാനുഭവങ്ങളിൽ വിശ്വാസികളായ

വ്യക്തികളുടെയും സമൂഹങ്ങളുടെയും ജീവിതാനുഭവങ്ങളിൽ നിന്നു രുത്തിരിഞ്ഞ പ്രാർത്ഥനകളും, സ്തുതിപ്പുകളും നന്ദിപ്രകാശനങ്ങളും സാരോപദേശങ്ങളുമാണ് സങ്കീർത്തനങ്ങളെന്ന് കണ്ടെത്താൻ കഴിയും. താഴെവരുന്ന പേജുകളിൽ കൊടുത്തിട്ടുള്ള ചില ഉദാഹരണങ്ങൾ ഈ ആശയം വ്യക്തമാക്കും. ക്രിസ്തുവിന് മുമ്പ് 3-2 നൂറ്റാണ്ടിൽ ഹെബ്രായ ഭാഷയിൽനിന്ന് യവനഭാഷയിലേയ്ക്ക് തർജ്ജമ ചെയ്യപ്പെട്ട സപ്തതിയിൽ (LXX) സങ്കീർത്തനപുസ്തകവും പ്രത്യക്ഷപ്പെടുന്നതുകൊണ്ട് ഈ കാലഘട്ടത്തിന് മുമ്പ് രൂപീകൃതമായതാണ് ഈ ഗ്രന്ഥത്തിലെ സങ്കീർത്തനങ്ങളെന്ന് പറയാൻ കഴിയും.

നിയമത്തിലും പ്രവാചകന്മാരിലും അവതരിപ്പിക്കുന്ന പൊതു ചർച്ചാവിഷയം ദൈവത്തിന്റെ സൃഷ്ടികർമ്മവും ചരിത്രത്തിലെ വിവിധ ഘട്ടങ്ങളിലുള്ള അവന്റെ രക്ഷാകരമായ ഇടപെടലുകളുമാണെന്നു നാം കണ്ടു. ജ്ഞാനഗ്രന്ഥങ്ങൾ അവതരിപ്പിക്കുന്നതാകട്ടെ ജ്ഞാനോപദേശങ്ങളും പ്രകൃതിനിയമങ്ങളിലൂടെയുള്ള ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലുകളുമാണ്. ബൈബിളിന്റെ ഈ രണ്ടുഭാഗങ്ങളിലുമുള്ള സന്ദേശങ്ങൾ സങ്കീർത്തനപുസ്തകത്തിലുണ്ട്. ചില സങ്കീർത്തനങ്ങൾ ദൈവത്തിന്റെ സൃഷ്ടികർമ്മം വിവരിക്കുന്നു, മറ്റു ചിലത് ദൈവം നൽകിയ രക്ഷയെ സ്തുതിക്കുന്നു. വേറെ ചിലത് നല്ല ജീവിതത്തിനുള്ള ഗുരുക്കന്മാരുടെ ഉപദേശങ്ങളാണ് നല്കുന്നത് (സങ്കീ 1; 36). അതുകൊണ്ടുതന്നെ സങ്കീർത്തന പുസ്തകം ഒരു ചെറിയ ബൈബിളാണെന്ന് പറയാം. മറ്റ് വാക്കുകളിൽപറഞ്ഞാൽ ദൈവത്തിന്റെ സൃഷ്ടികർമ്മത്തെക്കുറിച്ചും, തുടർന്ന് പിതാക്കന്മാരുടെ കാലത്തെ പ്രധാന ചരിത്ര സംഭവങ്ങളെക്കുറിച്ചും, ഈജിപ്തിലെ അടിമത്ത്വത്തെയും അവിടെനിന്നുള്ള മോചനത്തെയുംകുറിച്ചും, തുടർന്നുവന്ന ന്യായാധിപന്മാരുടെ കാലത്തെ പ്രധാന താൽപര്യങ്ങളെക്കുറിച്ചും രാജഭരണകാലത്തെക്കുറിച്ചും ബാബിലോണിലെ വിപ്രവാസ അനുഭവത്തെക്കുറിച്ചും വിപ്രവാസത്തിന് ശേഷമുണ്ടായ ദൈവിക ഇടപെടലുകളേക്കുറിച്ചുമെല്ലാം സങ്കീർത്തനങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്. ചില ഉദാഹരണങ്ങളിലൂടെ ഈ ആശയം വ്യക്തമാക്കാം. സങ്കീർത്തനം 33:6-9,15 വായിച്ചാൽ അവിടെ ദൈവത്തിന്റെ സൃഷ്ടികർമ്മത്തെക്കുറിച്ച് പ്രതിപാദിക്കുന്നത് കാണാം:

"കർത്താവിന്റെ വചനത്താൽ ആകാശം നിർമ്മിക്കപ്പെട്ടു.
അവിടുത്തെ കല്പനയാൽ ആകാശഗോളങ്ങളും,
അവിടുന്ന് സമുദ്രജലത്തെ ഒരുമിച്ചു കൂട്ടി;
ആഴങ്ങളെ അവിടുന്ന് കലവറകളിൽ സംഭരിച്ചു.
ഭൂമി മുഴുവൻ കർത്താവിനെ ഭയപ്പെടട്ടെ.
ഭൂവാസികൾ അവിടുത്തെ മുമ്പിൽ ഭയത്തോടെ നിൽക്കട്ടെ.
അവിടുന്ന് അരുൾചെയ്തു. ലോകം ഉണ്ടായി.

അവിടുന്ന് കല്പിച്ചു അതു സുസ്ഥാപിതമായി" (സങ്കീ. 33:6-9).

ഇതുപോലെതന്നെയാണ് 104-ാം സങ്കീർത്തനവും (1-7).105-ാം സങ്കീർത്തനം (6-14) വായിച്ചാൽ പിതാക്കന്മാരുടെ കാലത്തെ ദൈവത്തിന്റെ രക്ഷാകരമായ ഇടപെടലുകളെക്കുറിച്ച് വിവരിക്കുന്നത് കാണാം:

"അവിടുത്തെ ദാസനായ അബ്രാഹത്തിന്റെ സന്തതികളേ,
അവിടുത്തെ തിരഞ്ഞെടുക്കപ്പെട്ടവനായ
യാക്കോബിന്റെ മക്കളേ ഓർമ്മിക്കുവിൻ.
അവിടുന്നാണ് നമ്മുടെ ദൈവമായ കർത്താവ്;
അവിടുത്തെ ന്യായവിധികൾ
ഭൂമിക്കു മുഴുവൻ ബാധകമാകുന്നു.
അവിടുന്ന് തന്റെ ഉടമ്പടി
എന്നേയ്ക്കും അനുസ്മരിക്കും.
തന്റെ വാഗ്ദാനം തലമുറകൾവരെ ഓർമ്മിക്കും.
അബ്രാഹത്തോടു ചെയ്ത ഉടമ്പടി,
ഇസഹാക്കിന് ശപഥപൂർവ്വം നൽകിയ വാഗ്ദാനംതന്നെ.
അവിടുന്ന് അത് യാക്കോബിന് ഒരു ചട്ടമായും
ഇസ്രായേലിന് ശാശ്വതമായ ഉടമ്പടിയായും സ്ഥിരീകരിച്ചു.
അവിടുന്ന് അരുൾചെയ്തു:
നിനക്ക് നിശ്ചയിച്ച ഓഹരിയായി
ഞാൻ കാനാൻ ദേശം നൽകും.
അന്ന് അവർ എണ്ണത്തിൽ കുറഞ്ഞവരും
നിസ്സാരരും അവിടെ പരദേശികളും ആയിരുന്നു.
അവർ ജനതകളുടെയും, രാജ്യങ്ങളുടെയും ഇടയിൽ
അലഞ്ഞുനടന്നു.
ആരും അവരെ പീഡിപ്പിക്കാൻ
അവിടുന്ന് സമ്മതിച്ചില്ല;
അവരെപ്രതി അവിടുന്ന് രാജാക്കന്മാരെ ശാസിച്ചു."

ഇസ്രായേലിന്റെ ഈജിപ്തിൽ നിന്നുള്ള പുറപ്പാടും തുടർന്ന് മരുഭൂമിയിലുണ്ടായ ദൈവാനുഭവവുമാണ് 114-ാം സങ്കീർത്തനം വിവരിക്കുന്നത്:

"ഇസ്രായേൽ ഈജിപ്തിൽനിന്നു പുറപ്പെട്ടപ്പോൾ,
യാക്കോബിന്റെ ഭവനം
അന്യഭാഷ സംസാരിക്കുന്ന ജനങ്ങളുടെ ഇടയിൽനിന്ന്
പുറപ്പെട്ടപ്പോൾ യൂദാ അവിടുത്തെ വിശുദ്ധ മന്ദിരവും
ഇസ്രായേൽ അവിടുത്തെ സാമ്രാജ്യവും ആയി.
അതുകണ്ട് കടൽ ഓടിയകന്നു;
ജോർദ്ദാൻ പിൻവാങ്ങി.
പർവ്വതങ്ങൾ മുട്ടാടുകളെപ്പോലെയും

മലകൾ ആട്ടിൻകുട്ടികളെപ്പോലെയും തുള്ളിച്ചാടി.
സമുദ്രമേ ഓടിയകലാൻ നിനക്കെന്തുപറ്റി?
ജോർദ്ദാൻ നീ എന്തിനു പിൻവാങ്ങുന്നു?
പർവ്വതങ്ങളേ, നിങ്ങൾ മുട്ടാടുകളെപ്പോലെയും
മലകളേ നിങ്ങൾ കുഞ്ഞാടുകളെപ്പോലെയും
തുള്ളുന്നതെന്തിന്? കർത്താവിന്റെ സന്നിധിയിൽ,
യാക്കോബിന്റെ ദൈവത്തിന്റെ സന്നിധിയിൽ,
ഭൂമി വിറകൊള്ളട്ടെ!
അവിടുന്ന് പാറയെ ജലാശയമാക്കി
തീക്കല്ലിനെ നീരുറവയാക്കി" (114:1-8).

136-ാം സങ്കീർത്തനം സൃഷ്ടി മുതൽ ന്യായാധിപന്മാരുടെ കാലം വരെയുമുള്ള ചരിത്രത്തിലേയ്ക്ക് വിരൽചൂണ്ടുന്നു. ന്യായാധിപന്മാരുടെ കാലശേഷമാണ് ഇസ്രായേലിൽ രാജഭരണം ആരംഭിക്കുന്നത്; ഇക്കാലത്തെ വിഷയങ്ങളാണ് പല രാജകീയ സങ്കീർത്തനങ്ങളും ചർച്ചചെയ്യുന്നത് (സങ്കീ 110, 2, 8, 21, 45 മുതലായവ കാണുക).

ഉദാഹരണമായി കർത്താവിനെയും അവന്റെ അഭിഷിക്തനെയും കുറിച്ചാണ് രണ്ടാം സങ്കീർത്തനം ചർച്ചചെയ്യുന്നത്:

"ജനതകൾ ഇളകിമറിയുന്നതെന്തിന്?
ജനങ്ങൾ എന്തിനു വ്യർത്ഥമായി
ഗൂഢാലോചന നടത്തുന്നു?
കർത്താവിനും അവിടുത്തെ അഭിഷിക്തനുമെതിരെ
ഭൂമിയിലെ രാജാക്കന്മാർ അണിനിരക്കുന്നു..." (2:1-2).

രാജാക്കന്മാരുടെ കാലശേഷം ജറുസലേം നശിപ്പിക്കപ്പെട്ടു; ഇസ്രായേൽ വിപ്രവാസത്തിലായി. ഇക്കാലഘട്ടത്തിലെ വിലാപങ്ങളാണ് 123, 137 തുടങ്ങിയ സങ്കീർത്തനങ്ങളിൽ കാണുന്നത്. ബാബിലോൺ നദിയുടെ തീരത്തിരുന്നുകൊണ്ട് ഞങ്ങൾ കരഞ്ഞു എന്ന വിലാപം 137-ാം സങ്കീർത്തനത്തിൽ കാണാം.

സങ്കീർത്തനങ്ങളിൽ നല്ലൊരുഭാഗം വിപ്രവാസത്തിനുശേഷം ദേവാലയത്തിലെ ആരാധനയുമായി ബന്ധപ്പെട്ട് രൂപംകൊണ്ടവയാണെന്ന് കരുതപ്പെടുന്നു. 'കർത്താവ് സെഹിയോന്റെ അടിമത്തം നീക്കിയപ്പോൾ അതൊരു സ്വപ്നമാണെന്നു ഞങ്ങൾ വിചാരിച്ചു' എന്നാണ് 126-ാം സങ്കീർത്തനം ആലപിക്കുന്നത്.

സൃഷ്ടിയെക്കുറിച്ചുള്ള വിവരണം മുതൽ ഇസ്രായേലിന്റെ ചരിത്രത്തിലെ എല്ലാ പ്രധാനഘട്ടങ്ങളെയുംകുറിച്ച് നമുക്കറിവു നൽകുന്ന ഗീതങ്ങൾ ഉൾക്കൊള്ളുന്നതിനാലും പല വിജ്ഞാന (ഉപദേശങ്ങൾ) ഗീതങ്ങളും ഉൾക്കൊള്ളുന്നതിനാലുമാണ് സങ്കീർത്തനപ്പുസ്തകത്തെ ഒരു കൊച്ചു ബൈബിൾ ആയി കണ

ക്കാക്കാമെന്നു നാം കരുതുന്നത്. സങ്കീർത്തനങ്ങളിലെ കഥകളും സംഭവങ്ങളും ഉപദേശങ്ങളും അറിയുന്നവൻ ബൈബിളിലെ വിവരണങ്ങളും പഠനങ്ങളും അറിയുന്നവനാണ്. ഒന്നുരണ്ട് ഉദാഹരണങ്ങൾകൊണ്ട് ഇത് വ്യക്തമാക്കാം. കവി സച്ചിദാനന്ദൻ തന്റെ ശ്യാമഗീതം (കോട്ടയം; 1983, 49) എന്ന കവിതയിൽ ഇപ്രകാരം പാടുന്നുണ്ട്:

"മാലാഖയെ കണ്ടു, കണ്ടു ചെകുത്താനെയും
ഞാൻ പുരാണങ്ങളിൽ
എവിടെയൊരു തോറ്റ രഘുരാമനോ-
രുതോല്ക്കാത്ത രാവണനൊ-
രെരിയുന്ന വഹ്നിയിൽ കരിയുന്ന സീത
എവിടെയൊരു നരകത്തിൽ വീഴാത്തസാത്താൻ
നിലമുഴുതു പിന്നെയും വിജയിച്ച കായീൻ."

ഈ ഏഴുവരികൾക്കകത്ത് പുരാണത്തിലെ കഥകളായ അഗ്നിപരീക്ഷയും ഉൽപത്തിപ്പുസ്തകത്തിലെ കായേന്റെ കഥയുമെല്ലാം കവി അനുസ്മരിച്ചിരിക്കുന്നു. ഈ കവിത മനസ്സിലാകുന്നവർ ഈ പുരാണകഥകളെല്ലാം അറിയുന്നവരാണെന്ന് വ്യക്തം.

"കുരുക്ഷേത്രം" എന്ന കവിതയിൽ അയ്യപ്പപ്പണിക്കർ (1982, 14) മനുഷ്യത്വത്തെക്കുറിച്ച് പാടുമ്പോൾ ആർഷഭാരതത്തിലെ മൂന്നു സംസ്കാരങ്ങളെയും സമന്വയിപ്പിച്ചുകൊണ്ട് ഇപ്രകാരം പാടുന്നു:

ബോധിവൃക്ഷത്തണൽ പറ്റി നില്ക്കേണ്ട
ബോധമുള്ളിലുദിച്ചിടുമെങ്കിൽ
കാൽവരിക്കുന്നിലെ കഥപാടേണ്ട
കാണിനേരം മനുഷ്യരാമെങ്കിൽ
നാംപുണരും കിനാവിന്റെ ദിവ്യ-
നാഭിയിൽ നാമുയിർക്കൊള്ളുമെങ്കിൽ

ഈ കവിത മനസ്സിലാകുന്നവൻ ആർഷഭാരതത്തിന്റെ മതങ്ങളുടെ ചിന്തകളറിയുന്നവനാണ്. ഈ വിധത്തിലാണ് സങ്കീർത്തനപ്പുസ്തകത്തിൽ രക്ഷാകരചരിത്രത്തിലെ സംഭവങ്ങൾ ഹ്രസ്വമായി അനുസ്മരിക്കപ്പെടുന്നത്.

പഞ്ചഗ്രന്ഥത്തിലെ അഞ്ചുഗ്രന്ഥങ്ങൾക്ക് സമാനമായി സങ്കീർത്തനപുസ്തകത്തെ അഞ്ച് ഭാഗങ്ങളായി തിരിച്ചിരിക്കുന്നു: (1) സങ്കീ 1-41 ദാവീദിന്റെ ആദ്യകാല സങ്കീർത്തനങ്ങൾ, (2) 42-72 വടക്കൻ രാജ്യമായ ഇസ്രായേലിന്റെ ഗീതങ്ങൾ, (3) സങ്കീ 73-89 ദേവാലയ ഗായകരുടെ ഗീതങ്ങൾ, (4) 90-106 രാജകീയ ഗീതങ്ങൾ (പുതുവത്സരഗാനങ്ങളാകാം), (5) 107-150 ദാവീദിന്റെ രണ്ടാമത്തെ സങ്കീർത്തനശേഖരം. ഇതിൽ ഓരോ ഭാഗവും അവസാനിക്കുന്നത്

ഒരു പ്രത്യേക സമാപനപ്രാർത്ഥനയോടും, സ്തുതിപ്പോടും കൂടിയാണ് (41:13; 72:19-20; 89:52; 106:48; 150:6). മോശ പഞ്ചഗ്രന്ഥം നൽകിയതുപോലെ ദാവീദ് സങ്കീർത്തനങ്ങളുടെ ഒരു പഞ്ചഗ്രന്ഥി നൽകിയെന്ന ഒരു ചൊല്ല് റബ്ബിമാർ പറയാറുണ്ടായിരുന്നു.

**സങ്കീർത്തനങ്ങളുടെ ഉത്ഭവം**

മുകളിൽ പറഞ്ഞതുപോലെ ഇസ്രായേലിന്റെ ചരിത്രത്തിലെ വിവിധ ഘട്ടങ്ങളുമായി ബന്ധപ്പെട്ട് ജന്മമെടുത്ത ഗീതങ്ങളാണ് സങ്കീർത്തനങ്ങൾ. ഇതിൽ നല്ലൊരുഭാഗം വ്യക്തികളുടെ ജീവിതത്തിലെ പ്രാർത്ഥനകളായി ജന്മമെടുത്തശേഷം ജനത്തിന്റെ പൊതുപ്രാർത്ഥനയായി രൂപാന്തരപ്പെട്ടവയാണ്. ഒരുദാഹരണംകൊണ്ട് ഇത് വ്യക്തമാക്കാം. തനിക്കുചുറ്റും, അസമാധാനത്തിന്റെയും, മാത്സര്യത്തിന്റെയും തിരമാലകൾ കണ്ട വി. ഫ്രാൻസിസ് അസീസ്സിയോ മാറ്റാരോ ഒരിക്കൽ, തന്നെ സമാധാനത്തിന്റെ ദൂതനായി അയയ്ക്കണമെന്ന് ദൈവത്തോട് ഇപ്രകാരം പ്രാർത്ഥിച്ചു:

"കർത്താവേ എന്നെ അങ്ങയുടെ സമാധാനത്തിന്റെ ഒരു ഉപകരണമാക്കണമേ. വിദ്വേഷമുള്ളിടത്ത് സ്നേഹവും ദ്രോഹമുള്ളിടത്ത് ക്ഷമയും സന്ദേഹമുള്ളിടത്ത് വിശ്വാസവും നിരാശയുള്ളിടത്ത് പ്രത്യാശയും അന്ധകാരമുള്ളിടത്ത് പ്രകാശവും സന്താപമുള്ളിടത്ത് സന്തോഷവും ഞാൻ വിതയ്ക്കട്ടെ. ഓ ദിവ്യ നാഥാ ആശ്വസിപ്പിക്കപ്പെടുന്നതിനെക്കാൾ ആശ്വസിപ്പിക്കുന്നതിനും, മനസ്സിലാക്കപ്പെടുന്നതിനേക്കാൾ മനസ്സിലാക്കുന്നതിനും, സ്നേഹിക്കപ്പെടുന്നതിനേക്കാൾ സ്നേഹിക്കുന്നതിനും ഇടയാക്കണമേ. എന്തെന്നാൽ കൊടുക്കുമ്പോഴാണ് ഞങ്ങൾക്ക് ലഭിക്കുന്നത്. ക്ഷമിക്കുമ്പോഴാണ് ഞങ്ങളോടും ക്ഷമിക്കപ്പെടുന്നത്; മരിക്കുമ്പോഴാണ് ഞങ്ങൾ നിത്യജീവിതത്തിലേയ്ക്ക് ജനിക്കുന്നത്."

വ്യക്തിപരമായ ഈ പ്രാർത്ഥന തുടർന്ന് അദ്ദേഹത്തിന്റെ ഏറ്റവും അടുത്തുണ്ടായിരുന്ന വ്യക്തികൾ ആവർത്തിച്ച് പ്രാർത്ഥിക്കാൻ ഇടവരുത്തുകയും തുടർന്ന് അത് ഒരു കാലഘട്ടത്തിൽ ഫ്രാൻസിസ്കൻ സഭയുടെ തന്നെ പ്രാർത്ഥനയായിത്തീരുകയും ചെയ്തു. ഇന്നു ലോകത്തിലുള്ള സകലർക്കും സുപരിചിതമായ ഒരു പ്രാർത്ഥനയായി അത് രൂപാന്തരപ്പെട്ടിരിക്കുന്നു. ഏതാണ്ടിതുപോലെ ജീവിതത്തിലെ വ്യത്യസ്ഥങ്ങളായ സാഹചര്യങ്ങളിൽ വ്യക്തികളിൽ നിന്നും, സമൂഹങ്ങളിൽ നിന്നും അവരുടെ പ്രത്യേക ജീവിത സാഹചര്യങ്ങളുമായി ബന്ധപ്പെട്ട് ജന്മമെടുക്കുകയും ഈ പ്രാർത്ഥനകളുടെ ഉയർന്ന നിലവാരത്തിന്റെ ഫലമായി അത് മറ്റുള്ളവരുടെ പ്രാർത്ഥനയുടെ ഭാഗമായി തീരുകയും ചെയ്ത ഗീതങ്ങളാണ് പല സങ്കീർത്തനങ്ങളും. പിന്നീട് അത് ആരാധനാക്രമത്തിന്റെ ഭാഗമാ

യിത്തീരുകയായിരുന്നു. ഇങ്ങനെ സങ്കീർത്തനങ്ങൾ ഒന്നിനുപുറകെ ഒന്നായി ആരാധനക്രമത്തോട് ചേർക്കപ്പെട്ടു.

മറ്റൊരുദാഹരണംകൂടി: 2002 ഒക്ടോബർ 10-ാം തീയതി ജോൺപോൾ രണ്ടാമൻ മാർപാപ്പ പരമ്പരാഗതമായി ക്രിസ്തീയ കുടുംബങ്ങളിലും ദേവാലയങ്ങളിലും ചൊല്ലിവന്നിരുന്ന കൊന്തയിൽ പ്രകാശത്തിന്റെ രഹസ്യങ്ങൾ എന്നപേരിൽ നമ്മുടെ കർത്താവിന്റെ ജീവിതത്തിലെ അഞ്ച് സംഭവങ്ങൾ ധ്യാനവിഷയമായി കൂട്ടിച്ചേർത്തു. ഈ രഹസ്യങ്ങളാകട്ടെ മാൾട്ടക്കാരനായ ജോർജ് പ്രേക്ക എന്ന വിശുദ്ധൻ (1880 - 1962) സ്വന്തം ജീവിതത്തിൽ പ്രാർത്ഥിക്കാനും ധ്യാനിക്കാനും തുടങ്ങിയവയാണ്. പിന്നീട് അത് അദ്ദേഹം സ്ഥാപിച്ച ഒരു സമൂഹത്തിൽ പ്രാർത്ഥിക്കപ്പെടുകയും, 1973-ലും, 1987-ലും നടത്തിയ രണ്ട് പ്രസിദ്ധീകരണങ്ങളിലൂടെ മാൾട്ടയിലെ ക്രൈസ്തവ സമൂഹത്തിന്റെ പ്രാർത്ഥനയിൽ സ്ഥാനംപിടിക്കുകയും ചെയ്തു. ഇന്ന് അത് കത്തോലിക്കർ മുഴുവൻ പ്രാർത്ഥിക്കുന്നുണ്ട്.

ഗാനങ്ങൾ ആലപിക്കുകയും അവ എഴുതി സൂക്ഷിക്കുകയും ചെയ്യുകയെന്നത് മോശയുടെ കാലംമുതലുള്ള യഹൂദ ജനതയുടെ പാരമ്പര്യമായിരുന്നു എന്നാണ് നിയമാവർത്തനപുസ്തകം പറയുന്നത്: "ആകയാൽ ഈ ഗാനം എഴുതിയെടുത്ത് ഇസ്രായേൽ ജനത്തെ പഠിപ്പിക്കുക, അവർക്കെതിരേ സാക്ഷ്യമായിരിക്കേണ്ടതിന് ഇത് അവരുടെ അധരത്തിൽ നിക്ഷേപിക്കുക" (നിയ 31:19): "അന്നു തന്നെ മോശ ഈ ഗാനമെഴുതി ഇസ്രായേൽ ജനത്തെ പഠിപ്പിച്ചു" (നിയ 31:22). ദേവാലയ ഗീതങ്ങളെക്കുറിച്ചും ഗായകരെക്കുറിച്ചും ബൈബിളിൽ മറ്റു വചനങ്ങളും കാണാം (1ദിന 9:33; 15:16-17; 2ദിന 20:21-22; 23:13; 29:25-26; നെഹ 12:28-29).

സമൂഹത്തിൽ രൂപംകൊണ്ട സങ്കീർത്തനങ്ങൾ ആലപിക്കുകയും അവ വായ്മൊഴിയായും വരമൊഴിയായും സൂക്ഷിക്കുകയും ചെയ്യുന്നതിൽ ദേവാലയവും, സിനഗോഗും വലിയ പങ്കുവഹിച്ചതായിട്ടാണ് നമുക്ക് മനസ്സിലാക്കാൻ കഴിയുക. അങ്ങനെ ഒരു സംവിധാനമില്ലായിരുന്നെങ്കിൽ അവയെല്ലാം കാലഹരണപ്പെട്ടുപോയേനെ. ചില സങ്കീർത്തനങ്ങളാകട്ടെ ദേവാലയാരാധനയ്ക്ക് വേണ്ടിത്തന്നെ രൂപംകൊണ്ടവയാണ്. ഉദാഹരണമായി പെസഹാക്കുഞ്ഞാട് ബലിയർപ്പിക്കപ്പെടുന്ന സമയത്ത് ലേവ്യർ ദേവാലയത്തിൽ ഹല്ലേലൂയ്യാ ഗീതങ്ങൾ ആലപിച്ചിരുന്നു (സങ്കീ 113-118). ഈ സങ്കീർത്തനങ്ങളിലെ ഒരു പ്രധാന ആശയം ഈജിപ്തിൽ നിന്നുള്ള പുറപ്പാടാണ് (ഉദാ; 115-116). പുറപ്പാട് 23:17; നിയ 16:5-6, 11, 15 പറയുന്നതനുസരിച്ച് എല്ലാ പുരുഷന്മാരും വർഷത്തിൽ മൂന്നുപ്രാവശ്യം ജറുസലേമിൽ പോകണമായിരുന്നു. ഈ തീർത്ഥാടനവുമായി ബന്ധപ്പെട്ട് രൂപംകൊണ്ട സങ്കീർത്തനങ്ങളാണ് തീർത്ഥാടന സങ്കീർത്തനങ്ങൾ

എന്നറിയപ്പെടുന്നത് (സങ്കീ 120-134). ദേവാലയവും കർത്താവിന്റെ പേടകവുമൊക്കെയാണ് അവയിലെ ധ്യാനവിഷയങ്ങൾ. 15-ാം സങ്കീർത്തനവും 24-ാം സങ്കീർത്തനവും ദേവാലയ അങ്കണത്തിലേക്ക് തീർത്ഥാടകർ പ്രവേശിക്കുന്നതിനൊരുക്കമായി രണ്ടു ഗണമായി പാടിയിരുന്നതായി കരുതപ്പെടുന്നു. ഒരു ഗണം പുറത്തുനിന്ന് പ്രവേശിക്കാൻ അനുവാദം ചോദിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു; മറ്റ് ഗണം അകത്തുനിന്ന് അവിടെ പ്രവേശിക്കാൻ വേണ്ട യോഗ്യതയെയും വിശുദ്ധിയെയും കുറിച്ച് അവരെ ഉദ്ബോധിപ്പിക്കുന്നു (സങ്കീ 15, 24).

## സങ്കീർത്തന വിഭാഗങ്ങൾ

സങ്കീർത്തനങ്ങളെ അവയുടെ ഉള്ളടക്കത്തിന്റെയും സാഹിത്യരൂപത്തിന്റെയും അടിസ്ഥാനത്തിൽ പലവിഭാഗങ്ങളായി തിരിക്കാറുണ്ട്.

### 1 വിലാപങ്ങൾ

ഇവ ജീവിതത്തിലെ വിഷമസന്ധികളിൽ ഭക്തരിൽനിന്ന് ദൈവത്തിലേയ്ക്കുയരുന്ന വിലാപങ്ങളും ആവലാതികളും പ്രാർത്ഥനകളുമാണ്. തങ്ങളുടെ ദുഃഖസാഹചര്യങ്ങളിൽനിന്ന് ദൈവം രക്ഷിക്കുമെന്ന് ഭക്തർ പ്രത്യാശിക്കുകയും ചെയ്യുന്നു. വിലാപങ്ങളെ സമൂഹത്തിന്റെ വിലാപങ്ങളെന്നും, വ്യക്തികളുടെ വിലാപങ്ങളെന്നും രണ്ട് വിഭാഗങ്ങളായി തിരിക്കാറുണ്ട്. സമൂഹത്തിന്റെ വിലാപങ്ങളാണ് സങ്കീ 12, 44, 58, 60, 74, 79, 80, 83, 85, 90, 94, 123, 126, 129, 137 മുതലായവ. ഉദാഹരണമായി

> "ദൈവമേ, അങ്ങ് ഞങ്ങളെ പരിത്യജിച്ചു,
> ഞങ്ങളുടെ പ്രതിരോധനിരകൾ തകർത്തു;
> അവിടുന്ന് കുപിതനായിരിക്കുന്നു;
> ഞങ്ങളെ കടാക്ഷിക്കണമേ!
> .......
> അങ്ങ് സ്വന്തം ജനത്തെ കഠിനയാതനയ്ക്ക് ഇരയാക്കി
> അവിടുന്ന് ഞങ്ങളെ വിഭ്രാന്തിയുടെ വീഞ്ഞുകുടിപ്പിച്ചു
> .......
> ഞങ്ങളുടെ പ്രാർത്ഥനകേട്ട് അങ്ങയുടെ വലതു -
> കൈയ്യാൽ ഞങ്ങളെ രക്ഷിക്കണമേ..." (സങ്കീ 60).

വ്യക്തിയുടെ വിലാപങ്ങളാണ് സങ്കീ 3, 4, 5, 6, 7, 9, 10, 13, 14, 17, 22, 25, 26, 28, 31, 35, 38, 39, 40, 41, 42, 43, 51, 52, 53, 54, 55, 56, 57, 59, 61, 64, 65, 70, 77, 86, 88, 89, 102, 109, 120, 130, 139, 141, 142, 143 എന്നിവ. ഉദാഹരണമായി:

"എന്റെ ദൈവമേ, എന്റെ ദൈവമേ
എന്തുകൊണ്ട് അങ്ങ് എന്നെ ഉപേക്ഷിച്ചു!
എന്നെ സഹായിക്കാതെയും
എന്റെ രോദനം കേൾക്കാതെയും
അകന്നു നില്ക്കുന്നതെന്തുകൊണ്ട്?... (സങ്കീ 22).

### 2 സ്തുതിഗീതങ്ങൾ

ആഘോഷങ്ങളുടെ അവസരങ്ങൾ ദൈവത്തെ അവൻ ചെയ്ത നന്മകളുടെ പേരിലും, അവന്റെ മഹത്ത്വത്തിന്റെ പേരിലും സ്തുതിക്കുന്ന അവസരങ്ങളായിരുന്നു. ഇത്തരം അവസരങ്ങളിലെ ഉപയോഗത്തിനുവേണ്ടി ദൈവസ്തുതികളായി രൂപംകൊണ്ടവയാണ് 8, 9, 33, 66, 100, 103, 104, 111, 113, 114, 117, 145-50 മുതലായ സങ്കീർത്തനങ്ങൾ. ദൈവമഹത്ത്വവും, അവന്റെ രക്ഷാകരപ്രവൃത്തികളും സ്തുതിയുടെ വിഷയമാണ്. ഉദാഹരണമായി

"ജനതകളേ കർത്താവിനെ സ്തുതിക്കുവിൻ,
ജനപദങ്ങളെ അവിടുത്തെ പുകഴ്ത്തുവിൻ
വിശ്വസ്തത എന്നേയ്ക്കും നിലനിൽക്കുന്നു.
കർത്താവിനെ സ്തുതിക്കുവിൻ" (സങ്കീ 117).

### 3 കൃതജ്ഞതാഗീതങ്ങൾ

സന്തോഷാവസരങ്ങളിൽ ഭക്തരിൽനിന്ന് ഉയരുന്ന നന്ദിയുടെ ബഹിർസ്ഫുരണങ്ങളാണ് ഈ ഗീതങ്ങളിലുള്ളത്. സങ്കീ 18, 30, 32, 34, 40, 65, 66, 67, 75, 107, 116, 118, 124, 136, 138 മുതലായവ കൃതജ്ഞതാ ഗീതങ്ങളാണ്. ഇവയിൽ ഭക്തർ ദൈവത്തിന് കൃതജ്ഞത അർപ്പിക്കുന്നതോടൊപ്പം അതിന്റെ കാരണങ്ങളും പറയുന്നത് കാണാം. തന്റെ ദൗർഭാഗ്യത്തിൽ നിന്നോ, രോഗത്തിൽ നിന്നോ, രാഷ്ട്രീയ ദുഃഖത്തിൽ നിന്നോ രക്ഷിച്ച ദൈവത്തിന് നന്ദിപറയുകയാണവൻ:

"അത്യുന്നതനായ കർത്താവേ,
അങ്ങേയ്ക്ക് കൃതജ്ഞതയർപ്പിക്കുന്നതും
അങ്ങയുടെ നാമത്തിന്
സ്തുതികൾ ആലപിക്കുന്നതും എത്ര ശ്രേഷ്ഠം.
തന്ത്രീനാദത്തോടുകൂടെയും
കിന്നരവും വീണയും മീട്ടിയും
പ്രഭാതത്തിൽ അങ്ങയുടെ കരുണയെയും
രാത്രിയിൽ അങ്ങയുടെ വിശ്വസ്തതയെയും
ഉദ്ഘോഷിക്കുന്നത് എത്ര ഉചിതം.

കർത്താവേ അങ്ങയുടെ പ്രവൃത്തികൾ
എന്നെ സന്തോഷിപ്പിച്ചു.
അങ്ങയുടെ അത്ഭുതപ്രവൃത്തികൾ കണ്ട്
ഞാൻ ആനന്ദഗീതം ആലപിക്കുന്നു..."

എന്ന് പാടുന്ന 92-ാം സങ്കീർത്തനം കൃതജ്ഞതാഗീതത്തിന് ഉദാഹരണമാണ്.

### 4 പ്രത്യാശയുടെയും വിശ്വാസത്തിന്റെയും ഗീതങ്ങൾ

ദൈവത്തിലുള്ള വിശ്വാസവും, പ്രത്യാശയും ഏറ്റു പറയുന്ന സങ്കീർത്തനങ്ങളാണിവ. അത് വ്യക്തിപരമായ പ്രാർത്ഥനയോ, ജനത്തിന്റെ മുഴുവൻ പ്രാർത്ഥനയോ ആകാം. 11, 16, 23, 27, 62, 63, 91, 121, 125, 131 മുതലായവ ഈ ഗണത്തിൽപ്പെടുന്ന സങ്കീർത്തനങ്ങളാണ്.

"ഞാൻ കർത്താവിൽ അഭയം തേടുന്നു
പക്ഷിയെപ്പോലെ പർവ്വതങ്ങളിൽപോയി ഒളിക്കുക എന്ന്
നിങ്ങൾക്കെന്നോട് എങ്ങനെ പറയാൻ കഴിയും?
.......
കർത്താവ് നീതിമാനെയും ദുഷ്ടനെയും പരിശോധിക്കുന്നു
അക്രമം ഇഷ്ടപ്പെടുന്നവരെ അവിടുന്ന് വെറുക്കുന്നു..."

എന്ന് പാടുന്ന 11-ാം സങ്കീർത്തനം ഒരു പ്രത്യാശാഗീതമാണ്.

## 5 രാജകീയ കീർത്തനങ്ങൾ

സമൂഹത്തിലെ ഏറ്റവും പ്രധാനപ്പെട്ട വ്യക്തിയും ദൈവത്തിന്റെ പ്രതിനിധിയുമായിരുന്നു രാജവാഴ്ചയുടെ കാലഘട്ടത്തിലെ രാജാക്കന്മാർ; അവരുടെ സ്ഥാനാരോഹണവും, യുദ്ധങ്ങളും, ജന്മദിന ആഘോഷങ്ങളും, വിവാഹങ്ങളും, പ്രാർത്ഥനകളുമായൊക്കെ ബന്ധപ്പെട്ട് രൂപംകൊണ്ട കീർത്തനങ്ങളാണ് രാജകീയ കീർത്തനങ്ങൾ. ഇവ രാജാവിന് വേണ്ടിയുള്ള പ്രാർത്ഥനകളോ, അവനുള്ള സന്ദേശങ്ങളോ ആകാം. രാജവാഴ്ച അവസാനിച്ചപ്പോൾ ഈ കീർത്തനങ്ങൾ ദാവീദിന്റെ വംശത്തിൽ നിന്ന് പിറക്കാനിരിക്കുന്ന ഭാവിരാജാവിലേയ്ക്ക് (മിശിഹാ) വിരൽ ചൂണ്ടുന്നതായി കണക്കാക്കപ്പെട്ടു. സങ്കീ 2, 18, 20, 21, 45, 72, 78, 89, 101, 132, 144 തുടങ്ങിയവ രാജകീയ കീർത്തനങ്ങളാണ്.

"ജനതകൾ ഇളകിമറിയുന്നതെന്തിന്? ജനങ്ങൾ എന്തിന്
വ്യർത്ഥമായി ഗൂഢാലോചന നടത്തുന്നു?
കർത്താവിനും അവിടുത്തെ അഭിഷിക്തനുമെതിരെ

ഭൂമിയിലെ രാജാക്കന്മാർ അണിനിരക്കുന്നു;
ഭരണാധിപന്മാർ കൂടിയാലോചിക്കുന്നു
........
സ്വർഗ്ഗത്തിലിരിക്കുന്നവൻ അതുകേട്ട് ചിരിക്കുന്നു
കർത്താവ് അവരെ പരിഹസിക്കുന്നു
........
എന്റെ വിശുദ്ധ മലയായ സീയോനിൽ ഞാനാണ്
എന്റെ രാജാവിനെ വാഴിച്ചതെന്ന് അവിടുന്ന് അരുൾചെയ്യും..."

എന്നാലപിക്കുന്ന 2-ാം സങ്കീർത്തനം ഒരു രാജകീയ കീർത്തനമാണ്.

**6. യാഹ്‌വെയെ രാജാവായി കീർത്തിക്കുന്ന ഗീതങ്ങൾ**

ചില സങ്കീർത്തനങ്ങൾ യാഹ്‌വെയെ രാജാവായി കീർത്തിക്കുന്നവയാണ്. ഇസ്രായേലിന്റെ വിശ്വാസമനുസരിച്ച് കെരൂബുകളുടെമേൽ എഴുന്നള്ളിയിരിക്കുന്ന സൈന്യങ്ങളുടെ കർത്താവാണ് ദൈവം (1സാമു 4:4; സങ്കീ 80:1). ഈ വലിയ രാജാവിന്റെ മഹത്ത്വം കീർത്തിക്കുന്ന സങ്കീർത്തനങ്ങളാണ് 29, 47, 93, 95-99 എന്നിവ. ഉദാഹരണമായി:

"ജനതകളേ കരഘോഷം മുഴക്കുവിൻ.
ദൈവത്തിനുമുമ്പിൽ ആഹ്ലാദാരവം മുഴക്കുവിൻ.
അത്യുന്നതനായ കർത്താവ് ഭീതിദനാണ്;
അവിടുന്ന് ഭൂമി മുഴുവന്റെയും രാജാവാണ്.

അവിടുന്ന് രാജ്യങ്ങളുടെമേൽ നമുക്ക് വിജയം നേടിത്തന്നു" (സങ്കീ 47:1-3).

**7. സീയോൻ ഗീതങ്ങൾ (ജറുസലേം ഗീതങ്ങൾ)**

ഏകസത്യദൈവമായ കർത്താവ് സീയോനെ തന്റെ വാസസ്ഥലമായി തിരഞ്ഞെടുത്തു (നിയ 12). ആ പട്ടണത്തിന്റെ മഹത്ത്വത്തെക്കുറിച്ചും അതിലെ ദേവാലയത്തെക്കുറിച്ചും, അവിടെ പ്രവേശിക്കുമ്പോൾ ഭക്തനുണ്ടാകുന്ന മനോഭാവത്തെക്കുറിച്ചുമൊക്കെ അവനെ ഉദ്ബോധിപ്പിക്കുന്ന ഗീതങ്ങളാണ് സീയോൻ കീർത്തനങ്ങൾ. ദൈവജനമായ ഇസ്രായേലിന് രക്ഷവരേണ്ടത് സീയോനിൽ നിന്നാണ്. സീയോനെ ദൈവത്തിന്റെ മലയെന്നും, ദൈവത്തിന്റെ നഗരമെന്നും ദൈവത്തിന്റെ വാസസ്ഥലമെന്നും സൗന്ദര്യത്തികവെന്നുമൊക്കെയാണ് സങ്കീർത്തകൻ വിശേഷിപ്പിക്കുന്നത്:

"കർത്താവ് ഉന്നതനാണ്,
നമ്മുടെ ദൈവത്തിന്റെ നഗരത്തിൽ

അത്യന്തം സ്തുത്യർഹനാണ്
ഉയർന്നു മനോഹരമായ അവിടുത്തെ വിശുദ്ധഗിരി
ഭൂമി മുഴുവന്റെയും സന്തോഷമാണ്;
അങ്ങ് വടക്കുള്ള സെഹിയോൻ പർവ്വതം
മഹാരാജാവിന്റെ നഗരമാണ്..."

എന്നു സ്തുതിക്കുന്ന 48-ാം സങ്കീർത്തനം സീയോൻഗീതങ്ങളുടെ ശൈലിയെന്തെന്ന് കാണിക്കുന്നു. 122-ാം സങ്കീർത്തനം വായിക്കുമ്പോൾ ദേവാലയത്തെക്കുറിച്ച് സ്നേഹത്തോടെ ചിന്തിക്കുന്ന ഭക്തനെ കാണാൻകഴിയും. സങ്കീ 46, 48, 26, 84, 87, 122 എന്നിവയാണ് സീയോൻ കീർത്തനങ്ങൾ എന്നറിയപ്പെടുന്നത്.

**8 ജ്ഞാനഗീതങ്ങൾ (പ്രബോധന ഗീതങ്ങൾ)**

ജ്ഞാനഗ്രന്ഥങ്ങളുടെ അടിസ്ഥാന വീക്ഷണങ്ങൾ നിലനിർത്തുന്ന ഉപദേശങ്ങളാണ് ഈ കീർത്തനങ്ങളുടെ ഉള്ളടക്കം. പഠനക്കളരികളുമായി ബന്ധപ്പെട്ട് രൂപം കൊണ്ടവയാണിവയെന്ന് കരുതപ്പെടുന്നു. മാതൃകാപരമായ ജീവിതത്തിനാവശ്യമായ ഉപദേശങ്ങളാണ് ഈ ഗീതങ്ങൾ നല്കുന്നത്. നന്മചെയ്യാൻ ശ്രോതാക്കളെ പ്രബോധിപ്പിക്കുകയാണ് ഈ കീർത്തനങ്ങളുടെ ലക്ഷ്യം:

"ദുഷ്ടരുടെ ഉപദേശം സ്വീകരിക്കുകയോ
പാപികളുടെ വഴിയിൽ വ്യാപരിക്കുകയോ
പരിഹാസകരുടെ പീഠങ്ങളിലിരിക്കുകയോ
ചെയ്യാത്തവൻ ഭാഗ്യവാൻ.
അവന്റെ ആനന്ദം കർത്താവിന്റെ നിയമത്തിലാണ്;
രാവും പകലും അവൻ
അതേക്കുറിച്ച് ധ്യാനിക്കുന്നു
നീർച്ചാലിനരികെ നട്ടതും യഥാകാലം
ഫലം തരുന്നതും
ഇല കൊഴിയാത്തതുമായ വൃക്ഷംപോലെയാണവൻ
അവന്റെ പ്രവൃത്തികൾ സഫലമാകുന്നു..."

എന്ന് ഒരു ഗുരു തന്റെ ശിഷ്യർക്ക് ഉപദേശം നല്കുന്ന ഒന്നാം സങ്കീർത്തനം പ്രബോധനഗീതങ്ങൾക്ക് മാതൃകയാണ്. സങ്കീ 1, 19, 36, 37, 49, 73, 78, 112, 119, 127, 128 മുതലായവ ഈ ഗണത്തിൽപെടുന്നു.

**9. പ്രവാചകപ്രബോധനങ്ങൾ**

ചില സങ്കീർത്തനങ്ങൾ ജ്ഞാനകീർത്തനങ്ങൾ പോലെതന്നെ ഉപദേശങ്ങളാണെങ്കിലും അവയുടെ ഉള്ളടക്കവും ശൈലിയും

ജ്ഞാനകീർത്തനങ്ങളുടെതല്ല. അവയ്ക്കു കൂടുതൽ സാമ്യമുള്ളത് പ്രവാചക സന്ദേശങ്ങളോടാണ്. പ്രബോധിപ്പിക്കപ്പെടുന്ന കാര്യങ്ങളിൽ തീരുമാനങ്ങളെടുക്കാൻ ഈ കീർത്തനങ്ങൾ ശ്രോതാവിനെ ആഹ്വാനം ചെയ്യുന്നു. ദൈവത്തിന്റെ കോടതിയിൽ നടക്കുന്ന വിചാരണകൾക്കു സമാനമായാണ് ഇവ പ്രത്യക്ഷപ്പെടുന്നത്. വിചാരണയിൽ ന്യായാധിപനും കുറ്റം ആരോപിക്കുന്നവനും നഷ്ടം സഹിച്ചവനും ദൈവം തന്നെയാണ്. ഇത് പ്രവാചകരുടെ ഒരു പ്രസംഗ ശൈലിയായിരുന്നു. ഉദാ. "കർത്താവായ ദൈവം, ശക്തനായവൻ, സംസാരിക്കുന്നു; കിഴക്കുമുതൽ പടിഞ്ഞാറുവരെയുള്ള ഭൂമി മുഴുവനെയും അവിടുന്നു വിളിക്കുന്നു. ...

തന്റെ ജനത്തെ വിധിക്കാൻ അവിടുന്ന് ആകാശത്തെയും ഭൂമിയെയും വിളിക്കുന്നു.

ബലിയർപ്പണത്തോടെ എന്നോട് ഉടമ്പടിചെയ്തിട്ടുള്ള എന്റെ വിശ്വസ്തരെ എന്റെ അടുത്തു വിളിച്ചുകൂട്ടുവിൻ.

ആകാശം അവിടുത്തെ നീതിയെ ഉദ്ഘോഷിക്കുന്നു; ദൈവം തന്നെയാണു വിധികർത്താവ്.

എന്റെ ജനമേ, കേൾക്കുവിൻ, ഞാൻ ഇതാ, സംസാരിക്കുന്നു; ഇസ്രായേലേ, ഞാൻ നിനക്കെതിരേ സാക്ഷ്യം നൽകും; ഞാനാണു ദൈവം, നിന്റെ ദൈവം" (സങ്കീ 50:1-7).

സങ്കീർത്തനം 50, 81, 95 മുതലായവ പ്രവാചക പ്രബോധനങ്ങൾക്കു ദാഹരണമാണ്.

### സങ്കീർത്തനങ്ങൾ ദൈവവചനമാണ്

സങ്കീർത്തനങ്ങൾ പ്രാർത്ഥനകളും ഉപദേശങ്ങളുമായിരിക്കെ അത് ദൈവവചനമാകുന്നതെങ്ങനെയാണെന്ന് ചോദിച്ചേക്കാം. വിവിധങ്ങളായ ജീവിതസാഹചര്യങ്ങളിൽ വിശ്വാസികളും, വിശുദ്ധരുമായ മനുഷ്യർ സ്വീകരിച്ച വിശ്വാസാനുസൃതമായ നിലപാടുകളെ നമുക്ക് പറഞ്ഞു തരുന്നതിനാലാണ് സങ്കീർത്തനങ്ങൾ ദൈവവചനമാകുന്നത്. ഓരോ സങ്കീർത്തനത്തിന്റെയും പശ്ചാത്തലം പഠിച്ചാൽ ഈ വസ്തുത വ്യക്തമാകും. ഈ സാഹചര്യങ്ങളെല്ലാം വ്യത്യസ്തങ്ങളാണ്. അങ്ങനെയുള്ള സന്തോഷത്തിന്റെയും ദുഃഖത്തിന്റെയും ആഘോഷത്തിന്റെയും കൃതജ്ഞതയുടെയുമായ സാഹചര്യങ്ങളിൽ വിശ്വാസികൾ എങ്ങനെ പ്രതികരിച്ചുവെന്നാണ് സങ്കീർത്തനങ്ങൾ നമ്മെ പഠിപ്പിക്കുന്നത്. സങ്കീർത്തനങ്ങൾ പ്രാർത്ഥിക്കുകയും അതിലെ സന്ദേശങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്നവർ

ജീവിതത്തിലെ എല്ലാ സാഹചര്യങ്ങളിലും ഒരു ഭക്തൻ പെരുമാറേണ്ടതെങ്ങനെയെന്ന് പഠിച്ചവരാണ്. കുരിശിലെ കഠിന വേദനയിൽ സങ്കീർത്തനം പ്രാർത്ഥനയാക്കുന്ന ക്രിസ്തു (സങ്കീ 22) ഒരു യഥാർത്ഥ ഭക്തന്റെ മാതൃകയാണെന്ന് പറയാൻ കഴിയും. പഴയ രാഷ്ട്രീയ ഭരണാധികാരികളുടെ സ്ഥാനത്ത് ഇന്നത്തെ ഭരണാധികാരികളെയും, ഇസ്രായേലിന്റെ ശത്രുക്കളുടെ സ്ഥാനത്ത് സഭാശത്രുക്കളെയും ആത്മാവിന്റെ ശത്രുക്കളെയും കണ്ട് നമുക്ക് പ്രാർത്ഥിക്കാൻ കഴിയും.

പ്രബോധന കീർത്തനങ്ങൾ ഉണ്ടെങ്കിലും പ്രാർത്ഥനകളും സ്തുതിപ്പുകളും, ആരാധനക്രമപരമായ ഗീതങ്ങളും നിറഞ്ഞ സങ്കീർത്തനപുസ്തകം ജ്ഞാനഗ്രന്ഥങ്ങളുടെ ഭാഗമാകുന്നത് അവ പഴയ തലമുറയുടെ അനുഭവത്തിൽനിന്നും അവരുടെ ധ്യാനചിന്തകളിൽനിന്നും ജന്മമെടുത്തതിനാലാണ്. അത് മനുഷ്യന്റെ ദൈവാന്വേഷണത്തിന്റെ ഭാഗമാണ്.

# 03

## സുഭാഷിതങ്ങൾ

അനുദിന ജീവിതാനുഭവങ്ങളിലൂടെ വെളിവാകുന്ന ദൈവത്തെ അന്വേഷിക്കുന്നതോടൊപ്പം ജ്ഞാനഗ്രന്ഥകാരന്മാർ ചെയ്യുന്ന ഒരു പ്രധാന കാര്യം അനുദിന ജീവിതപ്രശ്നങ്ങളുടെ കാരണമന്വേഷിക്കുകയും, അവയ്ക്ക് പരിഹാരമെന്തെന്ന് ധ്യാനിക്കുകയുമാണ്. ഈ അർത്ഥത്തിൽ സുഭാഷിതങ്ങൾ വളരെ പ്രധാനപ്പെട്ട ഒരു ഗ്രന്ഥമാണ്. വിജയകരമായ ഒരു ജീവിതം നയിക്കാൻ എന്തു ചെയ്യണമെന്നും ജീവിതപ്രശ്നങ്ങൾക്ക് പരിഹാരമെന്തെന്നും, അനുദിനജീവിത സാഹചര്യങ്ങളിൽ എങ്ങനെ പെരുമാറണമെന്നും സുഭാഷിതങ്ങൾ പഠിപ്പിക്കുന്നു.

പഴഞ്ചൊല്ലുകളും കടംകഥകളും ഏതൊരു സംസ്കാരത്തിന്റെയും സമ്പത്താണെന്ന് പറയേണ്ടതില്ല. ക്രിസ്തുവിന് 3000 വർഷംമുമ്പ് മുതൽ ഇസ്രായേലിന്റെ വിപ്രവാസത്തിന് ശേഷമുള്ള കാലംവരെ രൂപംകൊണ്ട ഹ്രസ്വവും മനസ്സിൽ എളുപ്പത്തിൽ പതിയുന്നതും മനോഹരങ്ങളുമായ സൂക്തങ്ങളുടെ സമാഹാരമാണ് ഇന്ന് നമുക്കുള്ള സുഭാഷിതങ്ങൾ എന്ന ഗ്രന്ഥം. എന്താണ് ഈ

സുഭാഷിതങ്ങളുടെ ലക്ഷ്യമെന്ന് 22:20-21 വായിച്ചാൽ ഗ്രഹിക്കുവാനാകും:

"ഉപദേശവും, വിജ്ഞാനവുമടങ്ങുന്ന മുപ്പത് സൂക്തങ്ങൾ നിനക്ക് ഞാൻ എഴുതിയിട്ടുണ്ടല്ലോ. നിന്നെ അയച്ചവർക്ക് ഉചിതമായ ഉത്തരം നൽകത്തക്കവിധം സത്യവും ശരിയുമായ കാര്യങ്ങൾ നിന്നെ ഗ്രഹിപ്പിക്കാൻ വേണ്ടിയാണ് അവ." സംസാരത്തിലും പ്രവൃത്തിയിലും മനുഷ്യനെ സഹായിക്കുന്നതിനുവേണ്ടി ഗുരുക്കന്മാർ രൂപംകൊടുത്ത സൂക്തങ്ങളാണവ.

ക്രിസ്തുവിന് മുമ്പ് 2500 (ഹാർഡ്‌യേടെഫ് അല്ലെങ്കിൽ ഡ്‌യേടെഫ് ഹോർ) മുതൽ ടോളമിയുടെ കാലംവരെ (IV century) സുഭാഷിതങ്ങളുടെ രൂപത്തിലുള്ള ഉപദേശങ്ങൾ (Sebayit) ഈജിപ്തിലെ ഗുരുക്കന്മാരോ രാജാവിന്റെ ഉയർന്ന ഉദ്യോഗസ്ഥരോ തങ്ങളുടെ ശിഷ്യർക്ക് കൈമാറിയിരുന്നതായി രേഖകൾ തെളിയിക്കുന്നുണ്ട്. നല്ല പെരുമാറ്റത്തിനുള്ള ചട്ടങ്ങളാണ് ഉപദേശങ്ങളുടെ ഉള്ളടക്കം. സമൂഹത്തിലെ ഉന്നതസ്ഥാനീയരുടെ ജീവിതത്തിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളാണ് ഇവയിൽ പലതും. അഹങ്കാരവും അച്ചടക്കരാഹിത്യവും വെറുക്കപ്പെടേണ്ട തിന്മകളായി പരിഗണിക്കപ്പെടുന്നു. നിശബ്ദനാണ് മാതൃകാപുരുഷനെന്നാണ് പൊതുധാരണ.

പ്രശസ്തരായ പല ഫറവോമാരും ഇത്തരത്തിലുള്ള ഉപദേശങ്ങൾ നല്കിയിരുന്നു. അമനെമോഫെത്ത് ഫറവോയുടെ ഉപദേശങ്ങൾ പലകാരണങ്ങൾകൊണ്ട് ബൈബിളിലെ സുഭാഷിതങ്ങൾ 22:17-24:22 വാക്യങ്ങളോട് സദൃശമാണുതാനും.

മെസോപൊട്ടേമിയായിലും, ഈജിപ്തിലെ ഉപദേശങ്ങൾക്കും ബൈബിളിലെ സുഭാഷിതങ്ങൾക്കും സമാനമായ ഉപദേശങ്ങൾ ഗുരുക്കന്മാർ പഠിപ്പിച്ചുവന്നിരുന്നു. അതിൽ പ്രധാനപ്പെട്ടവയാണ് അവിടത്തെ വെള്ളപ്പൊക്ക കഥയുടെ നായകനായ സിയൂസുദ്രയ്ക്ക് പിതാവായ രാജാവ് നല്കുന്ന ഉപദേശങ്ങൾ (Instructions of Shuruppak). ഇതിനു സമാനമായി മെസോപൊട്ടേമിയായിൽ നിലനിന്നിരുന്ന മറ്റൊരു ഉപദേശ സമാഹാരമാണ് "അക്കേഡിയൻ ജ്ഞാനോപദേശങ്ങൾ" (Akkadian Counsels of Wisdom). ഈ രേഖകളെല്ലാം മദ്ധ്യപൂർവ്വദേശത്തെ പൊതു സാംസ്കാരിക പാരമ്പര്യത്തിൽ ജന്മമെടുത്തതാണ് സുഭാഷിതങ്ങൾ എന്ന് സമർത്ഥിക്കുന്നു.

ശിശുവായി ജനിക്കുന്ന മനുഷ്യൻ തന്റെയും തന്റെ പൂർവ്വികരുടെയും അനുഭവങ്ങളിൽനിന്ന് പഠിച്ച് ജ്ഞാനിയായിത്തീരണമെ

ന്നാണ് സുഭാഷിതങ്ങൾ പഠിപ്പിക്കുന്നത്. അതിനു സഹായകമായാണ് സുഭാഷിതങ്ങൾക്ക് ഗുരുക്കന്മാർ രൂപംകൊടുത്തത്:

“ഞാൻ അലസന്റെ വയലും
ബുദ്ധിശൂന്യന്റെ മുന്തിരിത്തോപ്പും കടന്നുപോയി.
അവിടെയെല്ലാം മുള്ളുകൾ നിറഞ്ഞിരുന്നു.
നിലമാകെ കളകൾകൊണ്ട് മൂടിയിരുന്നു;
അതിന്റെ കൽഭിത്തി ഇടിഞ്ഞുപൊളിഞ്ഞു കിടന്നു.
അതുകൊണ്ട് ഞാൻ ചിന്തിച്ചു;
അതിൽനിന്ന് ഒരു ഗുണപാഠം പഠിക്കുകയും ചെയ്തു.
കുറച്ചുകൂടി ഉറങ്ങാം. തെല്ലുനേരം കൂടി മയങ്ങാം.
കൈയും കെട്ടിയിരുന്ന് അൽപംകൂടെ വിശ്രമിക്കാം,
ഫലമോ, ദാരിദ്ര്യം കവർച്ചക്കാരനെപ്പോലെയും,
ദുർഭിക്ഷം ആയുധപാണിയെപ്പോലെയും നിന്നെ സമീപിക്കും”
(സുഭാ 24:30-34).

“ശിശുവിന്റെ ഹൃദയത്തിൽ
ഭോഷത്തം കെട്ടുപിണഞ്ഞു കിടക്കുന്നു,
ശിക്ഷണത്തിൽ വടി അതിനെ ആട്ടിയോടിക്കുന്നു”
(സുഭാ22:15).

ജ്ഞാനം സ്വന്തമാക്കുന്നവൻ, ജീവിതത്തിന്റെ അർത്ഥവും ലക്ഷ്യവും ഗ്രഹിക്കുകയും ദൈവസൃഷ്ടിയായ ഈ പ്രപഞ്ചത്തിൽ ജീവിതവിജയം നേടുകയും ചെയ്യും:

“കർത്താവിന്റെ കണ്ണുകൾ
ജ്ഞാനത്തെ കാത്തുസൂക്ഷിക്കുന്നു.
അവിശ്വസ്തരുടെ പാദങ്ങളെ
അവിടുന്ന് തകിടം മറിക്കുന്നു.
അലസൻ പറയുന്നു:
പുറത്ത് സിംഹമുണ്ട്.
തെരുവിൽ വച്ച് ഞാൻ കൊല്ലപ്പെടും.
ദുശ്ചരിതയായ സ്ത്രീയുടെ വായ് അഗാധഗർത്തമാണ്;
കർത്താവിന്റെ കോപത്തിന് ഇരയായവൻ
അതിൽ നിപതിക്കും” (സുഭാ 22:12-14).
“മകനേ, തേൻ കുടിക്കുക, അതു നല്ലതാണ്,
തേൻതുള്ളികൾ നാവിന് ആസ്വാദ്യമാണ്.
നിന്റെ ആത്മാവിന് ജ്ഞാനവും,
അതുപോലെയാണെന്നറിയുക.
അതു നേടിയാൽ നിനക്ക് നല്ല ഭാവിയുണ്ടാകും.
നിന്റെ പ്രതീക്ഷയ്ക്ക് ഭംഗം നേരിടുകയുമില്ല” (സുഭാ24:13-14).

ജീവിതവിജയം നേടാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെയുള്ള ഉപദേശങ്ങളായതുകൊണ്ട്, ജീവിതത്തിലെ വിവിധ സാഹചര്യങ്ങളിൽ ചെയ്യേണ്ടതും പെരുമാറേണ്ടതുമെങ്ങനെയെന്ന് പഠിപ്പിക്കാൻ ജ്ഞാനികൾ പരിശ്രമിച്ചു. ചില ഉദാഹരണങ്ങൾ ശ്രദ്ധിച്ചാൽ സുഭാഷിതങ്ങളുടെ വൈവിധ്യാത്മകത മനസ്സിലാകും.

"വഴിപിഴച്ചവൾ തന്റെ പ്രവൃത്തികളുടെ ഫലമനുഭവിക്കും
ഉത്തമനായ മനുഷ്യൻ തന്റെ പ്രവൃത്തികളുടെയും" (സുഭാ 14:14).
"നീതിമാൻ വളർത്തുമൃഗങ്ങളോട് ദയകാട്ടുന്നു:
ദുഷ്ടൻമാരുടെ ഹൃദയം ക്രൂരത നിറഞ്ഞതാണ്" (12:10).
"കർത്താവിന്റെ അനുഗ്രഹം സമ്പത്ത് നൽകുന്നു.
അവിടുന്ന് അതിൽ ദു:ഖം കലർത്തുന്നില്ല" (10:22).
"ദൈവഭക്തി ആയുസ്സ് വർദ്ധിപ്പിക്കുന്നു;
ദുഷ്ടരുടെ ജീവിതകാലം പരിമിതമായിരിക്കും" (10:27).
"നീതി ജനതയെ ഉത്കർഷത്തിലെത്തിക്കുന്നു;
പാപം ഏതു ജനതയ്ക്കും അപമാനകരമത്രേ" (14:34).
"ദൈവഭക്തി ജീവന്റെ ഉറവയാണ്;
മരണത്തിന്റെ കെണികളിൽ നിന്ന് രക്ഷപ്പെടാൻ
അതു സഹായിക്കുന്നു" (14:27).
"സദുപദേശമില്ലെങ്കിൽ പദ്ധതികൾ പാളിപ്പോകും;
വേണ്ടത്ര ഉപദേഷ്ടാക്കളുള്ളപ്പോൾ അവ വിജയിക്കുന്നു" (15:22).
"കൈക്കൂലി വെറുക്കുന്നവൻ ഏറെനാൾ ജീവിക്കും" (15:27).
"വിവേകിയുടെ മനസ്സ് വാക്കുകളെ യുക്തിയുക്തമാക്കുന്നു.
അങ്ങനെ അതിന് പ്രേരകശക്തി വർദ്ധിക്കുന്നു" (16:23).
"വികടബുദ്ധി കലഹം പരത്തുന്നു.
ഏഷണിക്കാരൻ ഉറ്റ മിത്രങ്ങളെ ഭിന്നിപ്പിക്കുന്നു" (16:28).
"ഗർവ്വ് നാശത്തിന്റെ മുന്നോടിയാണ്
വിനയം ബഹുമതിയുടെയും" (18:12).
"ചോദ്യം മുഴുവൻ കേൾക്കുന്നതിന് മുമ്പ്
ഉത്തരം പറയുന്നത് ഭോഷത്തവും മര്യാദകേടുമാണ്" (18:13).
"നറുക്ക് തർക്കങ്ങൾ അവസാനിപ്പിക്കുന്നു.
അത് പ്രബലരായ പ്രതിയോഗികളെ
തീരുമാനത്തിലെത്തിക്കുന്നു" (18:18).
"കള്ളസാക്ഷി ശിക്ഷിക്കപ്പെടാതിരിക്കുകയില്ല;
കള്ളം പറയുന്നവൻ രക്ഷപ്പെടുകയില്ല" (19:5).
"സമ്മാനങ്ങൾ കൊടുക്കുന്നവന്
എല്ലാവരും സ്നേഹിതരാണ്" (19:6).
"ജ്ഞാനം നേടുന്നത് തന്നെത്തന്നെ സ്നേഹിക്കലാണ്;
വിവേകം കാത്തുസൂക്ഷിക്കുന്നവന് ഐശ്വര്യമുണ്ടാകും" (19:8).

"ഭാര്യയുടെ കലഹം തുടർച്ചയായ
ചാറ്റൽ മഴപോലെയാണ്" (19:13).
"ദുഷ്ടന്റെ ബലി വെറുപ്പുളവാക്കുന്നു.
ദുരുദ്ദേശ്യത്തോടെ സമർപ്പിക്കുമ്പോൾ
അത് എത്രയോ അധികമായി വെറുക്കപ്പെടുന്നു" (21:27).
"ഭോഷൻ കേൾക്കേ സംസാരിക്കരുത്;
നിന്റെ വാക്കുകളിലെ ജ്ഞാനത്തെ
അവൻ നിന്ദിക്കുകയേ ഉള്ളൂ" (23:9).
"കുട്ടിയെ ശിക്ഷിക്കാൻ മടിക്കേണ്ട;
വടികൊണ്ട് അടിച്ചെന്ന് വച്ച് അവൻ മരിച്ചുപോവുകയില്ല" (23:13).
"അമിതമായി വീഞ്ഞുകുടിക്കുകയും,
മാംസം ഭക്ഷിക്കുകയും ചെയ്യുന്നവരുടെ കൂട്ടത്തിൽപ്പെടരുത്.
എന്തെന്നാൽ മദ്യപനും ഭോജനപ്രിയനും
ദാരിദ്ര്യത്തിലകപ്പെടും" (23:20–21).
"അയൽവാസിയുടെ വീട്ടിൽ ചുരുക്കമായേ പോകാവൂ;
അല്ലെങ്കിൽ മടുപ്പുതോന്നി
അവൻ നിന്നെ വെറുത്തേക്കാം" (25:17).
"കുതിരയ്ക്ക് ചമ്മട്ടി, കഴുതയ്ക്ക് കടിഞ്ഞാൺ,
ഭോഷന്റെ മുതുകിന് വടിയും" (26:3).
"മദ്യപന്റെ കൈയിൽ തുളഞ്ഞുകയറിയ മുള്ളുപോലെയാണ്
ഭോഷന്മാരുടെ വായിൽ ആപ്തവാക്യം" (26:9).
"അന്യന്റെ വഴക്കിൽ തലയിടുന്നവൻ
വഴിയേപോകുന്ന പട്ടിയെ
ചെവിയ്ക്കു പിടിച്ചു നിർത്തുന്നവനെപോലെയാണ്" (26:17).
"വിവേകി ആപത്തു കണ്ടറിഞ്ഞ് ഒഴിഞ്ഞുമാറുന്നു;
അൽപബുദ്ധി അതിലേയ്ക്ക് ചെന്ന്
ശിക്ഷ അനുഭവിക്കുന്നു" (27:12).
"വെള്ളിയുടെ മാറ്റ് മൂശയിലൂടെയും,
സ്വർണ്ണത്തിന്റെമാറ്റ് ചൂളയിലുമെന്നതുപോലെ
മനുഷ്യന്റെ മാറ്റ് അവന് ലഭിക്കുന്ന പ്രശംസയിലൂടെ
നിർണയിക്കപ്പെടുന്നു" (27:21).
"ബുദ്ധിശൂന്യനായ രാജാവ്
പ്രജകളെ ക്രൂരമായി പീഡിപ്പിക്കുന്നു.
കൊള്ളലാഭം വെറുക്കുന്നവന് ആയുസ്സ് വർദ്ധിക്കും" (28:16).
"പക്ഷപാതം നന്നല്ല
എന്നാൽ ഒരപ്പക്കഷണത്തിന് വേണ്ടിപ്പോലും
മനുഷ്യൻ തെറ്റുചെയ്യുന്നു" (28:21).
"മുഖസ്തുതി പറയുന്നവനെക്കാളും

ശാസിക്കുന്നവനാണ് പിന്നീട് പ്രീതിപാത്രമാവുക" (28:23).
"താഡനവും, ശാസനവും ജ്ഞാനം പകർന്നുകൊടുക്കുന്നു.
തന്നിഷ്ടത്തിന് വിട്ടിരിക്കുന്ന കുട്ടി
അമ്മയ്ക്ക് അപമാനം വരുത്തിവയ്ക്കുന്നു" (29:15).

മുകളിൽ കൊടുത്തിരിക്കുന്ന ഉദാഹരണങ്ങൾ വ്യക്തമാക്കുന്നതുപോലെ വൈവിധ്യമാർന്നതാണ് സുഭാഷിതങ്ങളിലെ വിഷയങ്ങൾ; അവ വിഷയാനുസൃതമായി ക്രമീകരിക്കപ്പെടാത്തവയുമാണ്.

രാജാക്കന്മാരുടെ ഒന്നാം പുസ്തകം അനുസരിച്ച് സോളമൻ 3000 സുഭാഷിതങ്ങളും ആയിരത്തഞ്ചു ഗീതങ്ങളും രചിച്ചു: "ദൈവം സോളമന് അളവറ്റജ്ഞാനവും ഉൾക്കാഴ്ചയും കടൽത്തീരംപോലെ വിശാലമായ ഹൃദയവും പ്രദാനം ചെയ്തു. പൗരസ്ത്യദേശത്തെയും ഈജിപ്തിലെയും ജ്ഞാനികളെ അതിശയിക്കുന്നതായിരുന്നു സോളമന്റെ ജ്ഞാനം... അവന്റെ പ്രശസ്തി ചുറ്റുമുള്ള എല്ലാ രാജ്യങ്ങളിലും വ്യാപിച്ചു. അവൻ മൂവായിരം സുഭാഷിതങ്ങളും ആയിരത്തഞ്ചു ഗീതങ്ങളും രചിച്ചു. ലെബനോനിലെ ദേവദാരു മുതൽ ചുവരിൽ മുളയ്ക്കുന്ന പായൽവരെ എല്ലാ സസ്യങ്ങളെയും കുറിച്ച് അവൻ പ്രതിപാദിച്ചു..." (രാജാ 4:29-34). അതുകൊണ്ട് സോളമനാണ് സുഭാഷിതങ്ങളുടെ രചയിതാവ് എന്ന് പാരമ്പര്യം കരുതിപ്പോരുന്നു. എന്നാൽ സങ്കീർത്തനങ്ങൾപോലെതന്നെ ഇസ്രായേലിന്റെ ചരിത്രത്തിലെ വിവിധ കാലഘട്ടങ്ങളിൽ രൂപം കൊണ്ടവയാണവ എന്ന് പണ്ഡിതർ ഇന്ന് കരുതുന്നു. ഉദാഹരണമായി സുഭാ 25-29 സോളമനിലാണ് പാരമ്പര്യം ആരോപിക്കുന്നതെങ്കിലും അവ എഴുതപ്പെട്ടത് നൂറ്റാണ്ടുകൾക്ക് ശേഷം ഹെസക്കിയായുടെ കാലഘട്ടത്തിലാണ് (25:1). സുഭാ 30:1-33 ആദാറിന്റെ സൂക്തങ്ങളായും, 31:1-31 ലമുവേലിന്റെ സൂക്തങ്ങളായും പ്രത്യക്ഷപ്പെടുന്നു. സ്ഥലകാല പരിമിതികളെ അതിശയിക്കുന്ന ഉപദേശങ്ങളാകയാൽ (ജ്ഞാനോപദേശങ്ങൾ) സുഭാഷിതങ്ങളിൽ കൃത്യമായ ചരിത്രപശ്ചാത്തലങ്ങൾ ദൃശ്യമല്ല എന്നത് സത്യമാണ്.

## പ്രബോധനരീതിയും ഗ്രന്ഥത്തിന്റെ ഘടനയും

സുഭാഷിതങ്ങൾ എന്ന ഗ്രന്ഥത്തിലെ സൂക്തങ്ങൾ ക്രമീകരിച്ചിരിക്കുന്നതിന് പ്രത്യേക ക്രമമൊന്നുമുള്ളതായി കാണുന്നില്ല. പൊതുവെ പണ്ഡിതർ ഈ ഗ്രന്ഥത്തെ അവതാരകവാക്യങ്ങളുടെ അടിസ്ഥാനത്തിൽ ഏഴു ഭാഗങ്ങളായി തിരിക്കാറുണ്ട്; (1) ദാവീദിന്റെ മകനും, ഇസ്രായേലിന്റെ രാജാവുമായ സോളമന്റെ സുഭാഷിതങ്ങൾ (1-9); (2) സോളമന്റെ സുഭാഷിതങ്ങൾ (10:1-22:16); (3) ജ്ഞാനികളുടെ ആപ്തവാക്യങ്ങൾ (22:17-24:22); (4) ജ്ഞാനികളുടെ സൂക്തങ്ങൾ (24:23-34); (5) സോളമന്റെ സുഭാഷിതങ്ങൾ:

തുടർച്ച (25-29); (6) ആഗൂറിന്റെ സൂക്തങ്ങൾ (30); മാസ്സാ രാജാവായ ലമുവേലിന്റെ വാക്കുകൾ (31).

അനുദിന ജീവിതപ്രശ്നങ്ങളെ വിവേകപൂർവ്വം കൈകാര്യം ചെയ്യാനാവശ്യമായ ഉപദേശങ്ങളും, ജ്ഞാനത്താൽ നയിക്കപ്പെടുന്നതിനാവശ്യമായ കാര്യങ്ങളുമാണ് സുഭാഷിതങ്ങളിലെ സൂക്തങ്ങൾ പഠിപ്പിക്കുന്നത്. ഈ തത്ത്വങ്ങൾ രൂപം കൊണ്ടതാകട്ടെ ആഴമേറിയ ധ്യാനത്തിൽ നിന്നുമാണ് (പ്രഭാ 13:26).

വലിയ സത്യങ്ങൾ പഠിപ്പിക്കുന്നു എന്നു മാത്രമല്ല, അത് ഓർമ്മിക്കാൻ ഏറ്റവും എളുപ്പമായ വിധത്തിലുള്ള സൂക്തങ്ങളുടെയും ഉപദേശങ്ങളുടെയും കടംകഥകളുടെയും സംഖ്യാ സൂക്തങ്ങളുടെയും ഉപദേശസൂക്തങ്ങളുടെയും (1:8-19) രൂപത്തിൽ അവയെ അവതരിപ്പിച്ചുകൊണ്ട് കാതിന് ഇമ്പവും ഹൃദയത്തിന് ആനന്ദകരവുമാക്കുകയുമാണ് സുഭാഷിതങ്ങൾ. ചില ഉദാഹരണങ്ങൾ ഇത് വ്യക്തമാക്കും:

“ക്രോധം ക്രൂരമാണ്;<br>
കോപം അനിയന്ത്രിതമാണ്<br>
എന്നാൽ അസൂയയെ നേരിടാൻ ആർക്കാണ് കഴിയുക?” (27:4).<br>
“അന്യരുടെ വഴക്കിൽ തലയിടുന്നവൻ<br>
വഴിയേ പോകുന്ന പട്ടിയുടെ<br>
ചെവിയ്ക്കു പിടിച്ചു നിർത്തുന്നവനെപോലെയാണ്” (26:17).<br>
“മത്തുപിടിച്ചു മയങ്ങുന്നവന്<br>
കീറത്തുണിയുടുക്കേണ്ടിവരും” (23:21).<br>
“മനുഷ്യൻ തന്റെ മാർഗ്ഗം ആലോചിച്ചുവയ്ക്കുന്നു;<br>
അവന്റെ കാലടികളെ നിയന്ത്രിക്കുന്നത് കർത്താവാണ്” (16:9).

ഹെബ്രായമൂലത്തിലുള്ള ഭാഷാഭംഗി തർജ്ജമയിലില്ലെങ്കിൽ പോലും അവയിലെ ആശയങ്ങൾതന്നെ മനോഹരങ്ങളാണ്.

മനുഷ്യജീവിതം ഹ്രസ്വമാകയാൽ ഒരുവൻ തന്റെ അനുഭവങ്ങളിൽ നിന്ന് മാത്രം പഠിച്ചാൽ പോരാ, മുൻ തലമുറകളുടെയും അനുഭവങ്ങളിൽ നിന്നും പഠിക്കണമെന്നാണ് സുഭാഷിതങ്ങൾ ഉദ്ബോധിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ സുഭാഷിതങ്ങൾ പഴയതലമുറ യുവതലമുറയ്ക്ക് നൽകുന്ന ഉപദേശങ്ങളായാണ് പലപ്പോഴും പ്രത്യക്ഷപ്പെടുന്നത്. പിതാവ് പുത്രന് ഉപദേശം നൽകുന്നതുപോലെയോ, ഗുരു ശിഷ്യനെ അറിവിലേയ്ക്ക് നയിക്കുന്നതുപോലെയോ “എന്റെ മകനേ” എന്ന് വിളിച്ചുകൊണ്ടാണ് സുഭാഷിതങ്ങളിലെ പല ഭാഗങ്ങളും ആരംഭിക്കുന്നത്.

“മകനേ, നിന്റെ പിതാവിന്റെ പ്രബോധനം ചെവിക്കൊള്ളുക;<br>
മാതാവിന്റെ ഉപദേശം നിരസിക്കരുത്

അവ നിന്റെ ശിരസ്സിന് വിശിഷ്ട ഹാരവും,
കഴുത്തിന് പതക്കങ്ങളുമത്രേ.
മകനേ, പാപികളുടെ പ്രലോഭനത്തിന് വഴങ്ങരുത്" (1:8-10).
"മകനേ, എന്റെ വാക്കു കേൾക്കുകയും
എന്റെ നിയമം കാത്തുസൂക്ഷിക്കുകയും ചെയ്യുക" (2:1).
"മകനേ, എന്റെ ഉപദേശം വിസ്മരിക്കരുത്;
നിന്റെ ഹൃദയം എന്റെ കല്പനകൾ പാലിക്കട്ടെ" (3:1).
"മക്കളേ, പിതാവിന്റെ പ്രബോധനം കേൾക്കുവിൻ,
അതിൽ ശ്രദ്ധിച്ച് അറിവ് നേടുവിൻ" (4:1).
"മകനേ, എന്റെ വാക്ക് നിന്റെ ഹൃദയത്തിൽ പതിക്കട്ടെ.
അപ്പോൾ നിനക്ക് ദീർഘായുസ്സുണ്ടാവും" (4:10).
"മകനേ, എന്റെ ജ്ഞാനത്തിൽ ശ്രദ്ധപതിക്കുകയും,
എന്റെ വാക്കുകൾക്ക് ചെവികൊടുക്കുകയും ചെയ്യുക" (5:1).
"മകനേ, നീ അയൽക്കാരനുവേണ്ടി ജാമ്യം നിൽക്കുകയോ
അന്യനുവേണ്ടി വാക്കു കൊടുക്കുകയോ ചെയ്തിട്ടുണ്ടോ" (6:1).
"മകനേ, നിന്റെ പിതാവിന്റെ കല്പന കാത്തുകൊള്ളുക;
മാതാവിന്റെ ഉപദേശം നിരസിക്കുകയുമരുത്.
അവയെ നിന്റെ ഹൃദയത്തിൽ സദാ ഉറപ്പിച്ചുകൊള്ളുക" (6:20).
"മകനേ, എന്റെ വാക്കുകൾ അനുസരിക്കുകയും
എന്റെ കല്പനകൾ നിധിപോലെ
കാത്തുസൂക്ഷിക്കുകയും ചെയ്യുക" (7:1).
"വിവേകമുള്ള മകൻ പിതാവിന്റെ ഉപദേശം കേൾക്കുന്നു;
പരിഹാസകൻ ശാസനം അവഗണിക്കുന്നു" (13:1).

## പ്രവൃത്തികൾക്കനുസരിച്ച് പ്രതിഫലം

ജ്ഞാനഗ്രന്ഥങ്ങളിൽ പലതിലും കാണുന്ന പ്രവൃത്തികൾക്കൊത്ത പ്രതിഫലം ഓരോരുത്തർക്കും ദൈവം നൽകുമെന്ന (പുറ 34:5-7) അടിസ്ഥാനപ്രമാണമാണ് വൈവിധ്യാത്മക ഉപദേശങ്ങളിലൂടെ സുഭാഷിതങ്ങൾ ആത്യന്തികമായി പഠിപ്പിക്കുന്നത്.

"ദുഷ്ടന്മാരുടെ ഭവനത്തിന്മേൽ
കർത്താവിന്റെ ശാപം പതിക്കുന്നു.
എന്നാൽ നീതിമാന്മാരുടെ ഭവനത്തെ
അവിടുന്ന് അനുഗ്രഹിക്കുന്നു" (3:33).
"നീതിമാന്മാർ വിശപ്പ് അനുഭവിക്കാൻ
കർത്താവ് അനുവദിക്കുകയില്ല;
ദുഷ്ടന്മാരുടെ അതിമോഹത്തെ
അവിടുന്ന് നിഷ്ഫലമാക്കുന്നു" (10:3).
"നീതിമാന്മാരുടെ പ്രത്യാശ സന്തോഷപര്യവസായിയാണ്;

ദുഷ്ടരുടെ പ്രതീക്ഷ നിഷ്ഫലമാകും;
സത്യസന്ധമായി പെരുമാറുന്നവന്
കർത്താവ് ഉറപ്പുള്ള കോട്ടയാണ്.
തിന്മപ്രവർത്തിക്കുന്നവനെ
അവിടുന്ന് നശിപ്പിക്കുന്നു" (10:28-29).
"ദുഷ്ടൻ നിപതിക്കുമ്പോൾ നിശ്ശേഷം നശിക്കും;
നീതിമാന്മാരുടെ പരമ്പര നിലനിൽക്കും" (12:7).
"ദുഷ്ടതയിലൂടെ ആരും നിലനിൽപ്പ് നേടുന്നില്ല;
നീതിമാന്മാർ ഒരിക്കലും ഉന്മൂലനം ചെയ്യപ്പെടുന്നില്ല" (12:3).
"നീതിമാന്മാർക്ക് അനർത്ഥം സംഭവിക്കുന്നില്ല.
ദുഷ്ടർക്ക് ആപത്ത് ഒഴിയുകയില്ല" (12:21).
"നീതിമാന്റെ ദീപം തെളിഞ്ഞ് പ്രകാശിക്കും;
ദുഷ്ടന്റെ വിളക്ക് അണഞ്ഞുപോകും" (13:9).
"ദുഷ്ടൻ തിന്മ ചെയ്ത് അധ:പതിക്കുന്നു;
നീതിമാൻ സ്വന്തം നീതിനിഷ്ഠയിൽ
അഭയം കണ്ടെത്തുന്നു" (14:32).
"ദുഷ്ടരുടെ പ്രവൃത്തികൾ ന്യായീകരിക്കുന്നവനും
നീതിമാന്മാരിൽ കുറ്റം ചുമത്തുന്നവനും
ഒന്നുപോലെ കർത്താവിനെ വെറുപ്പിക്കുന്നു" (17:15).
"ഇത് ഞാൻ അറിഞ്ഞില്ല എന്ന് നീ പറഞ്ഞാൽതന്നെ
ഹൃദയത്തെ തുറന്ന് നോക്കുന്നവൻ
സത്യം ഗ്രഹിക്കുന്നില്ലേ?
നിന്റെ ആത്മാവിനെ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നവൻ
അതറിയുന്നില്ലേ?
അവിടുന്ന് പ്രവൃത്തിക്ക് തക്ക പ്രതിഫലമല്ലേ നൽകുക"
(24:12; 2:20-22; 4:18-19; 10:9, 16, 25, 28 മുതലായവ കാണുക).

പ്രപഞ്ചത്തിന്റെ നിലനിൽപിനായി അവിടെ ക്രമം കാത്തുസൂക്ഷിക്കുന്ന ദൈവം ആത്മീയ ധാർമ്മിക ജീവിതത്തിലും ഈ ക്രമം കാത്തുസൂക്ഷിക്കുന്നുണ്ട് എന്ന തത്ത്വമാണ് സുഭാഷിതങ്ങളുടെ അടിസ്ഥാനം.

"സത്യസന്ധമായി പെരുമാറുന്നവന്
കർത്താവ് ഉറപ്പുള്ള കോട്ടയാണ്;
തിന്മ പ്രവർത്തിക്കുന്നവനെ അവിടുന്ന് നശിപ്പിക്കുന്നു" (10:29).
"വികടബുദ്ധികൾ കർത്താവിന് വെറുപ്പ് ഉളവാക്കുന്നു,
നിഷ്കളങ്കർ അവിടുത്തെ സന്തോഷിപ്പിക്കുന്നു.
തിന്മചെയ്യുന്നവന് തീർച്ചയായും ശിക്ഷ ലഭിക്കും,
നീതിമാന് മോചനവും" (11:20-21).

അതുകൊണ്ട് സുഭാഷിതങ്ങൾക്ക് പറയാനുള്ളതിതാണ്:

"(മകനേ) നീ നടക്കുന്ന വഴികൾ ഉത്തമമെന്ന് ഉറപ്പിക്കുക
അപ്പോൾ അവ സുരക്ഷിതമായിരിക്കും.
വലത്തോട്ടോ ഇടത്തോട്ടോ വ്യതിചലിക്കരുത്;
തിന്മയിൽ കാലുകുത്തുകയുമരുത്" (4:26-27).

സുഭാഷിതങ്ങളിലെ സന്ദേശം ഗ്രഹിച്ച് ദൈവികമായ ക്രമത്തോട് അനുരൂപപ്പെട്ടാൽ, മനുഷ്യൻ ജീവിതവിജയം സ്വന്തമാക്കാൻ പ്രാപ്തനാകും.

ഓരോരുത്തർക്കും അവരവരുടെ പ്രവൃത്തികൾക്ക് അനുസൃതമായ പ്രതിഫലം ദൈവം നൽകുന്നു എന്നു പഠിപ്പിക്കുന്ന സുഭാഷിതങ്ങൾ മനുഷ്യജീവിതത്തിൽ സാധാരണമായ എല്ലാ ജീവിതസാഹചര്യങ്ങളിലും ഓരോരുത്തരും പ്രവർത്തിക്കേണ്ടതെങ്ങിനെയെന്നതിന് മാർഗ്ഗനിർദ്ദേശം നൽകാൻ ശ്രമിക്കുന്നുണ്ട്: മാതാപിതാക്കളും, മക്കളും തമ്മിലുള്ള ബന്ധം (6:20-23; 13:1; 17:1-6), നീതിമാനും ഭോഷനും തമ്മിലുള്ള വ്യത്യാസം (26:1ളള ; 28:1ളള) നല്ല സുഹൃത്തുക്കൾക്കുള്ള സ്ഥാനം (29:27), വിവേകമതിയായ ഭാര്യയുടെ സ്ഥാനം (31:10-31), അയൽക്കാരോടുള്ള കടമകൾ (3:25-35); ഔദാര്യം, സത്യസന്ധത, നീതി മുതലായ പുണ്യങ്ങളുടെ പ്രാധാന്യം (11:1-8), വികാരങ്ങളെയും ലൈംഗികാസക്തിയെയും നിയന്ത്രിക്കേണ്ടതിന്റെ ആവശ്യം (6:32-33; 5:3-10), സംസാരത്തിൽ മിതത്വം പാലിക്കേണ്ടതിന്റെ ആവശ്യം, മൗനം പാലിക്കേണ്ടതിന്റെ ആവശ്യം, വിവേകവും കഠിനാധ്വാനവും പാലിക്കേണ്ടതിന്റെ ആവശ്യം, രാജാവിന്റെയും അധികാരികളുടെയും മുമ്പിൽ പെരുമാറേണ്ടവിധം, ജ്ഞാനം സമ്പാദിക്കേണ്ടതിന്റെ ആവശ്യം, ദൈവത്തെ ഭയപ്പെടേണ്ടതിന്റെ ആവശ്യം ഇങ്ങനെ നീണ്ടുനീണ്ടുപോകുന്നു സുഭാഷിതങ്ങളിലെ പ്രമേയങ്ങൾ. ആത്യന്തികമായി ഒരു സന്ദേശമാണ് സുഭാഷിതങ്ങൾ നൽകുന്നതെന്നുപറയാം: "വിവേകികളോട് സംബന്ധം ചെയ്യുന്നവൻ വിവേകിയായിത്തീരുന്നു: ഭോഷനുമായി കൂട്ടുകൂടുന്നവന് ഉപദ്രവം നേരിടും" (13:20).

**ജ്ഞാനം ജീവിതവിജയത്തിലേക്കു നയിക്കും.**

പ്രവർത്തികൾക്കു തക്ക പ്രതിഫലം ദൈവം നൽകുമെന്ന തത്വം മനുഷ്യന്റെ ജീവിത്തിലെ സന്തോഷങ്ങളുമായി അഭേദ്യമായി ബന്ധപ്പെട്ടാണിരിക്കുന്നത്. സ്വതന്ത്രമായി കാര്യങ്ങൾ തിരഞ്ഞെടുത്ത് ചെയ്യാൻ കഴിവുള്ളവനായാണു ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. അവന്റെ മുമ്പിലുള്ള നന്മയോ തിന്മയോ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം അവനുണ്ട്. മനുഷ്യന്റെ മുമ്പിലുള്ള നന്മയുടെയും തിന്മയുടേതുമായ ഈ രണ്ടു വഴികളാണ് രണ്ട് സ്ത്രീകളുടെ രൂപത്തിൽ

(വിവേകിയായ സ്ത്രീയും ദുഷ്ചരിതയായ സ്ത്രീയും) പ്രത്യക്ഷ പ്പെടുന്നത് (9:1-6, 13-18). മനുഷ്യന്റെ തിരഞ്ഞെടുപ്പുകൾക്കനുസ രിച്ച് അവന്റെ ജീവിതം വിജയമോ പരാജയമോ, സന്തോഷമോ ദുഃഖമോ ആയി മാറും. നല്ല വഴി തിരഞ്ഞെടുക്കാൻ ഗുരുക്കന്മാർ ശിഷ്യന്മാരെ ഉപദേശിച്ചിരുന്നു (1:15).

"മകനേ, എൻെറ വാക്ക് നിൻെറ ഹൃദയത്തിൽ പതിയട്ടെ;
അപ്പോൾ നിനക്കു ദീർഘായുസ്സാകും.
ഞാൻ ജ്ഞാനത്തിൻെറ വഴി നിന്നെ പഠിപ്പിച്ചു;
സത്യസന്ധതയുടെ പാതകളിൽനിന്നെ നയിച്ചു.
നടക്കുമ്പോൾ നിൻെറ കാലിടറുകയില്ല.
ഓടുമ്പോൾ വീഴുകയുമില്ല.
എൻെറ ഉപദേശം മുറുകെപ്പിടിക്കുക;അതു കൈവിടരുത്.
അതു കാത്തുസൂക്ഷിക്കുക;അതു നിൻെറ ജീവനാണ്.
ദുഷ്ടരുടെ പാതയിൽ പ്രവേശിക്കരുത്;ദുർജനങ്ങളുടെ
മാർഗത്തിൽചരിക്കയുമരുത്.
അതിൽനിന്നൊഴിഞ്ഞു നിൽക്കുക;അതിൽ സഞ്ചരിക്കരുത്;
അതിൽനിന്ന് അകന്നുമാറി കടന്നുപോവുക.
എന്തെന്നാൽ തെറ്റുചെയ്യാതെ അവർക്ക്ഉറക്കം വരില്ല;
ആരെയെങ്കിലും തട്ടിവീഴ്ത്തിയില്ലെങ്കിൽ അവർക്കു
നിദ്രനഷ്ടപ്പെടുന്നു.
കാരണം, അവർ ദുഷ്ടതയുടെഅപ്പം  ക്ഷിക്കുകയും
അക്രമത്തിൻെറ വീഞ്ഞ് കുടിക്കുകയും ചെയ്യുന്നു.
എന്നാൽ, നീതിമാൻമാരുടെ പാതപൂർവാഹ്നത്തിലെ
വെയിൽപോലെ പ്രകാശം വർധിപ്പിച്ചുകൊണ്ടിരിക്കുന്നതാണ്.
ദുഷ്ടരുടെ മാർഗം സാന്ദ്രതമസ്സുപോലെയാണ്; എവിടെ
തട്ടിവീഴുമെന്ന് അവർക്കറിഞ്ഞുകൂടാ" (4:10-19).

നല്ല തിരഞ്ഞെടുപ്പുകൾ നടത്താൻ മനുഷ്യരെ സഹായിക്കുന്നത് ദൈവികജ്ഞാനമാണ്. മനുഷ്യൻ ഈ ജ്ഞാനം ആർജ്ജിക്കുകയും അതനുസരിച്ചു ജീവിക്കാൻ പരിശ്രമിക്കുകയും ചെയ്യുമ്പോൾ ദൈവം ഈ ലോകത്തു സ്ഥാപിച്ചിരിക്കുന്ന ക്രമത്തിനനുസരിച്ചു ജീവി ക്കാനും അങ്ങനെ ജീവിതത്തിൽ സന്തോഷവും വിജയുവും കണ്ടെ ത്താനും കഴിയും. അതുകൊണ്ട് ജ്ഞാനം ജീവിതവിജയത്തിന് അനിവാര്യമാണ് (2:1-2; 3:13, 21; 4:5; 17:24; 19:20). കാരണം ജ്ഞാനം സ്വന്തമാക്കുന്നവന് ജീവിതത്തിൽ വിജയവും സന്തോഷവും ഉണ്ടാകും:

"ജ്ഞാനം നേടുന്നവനും അറിവുലഭിക്കുന്നവനും ഭാഗ്യവാനാണ്.
എന്തെന്നാൽ, അതുകൊണ്ടുള്ള നേട്ടംവെള്ളിയെയും സ്വർണ
ത്തെയുംകാൾശ്രേഷ്ഠമാണ്" (3:13-14)

"അവളെ കൈവശപ്പെടുത്തുന്നവർക്ക് അവൾ ജീവൻെറ വൃക്ഷമാണ്;
അവളെ മുറുകെപ്പിടിക്കുന്നവർസന്തുഷ്ടരെന്നു വിളിക്കപ്പെടുന്നു" (3:18).

മക്കളേ, എൻെറ വാക്കുകൾ ശ്രദ്ധിക്കുവിൻ; എൻെറ മാർഗങ്ങൾ പിന്തുടരന്നവർ ഭാഗ്യവാൻമാരാണ്" (8:32).

എൻെറ പടിവാതിൽക്കൽ അനുദിനം കാത്തുനിന്ന്, എൻെറ വാതിലുകളിൽ ദൃഷ്ടിയുറപ്പിച്ച്, എൻെറ വാക്കു കേൾക്കുന്നവൻ ഭാഗ്യവാൻ" (8:34).

ജ്ഞാനം നേടാത്തവൻ തിന്മയുടെ വഴിയെ പോകുകയും തത്ഫലമായി അവന്റെ ജീവിതം ദുഷ്കരമാവുകയും ചെയ്യും.

**സുഭാഷിതങ്ങളും സ്ത്രീകളും**

സുഭാഷിതങ്ങളിൽ ജ്ഞാനത്തെ ഒരു സ്ത്രീയായാണ് ഗ്രന്ഥകാരൻ ചിത്രീകരിക്കുന്നത് എന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ, ഗ്രന്ഥത്തിന്റെ ആരംഭത്തിലും അവസാനത്തിലുമുള്ള സൂക്തങ്ങളിൽനിന്നു വ്യക്തമാകുന്നതുപോലെ സുഭാഷിതങ്ങളുടെ ജ്ഞാനം ലക്ഷ്യമിടുന്നത് യുവാക്കളെയാണ്. സ്ത്രീകളെ പുരുഷന്മാരുമായി ബന്ധപ്പെടുത്തി മാത്രമെ ഗ്രന്ഥകാരൻ കാണുന്നുള്ളൂ. പുരുഷമേധാവിത്വമുണ്ടായിരുന്ന ഒരു സമൂഹത്തിന്റെ ചൊല്ലുകളായാണ് അവ പ്രത്യക്ഷപ്പെടുന്നത്. ഗ്രന്ഥത്തിലെ സന്ദേശങ്ങളെല്ലാംതന്നെ ഒരു പിതാവ് തന്റെ പുത്രനോ ഒരു ഗുരു തന്റെ ശിഷ്യനോ പകർന്നുകൊടുക്കുന്നതാണ്; പെൺമക്കൾക്കുള്ള ഉപദേശങ്ങളായല്ല അവ പ്രത്യക്ഷപ്പെടുന്നത്. കൂടാതെ ഒരു നല്ല ഭാര്യയെ കണ്ടെത്തുക പ്രയാസമാണ് (31:10); ഭാര്യ ഭർത്താവിന്റെ കിരീടമാണ് (12:4) തുടങ്ങിയ പ്രസ്താവനകളും ഗ്രന്ഥത്തിലുണ്ട്.

ദുഷ്ചരിതകളായ സ്ത്രീകളിൽനിന്ന് അകന്നിരിക്കാൻ ജ്ഞാനി യുവാക്കളെ ഉപദേശിക്കുന്നുണ്ട് (2:12–22). അത്തരത്തിൽപെട്ട സ്ത്രീകളുമായി ബന്ധപ്പെട്ട് അപകടത്തിൽ പെടുന്നവൻ വാഗ്ദത്തദേശത്തുനിന്നു പുറത്താക്കപ്പെടുമെന്നു ഗുരു പറയുന്നു. ദുഷ്ചരിതകളായ സ്ത്രീകളുമായി കൂട്ടുചേരുന്നവനു ധനനഷ്ടവും ദുഷ്പേരുമുണ്ടാകും (5:1–14). അത്തരം സ്ത്രീകൾ തങ്ങളെ അന്വേഷിച്ചു ചെല്ലുന്നവരെ വേട്ടയാടുന്നവരാണ് (6:24–28). ഭോഷന്മാരാണ് ദുഷ്ചരിതകളുടെ വാക്കു വിശ്വസിക്കുകയും സ്വന്തജീവിതം അപകടത്തിൽ പെടുത്തുകയും ചെയ്യുന്നത് (7:6–23). ഇങ്ങനെ ദുഷ്ചരിതകളായ സ്ത്രീകളെക്കുറിച്ച് വിശദമായ ഉപദേശങ്ങൾ നല്കുന്ന സുഭാഷിതങ്ങൾ അധാർമ്മികരായ പുരുഷന്മാരെക്കുറിച്ച് ഒന്നുംതന്നെ പറയുന്നില്ല. ഈ ചിന്താഗതി സ്ത്രീകൾക്കുള്ള ഉപദേശ

ത്തിനു പ്രാധാന്യം കൊടുക്കുന്ന ഒരു ഗ്രന്ഥംതന്നെ ജന്മമെടുക്കാൻ കാരണമായിത്തീരും (ഉത്തമഗീതം).

**ദൈവഭയമാണ് അറിവിന്റെ ആരംഭം**

ദൈവം സൃഷ്ടിച്ച പ്രപഞ്ചത്തിൽ ജീവിതവിജയം വരിക്കാനാവശ്യമായ ജ്ഞാനം സ്വന്തമാക്കാൻ കഴിയുന്നത് ദൈവത്തെ ഭയപ്പെടുന്നതിലൂടെയാണ്. അതുകൊണ്ട് ദൈവഭയമാണ് അറിവിന്റെ ആരംഭമെന്നും (1:7; 9:10) അത് ജീവന്റെ ഉറവിടമാണെന്നും (14:27) സുഭാഷിതങ്ങൾ പഠിപ്പിക്കുന്നു. ദൈവം നൽകിയ വലിയ ദാനമായ ജീവിതം ദൈവസന്നിധിയിൽ സ്വീകാര്യമാകണമെന്നാഗ്രഹിച്ച ജ്ഞാനിക്ക് 'അർഹിക്കാത്തതു നല്കി എന്നെ അന്ധനാക്കരുത് ദൈവമേ; അർഹിക്കുന്നത് നല്കാതെ ആർത്തനാക്കരുതേ' എന്ന ഒരു പ്രാർത്ഥനയേ ഉണ്ടായിരുന്നുള്ളൂ:

"രണ്ട് കാര്യങ്ങൾ ഞാനങ്ങയോട് അപേക്ഷിക്കുന്നു; മരണം വരെ എനിക്ക് അവ നിഷേധിക്കരുതേ. അസത്യവും, വ്യാജവും എന്നിൽ നിന്നകറ്റി നിർത്തണമേ; ദാരിദ്ര്യമോ സമൃദ്ധിയോ എനിക്ക് നൽകരുതേ. ആവശ്യത്തിന് ആഹാരം തന്ന് എന്നെ പോറ്റണമേ; ഞാൻ സമൃദ്ധിയിൽ അങ്ങയെ അവഗണിക്കുകയും, കർത്താവ് ആര് എന്ന് ചോദിക്കുകയും ചെയ്തേക്കാം. ദാരിദ്ര്യംകൊണ്ട് മോഷ്ടിച്ച് ദൈവനാമത്തെ നിന്ദിക്കുകയും ചെയ്തേക്കാം" (30:7-9).

വിശ്വാസികളായ പൂർവ്വികരെ സംബന്ധിച്ചിടത്തോളം വിരസമായ ഒരു ഗ്രന്ഥമായിരുന്നില്ല സുഭാഷിതങ്ങൾ. ജീവിതവിജയത്തിന് ജ്ഞാനം അത്യന്താപേക്ഷിതമാണെന്ന് കരുതിയിരുന്നവർക്ക് ജ്ഞാനസമ്പാദനത്തിനുള്ള വഴികളാണ് സുഭാഷിതങ്ങൾ നൽകിയത്. സുഭാഷിതങ്ങളിലെ സന്ദേശങ്ങൾ സ്വന്തമാക്കിയവൻ ജീവിതസാഹചര്യങ്ങളെ വിജയകരമായി അഭിമുഖീകരിക്കാൻ കഴിവുള്ളവനാകുകയായിരുന്നു. സുഭാഷിതങ്ങളിലെ സൂക്തങ്ങൾ മനഃപാഠമാക്കിയവന്റെ മനസ്സിലേക്ക് ആവശ്യാനുസരണം വാക്കുകളും അവസരോചിതമായ പെരുമാറ്റത്തിനുള്ള പ്രേരണകളും സ്വാഭാവികമായി കടന്നുവന്നു. അവൻ ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ സ്വീകാര്യനായിത്തീർന്നു. പണത്തിനും സ്ഥാനമാനങ്ങൾക്കും വേണ്ടി മൂല്യങ്ങളെ പരിത്യജിക്കാൻ മടിക്കാത്ത ആധുനിക തലമുറയ്ക്ക് സുഭാഷിതങ്ങളിലെ പല സന്ദേശങ്ങളും വെല്ലുവിളിയാണ്. ദൈവവിശ്വാസികളായ ജ്ഞാനികളുടെ ധാർമ്മികബോധവും, ദൈവ വിശ്വാസവും ആധുനിക തലമുറയ്ക്ക് വഴികാട്ടികളായിരുന്നെങ്കിൽ...

04

## ജോബ് – സഭാപ്രസംഗകൻ

സോളമനെ കർത്താവായിക്കണ്ട സുഭാഷിതങ്ങളിലെ നല്ലൊരുഭാഗം സോളമന്റെയും മുമ്പുള്ള കാലം തുടങ്ങി, രാജഭരണകാലത്തും അതിന് ശേഷവും ഇസ്രായേലിൽ പഠിപ്പിച്ചിരുന്ന ജ്ഞാനസൂക്തങ്ങളാണെന്ന് നാം കണ്ടു (1 രാജാ 4:29-24; സുഭാ 25:1). കൂട്ടുകുടുംബങ്ങളിൽ താമസിച്ചിരുന്നവർ ഒരുമിച്ചുകൂടുകയും, പരസ്പരം സംസാരിക്കുകയും ചെയ്തിരുന്ന അവസരങ്ങൾ അക്കാലത്തെ ജനങ്ങളുടെ ജീവിതത്തിന്റെ ഭാഗമായിരുന്നു. അങ്ങനെയുള്ള അവസരങ്ങളിൽ മുതിർന്നവർ തങ്ങൾക്കറിയാവുന്ന വിജ്ഞാനമെല്ലാം പഴഞ്ചൊല്ലുകളുടെയും, കടംകഥകളുടെയും, ബോധനകഥകളുടെയും, കവിതകളുടെയും രൂപത്തിൽ തങ്ങളുടെ പിൻതലമുറയ്ക്ക് കൈമാറിയിരുന്നുവെന്ന് കരുതാം. ഈ സദസ്സുകളിൽവച്ച് കുടുംബബന്ധങ്ങൾ മുതൽ കൃഷി, സാമൂഹ്യജീവിതം, താത്വികചിന്തകൾ മുതലായ എല്ലാ വിഷയങ്ങളെക്കുറിച്ചും ആളുകൾ വിജ്ഞാനം പകർന്നുകൊടുക്കുകയും സ്വീകരിക്കുകയും ചെയ്തിരുന്നിരിക്കണം. പഠനക്കളരികൾ ജന്മമെടുത്ത സാഹചര്യത്തിൽ ഗുരുക്കന്മാർ ശിഷ്യരിലേയ്ക്കും ഇപ്രകാരമുള്ള വിജ്ഞാനം പകർന്നുകൊടുത്തുവന്നു.

മനുഷ്യന്റെ പ്രവൃത്തികൾക്കനുസരിച്ച് ദൈവം പ്രതിഫലം തരുമെന്ന് സങ്കീർത്തനങ്ങളിലൂടെയും അതിലുപരി സുഭാഷിതങ്ങളിലൂടെയും മുതിർന്നവർ പഠിപ്പിച്ചുവന്നു. പ്രവൃത്തികൾ നീതിയുക്തമാക്കുന്നതിന് മനുഷ്യരെ സഹായിക്കാൻവേണ്ടി ജ്ഞാനികൾ അനേകം സൂക്തങ്ങൾക്ക് രൂപം നൽകുകയും ചെയ്തു. അവയെല്ലാം ഹൃദിസ്ഥമാക്കുകയും ദൈവതിരുമുമ്പിൽ നീതിമാന്മാരായി വർത്തിക്കുകയും ചെയ്താൽ ജീവിതവിജയവും ഉയർച്ചയും ഉറപ്പാണെന്നവർ കരുതി. ശക്തമായ ഒരു വിശ്വാസം നിരന്തരമായി പഠിച്ചു കഴിയുമ്പോൾ കാലക്രമത്തിൽ അത് ഒരു സിദ്ധാന്തമായി മാറുക സ്വാഭാവികം. അങ്ങനെ വന്നപ്പോൾ ദൈവത്തിന്റെ പ്രവൃത്തികൾക്കുപോലും മനുഷ്യന് നിബന്ധന വയ്ക്കാൻ കഴിയുമെന്നൊരു തത്ത്വത്തിലേയ്ക്ക് മനുഷ്യചിന്ത സാവധാനം കടന്നുവന്നു. പ്രവൃത്തികൾക്കനുസരിച്ചാണ് ദൈവം പ്രതിഫലം നൽകുന്നതെങ്കിൽ നീതിമാന് അനുഗ്രഹം കിട്ടിയിരിക്കണം. ഇപ്രകാരം വിശദീകരിക്കാൻ തുടങ്ങിയാൽ താഴെപ്പറയുന്ന പല സുഭാഷിതങ്ങളും അതിരു കടന്നുപോകും:

“അവിടുന്ന് നീതിയുടെ മാർഗ്ഗങ്ങൾ സംരക്ഷിക്കുന്നു;
തന്റെ വിശുദ്ധരുടെ വഴി കാത്തു സൂക്ഷിക്കുന്നു” (2:8).
“ദുഷ്ടന്മാരുടെ ഭവനത്തിന്മേൽ
കർത്താവിന്റെ ശാപം പതിക്കുന്നു;
എന്നാൽ നീതിമാന്മാരുടെ ഭവനത്തെ
അവിടുന്ന് അനുഗ്രഹിക്കുന്നു” (3:33).
“ഞാൻ ജ്ഞാനത്തിന്റെ വഴി നിന്നെ പഠിപ്പിച്ചു.
സത്യസന്ധതയുടെ പാതകളിൽ നിന്നെ നയിച്ചു.
നടക്കുമ്പോൾ നിന്റെ കാലിടറുകയില്ല;
ഓടുമ്പോൾ വീഴുകയുമില്ല” (4:11-12).
“നീ നടക്കുന്ന വഴികൾ ഉത്തമമെന്ന് ഉറപ്പിക്കുക;
അപ്പോൾ അവ സുരക്ഷിതമായിരിക്കും” (4:26).
“കർത്താവിന്റെ അനുഗ്രഹം സമ്പത്ത് നൽകുന്നു;
അവിടുന്ന് അതിൽ ദുഃഖം കലർത്തുന്നില്ല.”
“ദൈവഭക്തി ആയുസ്സ് വർദ്ധിപ്പിക്കുന്നു.”
“ദുഷ്ടരുടെ ജീവിതകാലം പരിമിതമായിരിക്കും” (10:22, 27).
“തിന്മചെയ്യുന്നവന് തീർച്ചയായും ശിക്ഷലഭിക്കും.
നീതിമാന് മോചനവും” (11:21);
“ദുഷ്ടതയിലൂടെ ആരും നിലനില്പ് നേടുന്നില്ല;
നീതിമാന്മാർ ഒരിക്കലും ഉന്മൂലനം ചെയ്യപ്പെടുന്നില്ല” (12:3).
“നീതിമാന്മാർക്ക് അനർത്ഥം സംഭവിക്കുന്നില്ല;
ദുഷ്ടർക്ക് ആപത്ത് ഒഴിയുകയില്ല” (12:21).
“നീതിമാന്റെ ദീപം തെളിഞ്ഞു പ്രകാശിക്കും;

ദുഷ്ടന്റെ വിളക്ക് അണഞ്ഞുപോകും"
"പാപികളെ ദൗർഭാഗ്യം പിന്തുടരുന്നു;
നീതിമാന്മാർക്ക് ഐശ്വര്യം പ്രതിഫലമായി ലഭിക്കുന്നു" (13:9, 21);
"വഴി പിഴച്ചവൻ തന്റെ പ്രവൃത്തികളുടെ ഫലമനുഭവിയ്ക്കും
ഉത്തമനായ മനുഷ്യൻ തന്റെ പ്രവൃത്തികളുടെയും" (14:14).
"തിന്മ പ്രവർത്തിക്കുന്നവരെയോർത്ത് അസ്വസ്ഥനാകേണ്ടാ;
ദുഷ്ടരെനോക്കി അസൂയപ്പെടുകയും വേണ്ടാ
എന്തെന്നാൽ തിന്മ ചെയ്യുന്നവന് ഭാവിയില്ല;
ദുഷ്ടന്മാരുടെ വിളക്ക് അണഞ്ഞുപോകും" (24:19-20).

ഇങ്ങനെ പ്രവൃത്തികൾക്കനുസരിച്ച് ദൈവം പ്രതിഫലം നല്കുമെന്ന് പഠിപ്പിക്കുന്ന ജ്ഞാനസൂക്തങ്ങൾ തലമുറയിൽനിന്ന് തലമുറയിലേയ്ക്ക് കൈമാറിവന്നു.

അതോടൊപ്പംതന്നെ മനുഷ്യൻ ചെറുപ്പം മുതൽ ജ്ഞാനത്തെത്തേടണമെന്നും ജ്ഞാനം സ്വന്തമാക്കിയാൽ ജീവിതവിജയം ഉറപ്പാണെന്നും ആവർത്തിച്ചു പഠിപ്പിച്ചുപോന്നു. ജ്ഞാനത്തിനുവേണ്ടിയുള്ള തീക്ഷ്ണമായ പ്രാർത്ഥന 119-ാം സങ്കീർത്തനംപോലുള്ള ജ്ഞാന കീർത്തനങ്ങളിൽ കാണാവുന്നതാണ്. ജ്ഞാനത്തെ സ്നേഹിക്കുകയും അന്വേഷിക്കുകയും ചെയ്യുന്നവൻ അവളെ സ്വന്തമാക്കുമെന്നും ജ്ഞാനം വർദ്ധിക്കുന്നതിനനുസരിച്ച് ജീവിത ഐശ്വര്യം ഉണ്ടാകുമെന്നും ഗുരുക്കന്മാർ വിശ്വസിച്ചു. ജ്ഞാനിക്ക് ജീവിതാനുഭവങ്ങളെ കൂടുതൽ നന്നായി വിലയിരുത്താനാവും. അതുകൊണ്ട് ജ്ഞാനത്തെ സ്വന്തമാക്കാൻ ശ്രമിക്കണം, അത് സാധ്യമാണെന്നും അവർ പഠിപ്പിച്ചു. ഉദാഹരണം സുഭാ 8:32-36. കാണുക.

പ്രവൃത്തികൾക്കനുസൃതമായി പ്രതിഫലം ലഭിക്കാൻ മനുഷ്യന് അർഹതയുണ്ടെന്നും, അന്വേഷിക്കുന്നവൻ ജ്ഞാനത്തെ കണ്ടെത്തി, അറിവുള്ളവനായിത്തീരുമെന്നുമുള്ള തത്ത്വങ്ങൾ മാറ്റാൻ പറ്റാത്ത തത്ത്വങ്ങളായി വിശദീകരിക്കാൻ തുടങ്ങിയാൽ ദൈവം മനുഷ്യന്റെ പ്രവൃത്തികൾക്കും ചിന്തകൾക്കുമനുസരിച്ച് പ്രവർത്തിക്കാൻ ബാധ്യസ്ഥനാണെന്നുവരും. ഏതെങ്കിലും ഒരു പഠനം തലമുറകളിലൂടെ കൈമാറപ്പെടുമ്പോൾ സംഭവിക്കുന്ന സ്ഥിതിവിശേഷമാണത്. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ യഥാർത്ഥജ്ഞാനികൾ എങ്ങനെ പ്രതികരിച്ചുവെന്നാണ് ജോബും സഭാപ്രസംഗകനും പഠിപ്പിക്കുന്നത്. സുഭാഷിതങ്ങൾ ഗുരു ചെറുപ്പക്കാരായ ശിഷ്യർക്ക് നല്കുന്ന ഉപദേശങ്ങളായാണ് പ്രത്യക്ഷപ്പെടുന്നത് (1:4); ജോബും സഭാപ്രസംഗകനുമാകട്ടെ മുതിർന്ന വ്യക്തികൾ നടത്തുന്ന ചർച്ചകളും ഉപദേശങ്ങളുമാണ്.

**ജോബ്**

വടക്കുപടിഞ്ഞാറൻ അറേബ്യയിലെ (ഇസ്രായേലിലല്ല) ഊസ് (ഡ്വ) എന്ന പട്ടണത്തിൽ നടന്നു എന്ന് പറയപ്പെടുന്ന (ജോബ് 1:1) ജോബിന്റെ കഥ ഇസ്രായേലിന്റെ ബാബിലോണിയൻ പ്രവാസകാലത്ത് രചിക്കപ്പെട്ടു എന്നാണ് കരുതപ്പെടുന്നത്. മോശയുടെ കാലം മുതൽ ദൈവം നല്കിയ നിയമം പാലിച്ചുപോന്ന നീതിമാന്മാരായ ഒരുവിഭാഗം ആളുകൾ എന്നും ഇസ്രായേലിലുണ്ടായിരുന്നു. ഇസ്രായേലിലെ സത്യപ്രവാചകന്മാരായിരുന്നു അവരിൽ പ്രധാനികൾ. എന്നാൽ 587-ൽ ബാബിലോൺ യൂദാ കീഴടക്കുകയും നശിപ്പിക്കുകയും ജനങ്ങളെ നാടുകടത്തുകയും ചെയ്തപ്പോൾ സത്യവിശ്വാസികളും അവരോടൊപ്പം നാടുകടത്തപ്പെട്ടു. ദൈവതിരുമുമ്പിൽ നീതിമാന്മാരായി ജീവിച്ചിരുന്നതുകൊണ്ട് പ്രത്യേക ഗുണമൊന്നുമുണ്ടായില്ല എന്ന് ഈ സംഭവത്തെ വിശദീകരിക്കാൻ കഴിയുമല്ലോ. പ്രവാചകന്മാരായ രണ്ടാം ഏശയ്യായും എസക്കിയേലും ബാബിലോണിലാണ് ജീവിച്ചിരുന്നതെന്ന് നമുക്കറിയാം. അക്കാലത്തെ ചിന്താഗതികൾ മനസ്സിലാക്കണമെങ്കിൽ എന്താണ് വിപ്രവാസമെന്ന് നാമറിയണം.

വിപ്രവാസം എന്നത് കടുംബസഹിതമുള്ള അന്യദേശവാസമല്ല; മറിച്ച് സ്വന്തമായുള്ളതെല്ലാം നഷ്ടമായതിനുശേഷം അന്യന്റെ ആശ്രിതനായിക്കഴിയുന്ന ജീവിതാവസ്ഥയാണ്. ജനങ്ങളെ ചിതറിച്ചുകളയാൻ മാതാപിതാക്കളെ മക്കളിൽനിന്നും, സഹോദരങ്ങളെ തമ്മിലും ഭാര്യാഭർത്താക്കന്മാരെയുമെല്ലാം വേർതിരിക്കുകയും പരസ്പരം ബന്ധപ്പെടാൻ കഴിയാത്തവിധം സാമ്രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്ക് നാടുകടത്തുകയുമാണ് വലിയ ശക്തരായ രാജാക്കന്മാർ ചെയ്തുവന്നത്. അതുകൊണ്ടുതന്നെ സമ്പത്തും ബന്ധങ്ങളും സ്വന്തമായുള്ളവയുമെല്ലാം നഷ്ടമായ ഒരു വിപ്രവാസി ശാരീരികവും മാനസികവുമായ വേദനയ്ക്കടിമയായിരുന്നു. ഇപ്രകാരം വ്യഥയനുഭവിച്ച പ്രവാസികളുടെ ഹൃദയത്തിൽനിന്നുയർന്ന വലിയ ഒരു ചോദ്യമിതാണ്: 'യാഹ്വെയെ സേവിക്കുന്നതുകൊണ്ട് എന്തു പ്രയോജനം?' എന്നത്. നീതിപാലിക്കുന്നതുകൊണ്ട് എന്തു നന്മയാണുള്ളത്? ഈ സാഹചര്യത്തിൽ ദൈവത്തിലുള്ള വിശ്വാസം ഉപയോഗശൂന്യമായിക്കണ്ട മനുഷ്യരുടെ ചിന്താഗതിയാണ് ഗ്രന്ഥകർത്താവ് ജോബിന്റെ ഭാര്യയുടെ അധരങ്ങളിൽ വയ്ക്കുന്നത്: "ഇനിയും ദൈവഭക്തിയിൽ ഉറച്ചു നില്ക്കുന്നോ? ദൈവത്തെ ശപിച്ചിട്ട് മരിക്കുക" (2:9). സുഭാഷിതങ്ങൾ ശക്തിയുക്തം പ്രസ്താവിക്കുന്ന പ്രവൃത്തികൾക്കനുസരിച്ച് പ്രതിഫലം എന്ന തത്ത്വം പൂർണമായും ശരിയല്ല എന്ന ഒരു ചിന്തയിലേയ്ക്ക് അക്കാലത്തെ സത്യവിശ്വാസികളായ ജ്ഞാനികൾ എത്തിച്ചേർന്നു. അവരുടെ അനുഭ

വങ്ങളും വേദനകളും ചിന്തകളും മാനവീകരിക്കുകയാണ് ജോബ് എന്ന വ്യക്തി. സുഭാഷിതങ്ങളിലെ തത്ത്വങ്ങൾ സൈദ്ധാന്തീകരിച്ചിരിക്കുന്ന ജ്ഞാനികളെയാണ് ജോബിന്റെ മൂന്ന് സുഹൃത്തുക്കൾ പ്രതിനിധാനം ചെയ്യുന്നത്. ജോബും സുഹൃത്തുക്കളും ദൈവവും നടത്തുന്ന ചർച്ചകളിൽനിന്ന് ഇത് വ്യക്തമാകും.

## പുസ്തകത്തിന്റെ ഘടന

1. നീതിമാനായ ജോബിന് സന്താനങ്ങളും സമ്പത്തും നഷ്ടപ്പെടുന്നു; അതുകേട്ട് അവന്റെ മൂന്ന് സുഹൃത്തുക്കൾ വന്നെത്തുന്നു (1:1–2:13).

2. ജോബും മൂന്നു കൂട്ടുകാരും തമ്മിലുള്ള സംഭാഷണം 3:1–31:–40

| | | |
|---|---|---|
| (a) | ജോബിന്റെ പരാതി | (3:1–26) |
| | എലിഫാസിന്റെ പ്രഭാഷണം | (4:1–5:27) |
| (b) | ജോബിന്റെ മറുപടി | (6:1–7:21) |
| | ബിൽദാദിന്റെ പ്രഭാഷണം | (8:1–22) |
| (c) | ജോബിന്റെ മറുപടി | (9:1–10:22) |
| | സോഫാറിന്റെ പ്രഭാഷണം | (11:1–30) |
| (d) | ജോബിന്റെ മറുപടി | (12:1–14:22) |
| | എലിഫാസിന്റെ രണ്ടാംപ്രഭാഷണം | (15:1–35) |
| (e) | ജോബിന്റെ മറുപടി | (16:1–17:16) |
| | ബിൽദാദിന്റെ രണ്ടാംപ്രഭാഷണം | (18:1–21) |
| (f) | ജോബിന്റെ മറുപടി | (19:1–29) |
| | സോഫാറിന്റെ രണ്ടാംപ്രഭാഷണം | (20:1–29) |
| (g) | ജോബിന്റെ മറുപടി | (21:1–34) |
| | എലിഫാസിന്റെ മൂന്നാംപ്രഭാഷണം | (22:1–30) |
| (h) | ജോബിന്റെ മറുപടി | (23:1–24:25) |
| | ബിൽദാദിന്റെ മൂന്നാംപ്രഭാഷണം | (25:1–6) |
| (i) | ജോബിന്റെ മറുപടി | (26:1–31:40) |
| (j) | എലീഹൂവിന്റെ പ്രഭാഷണം | (32:1–37:24) |
| (k) | ദൈവം സംസാരിക്കുന്നു | (38:1–40:2) |
| | ജോബ് സംസാരിക്കുന്നു | (40:3–5) |

| | | |
|---|---|---|
| (l) | ദൈവം സംസാരിക്കുന്നു | (40:6–41:34) |
| | ജോബ് സംസാരിക്കുന്നു | (42:1–6) |
| (m) | ദൈവം സംസാരിക്കുന്നു | (42:7–8) |

3. ഉപസംഹാരം (42:9–17)

**ദൈവശാസ്ത്രം**

വടക്കുപടിഞ്ഞാറൻ അറേബ്യയിലുള്ള ഊസ് എന്ന ദേശത്ത് ജീവിച്ചിരുന്ന നീതിമാനായ മനുഷ്യനായിരുന്നു ജോബ് (ജോബ് 1:1; ജെറ 25:20; വിലാ 4:21). അവൻ ദൈവത്തിന്റെ എല്ലാ നിയമങ്ങളും, ചട്ടങ്ങളും കാത്തുപാലിക്കുന്നതിൽ തീക്ഷ്ണമതിയായിരുന്നു (1:5; 29:11–15). അവന്റെ സമൂഹം അവനെ ബഹുമാനിച്ചിരുന്നു (29:7–11; 21–25); കാരണം അവൻ എല്ലാ പാപങ്ങളിൽനിന്നും, അനീതികളിൽനിന്നും അകന്നിരുന്നു; ദുഷ്ചിന്തകൾക്കൊന്നും അവനിൽ സ്ഥാനമുണ്ടായിരുന്നില്ല (31:9–10); അവൻ പാവപ്പെട്ടവരെയും വിധവകളെയും അനാഥരെയും സംരക്ഷിച്ചുപോന്നു (29:13,16). അതേസമയം അവൻ ഏഴായിരം ആടുകളും മൂവായിരം ഒട്ടകങ്ങളും അഞ്ഞൂറ് ജോഡി കാളകളും, അഞ്ഞൂറ് പെൺകഴുതകളും എണ്ണമറ്റ ദാസന്മാരും സ്വന്തമായുണ്ടായിരുന്ന വലിയ ധനികനായിരുന്നു. ഏഴ് ആൺമക്കളും മൂന്ന് പെൺമക്കളുമുള്ള, സന്തോഷം തിരതല്ലുന്ന വലിയ ഒരു കുടുംബവും അവനുണ്ടായിരുന്നു.

ജോബിന്റെ പുത്രന്മാർ തവണവെച്ച് നിശ്ചിത ദിവസങ്ങളിൽ തങ്ങളുടെ വീടുകളിൽ വിരുന്നു നടത്തുകയും അതിലേയ്ക്ക് മറ്റെല്ലാ സഹോദരങ്ങളെയും ക്ഷണിക്കുകയും ചെയ്യുക പതിവായിരുന്നു. സത്ക്കാരങ്ങൾ കഴിയുമ്പോൾ തന്റെ പുത്രന്മാർ പാപം ചെയ്ത് ദൈവത്തിന്റെ അപ്രീതിയ്ക്ക് പാത്രമായിട്ടുണ്ടാകാം എന്നുകരുതി ജോബ് അവരെയെല്ലാം വിശുദ്ധീകരിക്കുകയും അതിരാവിലെ എഴുന്നേറ്റ് ഓരോ പുത്രനുംവേണ്ടി ദഹനബലി അർപ്പിക്കുകയും ചെയ്യുമായിരുന്നു (1:45). ഇപ്രകാരം ദൈവതിരുമുമ്പിൽ നീതിയോടുകൂടി വർത്തിക്കാൻ ജോബ് ആത്മാർത്ഥമായി പരിശ്രമിച്ചിരുന്നു.

ഒരു ദിവസം ദൈവപുത്രന്മാർ കർത്താവിന്റെ സന്നിധിയിൽ വന്നു ചേർന്നു; സാത്താനും അവരോടുകൂടെ വന്നു. ഭൂമിയിൽ നിന്ന് വരുന്ന സാത്താനോട് ദൈവം തന്റെ ദാസനായ ജോബിനെക്കുറിച്ച് അന്വേഷിക്കുകയും, അവന്റെ നീതിനിഷ്ഠയിൽ അഭിമാനം കൊള്ളുന്നതായി വെളിപ്പെടുത്തുകയും ചെയ്തു: “കർത്താവ് വീണ്ടും അവനോട് ചോദിച്ചു. എന്റെ ദാസനായ ജോബിനെ നീ ശ്രദ്ധിച്ചോ? അവനെപ്പോലെ സത്യസന്ധനും, നിഷ്കളങ്കനും,

ദൈവത്തെ ഭയപ്പെടുന്നവനും, തിന്മയിൽനിന്ന് അകന്ന് ജീവിക്കുന്നവനും ആയി ഭൂമുഖത്ത് ആരെങ്കിലുമുണ്ടോ?" (ജോബ് 1:8).

അപ്പോൾ സാത്താൻ പറഞ്ഞു. ജോബ് ദൈവത്തെ അനുസരിക്കുന്നത് ദൈവം അവന് എല്ലാ നന്മകളും, സംരക്ഷണവും വാരിക്കോരി നൽകുന്നതിനാലാണ് (1:9-10). അവന്റെ സമ്പത്തിൽ ദൈവം കൈവച്ചാൽ ജോബ് ദൈവത്തെ തിരസ്കരിക്കും (1:11). അപ്പോൾ ജോബിനെക്കുറിച്ച് അഭിമാനിച്ചിരുന്ന ദൈവം ജോബിന്റെ സമ്പത്തിനുമേൽ സാത്താന് അധികാരം കൊടുത്തു (1:12).

"ഒരു ദിവസം ജോബിന്റെ മക്കൾ തങ്ങളുടെ മൂത്ത സഹോദരന്റെ വീട്ടിൽ വിരുന്നിന് സമ്മേളിച്ചിരിക്കുകയായിരുന്നു. അപ്പോൾ ഒരു ഭൃത്യൻ ജോബിന്റെ അടുക്കൽ വന്ന് പറഞ്ഞു: ഞങ്ങൾ കാളകളെ പൂട്ടുകയായിരുന്നു. കഴുതകൾ സമീപത്തുതന്നെ മേഞ്ഞുകൊണ്ടിരുന്നു. പെട്ടെന്ന് ഷേബാക്കാർ വന്ന് വേലക്കാരെ വാളിനിരയാക്കി; അവയെ അപഹരിച്ചുകൊണ്ടുപോയി. ഞാൻ മാത്രമേ അങ്ങയോട് വിവരം പറയാൻ രക്ഷപ്പെട്ടുള്ളൂ. അവൻ പറഞ്ഞുതീരുന്നതിനുമുമ്പ് മറ്റൊരുവൻ വന്നുപറഞ്ഞു. ദൈവത്തിന്റെ അഗ്നി ആകാശത്തുനിന്നിറങ്ങി ആടുകളെയും, ദാസൻമാരെയും ദഹിപ്പിച്ചുകളഞ്ഞു; വിവരം അങ്ങയോട് പറയാൻ ഞാൻമാത്രം അവശേഷിച്ചു. അവൻ പറഞ്ഞുതീരുന്നതിനുമുമ്പ് മറ്റൊരുവൻ വന്നറിയിച്ചു: കൽദായർ മൂന്ന് കൂട്ടമായി വന്ന് വേലക്കാരെ ആക്രമിച്ചു കൊന്നിട്ട് ഒട്ടകങ്ങളെ പിടിച്ചുകൊണ്ടുപോയി. ഇതറിയിക്കാൻ ഞാൻ മാത്രം അവശേഷിച്ചു. അവൻ പറഞ്ഞുകൊണ്ടിരിക്കുമ്പോൾത്തന്നെ മറ്റൊരുവൻ വന്നറിയിച്ചു. നിന്റെ പുത്രന്മാരും പുത്രിമാരും തങ്ങളുടെ ജേഷ്ഠ്യസഹോദരന്റെ വീട്ടിൽ സൽക്കാരത്തിൽ മുഴുകിയിരിക്കുകയായിരുന്നു. പെട്ടെന്ന് മരുഭൂമിയിൽനിന്ന് വീശിയടിച്ച കൊടുങ്കാറ്റ് വീടിന്റെ നാലു മൂലയ്ക്കും അടിച്ചു. അത് തകർന്നുവീണ് അവർ മരിച്ചുപോയി. ഈ വാർത്ത അറിയിക്കാൻ ഞാൻമാത്രം അവശേഷിച്ചു" (1:13-19). ഇങ്ങനെ ഒന്നിനുപുറകെ ഒന്നായി ജോബിന്റെ സമ്പത്തെല്ലാം സാത്താൻ തകർത്തുകളഞ്ഞു. ജോബിന് സംഭവിച്ച ദുരിതങ്ങളുടെ കാരണം അവന്റെ തിന്മപ്രവൃത്തികളല്ലെന്ന് വായനക്കാരനറിയാം.

തന്റെ മക്കളും സമ്പത്തുമെല്ലാം നഷ്ടപ്പെട്ട ജോബ് എഴുന്നേറ്റ് തന്റെ അങ്കി വലിച്ചുകീറി; ശിരസ്സ് മുണ്ഡനം ചെയ്തു. അവൻ ദൈവത്തെ ശപിക്കുന്നതിനുപകരം ദൈവതിരുമുമ്പിൽ സാഷ്ടാംഗ പ്രണാമം ചെയ്യുകയും "കർത്താവ് തന്നു; കർത്താവ് എടുത്തു; കർത്താവിന്റെ നാമം മഹത്ത്വപ്പെടട്ടെ" (1:21) എന്ന് ഉദ്ഘോഷിച്ചുകൊണ്ട് ദൈവത്തെ സ്തുതിക്കുകയും ചെയ്തു (1:20-22). അങ്ങനെ താൻ യഥാർത്ഥത്തിൽ നീതിമാനാണെന്നു അവൻ തെളിയിച്ചു.

പിന്നീടൊരിക്കൽ ദൈവദൂതന്മാർ ദൈവസന്നിധിയിൽ ഒരുമിച്ചുകൂടി. അപ്പോഴും ദൈവം തന്റെ ദാസനായ ജോബിന്റെ നീതിനിഷ്ഠയെക്കുറിച്ച് അഭിമാനംകൊണ്ടു (2:3). അപ്പോൾ സാത്താൻ തന്റെ വാദഗതിമാറ്റിക്കൊണ്ട് ഇങ്ങനെ പറഞ്ഞു. ജോബ് ദൈവത്തെ നിഷേധിക്കാത്തതിന്റെ കാരണം ദൈവം അവന്റെ ശരീരത്തെ കഷ്ടപ്പെടുത്താത്തതാണ്. അവന്റെ അസ്ഥിയിലും മാംസത്തിലും കൈവയ്ക്കുക അവന് ശാരീരിക പീഡകൾ നല്കട്ടെ; എന്നാൽ ജോബ് ദൈവത്തെ തിരസ്ക്കരിക്കുക തന്നെ ചെയ്യും (2:4). ജോബിന്റെ നീതിനിഷ്ഠയെയും ഭക്തിയെയുംകുറിച്ച് ബോധ്യമുണ്ടായിരുന്ന ദൈവം ജോബിന്റെ ശരീരത്തിന്മേലും, ആരോഗ്യത്തിന്മേലും സാത്താന് അധികാരം കൊടുത്തു. ജീവനെടുക്കുന്നതൊഴികെ സാത്താന് ജോബിന്റെ മേൽ എല്ലാ അധികാരവും കൈവന്നു.

തുടർന്ന് സാത്താൻ ജോബിന്റെ ശരീരം അടിമുതൽ മുടിവരെ വ്രണങ്ങൾകൊണ്ട് നിറച്ചു. ജോബ് ചാരത്തിലിരുന്ന്, ഓട്ടുകഷണങ്ങൾകൊണ്ട് വ്രണങ്ങൾ ചുരണ്ടിക്കൊണ്ടിരുന്നു. അപ്പോൾ അവന്റെ ഭാര്യ ജോബിനോട് "ദൈവത്തെ ശപിച്ചിട്ട് മരിക്കുക" എന്നുപറഞ്ഞു (2:9). അപ്പോഴും ജോബ് ദൈവകരങ്ങളിൽനിന്ന് നന്മ സ്വീകരിച്ചതുപോലെ തിന്മ സ്വീകരിക്കാനും മനുഷ്യൻ തയ്യാറാകണമെന്ന ന്യായം പറയുകയും ദൈവത്തിനെതിരെ പാപം ചെയ്യാതിരിക്കുകയും ചെയ്തു. കഠിനമായ വ്യഥകളുടെ മധ്യേയും സമനില നഷ്ടപ്പെടാത്ത വിശ്വാസത്തിന്റെ ഉടമയായിരുന്നു ജോബ്.

ജോബിന്റെ ദൗർഭാഗ്യത്തെക്കുറിച്ച് കേട്ട അവന്റെ മൂന്നു സുഹൃത്തുക്കൾ അവനെ ആശ്വസിപ്പിക്കാനായി അവിടെയെത്തി: തേമാന്യനായ (യമൻകാരൻ) എലിഫാസും ഷൂഹ്യനായ ബിൽദാദും നാമാത്യനായ സോഫാറും. വ്രണങ്ങൾകൊണ്ട് നിറഞ്ഞ ജോബിനെ തിരിച്ചറിയാൻപോലും അവർക്ക് കഴിഞ്ഞില്ല. അവർ ഉറക്കെ നിലവിളിക്കുകയും, വസ്ത്രം കീറുകയും ഏഴു രാവും പകലും ഒരക്ഷരം ഉരിയാടാതെ അവനരികിൽ ചെലവഴിക്കുകയും ചെയ്തു. അവസാനം ജോബുതന്നെ നിശബ്ദത ഭേദിച്ച് സംസാരിച്ചു തുടങ്ങി. അവൻ തന്റെ ജനനസമയത്തെയും ജീവിതത്തെയും ശപിച്ചു. ദുരിതങ്ങൾ തന്റെയടുത്തേക്ക് തുടരെ വന്നുകൊണ്ടിരിക്കുകയാണെന്ന് അവൻ വിലപിച്ചു (3:1–26).

ജോബിന്റെ വിലാപം കേട്ടപ്പോൾ ജ്ഞാനികളായ അവന്റെ സുഹൃത്തുകൾക്ക് സംസാരിക്കാതിരിക്കാൻ കഴിഞ്ഞില്ല. കാരണം തങ്ങൾ പഠിച്ചിരുന്ന തത്ത്വങ്ങളനുസരിച്ച് ഓരോരുത്തർക്കും തങ്ങളുടെ പ്രവൃത്തികൾക്കനുസരിച്ചാണ് പ്രതിഫലം ലഭിക്കുക. എലിഫാസ് അവനോട് ഇപ്രകാരം പറഞ്ഞു:

"കാലിടറിയവരെ നിന്റെ വാക്കുകൾ താങ്ങിനിർത്തി: ദുർബല പാദങ്ങൾക്ക് നീ കരുത്തു പകർന്നു. നിനക്ക് ഇതു സംഭവിച്ചപ്പോൾ നിന്റെ ക്ഷമ കെട്ടുപോയി. അതു നിന്നെ സ്പർശിച്ചപ്പോൾ നീ സംഭ്രാന്തനായിത്തീർന്നു. നിന്റെ ദൈവഭക്തി നിനക്ക് ബലം പകരുന്നില്ലേ? നിഷ്കളങ്കത നിനക്ക് പ്രത്യാശ നൽകുന്നില്ലേ?" (4:4-6). അവന്റെ വിലാപത്തിന്റെ പേരിൽ ജോബിനെ ഇങ്ങനെ കുറ്റപ്പെടുത്തിയശേഷം താൻ പഠിച്ച ജ്ഞാനസിദ്ധാന്തം അവൻ ജോബിന് മുമ്പിൽ അവതരിപ്പിച്ചു: "ചിന്തിച്ചു നോക്കൂ നിഷ്കളങ്കൻ എന്നെങ്കിലും നാശമടഞ്ഞിട്ടുണ്ടോ? നീതിനിഷ്ഠൻ വിച്ഛേദിക്കപ്പെട്ടിട്ടുണ്ടോ? അനീതി ഉഴുത് തിന്മ വിതയ്ക്കുന്നവൻ അതുതന്നെ കൊയ്യുന്നതാണ് ഞാൻ കണ്ടിട്ടുള്ളത്. ദൈവത്തിന്റെ നിശ്വാസത്തിൽ അവൻ നശിക്കുന്നു. ദൈവത്തിന്റെ കോപാഗ്നിയിൽ അവൻ ദഹിക്കുന്നു" (4:7-9).

ഇപ്രകാരം ജോബിന്റെ സഹനത്തിന് കാരണമുണ്ടാകാമെന്ന് അനുമാനിച്ചശേഷം ജോബിനെ സാന്ത്വനപ്പെടുത്തുന്നതിനുവേണ്ടി ദൈവസന്നിധിയിൽ ആർക്കും നീതിമാന്മാരാകാൻ കഴിവില്ല എന്ന പൊതുതത്ത്വവും അവൻ പ്രഖ്യാപിച്ചു: "ദൈവദൃഷ്ടിയിൽ മർത്യന് നീതിമാനാകാൻ കഴിയുമോ? സ്രഷ്ടാവിന്റെ മുമ്പിൽ മനുഷ്യന് നിഷ്കളങ്കനാവാൻ സാധിക്കുമോ?" (4:17).

അതോടൊപ്പം ജോബിന്റെ സ്ഥാനത്ത് താനായിരുന്നെങ്കിൽ ദൈവത്തെ അന്വേഷിക്കുമായിരുന്നു എന്നും (5:8) ഈവിധം എളിമപ്പെടാൻ താൽപര്യമില്ലാത്ത അഹങ്കാരികളെ ദൈവം അവരുടെതന്നെ ഉപായങ്ങളിൽ കുടുക്കുമെന്നും അയാൾ പറഞ്ഞു (4:13). ദൈവം ശാസിക്കുന്നത് ഒരു ഭാഗ്യമാണെന്നും, അവനിലേക്ക് തിരിഞ്ഞാൽ അവൻ സുഖപ്പെടുത്താൻ കഴിവുള്ളവനാണെന്നും എലിഫാസ് പ്രസ്താവിച്ചു (5:16-18). താൻ പറയുന്നതെല്ലാം ദീർഘകാലത്തെ അനുഭവങ്ങളിൽ നിന്നുമുരുത്തിരിഞ്ഞതാണെന്നും, സത്യമാണെന്നും എലിഫാസ് കൂട്ടിച്ചേർത്തു: "ഇതു ഞങ്ങൾ ദീർഘകാലംകൊണ്ട് മനസ്സിലാക്കിയതാണ്. ഇത് സത്യമാണ്. നിന്റെ നന്മയ്ക്ക് വേണ്ടി ഇത് ഗ്രഹിക്കുക" (5:27). ഇതായിരുന്നു ജ്ഞാനതത്ത്വങ്ങളെ സ്വീകാര്യമാക്കാൻ സഹായിച്ച ഒരു വസ്തുത: ദീർഘകാലത്തെ അനുഭവം.

തന്റെ സുഹൃത്തെന്നുപറയുന്ന എലിഫാസിന്റെ കാരുണ്യമില്ലാത്ത വാക്കുകൾ ജോബിനെ വേദനിപ്പിച്ചു. ആ വാക്കുകൾ സാധാരണയായി ജ്ഞാനികൾ പറഞ്ഞിരുന്നതാണെങ്കിലും ജോബിനെ സംബന്ധിച്ചിടത്തോളം അവന്റെ അനുഭവത്തിൽ അർത്ഥശൂന്യങ്ങളായിരുന്നു. അതുകൊണ്ട് തന്റെ കഷ്ടതകൾ വിവരിച്ചുകൊണ്ട്

ജോബ് ഇങ്ങനെ പ്രഖ്യാപിച്ചു: "പരിശുദ്ധനായവന്റെ വചനത്തെ ഞാൻ തിരസ്കരിച്ചിട്ടില്ല" (6:10). അതിനുശേഷം ഒരു സ്നേഹിത നോട് അവന്റെ കഷ്ടതയിൽ കരുണ കാണിക്കാത്ത ജ്ഞാനി സർവ്വ ശക്തനോടുള്ള ഭക്തിയാണ് ഉപേക്ഷിക്കുന്നത് എന്നും ജോബ് പ്രഖ്യാപിച്ചു (6:14). ജ്ഞാനികളാണെന്നും ലോകത്ത് സംഭവിക്കുന്ന എല്ലാറ്റിനെക്കുറിച്ചും അറിയാമെന്നും സ്വയം കരുതിയ തന്റെ സുഹൃ ത്തുക്കളോട് ജോബ് ഇപ്രകാരം പറയുന്നു: "ഉപദേശിച്ചുകൊള്ളു ക, ഞാൻ നിശബ്ദം കേൾക്കാം; ഞാൻ എന്തുതെറ്റ് ചെയ്തുവെന്ന് മനസ്സിലാക്കിത്തരുക, ആത്മാർത്ഥമായ വാക്കുകൾ സ്വീകാര്യമാണ്. എന്നാൽ നിങ്ങളുടെ ശാസനയ്ക്ക് അടിസ്ഥാനമെന്ത്?" (6:24-25). ഇതിനുശേഷം ജോബ് തന്റെ സുഹൃത്തുക്കളോട് കരുണയാചിച്ചു (6:25). പിന്നീട് ജോബ് മനുഷ്യജീവിതത്തിന്റെ നശ്വരതയെക്കുറിച്ച് വിലപിക്കുന്നതാണ് നാം കാണുക (7:1-10). നീർപോളകൾ പോലെ ഇല്ലാതാകുന്ന മനുഷ്യന്റെ ഈ ജീവിതത്തെ അനശ്വരനായ ദൈവം നോക്കിയിരിക്കാനും ഓരോ പ്രവൃത്തികൾക്കുമനുസരിച്ച് വിധി ക്കാനും അവൻ ആരാണ്? അവന് എന്ത് വിലയാണുള്ളത്? (7:17 -19). നിസ്സാരനായ മനുഷ്യൻ പാപം ചെയ്താൽതന്നെ ദൈവത്തി നത് ക്ഷമിച്ചുകൂടെ എന്ന് ജോബ് ചോദിക്കുന്നു: "എന്റെ പാപങ്ങൾ അങ്ങേക്ക് ക്ഷമിച്ചുകൂടെ? എന്റെ തെറ്റുകൾ പൊറുത്തുകൂടെ? ഞാൻ ഇപ്പോൾ പൊടിയിൽ ചേരും; അങ്ങ് എന്നെ അന്വേഷിക്കും എന്നാൽ ഞാൻ ഉണ്ടായിരിക്കുകയില്ല" (7:21). ദൈവത്തിന്റെ പ്രവൃത്തികളുടെ അർത്ഥം തനിക്ക് മനസ്സിലാകുന്നില്ലെന്ന് ജോബ് പറയുകയാണ്.

ജോബ് ദൈവത്തിന്റെ പ്രവൃത്തികളെ വിമർശിച്ചതും, സ്വയം നീതികരിച്ചതും അവന്റെ മറ്റൊരു സുഹൃത്തായ ബിൽദാദിന് ഇഷ്ട പ്പെട്ടില്ല. അവന്റെ പരമ്പരാഗതമായ ജ്ഞാനത്തിലധിഷ്ഠിതമായ പ്രതികരണമിതായിരുന്നു: "ദൈവം നീതിക്ക് മാർഗ്ഗഭംഗം വരു ത്തുമോ? സർവ്വശക്തൻ ന്യായം വളച്ചൊടിക്കുമോ?" (8:3). ഇപ്രകാരം ചോദിച്ചതിനുശേഷം കഴിഞ്ഞ തലമുറയോട് ചോദിച്ച് ജ്ഞാനം സ്വന്തമാക്കാൻ ബിൽദാദ് ജോബിനെ ഉപദേശിക്കുന്നു: "ഞാൻ നിന്നോട് അഭ്യർത്ഥിക്കുന്നു, കടന്നുപോയ തലമുറയോട് ആരായുക; പിതാക്കന്മാരുടെ അനുഭവങ്ങൾ പരിഗണിക്കുക. ഇന്നലെപ്പിറന്ന നമുക്ക് ഒന്നും അറിഞ്ഞുകൂടാ; ഭൂമിയിലെ നമ്മുടെ ജീവിതം നിഴൽ പോലെ മാഞ്ഞുപോകുന്നു" (8:8-9). പഴയതലമുറയ്ക്ക് തങ്ങളുടെ അനുഭവങ്ങളിൽ നിന്ന് പറയാനുള്ളതിങ്ങനെയാണ്: "നിഷ്കളങ്കനെ ദൈവം ഉപേക്ഷിക്കുകയില്ല. തിന്മപ്രവർത്തിക്കുന്നവനെ കൈപി ടിച്ചു നടത്തുകയുമില്ല" (8:20). പ്രവൃത്തികൾക്കനുസരിച്ചു മാത്രമേ ദൈവം പ്രതിഫലം നല്കുകയുള്ളുവെന്നയാൾ പ്രഖ്യാപിച്ചു.

ബിൽദാദിന്റെ തത്ത്വങ്ങൾ ജോബ് അംഗീകരിക്കുന്നു: "അത് അങ്ങനെതന്നെ" (9:1). പക്ഷേ ജോബിന് തന്റെ അനുഭവത്തിൽനിന്ന് കൂടുതൽ പറയാനുണ്ട്: "ഒരുവന് ദൈവതിരുമുമ്പിൽ എങ്ങനെ നീതിമാനാകാൻ കഴിയും? ഒരുവൻ അവിടുത്തോട് വാഗ്വാദത്തിലേർപ്പെട്ടാൽ ആയിരത്തിൽ ഒരു തവണപോലും അവിടുത്തോട് ഉത്തരം പറയാൻ കഴിയുകയില്ല" (9:2–3). തുടർന്ന് ജോബ് പ്രകൃതിയിലെ ദൈവത്തിന്റെ മഹത്തരമായ പ്രവൃത്തികൾ വിവരിച്ചതിനുശേഷം ചോദിക്കുന്നു: "എന്താണ് നീ ചെയ്യുന്നതെന്ന് ആർക്ക് (അവിടുത്തോട്) ചോദിക്കാൻ കഴിയും?" ദൈവത്തിന്റെ പ്രവൃത്തികളെ മുഴുവൻ ജ്ഞാനസൂക്തങ്ങളിൽ ഒതുക്കി നിർത്താൻ കഴിയുകയില്ല എന്നാണ് ജോബ് ഇവിടെ പറയുന്നത്. മനുഷ്യന് ദൈവത്തിനു മുമ്പിൽ ഒരിക്കലും നീതിമാനാകാൻ കഴിയില്ല. അവൻ ദൈവത്തിന്റെ കരുണ യാചിക്കുക മാത്രമാണ് ചെയ്യേണ്ടത്: "ഞാൻ നീതിമാനായിരുന്നാലും അവിടുത്തോട് മറുപടിപറയാൻ എനിക്ക് കഴിയുകയില്ല. എന്നെ കുറ്റം വിധിക്കുന്ന അവിടുത്തെ കരുണയ്ക്ക് വേണ്ടി ഞാൻ യാചിക്കണം" (9:15). നിഷ്കളങ്കനായി ജീവിക്കുന്നവന്റെ നാവുതന്നെ അവനെ ചതിക്കും. അതുകൊണ്ട് പരമ്പരാഗതമായ ജ്ഞാനതത്ത്വമായ പ്രവൃത്തികൾക്കൊത്ത പ്രതിഫലമെന്നത് എല്ലാ സത്യവും ഉൾക്കൊള്ളുന്ന ഒന്നല്ല: "എല്ലാം ഒന്നുപോലെയാണ് അതിനാൽ ഞാൻ പറയുന്നു. അവിടുന്ന് നിഷ്കളങ്കനെയും, ദുഷ്ടനെയും ഒന്നുപോലെ നശിപ്പിക്കുന്നു. അനർത്ഥം അപ്രതീക്ഷിതമായ മരണത്തിന് കാരണമാകുമ്പോൾ അവിടുന്ന് നീതിമാനുണ്ടായ വിപത്തിൽ പരിഹസിച്ചു ചിരിക്കുന്നു. ഭൂമി ദുഷ്ടന്റെ കൈകളിൽ ഏൽപിക്കപ്പെട്ടിരിക്കുന്നു. ന്യായാധിപൻമാരുടെ മുഖം അവിടുന്ന് മൂടിക്കളയുന്നു. അവിടുന്നല്ലെങ്കിൽ മറ്റാരാണ് ഇത് ചെയ്തത്" (9:23–24). ജോബിന്റെ ഈ വാക്കുകൾ സഭാപ്രസംഗകനോടടുത്തു നില്ക്കുന്നു എന്നത് സത്യമാണ്.

മനുഷ്യന് ദൈവതിരുമുമ്പിൽ തന്റെ പ്രവൃത്തികളിലൂടെ നീതിമാനാകാൻ കഴിയില്ല (9:30). തന്റെ പ്രവൃത്തികൾ എടുത്ത് കാണിച്ചുകൊണ്ട് ദൈവവുമായി വാഗ്വാദത്തിലേർപ്പെടാൻ ആർക്കും കഴിയുകയുമില്ല: "ഞാൻ അവിടുത്തോട് മറുപടിപറയേണ്ടതിനും ഒരുമിച്ച് ന്യായവിസ്താരത്തിന് വരുന്നതിനും അവിടുന്ന് എന്നെപ്പോലെ മനുഷ്യനല്ലല്ലോ. നമ്മൾ ഇരുവരെയും നിയന്ത്രിക്കാൻ കെൽപുള്ള ഒരു മധ്യസ്ഥൻ നമ്മൾക്കില്ലല്ലോ. അവിടുന്ന് ശിക്ഷാദണ്ഡ് എന്നിൽ നിന്ന് നീക്കിക്കളയട്ടെ; അവിടുത്തെക്കുറിച്ചുള്ള ഭീതി എന്നെ ഭയപ്പെടുത്താതിരിക്കട്ടെ. അപ്പോൾ അവിടുത്തെക്കുറിച്ചുള്ള ഭയം കൂടാതെ ഞാൻ സംസാരിക്കും. എന്നാൽ എന്റെ സ്ഥിതി അതല്ല" (9:32–35). കാരണം മനുഷ്യന് മനസ്സിലാക്കാൻ കഴിയുന്നതിനപ്പുറമാണ് ദൈവം: "ഞാൻ പാപം ചെയ്താൽ അങ്ങ് എന്നെ ശ്രദ്ധിക്കു

ന്നു. എന്റെ അതിക്രമങ്ങൾക്ക് എന്നെ ശിക്ഷിക്കാതെ വിടുന്നുമില്ല. ഞാൻ ദുഷ്ടനാണെങ്കിൽ എനിക്ക് ദുരിതം! ഞാൻ നീതിമാനാണെങ്കിൽ എനിക്ക് ശിരസ്സ് ഉയർത്താൻ സാധിക്കുന്നില്ല. അപമാന ബോധത്തോടെ ഞാൻ എന്റെ പീഡകളെ കാണുന്നു. ഞാൻ ശിരസ്സുയർത്തിയാൽ സിംഹത്തെപ്പോലെ അങ്ങ് എന്നെ വേട്ടയാടും. വീണ്ടും അങ്ങ് എനിക്കെതിരായി അത്ഭുതങ്ങൾ പ്രവർത്തിക്കും. എനിക്കെ തിരെ അങ്ങ് പുതിയ സാക്ഷികളെ അവതരിപ്പിക്കും. എന്റെ നേർക്കുള്ള പീഡനങ്ങൾ അങ്ങ് വർദ്ധിപ്പിക്കും; പുതിയ സൈന്യനിരയെ അങ്ങ് എനിക്കെതിരെ അണിനിരത്തും" (10:14-17). ദൈവതിരുമുമ്പിൽ താനൊന്നുമല്ല എന്ന ചിന്തയിൽനിന്നുളവാകുന്ന വേദനയിൽനിന്ന് ജോബ് ഇപ്രകാരം ചോദിക്കുന്നു: "അമ്മയുടെ ഉദരത്തിൽനിന്ന് അങ്ങ് എന്തിനെന്നെ പുറത്തുകൊണ്ടുവന്നു? ജന്മം ലഭിക്കാത്തവനെപ്പോലെ, അമ്മയുടെ ഉദരത്തിൽനിന്ന് എന്നെ ശവക്കുഴിയിലേക്ക് കൊണ്ടുപോയിരുന്നെങ്കിൽ! ആരുമെന്നെ കാണുന്നതിന് മുമ്പ് ഞാൻ മരിച്ചിരുന്നെങ്കിൽ!" (10:18-19). തുടർന്ന് തന്നെ വെറുതെ വിടണമെന്ന് ജോബ് ദൈവത്തോട് പ്രാർത്ഥിക്കുന്നു (10:22). മനുഷ്യചിന്തകൾക്ക് മനസ്സിലാക്കാൻ കഴിയുന്നതിനെക്കാൾ വലിയവനാണ് ദൈവം എന്ന ജോബിന്റെ ഈ ചിന്തതന്നെയാണ് സഭാപ്രസംഗകനും തന്റെ ജീവിതാനുഭവത്തിലൂടെ പങ്കുവയ്ക്കുന്നത്.

ജോബ് പറഞ്ഞതെല്ലാം സ്വയം നീതികരണമാണെന്ന് കരുതുന്ന സോഫാർ അപ്പോൾ ജോബിനെ കുറ്റപ്പെടുത്തിക്കൊണ്ട് സംസാരിക്കാൻ തുടങ്ങി. പരമ്പരാഗത ജ്ഞാനത്തെ വീണ്ടും ഉയർത്തിക്കാണിച്ചുകൊണ്ട് അവൻ പറയുന്നതിങ്ങനെയാണ്: "നിന്റെ അകൃത്യങ്ങൾ അർഹിക്കുന്നതിനെക്കാൾ കുറച്ച് മാത്രമേ ദൈവം നിന്നിൽനിന്ന് ഈടാക്കിയിട്ടുള്ളൂ എന്നു മനസ്സിലാക്കുക" (11:6). ദൈവത്തിന്റെ ദുരൂഹരഹസ്യങ്ങൾ മനുഷ്യന്റെ ഗ്രഹണശക്തിക്കതീതമാണെന്ന് സോഫാർ സമ്മതിക്കുന്നു (11:7-10). എന്നാൽ അവൻ മനുഷ്യന്റെ അകൃത്യങ്ങൾ കാണുമ്പോൾ അത് ശിക്ഷിക്കാതെ വിടുന്നില്ല എന്നവർ പറയുന്നു (11:11). ജോബിനെ കുറ്റപ്പെടുത്തിക്കൊണ്ടയാൾ പറയുന്നതിപ്രകാരമാണ്: "ദുഷ്ടരുടെ കണ്ണുകൾ നിഷ്പ്രഭമാകും. രക്ഷാമാർഗ്ഗങ്ങൾ അവർക്ക് ലഭിക്കുകയില്ല. മരണം മാത്രമാണ് അവർക്ക് പ്രത്യാശിക്കാനുള്ളത്" (11:20). ജോബിന്റെ കഷ്ടതയ്ക്ക് കാരണം അവന്റെ തിന്മകളാണെന്നർത്ഥം.

സോഫാർ പറഞ്ഞ തത്ത്വങ്ങളെല്ലാം എല്ലാവർക്കുമറിയാവുന്നതാണെന്നും, ആ ജ്ഞാനമെല്ലാം തനിക്കുമുള്ളതാണെന്നും അപ്പോൾ ജോബ് പ്രസ്താവിച്ചു (12:1-3; 13:1-2). തന്റെ പ്രശ്നം ഈ തത്ത്വങ്ങൾക്കെല്ലാം അപ്പുറമാണെന്നതാണ് ജോബ് പറയുന്നതിന്റെ

അർത്ഥം: "ഞാൻ നിഷ്കളങ്കനും നീതിമാനുമാണ് എന്നിട്ടും ഞാൻ പരിഹാസപാത്രമായിത്തീർന്നു" (12:48). ജോബിന് ഇപ്പോഴും മനസ്സിലാകാത്തതിതാണ്: "കവർച്ചക്കാരുടെ കൂടാരങ്ങൾ സമാധാനപൂർണമാണ്. ദൈവം തങ്ങൾക്ക് അധീനനെന്ന് വിചാരിച്ച് അവിടുത്തെ പ്രകോപിപ്പിക്കുന്നവൻ സുരക്ഷിതനാണ്" (12:6). ഈ വാക്കുകളിൽ പരമ്പരാഗത ജ്ഞാനത്തിന്റെ സൈദ്ധാന്തീകരണത്തെയാണ് ജോബ് ആക്രമിക്കുന്നത്. "വൃദ്ധരിലാണ് വിജ്ഞാനം; വയോധികരിലാണ് വിവേകം" (12:12) എന്നത് ശരിതന്നെ. എന്നാൽ ശക്തിയും ജ്ഞാനവും ദൈവത്തോടുകൂടിയാണെന്നും അവിടുന്ന് ഉപദേഷ്ടാക്കളുടെ ജ്ഞാനം ഉരിഞ്ഞുകളയുന്നുവെന്നും ന്യായാധിപന്മാരെ ഭോഷന്മാരാക്കുന്നുവെന്നും ജോബ് കരുതുന്നു. പഴയ ജ്ഞാനതത്ത്വങ്ങൾ അവസരോചിതമല്ലാതെ ആവർത്തിച്ചുകൊണ്ട് അവർ വിലയില്ലാത്ത വൈദ്യന്മാരായിത്തീർന്നിരിക്കുന്നുവെന്ന് ജോബ് കുറ്റപ്പെടുത്തി (13:4). നിങ്ങൾ ദൈവത്തിനുവേണ്ടി നുണ പറയുന്നവരാണെന്ന് ജോബ് തന്റെ സുഹൃത്തുക്കളെ വിമർശിക്കുന്നു (13:6–8). ദൈവത്തിന് അവരുടെ പക്ഷപാതം ആവശ്യമില്ലെന്നും അവരുടെ ന്യായവാദങ്ങൾ കളിമൺകട്ടപോലെ ദുർബലമാണെന്നും ജോബ് പറയുന്നു (13:12). നിഷ്കളങ്കനാണ് താനെന്ന് കരുതുന്ന ജോബിന് ദൈവത്തോട് രണ്ട് അപേക്ഷകളാണുള്ളത്. (1) അങ്ങയുടെ കരം എന്നിൽനിന്ന് പിൻവലിക്കുക. അങ്ങനെ അങ്ങയെക്കുറിച്ചുള്ള ഭീതി എന്നെ പരിഭ്രാന്തനാക്കാതിരിക്കട്ടെ. (2) ദൈവം തന്റെ കരം തന്നിൽനിന്ന് പിൻവലിച്ചതിന് ശേഷം ചോദ്യങ്ങൾ ചോദിക്കുക, അപ്പോൾ ഉത്തരം പറയാൻ ജോബ് തയ്യാറാണ്. ഇത്രയും പറഞ്ഞശേഷം (സഭാപ്രസംഗകനെപ്പോലെ) ജീവിതത്തിന്റെ നശ്വരതയെക്കുറിച്ച് ജോബ് വിലപിക്കുന്നത് കാണാം (14:1–22). ദൈവത്തിന്റെ അനന്തശക്തിയുടെ മുമ്പിൽ നശ്വരനായ മനുഷ്യന്റെ നില വളരെ പരിമിതമാണെന്നാണ് ഈ വിലാപത്തിന്റെ ഉള്ളടക്കം.

ജോബിന്റെ സ്വയം നീതീകരണവും താനും ജ്ഞാനിയാണെന്ന പ്രസ്താവനയും എലിഫാസിന്റെ ക്രോധവികാരത്തെ ജ്വലിപ്പിച്ചു. അവൻ ജോബിനോട് ഇങ്ങനെ ചോദിച്ചു: "നീയെന്തിനാണ് പൊള്ളവാക്കുകൾകൊണ്ട് വാദിക്കുന്നത്?" (15:1). എല്ലാം അറിയാൻ മാത്രം "ദൈവത്തിന്റെ ആലോചനാസഭയിലെ വിചിന്തനങ്ങൾ നീ കേട്ടിട്ടുണ്ടോ? ജ്ഞാനം മുഴുവൻ നീ കൈയടക്കി വച്ചിട്ടുണ്ടോ? ഞങ്ങൾക്ക് അറിഞ്ഞുകൂടാത്ത എന്താണ് നിനക്ക് അറിയാവുന്നത്? ഞങ്ങൾക്ക് വ്യക്തമല്ലാത്ത എന്താണ് നീ മനസ്സിലാക്കിയിട്ടുള്ളത്? നര ബാധിച്ചവനും വൃദ്ധനും ഞങ്ങളുടെ ഇടയിലുണ്ട്. അവർക്ക് നിന്റെ പിതാവിനേക്കാൾ പ്രായമുണ്ട്" (15:8–10). ഇങ്ങനെ ഗുരുക്കന്മാരുടെ തത്ത്വങ്ങളെ ന്യായീകരിച്ചുകൊണ്ട് ജോബിനെ കുറ്റപ്പെടുത്തുന്നതോടൊപ്പം "സ്ത്രീയിൽനിന്ന് ജനിച്ചവന് നീതിമാനാകാൻ

കഴിയുകയില്ല" എന്ന മദ്ധ്യപൂർവ്വദേശത്തെ പൊതുതത്ത്വവും എലിഫാസ് പ്രസ്താവിക്കുന്നു (15:14). പരമ്പരാഗത ജ്ഞാനത്തെ മുറുകെപ്പിടിക്കുന്ന അയാൾക്ക് പറയാനുള്ളതിങ്ങനെയാണ്: "ഞാൻ പറയുന്നതു കേൾക്കുക, ഞാൻ വ്യക്തമാക്കിത്തരാം; ഞാൻ കണ്ടിട്ടുള്ളവ ഞാൻ വിശദമാക്കാം; ജ്ഞാനികൾ പറഞ്ഞതും അവരുടെ പിതാക്കന്മാർ ഒളിച്ചുവയ്ക്കാതിരുന്നതുംതന്നെ. അവർക്ക് മാത്രമാണ് ദേശം നൽകിയത്. അന്യരാരും അവരുടെ ഇടയിലൂടെ കടന്നുപോയില്ല. ദുഷ്ടൻ ജീവിതകാലം മുഴുവൻ, അധർമ്മിക്കു വിധിച്ച നാളുകൾ തികയുവോളം വേദനയാൽ പുളയുന്നു" (15:17-20). ജോബിന്റെ വേദന തീരണമെങ്കിൽ അതിന്റെ സമയം വരണമെന്ന യാൾ കരുതുന്നു. എലിഫാസ് തന്റെ വാക്കുകൾ അവസാനിപ്പിക്കുന്നത് ഒരിക്കൽകൂടി പരമ്പരാഗതമായ പ്രവൃത്തികൾക്കനുസരിച്ച് പ്രതിഫലമെന്ന ജ്ഞാനതത്ത്വം ഉദ്ഘോഷിച്ചുകൊണ്ടാണ്: "(ദുഷ്ടൻ) അവൻ സമ്പന്നനാവുകയില്ല; അവന്റെ ധനം നിലനിൽക്കുകയുമില്ല; അവൻ ഭൂമിയിൽ വേരുപിടിക്കുകയില്ല; അവന് അന്ധകാരത്തിൽനിന്ന് മോചനമില്ല; അഗ്നിജ്വാലകൾ അവന്റെ ശാഖകളെ ഉണക്കിക്കളയും; അവന്റെ പുഷ്പങ്ങൾ കാറ്റിൽപറത്തിക്കളയും" (15:29,30). ഇതെല്ലാമാണ് അവന് ജോബിന് ഇപ്പോൾ നല്കാനുള്ള ഉപദേശങ്ങൾ.

എലിഫാസിന്റെ പരമ്പരാഗത ജ്ഞാനത്തോട് ജോബിന്റെ മറുപടി ഇപ്രകാരമായിരുന്നു: "ഇതൊക്കെ മുമ്പ് ഞാനും കേട്ടിട്ടുണ്ട്. നിങ്ങൾ നൽകുന്ന ആശ്വാസം ദയനീയമാണ്. പൊള്ളവാക്കുകൾക്ക് അറുതിയില്ലേ? അല്ലെങ്കിൽ ഇങ്ങനെ പറയാൻ നിന്നെ പ്രേരിപ്പിക്കുന്നതെന്ത്?"(16:1-3). ജോബ് തുടർന്നു: "നീ എന്റെ സ്ഥാനത്തായിരുന്നെങ്കിൽ നിന്നെപ്പോലെ സംസാരിക്കാൻ എനിക്കും കഴിയുമായിരുന്നു. നിനക്കെതിരെ സംസാരിക്കാനും നിന്നെ പരിഹസിക്കാനും എനിക്ക് കഴിയുമായിരുന്നു" (16:4). അതിനുശേഷം ജോബ് തന്റെ അനുഭവം വിശദീകരിക്കുകയാണ്. അവന്റെ കൈകൾ അക്രമം പ്രവർത്തിച്ചിട്ടില്ല (16:17). തന്നെ മനസ്സിലാക്കുന്ന ഒരു സാക്ഷി സ്വർഗ്ഗത്തിലുണ്ടെന്ന് അവൻ ഇപ്പോഴും വിശ്വസിക്കുന്നു (16:19). ദൈവത്തോടുള്ള ഇപ്പോഴുള്ള അവന്റെ പ്രാർത്ഥന "ദൈവം ഭൂമിയിലെ ജ്ഞാനികളെ അന്ധരാക്കിയതിനാൽ തന്റെമേൽ വിജയം വരിക്കാൻ അവരെ അനുവദിക്കരുതേ" എന്നാണ് (17:4). ഭൂമിയിലെ ജ്ഞാനികളെല്ലാം ഒരുമിച്ചുവന്നാലും, തന്റെ അനുഭവം വിശദീകരിക്കാൻ മാത്രം ജ്ഞാനം അവർക്കുണ്ടാകില്ലെന്ന് ജോബ് പറയുന്നു (17:10-16). അങ്ങനെ പരമ്പരാഗത ജ്ഞാനത്തിന് തന്റെ പ്രശ്നത്തെ പരിഹരിക്കാൻ കഴിവില്ലെന്ന് ജോബ് സംശയലേശമെന്നിയേ പ്രസ്ഥാപിക്കുന്നു.

ജോബിന്റെ പ്രഭാഷണത്തിന് മറുപടിയായി ബിൽദാദ് ഒരിക്കൽ കൂടി താൻ പഠിച്ചുവച്ച പ്രവൃത്തികൾക്ക് തക്ക പ്രതിഫലമെന്ന തത്ത്വം വിശദീകരിച്ചു. ദുഷ്ടന് എന്തെല്ലാം തിന്മയാണ് സംഭവിക്കുന്നത് എന്നാണ് അവൻ ജോബിനെ നോക്കിപ്പറയുന്നത്: "അവന്റെ പ്രകാശം അണഞ്ഞുപോകും. അന്യർ അവന്റെ കൂടാരത്തിൽ വസിക്കും. തെരുവീഥിയിൽ അവന്റെ പേര് ഇല്ലാതാകും" (18:1–21).

ആവർത്തിച്ചാവർത്തിച്ച് തന്നോട് പറയപ്പെടുന്നതും എന്നാൽ തന്റെ അനുഭവത്തിൽ പൂർണ്ണസത്യമായിത്തോന്നാത്തതുമായ ജ്ഞാനതത്ത്വത്തിന്റെ പുനഃപ്രഖ്യാപനം ജോബിനെ അസഹ്യപ്പെടുത്തി. അവൻ ചോദിച്ചു: "എത്രകാലം നിങ്ങൾ എന്നെ പീഡിപ്പിക്കുകയും വാക്കുകൊണ്ട് നുറുക്കുകയും ചെയ്യും?" (19:1–2). അവന് പറയാനുള്ളതിതാണ്: "ദൈവമാണ് എന്നോടിതു ചെയ്തതെന്നും, എന്നെ വലയിലകപ്പെടുത്തിയതെന്നും നിങ്ങൾ മനസ്സിലാക്കണം. അതിക്രമം എന്ന് ഉറക്കെ വിളിച്ച് പറഞ്ഞാലും എനിക്ക് മറുപടി ലഭിക്കുന്നില്ല; മുറവിളി കൂട്ടിയാലും എനിക്ക് നീതി ലഭിക്കുന്നില്ല; കടന്നുപോകാൻ കഴിയാത്തവിധം അവിടുന്ന് എന്റെ വഴി മതിൽ കെട്ടി അടച്ചു. എന്റെ മാർഗ്ഗങ്ങളെ അന്ധകാരപൂർണമാക്കുകയും ചെയ്തു" (19:6–8); "എന്റെ ഭാര്യ എന്നോട് അറപ്പ് കാട്ടുന്നു; എന്റെ സഹോദരന്മാർക്കും ഞാൻ നിന്ദാപാത്രമായി; കൊച്ചുകുട്ടികൾപോലും എന്നെ പുച്ഛിക്കുന്നു; എന്നെ കാണുമ്പോൾ അവർ പരിഹസിക്കുന്നു" (19:17–18); "എന്റെ അസ്ഥി ത്വക്കിനോടും മാംസത്തിനോടും ഒട്ടിയിരിക്കുന്നു. ജീവൻ പോയിട്ടില്ലന്നേയുള്ളൂ" (19:20). എന്നാൽ ഈ വേദനാജനകമായ അനുഭവങ്ങളുടെ മധ്യേയും ജോബിന് ദൈവത്തിൽ പ്രത്യാശയുണ്ട്: "എനിക്ക് ന്യായം നടത്തിത്തരുന്നവൻ ജീവിക്കുന്നെന്നും അവസാനം അവിടുന്ന് എനിക്കുവേണ്ടി നിലകൊള്ളുമെന്നും ഞാനറിയുന്നു; എന്റെ ചർമ്മം അഴുകി ഇല്ലാതായാലും എന്റെ മാംസത്തിൽ ഞാൻ ദൈവത്തെ കാണും. അവിടുത്തെ ഞാൻ എന്റെ പക്ഷത്തുകാണും. മറ്റാരെയുമല്ല, അവിടുത്തെത്തന്നെ എന്റെ കണ്ണുകൾ ദർശിക്കും. എന്റെ ഹൃദയം തളരുന്നു" (19:25–27). ദൈവത്തിന്റെ കരം പതിച്ചിരിക്കുന്ന തന്നോട് കരുണകാണിക്കണമെന്ന് അവൻ തന്റെ സുഹൃത്തുക്കളോട് വീണ്ടും യാചിക്കുന്നു (19:20–21). പരമ്പരാഗത ജ്ഞാനതത്ത്വങ്ങളിൽമാത്രം പ്രത്യാശയർപ്പിച്ചിരുന്നെങ്കിൽ ജോബിന് ഇപ്രകാരമൊരു പ്രത്യാശയ്ക്ക് വഴിതുറന്നു കിട്ടുമായിരുന്നില്ല.

അനുഭവങ്ങളെ മുഴുവൻ വിശദീകരിക്കാൻ കഴിയാത്ത തത്ത്വങ്ങളെ മുറുകെപ്പിടിച്ച്, ദൈവവിധിയ്ക്ക് ഇരയാകരുതെന്നും, അപകടത്തിൽ ചാടരുതെന്നും ജോബ് തുടർന്ന് തന്റെ സുഹൃത്തുക്കളെ ഉപദേശിക്കുന്നു: "നാം എങ്ങനെ അവനെ അനുധാവനം ചെയ്യും. അവനിൽ കുറ്റം കണ്ടെത്തിയിരിക്കുന്നു എന്ന് നിങ്ങൾ പറയുന്നെ

ങ്കിൽ വാളിനെ ഭയപ്പെടുക; ക്രോധം വാൾ അയയ്ക്കും. അങ്ങനെ ന്യായവിധിയുണ്ടെന്ന് നിങ്ങൾ മനസ്സിലാക്കും" (19:28-29).

ജോബിന്റെ വാക്കുകൾ സോഫാറിനെ അക്ഷമനാക്കി. അവൻ ഒരിക്കൽ താൻ പഠിച്ചതും ഇന്നും പഠിപ്പിക്കുന്നതുമായ തത്ത്വം ജോബിനോട് പുനഃപ്രക്ഷേപണം ചെയ്തു: "പണ്ടുമുതൽക്കേ, മനുഷ്യൻ ഭൂമുഖത്ത് ഉത്ഭവിച്ച കാലം മുതൽക്കേ, നിനക്കറിയില്ലേ, ദുഷ്ടന്റെ ജയഭേരി ക്ഷണികമാണെന്ന്, അധർമ്മിയുടെ സന്തോഷം നൈമിഷികമാണെന്ന്? ആകാശത്തോളം ഉയർന്നാലും അവന്റെ ശിരസ്സ് മേഘങ്ങളെ ഉരുമ്മി നിന്നാലും തന്റെ വിസർജ്ജ്യവസ്തു പോലെ അവൻ നശിച്ചുപോകും..." (20:4-11); "അവൻ സർപ്പവിഷം കുടിക്കും, അണലിയുടെ കടിയേറ്റ് മരിക്കും" (16); "തന്റെ അദ്ധ്വാനത്തിന്റെ ഫലം അവൻ അനുഭവിക്കാതെ മടക്കിക്കൊടുക്കും; തന്റെ വ്യാപാരലാഭവും അവൻ അനുഭവിക്കുകയില്ല" (18); "അവന്റെ ഭവനത്തിലെ സമ്പാദ്യങ്ങൾ കവർച്ച ചെയ്യപ്പെടും; ദൈവകോപത്തിന്റെ ദിനത്തിൽ അവ പൊയ്പ്പോകും; ദുഷ്ടന് ദൈവം നൽകുന്ന ഓഹരിയും, ദൈവത്തിൽനിന്ന് അവന് ലഭിക്കുന്ന അവകാശവും ഇതാണ്" (28-29). ഇങ്ങനെ പറഞ്ഞുകൊണ്ട് ജോബിന്റെ ദുഃഖത്തിനുകാരണം അവന്റെ തിന്മതന്നെയാണെന്ന് സോഫാർ ഒരിക്കൽകൂടി സ്ഥാപിക്കാൻ ശ്രമിച്ചു.

പറഞ്ഞതുതന്നെ വീണ്ടും പറഞ്ഞുകൊണ്ടിരിക്കുന്ന തന്റെ സുഹൃത്തുക്കളോട് ജോബിന് ഇപ്പോൾ നൽകാനുള്ളത് ജാഗ്രതയോടെയിരിക്കാനുള്ള ഉപദേശമാണ്: "എന്റെ ആവലാതി മനുഷ്യനെതിരായിട്ടാണോ? എങ്ങനെ ഞാൻ അക്ഷമനാകാതിരിക്കും? എന്നെ നോക്കി നിങ്ങൾ സംഭീതരാകുവിൻ. കൈകൊണ്ട് വായ പൊത്തുവിൻ. അതേപ്പറ്റി ചിന്തിക്കുമ്പോൾ ഞാൻ ഞെട്ടിപ്പോകുന്നു; എന്റെ ശരീരം വിറകൊള്ളുന്നു" (21:4-6). അതിനുശേഷം പരമ്പരാഗതതത്ത്വങ്ങൾക്ക് വിശദീകരിക്കാൻ കഴിയാത്ത കുറേ അനുഭവങ്ങൾ വിശദീകരിക്കാൻ ജോബ് അവരോട് ആവശ്യപ്പെടുന്നു: "ദുഷ്ടന്മാർ ജീവിച്ചിരിക്കുന്നത് എന്തുകൊണ്ട്? അവർ വാർദ്ധക്യം പ്രാപിക്കുകയും ശക്തരാവുകയും ചെയ്യുന്നതെന്തുകൊണ്ട്? സന്തതിപരമ്പരകൾ അഭിവൃദ്ധിപ്പെടുന്നതുകാണാൻ അവർ ജീവിച്ചിരിക്കുന്നു. അവരുടെ ഭവനങ്ങൾ ഭയമറിയാതെ സുരക്ഷിതമായിരിക്കുന്നു. ദൈവത്തിന്റെ ശിക്ഷാദണ്ഡ് അവരുടെമേൽ പതിച്ചിട്ടില്ല" (21:7-9; 7-33).

"ദൈവം അവരുടെ അകൃത്യങ്ങൾ അവരുടെ സന്താനങ്ങൾക്കു വേണ്ടി കരുതി വയ്ക്കുന്നു എന്നു നിങ്ങൾ പറയുന്നു. അവർ അറിയുന്നതിന് അവിടുന്ന് അവർക്കുതന്നെ പ്രതിഫലം നല്കിയിരുന്നെങ്കിൽ!" (21:19).

"ഐശ്വര്യപൂർണ്ണനായ, ക്ലേശരഹിതനായ, സുരക്ഷിതനായ ഒരുവൻ മരിക്കുന്നു. അവന്റെ ശരീരം മേദസ്സുറ്റതും മജ്ജ അയവുള്ളതുമാണ്. ഒരിക്കലും സുഖം ആസ്വദിച്ചിട്ടില്ലാത്ത മറ്റൊരുവൻ അസ്വസ്ഥനായി മരിക്കുന്നു. ഇരുവരും ഒന്നുപോലെ പൊടിയിൽക്കിടക്കുന്നു; പുഴ അവരെ പൊതിയുന്നു" (21:23-26).

"നിങ്ങൾ വഴിപോക്കനോടു ചോദിച്ചറിഞ്ഞിട്ടില്ലേ? ദുഷ്ടൻ വിനാശത്തിന്റെ ദിനങ്ങളിൽ ഒഴിവാക്കപ്പെടുന്നു; ക്രോധത്തിന്റെ നാളുകളിൽ അവൻ രക്ഷിക്കപ്പെടുന്നു എന്ന അവരുടെ സാക്ഷ്യം നിങ്ങൾ സ്വീകരിച്ചിട്ടില്ലേ?" (21:29-30).

ജ്ഞാനതത്ത്വങ്ങൾക്ക് വിശദീകരിക്കാൻ കഴിയാത്ത ഈ വിധത്തിലുള്ള കുറെ അനുഭവങ്ങൾ വിവരിച്ചതിനുശേഷം ജോബ് പറയുന്നതിങ്ങനെയാണ്: "അർത്ഥശൂന്യമായ വാക്കുകൾകൊണ്ട് നിങ്ങളെന്നെ ആശ്വസിപ്പിക്കുന്നതെങ്ങനെ? നിങ്ങളുടെ മറുപടി കപടമാണ്" (21:34). അവരുടെ ജ്ഞാനം വികലമാണെന്നർത്ഥം.

ദൈവത്തിന്റെ പ്രവൃത്തികൾ തനിക്കറിയാമെന്ന് കരുതിയ എലിഫാസ് അപ്പോൾ ജോബിനെ പ്രത്യക്ഷമായിത്തന്നെ കുറ്റപ്പെടുത്തി. കഠിനമായ ഭാഷയിൽ അവൻ, ജോബ് ചെയ്തു എന്നവൻ കരുതുന്ന കുറ്റങ്ങളെല്ലാം വിളിച്ചുപറഞ്ഞു (22:5-9). അവന്റെ ജോബിനോടുള്ള ചോദ്യമിതാണ്: "നിന്റെ ഭക്തി നിമിത്തമാണോ അവിടുന്ന് നിന്നെ ശാസിക്കുകയും നിന്റെമേൽ ന്യായവിധി നടത്തുകയും ചെയ്യുന്നത്?" (22:4); ജോബിനോട് അവനുപറയാനുള്ളതിതാണ്: "നിന്നെ കെണികൾ വലയം ചെയ്തിരിക്കുന്നു. ക്ഷിപ്രഭീതി നിന്നെ കീഴ്പ്പെടുത്തിയിരിക്കുന്നു. നിനക്ക് കാണാൻ കഴിയാത്തവിധം നിന്റെ പ്രകാശം അന്ധകാരമായിരിക്കുന്നു; പെരുവെള്ളം നിന്നെ മൂടിയിരിക്കുന്നു" (22:10-11). തുടർന്ന് താൻ വിശ്വസിക്കുന്ന ജ്ഞാനതത്ത്വത്തെ ഒരിക്കൽക്കൂടി എലിഫാസ് പ്രഖ്യാപിച്ചു: "നീതിമാന്മാർ അവരുടെ അവസാനംകണ്ട് സന്തോഷിക്കുന്നു" (22:19); "നിരപരാധനെ അവിടുന്ന് രക്ഷിക്കുന്നു; നിന്റെ കരങ്ങളുടെ നൈർമ്മല്യം മൂലം നീ രക്ഷിക്കപ്പെടും" (22:30). അതുകൊണ്ട് ജോബിനുള്ള അവന്റെ ഉപദേശമിതാണ്: "ദൈവവുമായി രമ്യതയിലായി സമാധാനത്തിൽ കഴിയുക. അപ്പോൾ നിനക്ക് നന്മവരും. അവിടുത്തെ അധരങ്ങളിൽ നിന്ന് ഉപദേശം സ്വീകരിക്കുക; അവിടുത്തെ വാക്കുകൾ നിന്റെ ഹൃദയത്തിൽ സൂക്ഷിക്കുക; സർവ്വശക്തന്റെ സന്നിധിയിലേയ്ക്ക് തിരിച്ചുവരുകയും നിന്നെത്തന്നെ എളിമപ്പെടുത്തുകയും ചെയ്യുമെങ്കിൽ, നിന്റെ കൂടാരത്തിൽനിന്ന് അനീതിയെ നീ അകറ്റിക്കളയുമെങ്കിൽ, സ്വർണ്ണത്തെ പൊടിയിലും, ഓഫീർപൊന്നിനെ നദീതടത്തിലെ കല്ലുകൾക്കിടയിലും എറിയുമെങ്കിൽ, സർവ്വശക്തൻ നിനക്ക് സ്വർണ്ണവും വിലപിടിച്ച വെള്ളിയും ആകുമെങ്കിൽ, നീ

സർവ്വശക്തനിൽ ആനന്ദിക്കുകയും ദൈവത്തിന് നേരെ മുഖമുയർത്തുകയും ചെയ്യും; നീ അവിടുത്തോട് പ്രാർത്ഥിക്കുകയും, അവിടുന്ന് ശ്രവിക്കുകയും ചെയ്യും; നിന്റെ നേർച്ചകൾ നീ നിറവേറ്റും; നീ തീരുമാനിക്കുന്ന കാര്യം നിനക്ക് സാധിച്ചുകിട്ടും; നിന്റെ പാതകൾ പ്രകാശിതമാകും" (22:22–28). ഈ ചിന്താഗതിയുടെ അടിസ്ഥാനമെന്തെന്നും അവൻ പറയുന്നു: "എന്തെന്നാൽ ദൈവം അഹങ്കാരിയെ താഴ്ത്തുകയും എളിയവനെ രക്ഷിക്കുകയും ചെയ്യും. നിരപരാധനെ അവിടുന്ന് രക്ഷിക്കുന്നു; നിന്റെ കരങ്ങളുടെ നൈർമ്മല്യം മൂലം നീ രക്ഷിക്കപ്പെടും" (22:29–30). ഈ പ്രസ്താവനകളിലൂടെ ദൈവത്തിന്റെ ചിന്തകൾ തങ്ങൾക്കറിയാമെന്നും അനുഭവത്തിലൂടെയാണ് തങ്ങൾ അത് കൈവരിച്ചതെന്നും കരുതുന്ന ജോബിന്റെ സുഹൃത്തുക്കൾ വാദിക്കുകയായിരുന്നു.

ദൈവത്തിന്റെ ചിന്താഗതിയും, പ്രവർത്തനരീതികളും തങ്ങൾക്കറിയാമെന്ന ഭാവത്തിൽ പരമ്പരാഗതസൂക്തങ്ങളെ അനിഷേധ്യ പ്രമാണങ്ങളായി ആവർത്തിച്ച് പ്രഖ്യാപിച്ചുകൊണ്ടിരിക്കുന്ന സുഹൃത്തുക്കളോട് ഇപ്പോൾ ജോബിന് പറയാനുള്ളത് ദൈവത്തിന്റെ പ്രവൃത്തികൾ മനുഷ്യന് അനുഗ്രഹമാണെന്നാണ്. ദൈവത്തെ കണ്ടുമുട്ടാൻ കഴിഞ്ഞിരുന്നെങ്കിൽ താൻ എല്ലാമറിയുന്ന അവനുമായി ന്യായവാദം നടത്തുമായിരുന്നു എന്ന് ജോബ് പറയുന്നു (23:3–4). ദൈവം തന്റെ വാക്കുകൾ ശ്രവിക്കുമെന്ന് ജോബിന് ഉറച്ച ബോധ്യമുണ്ട് (23:6–7).

ജീവിതാനുഭവങ്ങളിലേയ്ക്ക് നോക്കിയാൽ ദൈവം മനുഷ്യന് അഗ്രാഹ്യനാണെന്നും അവിടുത്തെചിന്തകൾ മനുഷ്യചിന്തകൾക്കതീതമാണെന്നും മനസ്സിലാക്കാൻ കഴിയുമെന്ന് ജോബ് സുഹൃത്തുക്കളോട് പറയുന്നു. മുമ്പോട്ടുപോയാലും പുറകോട്ടുപോയാലും, ഇടത്തോട്ടോ വലത്തോട്ടോ പോയാലും ദൈവത്തെ കണ്ടെത്തുക പ്രയാസമാണ് (23:8–9): "അവിടുന്ന് മാറ്റമില്ലാത്തവനാണ്. അവിടുത്തെ പിന്തിരിപ്പിക്കാൻ ആർക്ക് കഴിയും? താൻ ആഗ്രഹിക്കുന്നത് അവിടുന്ന് ചെയ്യും" (23:13). ദൈവത്തിന് ഓരോരുത്തരെക്കുറിച്ചും ഓരോ പദ്ധതിയുണ്ട്. അതുകൊണ്ട് താൻ അവനെക്കുറിച്ച് ചിന്തിക്കുമ്പോൾ യഥാർത്ഥത്തിൽ വിറകൊള്ളുകയാണ് (23:14–15). ദൈവം അഗ്രാഹ്യനാണെന്നും ചില തത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ ദൈവത്തിന്റെ ചിന്തകളെ പരിമിതപ്പെടുത്താൻ കഴിയുകയില്ല എന്നും കാണിക്കാൻ, തന്റെ സുഹൃത്തുക്കളോട് കുറെ ചോദ്യങ്ങൾ ചോദിക്കുകയാണ് ജോബ് തുടർന്ന് ചെയ്യുന്നത് (24:1–12): "നഗരത്തിൽ മരിക്കുന്നവരുടെ ഞരക്കം കേൾക്കുന്നു. മുറിവേറ്റവരുടെ പ്രാണൻ സഹായത്തിനുവേണ്ടി കേഴുന്നു; എന്നിട്ടും ദൈവം അവരുടെ പ്രാർത്ഥന ശ്രവിക്കുന്നില്ല" (24:12).

ജോബിന്റെ ജീവിതാനുഭവങ്ങളിൽനിന്ന് ഉരുത്തിരിഞ്ഞ ചോദ്യങ്ങൾക്ക് മറുപടിയായി കൂടുതലായി എന്തെങ്കിലും പറയാൻ അവന്റെ സുഹൃത്തുക്കൾക്കില്ലായിരുന്നു. അതുകൊണ്ട് അഗ്രാഹ്യനായ ദൈവത്തിന്റെ മുമ്പിൽ ആർക്കും നീതിമാനാകാൻ കഴിയില്ല എന്നും സ്ത്രീയിൽനിന്ന് ജനിച്ചവന് നിർമ്മലനാകാൻ കഴിയില്ല എന്ന പൊതുതത്ത്വവും ഒരിക്കൽക്കൂടി പ്രസ്താവിക്കുക മാത്രമാണ് ബിൽദാദ് ചെയ്യുന്നത് (25:4).

അതിന് ജോബിന്റെ മറുപടി ഒരു നീണ്ട പ്രസംഗമാണ്. ഈ പ്രസംഗത്തിൽ ദൈവം ചെയ്യുന്ന മഹത്തരങ്ങളായ പല കാര്യങ്ങളും വിവരിച്ചതിന് ശേഷം "അവിടുത്തെപ്പറ്റി എത്ര നേരിയ ഒരു സ്വരം മാത്രമാണ് നാം കേട്ടിട്ടുള്ളത് എന്നും അവിടുത്തെ ശക്തിയുടെ ഇടിമുഴക്കത്തെ ആർക്ക് ഗ്രഹിക്കാൻ കഴിയുമെന്നും" ജോബ് ചോദിക്കുന്നു (26:1-14). തുടർന്ന് ജോബ് തന്റെ സുഹൃത്തുക്കളുടെ അല്പജ്ഞാനത്തിലുള്ള അഹങ്കാരത്തെ കുറ്റപ്പെടുത്തുകയും ദൈവത്തിലുള്ള തന്റെ പ്രത്യാശ ഏറ്റുപറയുകയും ചെയ്യുന്നു: "എനിക്ക് മനോവ്യസനം വരുത്തിയ സർവ്വശക്തനാണേ, എന്നിൽ ശ്വാസം ഉള്ളിടത്തോളംകാലം ദൈവത്തിന്റെ ചൈതന്യം എന്റെ നാസികയിൽ ഉള്ളിടത്തോളംകാലം എന്റെ അധരം വ്യാജം പറയുകയില്ല. എന്റെ നാവ് വഞ്ചന ഉച്ചരിക്കുകയില്ല. നിങ്ങൾ പറയുന്നത് ശരിയാണെന്ന് ഞാൻ ഒരിക്കലും പറയുകയില്ല. മരിക്കുവോളം ഞാൻ നിഷ്കളങ്കത വെടിയുകയുമില്ല. നീതിനിഷ്ഠയെ ഞാൻ മുറുകെപ്പിടിക്കും. അത് കൈവിട്ടുപോകാൻ സമ്മതിക്കുകയുമില്ല. എന്റെ ഹൃദയം കഴിഞ്ഞുപോയ ഒരു ദിവസത്തെപ്രതിപോലും എന്നെ കുറ്റപ്പെടുത്തുന്നില്ല" (27:1-6). ജോബ് തുടർന്നു: "ദൈവം അധർമ്മിയെ വെട്ടിനീക്കുമ്പോൾ അവൻ പ്രത്യാശയില്ലാത്തവനാണ്; ദൈവം അവന്റെ നിലവിളി ശ്രവിക്കുകയുമില്ല; അവന് സർവ്വശക്തനിൽ ആനന്ദം കണ്ടെത്താൻ കഴിയുകയുമില്ല" (27:8-10). താനാകട്ടെ ദൈവത്തിൽ ഇന്നും പ്രത്യാശയുള്ളവനാണ്. ദൈവത്തിന്റെ കാര്യങ്ങൾ പഠിപ്പിക്കുന്നവനും അവന്റെ ഉദ്ദേശങ്ങളെ മറച്ചുവയ്ക്കാത്തവനുമാണ് (27:11). ദൈവത്തിന്റെ പ്രവൃത്തികൾ അഗ്രാഹ്യങ്ങളാണെന്നറിഞ്ഞിട്ടും നിങ്ങളെന്തിനാണ് അത് മറച്ചുവയ്ക്കുന്നതെന്ന് അവൻ സുഹൃത്തുക്കളോട് ചോദിക്കുന്നു (27:12).

ഇതേത്തുടർന്ന് ജോബ് നടത്തുന്നത്, യഥാർത്ഥ ജ്ഞാനമെന്തെന്ന് സ്ഥാപിക്കുന്ന ഒരു പ്രസംഗമാണ്. ജ്ഞാനികളെന്നു കരുതുന്ന സുഹൃത്തുക്കൾക്ക് ജോബ് യഥാർത്ഥ ജ്ഞാനമെന്തെന്ന് ഉപദേശിച്ചുകൊടുക്കുന്നു. അവന്റെ സുഹൃത്തുക്കൾ പറഞ്ഞ "ദുഷ്ടന് ശിക്ഷയുണ്ടാകുമെന്ന തത്ത്വത്തെ പലവിധം അടിവരയിട്ട് പ്രസ്ഥാപിച്ചതിനുശേഷം (27:13-23) മൃഗങ്ങളിൽനിന്ന് വ്യത്യസ്തമായി മനു

ഷ്യന് പ്രപഞ്ചത്തിൽ കൈവരിക്കാൻ കഴിയുന്ന ജ്ഞാനത്തെക്കുറിച്ചും, അറിവിനെക്കുറിച്ചും പ്രസ്താവിക്കുന്നു (28:1-11); മനുഷ്യന് പല വലിയ കാര്യങ്ങളും സാധ്യമാണെങ്കിലും യഥാർത്ഥജ്ഞാനത്തെ കണ്ടെത്താൻ അവന് സ്വയമേ കഴിയുകയില്ലെന്ന് ജോബ് കരുതുന്നു: "എന്നാൽ ജ്ഞാനം എവിടെ കണ്ടെത്തും; അറിവിന്റെ സ്ഥാനം എവിടെ? അങ്ങോട്ടുള്ള വഴി മനുഷ്യൻ അറിയുന്നില്ല; ജീവിക്കുന്നവരുടെ നാട്ടിൽ അത് കണ്ടുകിട്ടുകയുമില്ല" (28:12-13); "അപ്പോൾ ജ്ഞാനം എവിടെ നിന്ന് വരുന്നു, അറിവ് എവിടെ സ്ഥിതിചെയ്യുന്നു? ജീവിക്കുന്നവരുടെ കണ്ണിൽനിന്ന് അത് മറയ്ക്കപ്പെട്ടിരിക്കുന്നു; ആകാശപ്പറവകൾക്കും അത് അഗോചരമാണ്" (28:20-21). യഥാർത്ഥ ജ്ഞാനത്തിലേയ്ക്കുള്ള വഴി അതിന്റെ സ്രഷ്ടാവായ ദൈവം മാത്രമേ അറിയുന്നുള്ളു (28:23-27). ദൈവം മനുഷ്യനോട് ജ്ഞാനത്തെക്കുറിച്ച് പറയുന്നതിതാണ്: "ജ്ഞാനം കർത്താവിനോടുള്ള ഭക്തിയാണ്; തിന്മയിൽനിന്ന് അകലുന്നതാണ് വിവേകം" (28:28).

ജ്ഞാനത്തെക്കുറിച്ചുള്ള ഈ വലിയ ഉൾക്കാഴ്ച നല്കിയതിനുശേഷം ജോബ് തന്റെ പഴയകാല മഹത്ത്വത്തെ ഓർമ്മയിലേയ്ക്ക് കൊണ്ടുവരുന്നുണ്ട് (29:1-17). അന്ന് താൻ വിശ്വസിച്ചിരുന്ന പഴയ ജ്ഞാനപ്രമാണം വിശദീകരിക്കുകയും ചെയ്യുന്നു: "അപ്പോൾ ഞാൻ വിചാരിച്ചു ഞാൻ എന്റെ വസന്തിയിൽവച്ച് മരിക്കുകയും, മണൽത്തരിപോലെ എന്റെ ദിനങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യും. എന്റെ വേരുകൾ നീരുറവകളിൽ എത്തിയിരിക്കുന്നു. രാത്രിമുഴുവൻ എന്റെ ശാഖകളിൽ മഞ്ഞുതുള്ളികൾ പൊഴിയുന്നു. എന്റെ മഹത്ത്വം എന്നും പുതുമ നശിക്കാത്തതും, എന്റെ വില്ല് എന്റെ കൈയിൽ എന്നും പുതിയതുമാണ് (29:18-20). ഒരിക്കൽക്കൂടി ഇപ്രകാരം തനിക്ക് സമൂഹത്തിലുണ്ടായിരുന്ന വലിയ സ്ഥാനമാനങ്ങളെ ഓർമ്മിച്ചതിനുശേഷം (29:21-25) തന്റെ ഇപ്പോഴത്തെ നിസ്സഹായാവസ്ഥയും സമൂഹത്തിലെ അവഹേളനവും വിശദീകരിക്കുന്നു (30:1-10). കാരണം ദൈവം ജോബിന്റെ വില്ലിന്റെ ഞാൺ അയച്ചുകളയുകയും, അവനെ എളിമപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ദൈവം തനിക്കൊരുത്തരവും നൽകുന്നില്ല (30:20); ദൈവം തന്നെ കരബലംകൊണ്ട് പീഡിപ്പിക്കുകയാണെന്ന് ജോബ് പറയുന്നു. താൻ ഒരിക്കലും തിന്മ പ്രവർത്തിച്ചിട്ടില്ലെന്നും, അതിനാൽ താൻ നന്മ പ്രതീക്ഷിച്ചെങ്കിലും തിന്മമാത്രമാണ് വന്നുകൂടിയതെന്നുള്ളതാണ് ജോബിന്റെ ഇപ്പോഴത്തെ അനുഭവം: "എന്നാൽ ഞാൻ നന്മ അന്വേഷിച്ചപ്പോൾ തിന്മ കൈവന്നു; ഞാൻ പ്രകാശം കാത്തിരുന്നപ്പോൾ അന്ധകാരം വന്നു. എന്റെ ഹൃദയം പ്രക്ഷുബ്ധമായിരിക്കുന്നു; അതൊരിക്കലും പ്രശാന്തമല്ല. പീഡയുടെ ദിനങ്ങൾ എന്നെ പിടികൂടിയിരിക്കുന്നു. എന്റെ ശരീരം ഇരുണ്ട് പോയി; എന്നാൽ വെയിൽ ഏറ്റിട്ടില്ല; ഞാൻ സഭ

യിൽ എഴുന്നേറ്റ് നിന്ന് സഹായത്തിനുവേണ്ടി നിലവിളിക്കുന്നു. ഞാൻ കുറുക്കന്മാരുടെ സഹോദരനും, ഒട്ടകപക്ഷിയുടെ സ്നേഹിതനുമായിരിക്കുന്നു. എന്റെ ചർമ്മം കറക്കുകയും, പൊളിഞ്ഞുപോവുകയും ചെയ്യുന്നു. എന്റെ അസ്ഥികൾ ചൂടുകൊണ്ട് ദഹിക്കുന്നു. എന്റെ വീണാനാദം വിലാപമായും എന്റെ കുഴൽനാദം കരച്ചിലായും മാറിയിരിക്കുന്നു (30:26-31).

പ്രവൃത്തികൾക്കനുസരിച്ച് പ്രതിഫലം ലഭിക്കുമെന്ന തത്ത്വത്തെ സാധൂകരിക്കുന്നതിനുവേണ്ടി ജോബിന്റെ സുഹൃത്തുക്കളുടെ ശക്തമായ വാദം ഈ തത്ത്വം എപ്രകാരം ഒരു പ്രമാണമായിത്തീരുന്നു എന്നാണ് കാണിക്കുന്നത്. ജോബിന്റെ അനുഭവമാകട്ടെ അത് തിരുത്തേണ്ടതാണെന്ന് വ്യക്തമാക്കുന്നു. താൻ എന്തെങ്കിലും തിന്മപ്രവർത്തിച്ചിട്ടുണ്ടെങ്കിൽ ദൈവം തന്നെ ശിക്ഷിച്ചുകൊള്ളട്ടെയെന്ന് ജോബ് പറയുന്നു. തന്റെ ശത്രുക്കളുടെ നാശത്തിൽപോലും ജോബ് സന്തോഷിച്ചിട്ടില്ല (31:1-40). ദൈവം തന്റെ പ്രവൃത്തികളുടെ കണക്ക് ചോദിച്ചിരുന്നെങ്കിൽ താനതിന്റെ കണക്ക് ബോധിപ്പിക്കുമായിരുന്നു (31:37); ഇങ്ങനെ പറയുമ്പോഴും താൻ ദൈവത്തെക്കുറിച്ചുള്ള ഭീതിയാൽ നിറഞ്ഞിരിക്കുകയാണെന്ന് ജോബ് പ്രഖ്യാപിക്കുന്നു (31:23).

ജോബിന്റെയും സുഹൃത്തുക്കളുടെയും ചർച്ച ഇപ്രകാരം വഴിമുട്ടിയ അവസരത്തിൽ എവിടെനിന്നെന്നറിയാതെ മറ്റൊരു കഥാപാത്രം (എലീഹു) രംഗപ്രവേശം ചെയ്യുന്നു. 32:1-6 എലീഹുവിനെ അവതരിപ്പിക്കുന്നത് ഇപ്രകാരമാണ്: "ജോബിന് താൻ നീതിമാനാണെന്ന് തോന്നിയതുകൊണ്ട് ഈ മൂന്നുപേരും തങ്ങളുടെ വാദം മതിയാക്കി. റാം കുടുംബത്തിൽപ്പെട്ട ബൂസ്യനായ ബറാഖേലിന്റെ പുത്രൻ എലീഹു കോപിഷ്ഠനായി. ദൈവത്തെക്കാൾ തന്നെത്തന്നെ നീതികരിച്ചതുകൊണ്ട്, ജോബിന്റെ നേരെ അവന്റെ കോപം വർദ്ധിച്ചു. ജോബ് തെറ്റ് ചെയ്തെന്ന് മൂന്ന് സ്നേഹിതന്മാരും പ്രഖ്യാപിച്ചെങ്കിലും തക്ക മറുപടി നൽകാൻ കഴിയാത്തതുകൊണ്ട് അവരോടും അവൻ കോപിച്ചു. അവർ തന്നെക്കാൾ പ്രായമുള്ളവരായതുകൊണ്ട് ഏലിഹു മറുപടിപറയാതെ കാത്തിരുന്നു. എന്നാൽ അവർ മൂന്നുപേരും മറുപടി പറയുന്നില്ലെന്ന് കണ്ടപ്പോൾ അവൻ കുപിതനായി. ബൂസ്യനായ ബറാഖേലിന്റെ പുത്രൻ എലീഹു മറുപടി പറഞ്ഞു" (32:1-6).

പ്രായാധിക്യം അനുഭവങ്ങളിലൂടെ ജ്ഞാനം വർദ്ധിപ്പിക്കുമെന്ന ഇതുവരെയുള്ള ജ്ഞാനത്തെക്കുറിച്ചുള്ള ചിന്തകളെ തകിടം മറിച്ചുകൊണ്ട് യുവാവായ എലീഹു പറയുന്നതിങ്ങനെയാണ്: "ഞാൻ ചിന്തിച്ചു, പ്രായം സംസാരിക്കുകയും, പ്രായാധിക്യം ജ്ഞ്ഞാനം പകരുകയും ചെയ്യട്ടെ. എന്നാൽ മനുഷ്യനിലെ ചൈതന്യം, സർവ്വശക്തന്റെ ശ്വാസമാണ് അവന് ജ്ഞാനം നൽകുന്നത്. പ്രായാധിക്യം

ജ്ഞാനം പ്രദാനം ചെയ്യുന്നില്ല, ദീർഘായുസ്സ് വിവേകവും" (32:76-9). തുടർന്ന് ജോബിനെ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കാൻ കഴിയാതെ പോയ ജ്ഞാനഗുരുക്കളുടെ വക്താക്കളായ ജോബിന്റെ സുഹൃത്തുക്കളെ എലീഹു കുറ്റപ്പെടുത്തുന്നു. അവർക്ക് ആവശ്യമായ ഉത്തരം നൽകാതെ അവരെ ബലഹീനരാക്കിയത് ദൈവമാണെന്ന് എലീഹു പറയുന്നു (32:12-14). യഥാർത്ഥജ്ഞാനമെന്താണെന്ന് വിശദീകരിക്കാൻ കഴിയാതെപോയ സുഹൃത്തുക്കളോടും, സ്വയം നീതികരിച്ച ജോബിനോടും സംസാരിക്കാൻ എലീഹു വെമ്പൽകൊള്ളുകയായിരുന്നു. അവൻ ജോബിന്റെ സ്വയം നീതികരണത്തെയും, സുഹൃത്തുക്കളുടെ അജ്ഞതയെയും കുറ്റപ്പെടുത്തി.

ജോബിന്റെ പരാതി ദൈവം ഭയാനകമായി തന്റെ ജീവിതത്തിൽ ഇടപെടുന്നുവെന്നും, അവിടുത്തോടുള്ള ഭയംനിമിത്തം എന്തെങ്കിലും പറയുക തനിക്ക് അസാധ്യമാണെന്നുമായിരുന്നു (23:1-17). അതുകൊണ്ട് എലീഹു പറയുന്നു താൻ കളിമണ്ണിൽനിന്ന് രൂപമെടുത്ത മനുഷ്യനാണ്; ദൈവത്തിനുവേണ്ടി സംസാരിക്കുന്ന തന്റെ മുമ്പിൽ ജോബ് ഭീതിദനാകേണ്ട കാര്യമില്ല (33:6-7). എലീഹു തുടർന്നു: ജോബ് പറയുന്നത്, താൻ കുറ്റമില്ലാത്ത നിർമ്മലനാണ്. കുറ്റമറ്റവനും നീതിമാനുമാണ് എന്ന്; ദൈവമാണ് തന്നെ ശത്രുവായി പരിഗണിക്കുന്നത് എന്നാണ് (33:9-11). അതിനുള്ള ഏലിഹുവിന്റെ മറുപടി ഇങ്ങനെയാണ്: "ദൈവം മനുഷ്യനെക്കാൾ ഉന്നതനാണ് (32:12). ദൈവം ഒരിക്കൽ ഒരു രീതിയിൽ പറയുന്നു. മറ്റൊരിക്കൽ മറ്റൊരു രീതിയിൽ പറയുന്നു. അതു ഗ്രഹിക്കാൻ മനുഷ്യന് കഴിയുന്നില്ല. ദൈവത്തിന്റെ പ്രവൃത്തികളെയും ചിന്തകളെയും മാനുഷികമായ നിർവചനങ്ങൾക്ക് കീഴെ കൊണ്ടുവരാൻ കഴിയില്ലെന്നർത്ഥം (33:14). മനുഷ്യന്റെ അഹങ്കാരം അവസാനിപ്പിക്കാനും, ദുർവൃത്തികളിൽനിന്ന് പിന്തിരിക്കാനും ദൈവം അവനെ ദർശനങ്ങളിലൂടെ ഭയപ്പെടുത്താറുണ്ട് (33:15-17). മനുഷ്യന് വേദന നൽകിക്കൊണ്ട് അവന് ശിക്ഷണം നൽകാറുണ്ട് (33:19); എല്ലാ വേദനകളും പാപത്തിനുള്ള ശിക്ഷയല്ലെന്നർത്ഥം. ഇപ്രകാരം ഏലിഹു പരമ്പരാഗത ജ്ഞാനതത്ത്വങ്ങളുടെ സൈദ്ധാന്തീകരണ പ്രവണതയെ തിരസ്കരിച്ചു എന്നുപറയാം. തന്റെ വേദനയിൽ ജോബ് ദൈവത്തിന്റെ സ്വരത്തിന് കാതോർക്കുകയാണാവശ്യമെന്ന് എലീഹു പറയുന്നു. അതായിരിക്കും വിജ്ഞാനദായകം (33:31-33).

ദൈവത്തിന്റെ പേരിലും, ദൈവത്തിന്റെ പ്രവൃത്തികളുമായി ബന്ധപ്പെട്ടവയുമായിരുന്നു ജോബിന്റെയും സുഹൃത്തുക്കളുടെയും ചർച്ചകൾ എല്ലാംതന്നെ. അതിനാൽ ദൈവം ആരാണ്, അവന്റെ പ്രവൃത്തികളെന്തെല്ലാമാണ് എന്നും, ജീവിതാനുഭവങ്ങളെ ഓരോരുത്തരും എങ്ങനെയാണ് സ്വീകരിക്കേണ്ടതെന്നും വിശദീകരിക്കുകയാണ് എ

ലീഹു അടുത്തതായി ചെയ്യുന്നത്. നീതി പ്രവർത്തിക്കുന്നതുകൊണ്ട് പ്രയോജനമൊന്നുമില്ല; അത് ഒരുവനെ ദൈവകരങ്ങളിൽനിന്ന് രക്ഷിക്കുന്നില്ല എന്നതായിരുന്നു ജോബിന്റെ പരാതി (34:9). എന്നാൽ ദൈവം ഒരിക്കലും അനീതി പ്രവർത്തിക്കുന്നില്ല; പ്രവൃത്തികൾക്കനുസരിച്ച് അവൻ പ്രതിഫലം നൽകുകയും ചെയ്യുന്നു (34:10-12). മനുഷ്യന്റെ ഓരോ പ്രവർത്തിയും ദൈവം ഉറ്റുനോക്കുകയും അവന് തക്ക പ്രതിഫലം നൽകുകയും ചെയ്യുന്നുണ്ട് (34:21-22,26). ദൈവത്തിന്റെ പ്രവൃത്തികൾ മനസ്സിലാകാത്ത മനുഷ്യർ അവിടുത്തെ തിരസ്കരിക്കുമെന്നു ഭയപ്പെട്ടുകൊണ്ട് ദൈവം തന്റെ പദ്ധതികൾ മനുഷ്യചിന്തയ്ക്കനുസരിച്ച് മാറ്റം വരുത്തുന്നവനല്ല. ഇത്രയും പരീക്ഷിക്കപ്പെട്ടപ്പോൾ, ദൈവത്തിനെതിരെ സംസാരിക്കാൻ മുതിർന്ന ജോബ് അവസാനംവരെ പരീക്ഷിക്കപ്പെട്ടെങ്കിൽ എന്തു സംഭവിക്കുമായിരുന്നു (34:36) എന്ന് എലീഹു ചോദിക്കുന്നു.

നീതിമാന് എന്ത് പ്രതിഫലം എന്നും പാപിയാകാതിരിക്കുന്നതിൽ എന്തുമെച്ചമെന്നും ജോബ് ചോദിക്കുന്നു (35:1-3). മനുഷ്യരിലൊരുവൻ നീതിമാനോ ദുഷ്ടനോ ആകുന്നതുകൊണ്ട് ദൈവത്തിന് നേട്ടമൊന്നുമില്ല എന്നതാണു സത്യം. അവൻ മനുഷ്യനെക്കാൾ വലിയവനാണ്, അതീതനാണ്. മനുഷ്യന്റെ നന്മയും തിന്മയും അവനെപ്പോലുള്ള മറ്റു മനുഷ്യരെ ബാധിക്കുമെന്നേയുള്ളൂ (35:7-8). ദൈവം തന്ന ജീവിതം അതായിരിക്കുന്നവിധത്തിൽ അംഗീകരിക്കാത്ത ജോബിന്റെ വിജ്ഞാനം പൊള്ളവാക്കുകളാണെന്ന് ഏലിഹു തുടരെത്തുടരെ ഓർമ്മിപ്പിക്കുന്നു (33:12; 34:7-9,35; 35:16). താനൊരു യഥാർത്ഥ ജ്ഞാനിയാണ് അതുകൊണ്ട് തന്റെ വാക്കിന് ചെവികൊടുക്കാൻ ആവശ്യപ്പെട്ടശേഷം, എലീഹു ജ്ഞാനം പകർന്നുകൊടുക്കുകയാണ്. ദൈവത്തിന്റെ നീതി മനുഷ്യന് അഗ്രാഹ്യമാണ്. അവിടുന്ന് ദുഷ്ടനെ വകവരുത്തുന്നു; ദുഃഖിതരുടെ അവകാശം സംരക്ഷിക്കുകയും ചെയ്യുന്നു; അവിടുന്ന് നീതിമാന്മാരിൽനിന്ന് തന്റെ കടാക്ഷം പിൻവലിക്കുന്നില്ല (36:6-7); അധർമ്മികളിൽനിന്ന് കോപം ഒഴിയുന്നില്ല; അവർ പീഡകളിൽ ദൈവത്തിന്റെ സഹായം അപേക്ഷിക്കുന്നുമില്ല (36:13). പീഡിതരെ അവരുടെ പീഡകൾകൊണ്ടുതന്നെ രക്ഷിക്കുകയും, ദുരിതങ്ങൾകൊണ്ട് അവരുടെ ചെവിതുറക്കുകയും ചെയ്യുന്നു എന്നതാണ് സത്യം.

ജോബിനെ അവന്റെ കഷ്ടതകളിലൂടെ ഞെരുക്കമില്ലാത്ത വിജ്ഞാനത്തിന്റെ വിശാലസ്ഥലത്തേക്ക് ആകർഷിക്കാനാണ് ദൈവം ശ്രമിച്ചത് (36:15-16). ദൈവഹിതം പൂർണമായി സ്വീകരിക്കാൻ വിസമ്മതിക്കുന്നതിലൂടെ ദൈവത്തിന്റെ ആ വലിയ പദ്ധതിയാണ് പരാജയപ്പെട്ടത് (36:17). സ്വന്തമായ വിലയിരുത്തലുകൾ പരിഹാസത്തിലേയ്ക്കാണ് നയിക്കുക. ജോബ് ചെയ്ത നന്മപ്രവൃത്തി

കളുടെ എണ്ണമോ വലുപ്പമോ പരിഗണിക്കുക എന്നതിനെക്കാൾ കൂടുതൽ ആവശ്യം ദൈവംതരുന്ന ജീവിതം പൂർണമനസ്സോടെ സ്വീകരിക്കുകയെന്നതാണ് (36:18–19). കാരണം നമുക്ക് ഗ്രഹിക്കാനാവാത്തവിധം മഹോന്നതനാണ് ദൈവം (36:26). അവന്റെ പ്രവൃത്തികൾ ഗ്രഹിക്കാൻ മനുഷ്യന് സാധ്യമല്ല (36:29–33): "നമുക്ക് അഗ്രാഹ്യമായ വൻകാര്യങ്ങൾ അവിടുന്ന് പ്രവർത്തിക്കുന്നു" (37:5, 14,15).

തുടർന്ന് ദൈവത്തിന്റെ പ്രവൃത്തികൾ അഗ്രാഹ്യമാണെന്ന് കാണിക്കാൻ വേണ്ടി ഉത്തരമില്ലാത്ത കുറെ ചോദ്യങ്ങൾ എലീഹു ജോബിനോട് ചോദിക്കുന്നു: "ജ്ഞാനസമ്പൂർണനായ ദൈവത്തിന്റെ അത്ഭുതപ്രവൃത്തികൾമൂലം മേഘങ്ങൾ എങ്ങനെ മുകളിൽ തങ്ങിനില്ക്കുന്നുവെന്ന് നിനക്കറിയാമോ? തെക്കൻ കാറ്റുകൊണ്ടു ഭൂമി മരവിച്ചിരിക്കുമ്പോൾ നിന്റെ വസ്ത്രങ്ങൾ ചൂടുപിടിക്കുന്നതെങ്ങനെ? ലോഹദർപ്പണംപോലെ ഉറപ്പുള്ള ആകാശത്തെ വിരിച്ചു നിർത്താൻ അവിടുത്തെപ്പോലെ നിനക്ക് സാധിക്കുമോ?" (37:14–21). എലീഹു തന്റെ പ്രഭാഷണം അവസാനിപ്പിക്കുന്നത് താഴെവരുന്ന വാക്കുകളോടെയാണ്: "സർവ്വശക്തൻ നമുക്ക് അദൃശ്യനാണ്. ശക്തിയിലും നീതിയിലും അവിടുന്ന് ഉന്നതനാണ്. അവിടുന്ന് ഉദാരമായ നീതിനിർവ്വഹണത്തിന് ഭംഗം വരുത്തുന്നില്ല. ആകയാൽ മനുഷ്യൻ അവിടുത്തെ ഭയപ്പെടുന്നു; ജ്ഞാനികളെന്ന് ഭാവിക്കുന്നവരെ അവിടുന്ന് ഗണിക്കുന്നില്ല" (37:23–24). ദൈവത്തിന്റെ പ്രവൃത്തികൾ മനുഷ്യന് അഗ്രാഹ്യമായതിനാലും, ദൈവം അദൃശ്യനായതിനാലും, ദൈവം നീതിമാനാകയാലും, അവനിൽ പൂർണ്ണമായി വിശ്വാസമർപ്പിച്ച്, അവൻ തരുന്ന ജീവിതം പൂർണമനസ്സോടെ അംഗീകരിക്കുന്നവനാണ് വിജ്ഞാനി എന്ന് എലീഹു സ്ഥാപിക്കുന്നു.

ജോബിന്റെ പീഡാസഹനങ്ങൾ വിശദീകരിക്കാൻ അവന്റെ സുഹൃത്തുക്കൾ ശ്രമിച്ചപ്പോൾ, ആ വൃദ്ധജ്ഞാനികളുടെ അറിവ് പൊള്ളയാണെന്ന് ജോബ് കാണുകയും, അതിന് ജീവിതാനുഭവങ്ങളെ മുഴുവൻ വിശദീകരിക്കാൻ കഴിവില്ലെന്ന് അറിയുകയും ചെയ്തു. താൻ നീതിമാനാകയാലും, തന്റെ പ്രവൃത്തികൾ കുറ്റമറ്റതാകയാലും, താൻ ഇന്നും ദൈവത്തിൽ പ്രത്യാശയുള്ളവനാകയാലും, തന്റെ അനുഭവസമ്പത്ത് തന്റെ സുഹൃത്തുക്കളെക്കാൾ അധികമായതിനായാലും, തന്റെ വിജ്ഞാനം അതിനെക്കാൾ മെച്ചമാണ് എന്ന് ജോബ് കരുതിയിരുന്നു. ആ ജോബിനെയാണ് ദൈവത്തിന്റെ സ്ഥാനത്ത് നിന്നുകൊണ്ട് എലീഹു ജ്ഞാനം ഉപദേശിച്ചുകൊടുക്കുകയും അവന്റെ ചിന്താഗതികൾ ഒരു യഥാർത്ഥ ജ്ഞാനിയുടേതല്ല എന്ന് കാണിച്ചുകൊടുക്കുകയും ചെയ്തത്.

ഇത്രയുമായപ്പോൾ ദൈവംതന്നെ ചുഴലിക്കാറ്റിൽ ജോബിനോട് സംസാരിക്കാനും അവനെ അഭിമുഖീകരിക്കാനുമായി ഇറങ്ങിവന്നു.

പ്രപഞ്ചത്തിൽ മനുഷ്യൻ എന്നും കാണുന്നതും എന്നാൽ കാരണവും ഉത്തരവും അറിയാത്തതും ഉത്തരമറിയാവുന്നവ സ്വന്തം അജ്ഞത വെളിപ്പെടുത്തുന്നതുമായ ചോദ്യങ്ങൾ ചോദിച്ചുകൊണ്ട് ദൈവം ജോബിന് അവന്റെ അജ്ഞത കാണിച്ചുകൊടുത്തു:

> "ഞാൻ ഭൂമിയ്ക്ക് അടിസ്ഥാനമിട്ടപ്പോൾ നീ എവിടെ
> യായിരുന്നു? നിശ്ചയമായും നിനക്കറിയാം...
> അതിന്റെ അളവുനൂൽ പിടിച്ചതാര്?
> ജീവിതം തുടങ്ങിയശേഷം എന്നെങ്കിലും
> നീ പ്രഭാതത്തിനു കല്പനകൊടുക്കുകയും
> സൂര്യോദയത്തിന് സ്ഥാനം നിർണയിക്കുകയും
> ചെയ്തിട്ടുണ്ടോ?
> പ്രകാശത്തിന്റെ വസതിയിലേയ്ക്കുള്ള വഴിയേത്?
> മഴയ്ക്കൊരു ജനയിതാവുണ്ടോ?
> നിനക്ക് രാശിചക്രത്തെ യഥാകാലം നയിക്കാമോ?" (38:1-41).

ജോബിന്റെയോ അതുപോലുള്ള ഏതെങ്കിലും മനുഷ്യന്റെയോ ജ്ഞാനംകൊണ്ടോ കഴിവുകൊണ്ടോ അല്ല പ്രപഞ്ചം ഈവിധം ചലിച്ചുകൊണ്ടിരിക്കുന്നത് (38:1-39:30). മനുഷ്യന് ഉത്തരം കണ്ടെത്താൻ കഴിയാത്ത ചോദ്യങ്ങൾ ചോദിച്ചതിന്ശേഷം "കൂടുതൽ ജ്ഞാനിയായ" ജോബിനോട് ദൈവം ഉത്തരം ആവശ്യപ്പെടുന്നു: "ആക്ഷേപം പറയുന്നവൻ സർവ്വശക്തനോട് ഇനിയും വാദത്തിന് മുതിരുമോ? ദൈവത്തോട് തർക്കിക്കുന്നവൻ ഉത്തരം പറയട്ടെ" (40:1-2).

തന്റെ അബദ്ധവും അറിവില്ലായ്മയും കണ്ടറിഞ്ഞ ജോബ് ദൈവത്തോട് ഇപ്രകാരം മറുപടി പറഞ്ഞു: "ഞാൻ നിസ്സാരനാണ് ഞാൻ എന്തുത്തരം പറയാനാണ്. ഞാൻ വായ്പൊത്തുന്നു. ഒരിക്കൽ ഞാൻ സംസാരിച്ചു. ഇനി ഞാൻ ഉത്തരം പറയുകയില്ല. രണ്ടുതവണ ഞാൻ മറുപടി പറഞ്ഞു. ഇനി ഞാൻ മിണ്ടുകയില്ല" (40:3-5). താനിനി വാഗ്വാദങ്ങൾക്കൊന്നിനും മുതിരുകയില്ലെന്നാണ് ജോബ് പറഞ്ഞതിന്റെ അർത്ഥം. കാരണം ദൈവത്തിന്റെ മുമ്പിൽ താൻ നിസ്സാരനാണെന്നവൻ കരുതുന്നു.

എന്നാൽ യഥാർത്ഥജ്ഞാനിയാവാൻ ഈ ചിന്തമാത്രം പോര. അതുകൊണ്ട് ദൈവം തന്റെ ചോദ്യങ്ങൾ തുടരുകയാണ്. സ്വയം നീതിമാനാണെന്ന് കരുതിയ ജോബ് തന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികൾക്ക് തക്ക പ്രതിഫലമെന്ന തന്റെ സുഹൃത്തുക്കളുടെ വാദത്തെ നിരാകരിച്ചുവെങ്കിലും പ്രവൃത്തികൾക്കൊത്ത പ്രതിഫലമാണ് ദൈവം നൽകേണ്ടത് എന്നുതന്നെയാണ് ചിന്തിച്ചത്. അവൻ തന്നെത്തന്നെ നീതീകരിക്കാൻ ദൈവത്തെ കുറ്റ

പ്പെടുത്തുകയായിരുന്നു ചെയ്തത് (40:8). അതുകൊണ്ട് ജോബിന് ഒന്നുമറിയില്ലെന്നും അവന്റെ ശക്തി ഒന്നിനും ഉപകരിക്കുകയില്ലെന്നും കാണിക്കാൻ ദൈവം തന്റെ ചോദ്യശരങ്ങൾ നിർത്താതെ തൊടുത്തുവിടുകയും ദൈവത്തിന്റെ മഹനീയ കർമ്മങ്ങൾ ഒന്നിന് പുറകെ ഒന്നായി വിവരിക്കുകയും ചെയ്യുന്നു:

"നിനക്ക് മുതലയെ ചൂണ്ടയിട്ട് പിടിക്കാമോ?
അവന്റെ നാക്ക് ചരടുകൊണ്ട് ബന്ധിക്കാമോ?
അവന്റെ മൂക്കിൽ കയറിടാമോ?
.......
ഞാൻ മടക്കികൊടുക്കുന്നതിനുവേണ്ടി
ആരെങ്കിലും എനിക്ക് മുൻകൂട്ടി തന്നിട്ടുണ്ടോ?"
"നീ ദൈവത്തെപ്പോലെ ശക്തനാണോ?
അവിടുത്തെപ്പോലെ ഗർജ്ജനം മുഴക്കാൻ
നിനക്കാകുമോ?" (40:9–41:34)

ദൈവത്തിനുമുമ്പിൽ വാക്ക് മുട്ടിയ ജോബ് അപ്പോൾ വിളിച്ചു പറയുന്നതിങ്ങനെയാണ്: "അങ്ങേക്കെല്ലാം സാധിക്കുമെന്നും, അങ്ങയുടെ യാതൊരു ഉദ്ദേശ്യവും തടയാനാവുകയില്ലെന്നും ഞാനറിയുന്നു. അറിവില്ലാതെ ഉപദേശത്തെ മറച്ചുവയ്ക്കുന്നവൻ ആരാണ് എന്ന് അങ്ങുചോദിച്ചു. എനിക്ക് മനസ്സിലാകാത്ത അത്ഭുതകരമായ കാര്യങ്ങളെക്കുറിച്ച് ഞാൻ പറഞ്ഞുപോയി. കേൾക്കുക, ഞാൻ സംസാരിക്കുന്നു. ഞാൻ ചോദിക്കും; നീ ഉത്തരം പറയണം എന്ന് അങ്ങു പറഞ്ഞു. അങ്ങയെക്കുറിച്ച് ഞാൻ കേട്ടിട്ടേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഇപ്പോൾ എന്റെ കണ്ണുകൾ അങ്ങയെക്കാണുന്നു. അതിനാൽ ഞാൻ എന്നെത്തന്നെ വെറുക്കുന്നു. പൊടിയിലും ചാരത്തിലും കിടന്ന് ഞാൻ പശ്ചാത്തപിക്കുന്നു" (42:1–6). ജ്ഞാനിയാണെന്ന് കരുതി, താൻ അറിവില്ലാത്ത കാര്യങ്ങളെക്കുറിച്ച് പറഞ്ഞുപോയി എന്നും, തനിക്ക് ദൈവത്തെക്കുറിച്ച് കേട്ടറിവ് മാത്രമേ ഉണ്ടായിരുന്നുള്ളൂവെന്നും ജോബ് ഏറ്റു പറയുന്നു. ദൈവത്തെ കണ്ട ജോബ് തന്റെ ജീവിതം അതായിരിക്കുന്ന വിധത്തിൽ പൂർണമായി ഉൾക്കൊള്ളാനും, പശ്ചാത്താപത്തോടെ ദൈവതിരുമനസ്സിന് കീഴ്പ്പെടാനും തയ്യാറായി.

ജോബിന്റെയും സുഹൃത്തുക്കളുടെയും നീതിയെക്കുറിച്ചും, നീതിമാന്മാരുടെയും ദുഷ്ടരുടെയും പ്രതിഫലത്തെക്കുറിച്ചുമുള്ള ചർച്ചകളുടെ ആരംഭം പൊടിയിലും ചാരത്തിലുമിരിക്കേണ്ടിവന്ന ജോബിന്റെ ജീവിതാനുഭവമായിരുന്നു. അന്ന് ജോബിന് ആ അവസ്ഥ അസഹനീയവും അംഗീകരിക്കാനാവാത്തതുമായിരുന്നു.

ദൈവത്തെ കണ്ടുകഴിഞ്ഞപ്പോൾ ജോബ് ആ ജീവിതംതന്നെ (പൊടിയിലും ചാരത്തിലും) പൂർണ്ണ മനസ്സോടെ അംഗീകരിച്ചു; തന്റെ അറിവില്ലായ്മയെക്കുറിച്ച് വിലപിച്ചു. തങ്ങൾക്കറിയാവുന്ന ജ്ഞാനമൊക്കെയും കോരിച്ചൊരിഞ്ഞിട്ടും ജോബിനോ സുഹൃത്തുക്കൾക്കോ ജോബിനെക്കുറിച്ചുള്ള ദൈവികപദ്ധതിയുടെ പൊരുളഴിക്കാൻ കഴിഞ്ഞില്ല. കാരണം മറ്റൊന്നുമല്ല: ദൈവം ഒരിക്കൽ ഒന്നു ചെയ്യുന്നു മറ്റൊരിക്കൽ വേറൊന്നും (33:14). അവന്റെ പ്രവൃത്തികളെ മാനുഷികമായ നിർവ്വചനങ്ങൾക്ക് കീഴിൽ കൊണ്ടുവരാൻ കഴിവില്ലെന്നർത്ഥം.

ദൈവം മാനുഷിക ചിന്തകൾക്ക് അതീതനാണ്. യഥാർത്ഥ ജ്ഞാനത്തിലേയ്ക്കുള്ള വഴി മനുഷ്യന് അജ്ഞാതമാണ്. ജോബ് ജീവിതം നൽകപ്പെട്ട വിധത്തിൽ പരാതികളില്ലാതെയും ദൈവത്തോട് ചോദ്യങ്ങൾ ചോദിക്കാതെയും എളിമയോടെ സ്വീകരിച്ചപ്പോൾ ദൈവം അവനെ ജ്ഞാനിയായി അംഗീകരിച്ചു (42:7). പരമ്പരാഗതജ്ഞാനതത്ത്വങ്ങൾ മാത്രം പഠിപ്പിച്ചുകൊണ്ടിരുന്ന ജോബിന്റെ സുഹൃത്തുക്കളുടെ ജ്ഞാനം ദൈവം തിരസ്കരിക്കുകയും ചെയ്തു: "കർത്താവ്... എലിഫാസിനോട് അരുൾചെയ്തു: എന്റെ ക്രോധം നിനക്കും നിന്റെ രണ്ടു സ്നേഹിതന്മാർക്കുമെതിരെ ജ്വലിക്കുന്നു. എന്തെന്നാൽ നിങ്ങൾ എന്നെപ്പറ്റി എന്റെ ദാസൻ ജോബിനെപ്പോലെ ശരിയായിട്ടല്ല സംസാരിച്ചത്" (42:7).

നീതിമാനായ ഞാനെന്തിനു സഹിക്കണം എന്ന ചോദ്യമാണ് ജോബിലൂടെ ജ്ഞാനി ചോദിക്കുന്നത്. ജോബിന്റെ ആഗ്രഹമനുസരിച്ച് ദൈവം പ്രത്യക്ഷപ്പെട്ടെങ്കിലും ദൈവം വ്യക്തമായ ഉത്തരം നല്കിയില്ല; മറിച്ച് ജോബിന്റെ സഹനം ദൈവഹിതമായിരുന്നു എന്ന് സ്ഥാപിക്കപ്പെടുകയും ചെയ്തു. യഥാർത്ഥജ്ഞാനം മനുഷ്യന് അപ്രാപ്യമാണെന്നും ദൈവം മനുഷ്യചിന്തകൾക്ക് അതീതനാണെന്നും നല്കപ്പെട്ടിരിക്കുന്ന ജീവിതം അതായിരിക്കുന്ന വിധത്തിൽ സ്വീകരിക്കുകയാണാവശ്യമെന്നും ജ്ഞാനികൾ ഈ കഥയിലൂടെ പഠിപ്പിച്ചു. ഓരോരുത്തർക്കും രക്ഷയ്ക്ക് ആവശ്യമായിരിക്കുന്നത് സ്വന്തം ജീവിതാനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ജോബിനെപ്പോലെ ദൈവവുമായുള്ള കണ്ടുമുട്ടലാണ്. യുക്തിസഹമായ തത്ത്വങ്ങളെ മുറുകെപ്പിടിച്ചുകൊണ്ട് അന്യരുടെ ജീവിതം ദുഃസ്സഹമാക്കരുതെന്ന് ജോബിന്റെ കഥയിലൂടെ ജ്ഞാനി ശ്രോതാക്കളെ ഓർമ്മിപ്പിക്കുന്നു.

# സഭാപ്രസംഗകൻ

ക്രിസ്തുവിന് മുമ്പ് മൂന്നാം നൂറ്റാണ്ടിലെ ഏതോ ഒരു തത്ത്വചിന്തകൻ സഭാപ്രസംഗകൻ രചിച്ചുവെന്ന് കരുതപ്പെടുന്നു. ഗ്രന്ഥത്തിലുള്ള ഗ്രീക്കുഭാഷയുടെ സ്വാധീനമാണ് ഇപ്രകാരം ചിന്തിക്കാൻ കാരണം. ദാവീദിന്റെ പുത്രനും ജറുസലേമിന്റെ രാജാവുമാണ് താനെന്ന് (1:1) ഗ്രന്ഥകാരൻ തന്നെക്കുറിച്ചുതന്നെ പറയുന്നുണ്ടെങ്കിലും, 4:13-16; 7:19-22; 8:2-9; 8:16-18 മുതലായ വാക്യങ്ങൾ രാജാവിന്റേതിനെക്കാൾ ഒരു പ്രജയുടേതാണ്.

ജ്ഞാനം സ്വന്തമാക്കിയാൽ സന്തോഷവും ജീവിതവിജയവും ഉറപ്പാകും എന്ന സുഭാഷിതങ്ങളിലെ ചിന്തയെ സൈദ്ധാന്തീകരിച്ചതിനെതിരെയും അതോടൊപ്പം "പ്രവൃത്തികൾക്കനുസരിച്ച് ദൈവം എപ്പോഴും പ്രതിഫലം നല്കും" എന്ന അപക്വമായ ചിന്തയ്ക്കെതിരെയുമുള്ള പക്വമതിയായ ഒരു ഗുരുവിന്റെ, ജോബിനോട് സമാനമായ മറ്റൊരു പ്രതികരണമാണ് ഈ ഗ്രന്ഥമെന്ന് താഴെ വരുന്ന ഉദാഹരണങ്ങൾ വ്യക്തമാക്കും.

"ജറുസലേമിൽ എനിക്ക് മുമ്പുണ്ടായിരുന്ന എല്ലാ രാജാക്കന്മാരെയുംകാൾ അധികം ജ്ഞാനം ഞാൻ സമ്പാദിച്ചു; ജ്ഞാനത്തിന്റെയും അറിവിന്റെയും യഥാർത്ഥരൂപം അനുഭവിച്ചറിഞ്ഞു എന്ന് ഞാൻ വിചാരിച്ചു. ജ്ഞാനത്തെയും അറിവിനെയും ഉന്മത്തതയെയും ഭോഷത്തത്തെയും വിവേചിച്ചറിയാൻ ഞാൻ ഉദ്യമിച്ചു. ഇത് പാഴ്വേലയാണെന്ന് ഞാൻ കണ്ടു. കാരണം ജ്ഞാനമേറുമ്പോൾ ദുഃഖവും ഏറുന്നു; അറിവ് വർദ്ധിക്കുമ്പോൾ വ്യസനവും വർദ്ധിക്കുന്നു" (1:16-18). അറിവ് സ്വന്തമാക്കിക്കൊണ്ട് ജീവിതം സന്തോഷകരമാക്കാമെന്ന് ചിന്തിക്കുന്നത് മൗഢ്യമാണ് എന്നർത്ഥം.

"നീതിമാനെയും ജ്ഞാനിയെയും അവരുടെ പ്രവൃത്തികളെയും ദൈവം നിയന്ത്രിക്കുന്നുവെന്ന് ഞാൻ ആഴത്തിൽ ചിന്തിച്ചറിഞ്ഞു. അത് സ്നേഹപൂർണമോ ദ്വേഷപൂർണമോ എന്ന് മനുഷ്യൻ അറിയുന്നില്ല. അവന്റെ മുൻപിലുള്ളതെല്ലാം മിഥ്യയാണ്. എന്തെന്നാൽ നീതിമാനും നീചനും, സന്മാർഗിക്കും ദുർമാർഗ്ഗിക്കും, ശുദ്ധനും അശുദ്ധനും, ബലിയർപ്പിക്കുന്നവനും അർപ്പിക്കാത്തവനും, നല്ലവനും ദുഷ്ടനും, ശപഥം ചെയ്യുന്നവനും ചെയ്യാത്തവനും ഗതി ഒന്നുതന്നെ. എല്ലാവർക്കും ഒരേ ഗതി വന്നു ചേരുന്നത് സൂര്യന്കീഴെ എല്ലാ പ്രവൃത്തികളിലും അടങ്ങിയിരിക്കുന്ന തിന്മയാണ്" (9:1-3). പ്രവൃത്തികൾക്ക് തക്ക പ്രതിഫലമാണ് എപ്പോഴും നല്കപ്പെടുന്നത് എന്ന് ചിന്തിക്കരുത്. കാരണം ദൈവത്തിന്റെ പ്രവൃത്തികൾ മനുഷ്യന് അഗ്രാഹ്യമാണ്:

"ജ്ഞാനത്തെ അറിയാനും മനുഷ്യന്റെ വ്യാപാരങ്ങൾ മനസ്സിലാക്കാനും ഞാൻ രാപകൽ വിശ്രമമെന്നിയേ പരിശ്രമിച്ചു. അപ്പോൾ കണ്ടത് ദൈവത്തിന്റെ കരവേലകളാണ്; സൂര്യനുകീഴെ നടക്കുന്ന പ്രവൃത്തികളെല്ലാം കണ്ടുപിടിക്കാൻ മനുഷ്യന് സാധ്യമല്ലെന്നാണ്. എത്ര ബുദ്ധിമുട്ടി അന്വേഷിച്ചാലും അത് കണ്ടെത്തുകയില്ല. അതു കണ്ടുപിടിച്ചുവെന്ന് ബുദ്ധിമാൻ അവകാശപ്പെട്ടാലും അത് അവന് അതീതമത്രേ" (8:16-17).

അനുദിന ജീവിതാനുഭവങ്ങൾക്ക് പൂർണമായും വിശദീകരിക്കാൻ കഴിയാത്ത തത്ത്വങ്ങളെ സൈദ്ധാന്തീകരിച്ചതിനെതിരെ പ്രതികരിക്കുകയും, മനുഷ്യന്റെ കഴിവുകൾക്ക് പരിധിയുണ്ടെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നതോടൊപ്പം ജീവിതം സന്തോഷപ്രദമാക്കാൻ മനുഷ്യന് ഏറ്റവും ആവശ്യമായിരിക്കുന്നത് മിതത്വമെന്ന പുണ്യമാണെന്ന് (7:15-18) പഠിപ്പിക്കുകയാണ് സഭാപ്രസംഗകൻ:

"എന്റെ വ്യർത്ഥജീവിതത്തിൽ ഞാൻ സകലതും കണ്ടു. തിന്മ ചെയ്തിട്ടും ദീർഘായുസ്സ് ലഭിക്കുന്ന ദുഷ്ടന്മാരുണ്ട്. അമിത നീതിയോ അമിത ജ്ഞാനമോ അരുത്. നീ എന്തിന് നിന്നെത്തന്നെ നശിപ്പിക്കുന്നു? പരമദുഷ്ടനോ മൂഢനോ ആകരുത്. കാലമെത്താതെ നീ മരിക്കുന്നതെന്തിന്? ഒന്നിൽ പിടിമുറുക്കുമ്പോൾ മറ്റേതിൽ നിന്ന് പിടിവിടാതെ സൂക്ഷിക്കണം. ദൈവത്തെ ഭയപ്പെടുന്നവന് രണ്ടിലും വിജയം കിട്ടും" (7:15-18). "ഒരിക്കലും പാപം ചെയ്യാതെ നന്മമാത്രം ചെയ്യുന്ന ഒരു നീതിമാനും ഭൂമുഖത്തില്ല" (7:20).

സഭാപ്രസംഗകന്റെ ചിന്തകളെ മനസ്സിലാക്കാൻ ജ്ഞാനപാരമ്പര്യത്തിന്റെ പൊതുചരിത്ര പശ്ചാത്തലംകൂടി ഓർമ്മയിൽ വയ്ക്കേണ്ടതാണ്. കാരണം സഭാപ്രസംഗകന്റെ കാലത്ത് ഇസ്രായേൽ മരണാനന്തര ജീവിതത്തെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങിയിരുന്നില്ല: "എല്ലാവർക്കും ഒരേഗതി വന്നുചേരുന്നത് സൂര്യനുകീഴെ എല്ലാ പ്രവൃത്തികളിലും അടങ്ങിയിരിക്കുന്ന തിന്മയാണ്. മനുഷ്യഹൃദയം തിന്മകൊണ്ട് നിറഞ്ഞിരിക്കുന്നു; ജീവിതകാലം മുഴുവൻ അവർ ഭ്രാന്തുകൊണ്ട് നിറഞ്ഞിരിക്കുന്നു. അതിനുശേഷം അവർ മൃതലോകത്തിൽ എത്തുന്നു. എന്നാൽ ജീവിക്കുന്നവരോടൊപ്പം എണ്ണപ്പെടുന്നവന് എന്നിട്ടും പ്രത്യാശയുണ്ട്. ജീവനുള്ള നായ ചത്ത സിംഹത്തെക്കാൾ ഭേദമാണല്ലോ. കാരണം ജീവിക്കുന്നവർക്കറിയാം തങ്ങൾ മരിക്കുമെന്ന്. മരിച്ചവരാകട്ടെ ഒന്നും അറിയുന്നില്ല. അവർക്ക് ഒരു പ്രതിഫലവും ഇനിയില്ല" (9:3-5); "... മനുഷ്യമക്കളുടെയും മൃഗങ്ങളുടെയും ഗതി ഒന്നുതന്നെ; ഒന്നു ചാകുന്നതുപോലെ മറ്റേതും ചാകുന്നു. എല്ലാറ്റിനും ഒരേ ശ്വാസമാണുള്ളത്; മനുഷ്യന് മൃഗത്തേക്കാൾ യാതൊരു മേന്മയുമില്ല... എല്ലാം പൊടിയിൽനിന്നു

ണ്ടായി, പൊടിയിലേയ്ക്ക് മടങ്ങുന്നു. മനുഷ്യന്റെ പ്രാണൻ മേൽപ്പോട്ടും മൃഗത്തിന്റേതു താഴെ മണ്ണിലേയ്ക്കും പോകുന്നുവോ? ആർക്കറിയാം" (3:19–21). എങ്കിലും ദൈവമുണ്ടെന്നും ദൈവം മനുഷ്യനെ വിധിക്കുമെന്നും സഭാപ്രസംഗകൻ വിശ്വസിച്ചു. ആ വിശ്വാസത്തിലുറച്ചുനിന്നുകൊണ്ട് മനുഷ്യന് ഭൂമിയിൽ നല്കപ്പെടുന്ന കൊച്ചുജീവിതം എപ്രകാരം സന്തോഷകരമാക്കാമെന്നാണ് സഭാപ്രസംഗകൻ ചിന്തിക്കുന്നത്.

പ്രവൃത്തികൾക്കു തക്കപ്രതിഫലം എന്ന തത്ത്വത്തിന്റെ സൈദ്ധാന്തീകരണത്തെ എതിർത്തെങ്കിലും ദൈവം നീതിമാനാണെന്നും അവൻ മനുഷ്യന് തക്കപ്രതിഫലം നല്കുമെന്നും സഭാപ്രസംഗകൻ വിശ്വസിച്ചു (8:10–13). എങ്കിലും ദൈവത്തിന്റെ പ്രവർത്തനങ്ങൾ മനുഷ്യബുദ്ധിയ്ക്ക് അഗ്രാഹ്യമാണ്. അതാണ് അനുഭവം തെളിയിക്കുന്നത്. മനുഷ്യന്റെ ജ്ഞാനത്തിനുവേണ്ടിയുള്ള അന്വേഷണം, ദൈവത്തിന്റെ കരവേലയെ ഒന്നൊന്നായി വെളിപ്പെടുത്തുമെങ്കിലും ദൈവത്തിന്റെ പ്രവൃത്തികളെല്ലാം ഉൾക്കൊള്ളാൻ മാത്രം അൽപായുസ്സുകാരനായ മനുഷ്യചേതനയ്ക്ക് കഴിവില്ലെന്ന് ജ്ഞാനി കണ്ടെത്തി.

"ദൈവത്തിന്റെ പ്രവൃത്തികളെക്കുറിച്ച് ചിന്തിക്കൂ: അവിടുന്ന് വളഞ്ഞതായി നിർമ്മിച്ചത് നേരെയാക്കാൻ ആർക്കുസാധിക്കും? സുഭിക്ഷതയിൽ സന്തോഷിക്കുക; വിപത്തിൽ പര്യാലോചിക്കുക; രണ്ടും ഒരുക്കിയത് ദൈവമാണ്. എന്താണ് വരാൻ പോകുന്നതെന്ന് മനുഷ്യൻ അറിയാതിരിക്കാനാണ് ഇങ്ങനെ ചെയ്തത്" (7:13–14). എങ്കിലും "ജ്ഞാനം പിതൃസ്വത്തുപോലെ ശ്രേഷ്ഠമാണ്. ജീവിക്കുന്നവർക്ക് അതുപകരിക്കും" (7:11).

"സൂര്യന്കീഴേ ഓട്ടം വേഗമുള്ളവനോ യുദ്ധം ശക്തിയുള്ളവനോ അപ്പം ജ്ഞാനിക്കോ ധനം ബുദ്ധിമാനോ അനുഗ്രഹം സമർത്ഥനോ അല്ല ലഭിച്ചിരിക്കുന്നതെന്ന് ഞാൻ കണ്ടു; എല്ലാം യാദൃശ്ചികമായി സംഭവിക്കുന്നതാണ്. തന്റെ സമയം മനുഷ്യന് അജ്ഞാതമാണ്. മത്സ്യം വലയിൽപെടുന്നതുപോലെയും പക്ഷികൾ കെണിയിൽ കുടുങ്ങുന്നതുപോലെയും കഷ്ടകാലം വിചാരിക്കാത്ത നേരത്ത് മനുഷ്യമക്കളെ കുടുക്കുന്നു" (9:11–12).

എത്ര പരിശ്രമിച്ചാലും ഭാവിയിൽ വിജയമാണോ, പരാജയമാണോ എന്നറിയാനോ ദൈവത്തിന്റെ പദ്ധതികൾ മുഴുവൻ മനസ്സിലാക്കാനോ മനുഷ്യന് കഴിവില്ല: "ഭാവി അവന് അജ്ഞാതമാണ്. അത് എങ്ങനെയിരിക്കുമെന്ന് പറയാൻ ആർക്കു കഴിയും? പ്രാണനെ പിടിച്ചു നിർത്താനോ, മരണസമയം നിശ്ചയിക്കാനോ ആർക്കു കഴിയും? യുദ്ധസേവനത്തിൽനിന്ന് വിടുതൽ ഇല്ല ദുഷ്ട

തയ്ക്ക് അടിമയായവരെ അത് മോചിപ്പിക്കുകയില്ല" (8:7-8). അതിനാൽ "കൺമുൻപിലുള്ളതുകൊണ്ട് തൃപ്തിപ്പെടുന്നതാണ് സങ്കല്പങ്ങളിൽ അലയുന്നതിനേക്കാൾ നല്ലത്. ഇതും മിഥ്യയും പാഴ്വേലയുമാണ്" (6:9).

പ്രപഞ്ചത്തിലുള്ളതെല്ലാം കൃത്യമായി നിർവ്വചിക്കാൻ സാധിക്കാത്തതുകൊണ്ടും, എല്ലാറ്റിനെക്കുറിച്ചും അറിയാൻ മനുഷ്യന് കഴിയാത്തതുകൊണ്ടും മനുഷ്യന് കരണീയമായിട്ടുള്ളത് സ്രഷ്ടാവായ ദൈവം നല്കുന്ന ജീവിതം അതായിരിക്കുന്നവിധത്തിൽ സ്വീകരിക്കുകയും അവിടുന്ന് നല്കുന്ന സന്തോഷങ്ങൾ ആസ്വദിക്കുകയുമാണ് (3:22). മനുഷ്യന് ജീവൻ നല്കുന്ന ദൈവം അവന്റെ ജീവിതത്തിൽ എല്ലാറ്റിനും ഒരു സമയവും നിശ്ചയിച്ചിട്ടുണ്ട് (3:1-8). ദൈവം മനുഷ്യമനസ്സിൽ കാലത്തിന്റെ സമഗ്രതയെക്കുറിച്ച് ബോധ്യവും നല്കിയിട്ടുണ്ട് (3:11). ദൈവം നല്കുന്നതെന്തായാലും അത് പൂർണ്ണ മനസ്സോടെ സ്വീകരിക്കുക, ദൈവം സന്തോഷം നല്കുമ്പോൾ അതിൽ സന്തോഷിക്കുക, ദുഃഖമാണെങ്കിൽ അതിനെയോർത്ത് നിലവിളിക്കാതിരിക്കുക. ദൈവം നല്കുന്ന സന്തോഷങ്ങൾ വേണ്ടെന്ന് വയ്ക്കുന്നതുകൊണ്ടോ ദൈവം നല്കുന്ന വേദനകളിൽ കഠിനമായി വിലപിക്കുന്നതുകൊണ്ടോ പ്രയോജനമില്ല.

ഒരുവന്റെ ജീവിതകാലത്തുണ്ടാകുന്ന മുഴുൻ അനുഭവങ്ങളുടേയും വെളിച്ചത്തിൽ ജ്ഞാനതത്ത്വങ്ങളെ വിശകലനം ചെയ്യാനാണ് സഭാപ്രസംഗകൻ ശ്രമിക്കുന്നത്. അതിന്റെ ഫലമായി ചോദ്യം ചെയ്യപ്പെടാതെ അംഗീകരിച്ചുപോന്ന പല തത്ത്വങ്ങളെയും അദ്ദേഹം ചോദ്യം ചെയ്തു. സന്തോഷത്തിനാവശ്യം സമചിത്തതയും മിതത്വവുമാണെന്ന് വിശ്വസിച്ച സഭാപ്രസംഗകൻ ജ്ഞാനം സ്വന്തമാക്കിയത് തന്റെ ചുറ്റിലുമുള്ള എല്ലാവരുടെയും അനുഭവം വിശകലനം ചെയ്തുകൊണ്ടായിരുന്നു. പ്രവൃത്തികൾക്ക് തക്കപ്രതിഫലമെന്ന സൈദ്ധാന്തീകരിച്ച തത്ത്വത്തെ എതിർത്തതുപോലെതന്നെ, ആ തത്ത്വത്തെ പൂർണമായി ത്യജിക്കുന്ന ചിന്താരീതിയും സമചിത്തതയോടെ സഭാപ്രസംഗകൻ തള്ളിക്കളഞ്ഞു: "നീചന് നന്മ കൈവരികയില്ല. നീതിമാന്മാർക്ക് നീചന്മാരുടെ പ്രവൃത്തികൾക്കുയോജിച്ച അനുഭവവും നീചന്മാർക്ക് നീതിമാന്മാരുടെ പ്രവൃത്തികൾക്കുയോജിച്ച അനുഭവവും ഉണ്ടാകും എന്നത് ഭൂമിയിലുള്ള ഒരു മിഥ്യയാണ്. ഇതും മിഥ്യയാണെന്ന് ഞാൻ പറഞ്ഞു" (8:13-14).

ജീവിതത്തിന്റെ ഓരോ മേഖലയിലും അത്യദ്ധ്വാനം ചെയ്യുന്നവരെ അദ്ദേഹം വീക്ഷിച്ചു: എപ്പോഴും ജ്ഞാനമന്വേഷിക്കുന്നവരെയും (1:16-17), ധനസമ്പാദനത്തിനുവേണ്ടി അതികഠിനമായി അദ്ധ്വാനിക്കുന്നവരെയും (4:6-8; 5:10-13), നീതിപാലിക്കുന്നു എന്നു

കാണിക്കാൻ സ്വയം നശിക്കുന്നവരെയും (7:15–16), ദൈവസന്നിധിയിൽ അമിതഭക്തിയും തിടുക്കവും കാണിക്കുന്നവരെയും (5:1–4), അധികാരം കൈയ്യാളുന്നതിന്റെ പിൻബലത്തിൽ അനീതിപ്രവർത്തിക്കുന്നവരെയും (5:8–9), ജീവിതത്തിൽ ആഗ്രഹിച്ചതെല്ലാം നേടിയിട്ടും അതൊന്നും ആസ്വദിക്കാൻ കഴിയാത്തവരെയും (6:1–2), തങ്ങൾ ശരിയെന്ന് കരുതുന്ന ആശയങ്ങൾക്കുവേണ്ടി ജീവാർപ്പണം ചെയ്യുന്നവരെയും (7:15–18; 8:1–5), അവിവേകികളായ സ്ത്രീകളുടെ കെണിയിൽപ്പെട്ടവരെയും (7:26–29), ഭോഷന്മാരെയും ജ്ഞാനികളെയും (9:13–17), ജ്ഞാനികളെങ്കിലും തങ്ങളുടെതന്നെ ഭോഷത്തം വഴി നശിച്ചുപോകുന്നവരെയും (10:1–3) സഭാപ്രസംഗകൻ വീക്ഷിച്ചു. അവരുടെ അനുഭവങ്ങളെ അവർക്കു നല്കപ്പെട്ട ചെറിയജീവിത പശ്ചാത്തലത്തിൽ വിലയിരുത്തിയ സഭാപ്രസംഗകൻ എല്ലാറ്റിലും മിതത്വവും സമചിത്തതയുമാണ് ഏറ്റവും അഭികാമ്യമെന്ന നിഗമനത്തിലെത്തി. കാരണം ജീവിതം മുഴുവനും അന്വേഷിച്ചാലും പൂർണജ്ഞാനിയാകാനോ (1:12–18; 5:13–14; 6:2), അമിത അദ്ധ്വാനം ചെയ്തുണ്ടാക്കിയവ മുഴുവനും ആസ്വദിക്കാനോ (2:21), നീതിയ്ക്കുവേണ്ടി തീവ്രപരിശ്രമം ചെയ്യുന്നതുകൊണ്ട് വിജയിക്കാനോ (7:15), ദൈവസന്നിധിയിൽ അമിത ഭക്തികാണിക്കുന്നതുകൊണ്ട് ഉയർച്ച നേടാനോ (5:4), അധികാരദുർവിനിയോഗംകൊണ്ട് ഉയർച്ച കൈവരിക്കാനോ (5:8), എല്ലാം ഉള്ളതുകൊണ്ട് സംതൃപ്തിയും സുഖവും ആസ്വദിക്കാനോ (6:2), തത്ത്വങ്ങൾക്കുവേണ്ടി ജീവൻ ത്യജിക്കുന്നതുകൊണ്ട് സത്യപ്രഘോഷകരാകാനോ (8:17), മനുഷ്യന് സാധ്യമല്ല. അതുകൊണ്ട് ഏറ്റം കരണീയമായിട്ടുള്ളത് ദൈവം നല്കുന്ന സന്തോഷങ്ങൾ ആസ്വദിക്കുകയെന്നതാണ് (2:24; 3:12; 8:15; 11:9): "ദൈവദത്തമായ ഈ ഹ്രസ്വജീവിതം മനുഷ്യൻ തിന്നും കുടിച്ചും അദ്ധ്വാനഫലം ആസ്വദിച്ചും കഴിയുന്നതാണ് ഉത്തമവും യോഗ്യവുമായി ഞാൻ കണ്ടിട്ടുള്ളത്. ഇതാണ് അവന്റെ ഗതി. സമ്പത്തും സമൃദ്ധിയും അത് അനുഭവിക്കാനുള്ള കഴിവും നല്കി ദൈവം അനുഗ്രഹിച്ചിട്ടുള്ള ഓരോ വ്യക്തിയും തന്റെ ഈ അവസ്ഥയെ മാനിക്കുകയും അദ്ധ്വാനഫലം ആസ്വദിക്കുകയും ചെയ്യേണ്ടതാണ്. ഇത് ദൈവത്തിന്റെ ദാനമാണ്" (5:18–19); "സൂര്യനുകീഴെ ദൈവം നിനക്ക് നല്കിയിരിക്കുന്ന വ്യർത്ഥമായ ജീവിതം നീ സ്നേഹിക്കുന്ന ഭാര്യയോടൊത്ത് ആസ്വദിക്കുക. കാരണം അത് നിന്റെ ജീവിതത്തിന്റെയും സൂര്യനുകീഴെ നാം ചെയ്യുന്ന പ്രയത്നത്തിന്റെയും ഓഹരിയാണ്" (9:6–9).

സമൂഹത്തിൽ അനീതിയും അക്രമവും നടമാടുകയും (3:16; 4:1; 8:1–3), സാധാരണ മനുഷ്യർക്ക് ഇതിനെതിരെ ഒന്നുംതന്നെ ചെയ്യാൻ കഴിയാതിരിക്കുകയും, ഈ ജീവിതത്തിനപ്പുറത്ത് മറ്റൊന്നും പ്രതീ

ക്ഷിക്കാൻ ഇല്ലാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ നല്കപ്പെട്ട ജീവിതം ആസ്വദിക്കുകയെന്നതാണ് കരണീയമായതെന്ന് സഭാപ്രസംഗകൻ കരുതി. ഈ ചിന്ത ജഡമോഹത്തിൽനിന്നോ ഭൗതികവാദത്തിൽനിന്നോ ഉയരുന്നതല്ല. മറിച്ച് ദൈവഭയത്തിൽനിന്നുളവാകുന്നതാണ്. കാരണം തന്റെ ഉപദേശങ്ങളിലുടനീളം ദൈവത്തെ ഭയപ്പെടുക എന്ന് സഭാപ്രസംഗകൻ ഉദ്ബോധിപ്പിക്കുന്നുണ്ട് (3:14; 5:7; 7:18; 8:12; 12:14). മനുഷ്യൻ ദൈവത്തെ ഭയപ്പെടുകയും ഒപ്പം ജീവിതം ആസ്വദിക്കുകയും ചെയ്യുക എന്ന് ഉപദേശിക്കുന്നതിന്റെ കാരണവും അദ്ദേഹം വിശദീകരിക്കുന്നുണ്ട്: "ജീവിതകാലം മുഴുവൻ ആനന്ദിക്കുകയും ആസ്വദിക്കുകയും ചെയ്യുന്നതിനെക്കാൾ കാമ്യമായി മനുഷ്യർക്ക് യാതൊന്നുമില്ലെന്ന് ഞാനറിയുന്നു. എല്ലാ മനുഷ്യരും ഭക്ഷിക്കുകയും പാനം ചെയ്യുകയും അദ്ധ്വാനഫലം ആസ്വദിക്കുകയും ചെയ്യുകയെന്നത് ദൈവത്തിന്റെ ദാനമാണെന്നും ഞാനറിയുന്നു. ദൈവത്തിന്റെ പ്രവൃത്തികളെല്ലാം ശാശ്വതമാണെന്നു ഞാനറിയുന്നു; അതിനോട് എന്തെങ്കിലും കൂട്ടാനോ അതിൽനിന്ന് എന്തെങ്കിലും കുറയ്ക്കാനോ സാധ്യമല്ല; ദൈവം അപ്രകാരം ചെയ്തിരിക്കുന്നത് മനുഷ്യർ തന്നെ ഭയപ്പെടുന്നതിനാണ്" (3:12 –14). മനുഷ്യർ സന്തോഷിക്കുകയും ഒപ്പം തന്നെ ഭയപ്പെടുകയും ചെയ്യണമെന്നാണ് നല്ലവനായ ദൈവം ആഗ്രഹിക്കുന്നത്.

മനുഷ്യനെ ഒരു സമൂഹജീവിയായാണ് സഭാപ്രസംഗകൻ വിഭാവനം ചെയ്തത് എന്ന് കരുതാം. കാരണം സമൂഹജീവിതത്തിലാണല്ലോ എല്ലാവിധത്തിലുമുള്ള സമചിത്തതയും മിതത്വവും ഫലം പുറപ്പെടുവിക്കുന്നത്. സമൂഹജീവിയായതിനാൽ ഓരോ മനുഷ്യന്റെയും സന്തോഷവും ദുഃഖവും അവന്റെ ചുറ്റുമുള്ളവരെയും ബാധിക്കുമെന്ന് തീർച്ച. പ്രധാനപ്പെട്ട കാര്യങ്ങളിൽ ആവശ്യത്തിലധികം അതിശയോക്തി കലർത്തുന്നത് സമൂഹജീവിതത്തിൽ അസ്വസ്ഥത വിതയ്ക്കാനേ ഉപകരിക്കുകയുള്ളൂ.

തന്റെ മുമ്പിൽ ഉപദേശമന്വേഷിച്ചുവന്ന യുവാവിനോട് ജീവിതസായാഹ്നത്തിലെത്തിയിരിക്കുന്ന ഗുരു തന്റെയും മറ്റുള്ളവരുടെയും ജീവിതം വിശകലനം ചെയതതിനുശേഷം പറയുന്നതിപ്രകാരമാണ്: "യുവാവേ, യുവത്വത്തിൽ നീ സന്തോഷിക്കുക; യൗവ്വനത്തിന്റെ നാളുകളിൽ നിന്റെ ഹൃദയം നിന്നെ ആഹ്ലാദിപ്പിക്കട്ടെ; ഹൃദയത്തിന്റെ പ്രേരണകളെയും കണ്ണിന്റെ അഭിലാഷങ്ങളെയും പിൻചെല്ലുക; എന്നാൽ ഓർമ്മിച്ചുകൊള്ളുക ഇവയ്ക്കെല്ലാം ദൈവം നിന്നെ ന്യായവിധിയ്ക്കായി വിളിക്കും. മനസ്സിൽനിന്ന് ആകുലത അകറ്റുക. ശരീരത്തിൽനിന്ന് വേദന ദുരീകരിക്കുക. യുവത്വവും ജീവിതത്തിന്റെ പ്രഭാതവും മിഥ്യയാണ്. ഒന്നിനും സന്തോഷം തോന്നു

ന്നില്ല എന്ന് നീ പറയുന്ന ദുർദിനങ്ങളും വർഷങ്ങളും ആഗമിയ്ക്കും മുമ്പ് യൗവനകാലത്ത് സ്രഷ്ടാവിനെ സ്മരിക്കുക" (11:9–12:1).

ഇപ്രകാരം ജീവിതത്തെക്കുറിച്ച് ആഴമേറിയതും സമചിത്തതയോടുകൂടിയതുമായ വീക്ഷണങ്ങൾ നല്കുന്നതോടൊപ്പം അനുദിന ജീവിത വിജയത്തിനാവശ്യമായ പല ചെറിയ പ്രായോഗിക ഉപദേശങ്ങളും അദ്ദേഹം കൈമാറുന്നുണ്ട്: "കുഴികുഴിക്കുന്നവൻ അതിൽ വീഴും" (10:8); "രാജാവ് കോപിച്ചാൽ സ്ഥലംവിടാതെ അവിടെത്തന്നെ നില്ക്കണം" (10:4); "തനിക്ക് ശേഷം എന്തു സംഭവിക്കുമെന്ന് പറയാൻ ആർക്കും സാധിക്കുകയില്ല" (10:14); "ഉടമസ്ഥൻ അശ്രദ്ധനായാൽ പുരചോരും" (10:18); "ധൂളി അതിന്റെ ഉറവിടമായ മണ്ണിലേയ്ക്ക് മടങ്ങും" (12:7).

മരണാനന്തര ജീവിതത്തെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങുന്നതിനുമുമ്പ് സാമൂഹ്യജീവിതം ഇന്നത്തേതിനെക്കാൾ മോശമായിരുന്ന അക്കാലത്ത് ഇത്രമാത്രം പക്വമായും ദൈവഭയത്തോടെയും ചിന്തിക്കാൻ കഴിഞ്ഞ സഭാപ്രസംഗകൻ മരണാനന്തരജീവിതത്തിൽ വിശ്വസിക്കുന്ന ആധുനിക വിശ്വാസികളുടെ മുമ്പിൽ വെല്ലുവിളി ഉയർത്തുന്നുണ്ട്. മനുഷ്യൻ തന്റെ എല്ലാ പ്രവർത്തികൾക്കും ദൈവസന്നിധിയിൽ കണക്ക് ബോധിപ്പിക്കേണ്ടിവരുമെന്ന് പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്ന (12:14) സഭാപ്രസംഗകൻ വിശ്വാസികളുടെ കണ്ണു തുറപ്പിക്കണം. ദൈവം സൃഷ്ടിച്ച ലോകത്തിൽ മനുഷ്യരാരും ഏകരല്ല. അവർ സമൂഹജീവികളാണ്. ഓരോമനുഷ്യന്റെയും സന്തോഷവും ദുഃഖവും അഭിവാഞ്ചകളും, ആഗ്രഹങ്ങളും, അദ്ധ്വാനവും, തത്ത്വശാസ്ത്രങ്ങളും മറ്റുള്ളവരെയും ബാധിക്കുകയും അവരുടെ സന്തോഷത്തിനും ദുഃഖത്തിനും കാരണമാവുകയും ചെയ്യും. അതുകൊണ്ട് ദൈവഭയത്തോടെ മിതത്വം പാലിക്കുകയാണഭികാമ്യം. ജീവിതത്തിൽ നല്കപ്പെടുന്ന അവസരങ്ങൾ ദൈവീക പദ്ധതിക്കനുസൃതമായി ഫലപ്രദമായി ചിലവഴിക്കാൻ സഭാപ്രസംഗകൻ ഉദ്ബോധിപ്പിക്കുന്നു.

### ജോബ് – സഭാപ്രസംഗകൻ ഉപസംഹാരം

ജോബും സഭാപ്രസംഗകനും പരസ്പരപൂരകങ്ങളായ ആശയങ്ങളാണ് അവതരിപ്പിക്കുന്നത്. ഒന്ന് മറ്റേതിലെ സന്ദേശത്തെ പൂർത്തീകരിക്കുന്നു. ദൈവം സ്രഷ്ടാവാകയാൽ അവൻ തന്റെ സൃഷ്ടിയായ മനുഷ്യന് നല്കുന്ന ജീവിതാനുഭവങ്ങൾ എത്ര ക്ലേശപൂരിതമായാലും (40:9–41:34) അത് സമചിത്തതയോടും വിശ്വാസത്തോടുംകൂടി സ്വീകരിക്കുന്നവനാണ് യഥാർത്ഥ ജ്ഞാനി എന്ന് ജോബും, ദൈവം എല്ലാറ്റിനും സമയം നല്കിയിരിക്കുന്നതുകൊണ്ട്

അവിടുന്ന് ജീവിതത്തിൽ നല്കുന്ന സന്തോഷങ്ങൾ കൃതജ്ഞത യോടെ സ്വീകരിക്കാനും ആസ്വദിക്കാനും സഭാപ്രസംഗകനും ആഹ്വാനംചെയ്യുന്നു. ജ്ഞാനപാരമ്പര്യത്തിലെ പൊതുവെ അംഗീ കരിക്കപ്പെട്ടിരുന്ന ആശയങ്ങളെ ഈ ഗ്രന്ഥങ്ങൾ വിമർശനബുദ്ധി യോടെയാണ് നോക്കിക്കാണുന്നത്. ദൈവവും അവന്റെ പ്രവർത്ത നങ്ങളും അല്പായുസ്സുകാരനായ മനുഷ്യന് അഗ്രാഹ്യങ്ങളാണ്. അതുകൊണ്ടുതന്നെ മനുഷ്യന് നേടാൻകഴിയുന്ന വിജ്ഞാനവും പരിമിതമാണ്. മനുഷ്യന് അഗ്രാഹ്യനായ ദൈവം ഒരിക്കൽ ഒരുവി ധത്തിലും മറ്റൊരിക്കൽ മറ്റൊരുവിധത്തിലും തന്റെ ഇഷ്ടമനുസ രിച്ച് പ്രവർത്തിക്കുകയും ചെയ്യും (ജോബ് 33:14). അതുകൊണ്ട് തന്റെ ബുദ്ധികൊണ്ട് എല്ലാം അറിയാൻ കഴിയുമെന്ന് മനുഷ്യൻ കരുതരുത്. ദൈവം നല്കുന്നതെല്ലാം നന്മയ്ക്കാണെന്നു കരുതി സ്വീകരിക്കുകയും സമചിത്തത പാലിക്കുകയും ചെയ്യുക.

# 05

## ഉത്തമഗീതം

മനുഷ്യന്റെ ജീവിതാനുഭവങ്ങളിൽ വളരെ പ്രധാനപ്പെട്ടതും ജീവിതത്തിലെ വലിയ ഒരു യാഥാർത്ഥ്യവുമാണ് ലൈംഗികത. ദൈവം മനുഷ്യനെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചുകഴിഞ്ഞപ്പോൾ പുരുഷൻ സ്ത്രീയെ തിരിച്ചറിഞ്ഞത് തന്റെ അസ്ഥിയുടെ അസ്ഥിയും മാംസത്തിന്റെ മാംസവുമായാണ് (ഉൽപ 2:23). അവർക്ക് പരസ്പരം ആകർഷണം തോന്നി. ആദിപാപത്തിന്റെ ശേഷവും ലൈംഗികത എന്ന ദാനത്തെ ദൈവം മനുഷ്യനിൽ നിന്ന് എടുത്തുകളഞ്ഞില്ല. ദൈവം മനുഷ്യന് നൽകിയ വലിയ ഒരു ദാനമായിട്ടാണ് ജ്ഞാനികൾ ലൈംഗികതയെ കണ്ടത് (സഭാ 9:9-10). പ്രണയബദ്ധരായ ഒരു പുരുഷനും സ്ത്രീയും പരസ്പരം പുകഴ്ത്തിക്കൊണ്ടാലപിക്കുന്നു എന്ന് ആദ്യദൃഷ്ടിയിൽതോന്നുന്ന 30 പ്രേമഗീതങ്ങളും മറ്റ് ഏതാനും ഗീതങ്ങളുമടങ്ങുന്ന ഒരു ഗാനസമാഹാരമാണ് പാട്ടുകളുടെ പാട്ട് എന്ന് ഹെബ്രായ ഭാഷയിൽ അറിയപ്പെടുന്ന 8 അദ്ധ്യായങ്ങളുള്ള ഉത്തമഗീതം. ഒരാഴ്ചയോളം

നീണ്ടുനിൽക്കുന്ന മദ്ധ്യപൂർവ്വദേശത്തെ വിവാഹത്തിന്റെ വിവിധ ഘട്ടങ്ങളിൽ ആലപിച്ചിരുന്ന ഗീതങ്ങളായിരിക്കാം ഇവ. പിന്നീട് ഈ ഗീതങ്ങൾ ഒരുമിച്ചുചേർത്താണ് ഉത്തമഗീതം എന്ന ഗ്രന്ഥത്തിന് രൂപം നല്കപ്പെട്ടത് എന്നുകരുതാം.

ഉത്തമഗീതം ഒന്നാം അധ്യായത്തിലും (1:4) മൂന്നാം അധ്യായത്തിലും (3:7) എട്ടാം അധ്യായത്തിലും (8:11) സോളമന്റെ പേരു പറയുന്നതിനാലും, സോളമൻ ഇസ്രായേലിന്റെ ചരിത്രത്തിലെ വലിയൊരു കാമുകൻ ആയിരുന്നതിനാലും (1രാജ 11:3), സോളമന്റെ കാലഘട്ടം ഇത്തരമൊരു ഗീതം രചിക്കാൻ യുക്തമായതിനാലും സോളമനെ ഉത്തമഗീതത്തിന്റെ കർത്താവായി പരമ്പരാഗതമായി കണക്കാക്കിപ്പോന്നു. എന്നാൽ പുസ്തകത്തിലെ അറമായ സ്വാധീനം കണക്കിലെടുക്കുന്നവർ, യൂദായിലെ രാജഭരണത്തിന്റെ അവസാന നാളുകളിൽ രചിക്കപ്പെട്ടവയാണീ ഗീതങ്ങളെന്ന് കരുതുന്നു. യവനസംസ്കാരത്തിന്റെ സ്വാധീനം കാണിക്കുന്നതിനാൽ ക്രിസ്തുവിനുമുമ്പ് മൂന്നാം നൂറ്റാണ്ടിൽ ഈ ഗ്രന്ഥം ഇന്നത്തെ രൂപത്തിലായിട്ടുണ്ടാകാമെന്ന് കരുതപ്പെടുന്നു. സഭാപ്രസംഗകനും ഉത്തമഗീതവും ഏതാണ്ട് ഒരേ കാലഘട്ടത്തിൽ രൂപംകൊണ്ടവയാണ്.

ദൈവനാമമോ മതപരമായ ആശയങ്ങളോ ഒരിക്കലും പ്രത്യക്ഷപ്പെടാത്ത ഉത്തമഗീതത്തെ വി. ഗ്രന്ഥത്തിന്റെ ഭാഗമാക്കണമോ എന്ന കാര്യത്തിൽ ആരംഭകാലത്ത് യഹൂദർക്ക് സംശയമുണ്ടായിരുന്നു. ഉത്തമഗീതത്തിൽ യാഹ്‌വേയും ഇസ്രായേലും തമ്മിലുള്ള സ്നേഹബന്ധമാണ് അനാവരണം ചെയ്യപ്പെടുന്നത് എന്ന ചിന്തയുടെ അടിസ്ഥാനത്തിലാണ് അത് വി. ഗ്രന്ഥത്തിന്റെ ഭാഗമാക്കാൻ അവർ പിന്നീട് തീരുമാനിച്ചത്. സഭയാകട്ടെ ഈ ഗ്രന്ഥം കനോനികമായി സ്വീകരിച്ചപ്പോൾ അത് ക്രിസ്തുവും അവന്റെ വധുവായ സഭയും തമ്മിലുള്ള ബന്ധത്തെ ആലങ്കാരികഭാഷയിൽ അവതരിപ്പിക്കുകയാണെന്ന് പഠിപ്പിച്ചു.

ഉത്തമഗീതവും അതിനു സമാനമായ മധ്യപൂർവ്വദേശത്തെ മറ്റ് ഗീതങ്ങളും തമ്മിലുള്ള താരതമ്യപഠനം നടത്തിയ ആധുനിക പണ്ഡിതന്മാർ ഉത്തമഗീതത്തെ വിവാഹാവസരങ്ങളിൽ പാടിയിരുന്ന ഗീതങ്ങളുടെ ഒരു സമാഹാരമായാണ് കണക്കാക്കുന്നത്. എന്നാൽ ഈ ഗീതങ്ങൾ ജ്ഞാനഗ്രന്ഥങ്ങളുടെ കൂടെ ഇന്നത്തെ രീതിയിൽ പ്രത്യക്ഷപ്പെടാൻ കാരണമെന്തായിരിക്കാം?

ജ്ഞാനഗ്രന്ഥങ്ങൾ അടിസ്ഥാനപരമായി ഉപദേശങ്ങളാണ്. പ്രപഞ്ചം മുഴുവൻ ദൈവസൃഷ്ടിയായും അതിൽ ആവർത്തിക്കപ്പെടുന്ന കാര്യങ്ങൾ ദൈവത്തിന്റെ കരവേലയായും പ്രമാണമായും കണ്ടുവന്ന ജ്ഞാനിയെ സംബന്ധിച്ചിടത്തോളം സ്ത്രീപുരുഷ

സ്നേഹം എന്നും ആവർത്തിക്കപ്പെടുന്നതും മാനവസമൂഹത്തിന്റെ നിലനില്പിന് അത്യന്താപേക്ഷിതവുമായ ഒരു ജീവിത യാഥാർഥ്യ മായിരുന്നു. അത് ഏറ്റവും ഉന്നതമായ ഒരു ദൈവദാനമാണ് (ഉൽപ 1:26-27; 2:23; 3:16). ജീവദായകവും മനുഷ്യന് ഏറ്റവും സന്തോഷദാ യകവുമായ ഈ ദാനം വളരെ ശ്രദ്ധയോടുകൂടി കൈകാര്യം ചെയ്യേണ്ട ഒന്നുകൂടിയാണ്. ലൈംഗികതയെ എങ്ങനെ വിജയകര മായവിധത്തിൽ സംയമനത്തോടെ കൈകാര്യം ചെയ്യാം എന്നതി നെക്കുറിച്ച് യുവജനങ്ങൾക്ക് പ്രത്യേകിച്ച് കന്യകമാർക്ക് നല്കപ്പെ ടുന്ന ജ്ഞാനോപദേശങ്ങളാണ് ഉത്തമഗീതത്തിലെ ഗീതങ്ങൾ എന്നുപറയാം. ഒരു വിവാഹത്തിന്റെ പശ്ചാത്തലത്തിൽ നടത്തപ്പെ ടുന്ന ആഘോഷങ്ങളുടെയും പാട്ടുകളുടെയും നൃത്തങ്ങളുടെയും അവസരമാണ് ഈ ഉപദേശത്തിന് പശ്ചാത്തലമൊരുക്കുന്നത്.

യുവത്വത്തിലെത്തുന്നതോടുകൂടി സ്ത്രീപുരുഷന്മാർ തമ്മിൽ ആകർഷണമുണ്ടാകുന്നു. താൻ ഏറ്റവും സുന്ദരിയാണെന്നും തന്റെ കാമുകനാണ് ലോകത്തിലെ ഏറ്റവും സുന്ദരനും കഴിവുറ്റവനു മെന്നും ഏതൊരു കന്യകയ്ക്കും സ്വാഭാവികമായി തോന്നാം (ഉത്ത 1:5; 2:1). അതുപോലെതന്നെ തന്റെ കാമുകിയാണ് ഏറ്റവും സുന്ദരി യെന്ന് കാമുകനും തോന്നിയേക്കാം (1:15). (POC ബൈബിളിലെ മണവാളൻ മണവാട്ടി ... എന്ന പ്രയോഗങ്ങൾ ഹെബ്രായഗ്രന്ഥ ത്തിലില്ലാത്തതാണ്.) എന്നാൽ ഇപ്രകാരമുള്ള നൈമിഷികമായ ചിന്തകളെ കയറൂരി വിടരുതെന്നാണ് ജ്ഞാനി ഉപദേശിക്കുന്നത് (2:7, 15; 3:5; 5:9; 8:4). കാമുകീകാമുകന്മാരുടെ മനസ്സിലെ പതിവു ഭാവനകളും, ഒരാൾക്ക് മറ്റൊരാളെക്കുറിച്ചുള്ള ചിന്തകളും, അവർ നടത്തുന്ന രീതിയിലുള്ള സംഭാഷണങ്ങളുമെല്ലാമാണ് ഉത്തമഗീത ത്തിലെ ഗാനങ്ങളിലൂടെ ജ്ഞാനി അവതരിപ്പിക്കുന്നത്. എന്നാൽ ഈ ഭാവനകളെയും വികാരങ്ങളെയും കയറൂരിവിട്ടാൽ സംഭവി ക്കാവുന്ന നഷ്ടത്തെക്കുറിച്ചും അതിലടങ്ങിയിരിക്കുന്ന അവിവേ കത്തെക്കുറിച്ചും ജ്ഞാനി ഇടയ്ക്കിടെ (തോഴിമാരുടെയും, യുവ തിയുടെ സഹോദരങ്ങളുടെയും മറ്റും സംഭാഷണങ്ങളിലൂടെ) യുവ തിയെ ഓർമ്മിപ്പിക്കുന്നുണ്ട്. സ്ത്രീയുടെ ചാരിത്ര്യത്തിന് വലിയ വില കല്പിച്ചിരുന്ന സമൂഹത്തിൽ അതു നഷ്ടപ്പെട്ടാലുണ്ടാകുന്ന വലിയ നഷ്ടത്തെക്കുറിച്ച് ഉപദേശിക്കുകയാണ് ഗുരു. ചില ഉദാഹ രണങ്ങൾക്കൊണ്ട് ഈ ആശയം വ്യക്തമാക്കാം:

തന്റെ കാമുകനാണ് ഏറ്റവും സുന്ദരനും കഴിവുറ്റവനുമെന്ന് യുവതി ആവർത്തിച്ച് പറയുന്നുണ്ട്:

"വനവൃക്ഷങ്ങൾക്കിടയിൽ ആപ്പിൾ മരംപോലെയാണ്
യുവാക്കന്മാരുടെ മധ്യത്തിൽ എന്റെ പ്രാണപ്രിയൻ;
അതിന്റെ തണലിൽ ഞാൻ ആനന്ദത്തോടെ ഇരുന്നു;

അതിന്റെ ഫലം എന്റെ നാവിന് മാധുര്യപൂർണമാണ്..." (2:3).
"എന്റെ പ്രിയൻ അരുണനെപ്പോലെ തേജസ്സുറ്റവൻ;
പതിനായിരങ്ങളിൽ അതിശ്രേഷ്ഠൻ
അവന്റെ ശിരസ്സ് തനിത്തങ്കമാണ്
കാക്കക്കറുപ്പുള്ള അവന്റെ അളകാവലി
തിരമാലയ്ക്ക് തുല്യം..." (5:10-16).
"എന്റെ പ്രിയനേ നീ എത്ര സുന്ദരൻ..." (1:16).

തന്റെ കാമുകൻ, തന്റെ പ്രവൃത്തികളിലൂടെ, തന്നെ പ്രേമത്തിലേയ്ക്ക് നയിച്ചു എന്ന് കന്യക പറയുന്നു (ഭാവനയിലെങ്കിലും):

"വിരുന്നു ശാലയിലേയ്ക്ക് അവൻ എന്നെ കൂട്ടിക്കൊണ്ടുവന്നു
പ്രേമത്തിന്റെ പതാക എനിക്കുമുകളിൽ പാറി
.........................................
ഞാൻ പ്രേമപരവശയായിരിക്കുന്നു
അവന്റെ ഇടതുകരം എനിക്ക് തണലായിരുന്നെങ്കിൽ
അവന്റെ വലതുകരം
എന്നെ ആലിംഗനം ചെയ്തിരുന്നെങ്കിൽ" (2:4-6).

ഇങ്ങനെ ഭാവനാലോകത്തുകഴിയുന്ന കന്യകമാരോട് ഗുരുവിനു പറയാനുള്ളതിതാണ്.

"ജറുസലേം പുത്രിമാരേ, പാടത്തെ ചെറുകലമാനുകളുടെയും
പേടമാനുകളുടെയും പേരിൽ ഞാൻ നിങ്ങളോട്
കെഞ്ചുന്നു; സമയമാകുംമുമ്പ് നിങ്ങൾ പ്രേമത്തെ
തട്ടിയുണർത്തരുതേ; ഇളക്കിവിടരുതേ" (2:7).

താൻ ഏറ്റവുമധികം സ്നേഹിക്കുന്ന കാമുകനോടുകൂടി സമയം ചിലവഴിക്കാനാണ് പ്രേമപരവശയായ കന്യക ആഗ്രഹിക്കുന്നത്.

"നിന്റെ അധരം എന്നെ ചുംബനംകൊണ്ട് പൊതിയട്ടെ
നിന്റെ പ്രേമം വീഞ്ഞിനെക്കാൾ മാധുര്യമുള്ളത്
നിന്റെ അഭിഷേകതൈലം സുരഭിലമാണ്
...............................................
എന്നെക്കൊണ്ടുപോവുക നമുക്ക് വേഗം പോകാം
..............................................." (1:2-7).

അവൻ തന്റെ സഹോദരനായിരുന്നെങ്കിൽ പരിമിതികളില്ലാതെ മറ്റുള്ളവരുടെ മുമ്പിലും തങ്ങൾക്കൊരുമിച്ചു നടക്കുവാൻ കഴിയുമായിരുന്നല്ലോ എന്ന് കന്യക ആഗ്രഹിക്കുന്നു.

"നീ സഹോദരനായിരുന്നെങ്കിൽ,
എന്റെ അമ്മയുടെ മുലപ്പാൽ കുടിച്ച് വളർന്നവനെങ്കിൽ

പുറത്തുവച്ചും എനിക്ക് നിന്നെ ചുംബിക്കാമായിരുന്നു;
ആരും എന്നെ നിന്ദിക്കുകയില്ല..." (8:1).

ഈ വസ്തുത ഗാനരൂപത്തിലവതരിപ്പിച്ചതിനുശേഷം ഗുരുവിന് അവൾക്കുനല്കാനുള്ള ഉപദേശം അടുത്തവാക്യത്തിൽ നല്കുന്നതുകാണാം.

"ജറുസലേം പുത്രിമാരേ, ഞാൻ കെഞ്ചുന്നു
സമയമാകുംമുമ്പ് നിങ്ങൾ പ്രേമത്തെ
തട്ടിയുണർത്തരുതേ ഇളക്കിവിടരുതേ" (8:4).

തന്റെ കാമുകനോടൊത്തുള്ള പ്രേമസല്ലാപത്തിന്റെ സ്വപ്നാടനത്തിലാണ് പ്രേമവിവശയായ കന്യകമാർ പലപ്പോഴും:

"അതാ എന്റെ പ്രിയന്റെ സ്വരം!
അതാ മലകളിലൂടെ കുതിച്ചുചാടിയും
കുന്നുകളിൽ തുള്ളിച്ചാടിയും
അവൻ വരുന്നു..." (2:8-10).
"എന്റെ പ്രിയൻ വാതിൽക്കൊളുത്തിൽ പിടിച്ചു
എന്റെ ഹൃദയം ആനന്ദംകൊണ്ടു തുള്ളിച്ചാടി
എന്റെ പ്രിയന് തുറന്നുകൊടുക്കാൻ ഞാനെഴുന്നേറ്റു;
എന്റെ കൈയ്യിൽനിന്നും മീറയും
എന്റെ വിരലുകളിൽനിന്ന് മീറത്തുള്ളിയും
വാതിൽക്കൊളുത്തിൽ ഇറ്റുവീണു.
എന്റെ പ്രിയനായി ഞാൻ കതകുതുറന്നു
പക്ഷേ അവൻ അപ്പോഴേയ്ക്കും
പോയിക്കഴിഞ്ഞിരുന്നു" (5:4-6).
"എന്റെ പ്രിയനേ വേഗം വരുക
സുഗന്ധ ദ്രവ്യങ്ങളുടെ മലകളിൽ
കലമാൻ കുട്ടിയെപ്പോലെയോ
ചെറുമാൻപേടയെപ്പോലെയോ
വേഗം വരുക" (8:14 ).

തന്റെ കാമുകനെ കാണാൻ കഴിയാത്തതിൽ അവൾ പലപ്പോഴും നിരാശയിലുമാണ്.

"അവൻ സംസാരിച്ചപ്പോൾ എന്റെ ഹൃദയം പരവശമായി
ഞാൻ അവനെ അന്വേഷിച്ചു; കണ്ടെത്തിയില്ല
ഞാൻ അവനെ വിളിച്ചു; അവൻ വിളികേട്ടില്ല
.............................................................
ജറുസലേം പുത്രിമാരേ ഞാൻ കെഞ്ചുന്നു
എന്റെ പ്രിയനെക്കണ്ടാൽ ഞാൻ പ്രേമാതുരയാണെന്ന്

അവനെ അറിയിക്കണമേ" (5:6-8).
"എന്റെ പ്രാണപ്രിയനെ രാത്രിയിൽ ഞാൻ
കിടക്കയിലന്വേഷിച്ചു
ഞാനവനെ അന്വേഷിച്ചു; കണ്ടില്ല
ഞാനവനെ വിളിച്ചു ഉത്തരം കിട്ടിയില്ല..." (3:1-4).

ഇങ്ങനെ ഭാവനാലോകത്തു ചുറ്റിക്കറങ്ങുന്ന നിരാശയായ കന്യകയ്ക്കുള്ള ഉപദേശം ഗുരു തുടർന്ന് നല്കുന്നുണ്ട് (നേരത്തെ നല്കിയതുതന്നെ).

"ജറുസലേം പുത്രിമാരേ....
സമയമാകുന്നതിനുമുമ്പേ, നിങ്ങൾ
പ്രേമത്തെ തട്ടിയുണർത്തുകയോ
ഇളക്കിവിടുകയോ ചെയ്യരുതേ" (3:5; 5:8).

തന്റെ കാമുകൻ തന്റേതും താനവന്റേതും മാത്രമാണെന്നു കരുതി (2:16; 6:3; 7:10) വിവേകരഹിതമായി രാത്രിയിൽ അവനെ തേടിയിറങ്ങിയ കാമുകിയെ പട്ടണത്തിന്റെ കാവൽക്കാർതന്നെ മുറിവേൽപ്പിച്ചു (5:7). തന്റെ കാമുകനുവേണ്ടി ഇപ്രകാരം ജീവത്യാഗം ചെയ്യാനൊരുങ്ങുന്ന കന്യകയോട് കാണികളുടെ ചോദ്യമിതാണ്:

"മാനിനിമാരിൽ അതിസുന്ദരീ,
ഇതര കാമുകന്മാരെക്കാൾ നിന്റെ കാമുകന്
എന്തുമേന്മയാണുള്ളത്?..." (5:9).

തന്റെ കാമുകന്റെ (പൊള്ള) വാക്കുകളുടെപിന്നാലെ സ്വപ്നാടനം നടത്തുന്ന കന്യകയോടും (6:4-12) അയൽക്കാരോടും ഗുരുവിനു പറയാനുള്ളത്:

"ഷൂലാംകന്യകേ, മടങ്ങിവരൂ
മടങ്ങിവരൂ, ഞങ്ങൾ നിന്നെ ഒന്നു കണ്ടുകൊള്ളട്ടെ
രണ്ടു സംഘങ്ങളുടെ മധ്യത്തിൽ നൃത്തംചെയ്യുന്ന
ഷൂലാംകന്യകയെ നിങ്ങൾ എന്തിനു
തുറിച്ചുനോക്കുന്നു" (6:13) എന്നാണ്.

കാമുകന്റേതായി പ്രത്യക്ഷപ്പെടുന്ന വാക്കുകൾ പലതും പൊള്ളയായ പ്രലോഭനങ്ങളോ കാമുകിയുടെ ഭാവനയോ ആയിരിക്കാം (1:9-11; 1:15; 4:1-15).

പൊള്ളവാക്കുകൾകൊണ്ട് കന്യകമാരെ പ്രേരിപ്പിക്കുന്ന കാമുകന്മാരെ (2:10-14) ക്കുറിച്ച് കരുതലോടെയിരിക്കാനും അവരെ പിടികൂടാനും ഗുരു ഉപദേശിക്കുന്നുണ്ട്.

“മുന്തിരിത്തോട്ടം നശിപ്പിക്കുന്ന കുറുക്കന്മാരെ,
ആ ചെറുകുറുക്കന്മാരെ, പിടികൂടുക;
നമ്മുടെ മുന്തിരിത്തോപ്പ് പൂത്തുലയുന്നു” (2:15).

തങ്ങളുടെ വിവാഹത്തിന്റെ സമയമാകുന്നതുവരെ കന്യകമാർ ക്ഷമയോടും പ്രതീക്ഷയോടും കൂടി കാത്തിരിക്കുകയും അതിനുള്ള സാഹചര്യം സമൂഹത്തിൽ ഉണ്ടാവുകയും വേണം.

സമയമാകും മുമ്പ് പ്രേമത്തെ ഇളക്കിവിടരുതെന്ന് ജറുസലേം കന്യകമാരോട് ആവർത്തിച്ചാവർത്തിച്ച് ഉപദേശിച്ചതിനുശേഷം ഗ്രന്ഥത്തിന്റെ അവസാനത്തിൽ പ്രേമവുമായി ബന്ധപ്പെട്ട വളരെ പ്രധാനപ്പെട്ട മൂന്നു കാര്യങ്ങൾ ജ്ഞാനി പഠിപ്പിക്കുന്നുണ്ട്.

1. “പ്രേമം മരണത്തെപ്പോലെ ശക്തമാണ്” (8:6). അതിളക്കിവിട്ടാൽ പിന്നെ സ്വന്തം വരുതിയിൽപ്പോലും നില്ക്കുകയില്ലായിരിക്കാം.

2. “അസൂയ ശവക്കുഴിപോലെ ക്രൂരമാണ് അതിന്റെ ജ്വാലകൾ തീജ്ജ്വാലകളാണ് അതിശക്തമായ തീജ്ജ്വാല” (8:6).

പ്രേമവുമായി ബന്ധപ്പെട്ടുണ്ടാകുന്ന അസൂയയും അതിന്റെ ശക്തമായ ജ്വാലകളെക്കുറിച്ചും ഗുരു അനുസ്മരിപ്പിക്കുന്നു. യുവതികൾ ശ്രദ്ധിക്കണമെന്നർത്ഥം. പ്രേമമായാലും അതിനെച്ചുറ്റിപ്പറ്റിയുള്ള അസൂയയായാലും അതിനെ കെടുത്താൻ ജലസഞ്ചയങ്ങൾക്കുപോലും കഴിയില്ല (8:7).

3. “പ്രേമം വിലയ്ക്ക് വാങ്ങാൻ സർവ്വസമ്പത്തും കൊടുത്താലും അത് അപഹാസ്യമാവുകയേ ഉള്ളൂ” (8:7).

പ്രേമത്തെ ഇളക്കിവിട്ടാൽപ്പിന്നെ നിയന്ത്രണാതീതമെന്നതുപോലെതന്നെ പ്രേമത്തെ വിലയ്ക്ക് വാങ്ങാൻ പറ്റില്ലെന്നതും വലിയ ഒരു യാഥാർത്ഥ്യമാണ്. പക്വതയോടെ കാത്തിരിക്കുകയും, അങ്ങനെ സ്നേഹിക്കപ്പെടാൻ യോഗ്യരായിത്തീരുകയും വേണം. വഴിതെറ്റിയാൽപ്പിന്നെ സർവ്വസമ്പത്തും കൊടുത്താലും സ്നേഹം ലഭിച്ചില്ലെന്നുവരും.

തുടർന്നുവരുന്നത് കന്യകയെക്കുറിച്ചുള്ള സ്വന്തക്കാരുടെ (സഹോദരന്മാർ) ചിന്തകളും ആകാംക്ഷയുമാണ്.

“നമുക്കൊരു കുഞ്ഞുസഹോദരിയുണ്ട്
അവളുടെ സ്തനങ്ങൾ വളർന്നിട്ടില്ല
നമ്മുടെ സഹോദരിക്കുവേണ്ടി
വിവാഹാലോചന വരുമ്പോൾ
നമ്മൾ എന്തുചെയ്യും?
അവൾ ഒരു മതിലായിരുന്നെങ്കിൽ

ഒരു വെള്ളിഗോപുരം പണിയാമായിരുന്നു
അവൾ ഒരു കവാടമായിരുന്നെങ്കിൽ
നമുക്ക് ദേവദാരുപ്പലകകൊണ്ട് കതകുണ്ടാക്കാമായിരുന്നു" (8:8-9).

കന്യകയ്ക്ക് വിവാഹാലോചന വരുമ്പോൾ, അവൾ തന്നെ ത്തന്നെ ഒരു മതിലുകെട്ടി കാത്തുസൂക്ഷിച്ച കന്യകയാണെങ്കിൽ അവൾക്കായി വീട്ടുകാർ ഒരു വെള്ളിഗോപുരം പണിയും. അങ്ങനെ അവളെ മനോഹരമായി അലങ്കരിക്കും. മറിച്ച് അവൾ ആർക്കും പ്രവേശനം നല്കുന്ന കവാടമാണെങ്കിൽ അവർ അവളെ മതിലു കെട്ടിയടയ്ക്കുകയും അവളെ ബന്ധനത്തിലാക്കുകയും ചെയ്യുമെ ന്നതു സത്യം.

ഒരു മാതൃകാ കന്യകയ്ക്ക് പറയാനുള്ളത് എന്തായിരിക്കണ മെന്നും ഗുരു പറയുന്നു:

"ഞാനൊരു മതിലാണ്
സ്തനങ്ങളാണ് ഗോപുരങ്ങൾ
അപ്പോൾ അവന്റെ ദൃഷ്ടിയിൽ
ഞാൻ സമാധാനം കണ്ടെത്തി" (8:10).

ഭർത്തൃദൃഷ്ടിയിൽ സമാധാനം കണ്ടെത്തുക സമയമാകുന്നതു വരെ തനിക്കുചുറ്റും മതിലുകെട്ടി കാത്തിരിക്കുന്ന വിവേകമതിയായ കന്യകയാണ്. സ്ത്രീയുടെ കന്യാത്വത്തിന് വലിയ പ്രാധാന്യം കല്പി ച്ചിരുന്ന ആ സമൂഹത്തിൽ (നിയ 22:14-21 കാണുക) അത് കാത്തു സൂക്ഷിക്കേണ്ടതിന്റെ ആവശ്യകത പഠിപ്പിക്കുക ഉചിതമാണല്ലോ. സോളമനെ കഥാനായകനായി ഗ്രന്ഥത്തിൽ കൊണ്ടുവരുന്നതിന്റെ കാരണം അദ്ദേഹത്തിന്റെ ജ്ഞാനമോ, അദ്ദേഹത്തിന്റെ കാമുകഭാ വമോ അനേകം വിവാഹങ്ങളിലൂടെ തിന്മയിലേയ്ക്ക് പതിച്ച അദ്ദേ ഹത്തിന്റെ ജീവിതാനുഭവമോ ആകാം (രാജാ 11; ഉത്ത 8:11-13). മധ്യപൂർവ്വദേശത്തും പല പുരാതന സംസ്കാരങ്ങളിലും വധൂവര ന്മാരെ രാജാവും രാജ്ഞിയുമായി ചിത്രീകരിക്കുക പതിവായിരു ന്നു. മനുഷ്യന്റെ ജീവിതാനുഭവങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒന്നായ ലൈംഗിക ആകർഷണത്തെക്കുറിച്ച് സദുപദേശം നല്കുന്ന ഈ ഗ്രന്ഥം ബൈബിളിൽ ഇല്ലായിരുന്നെങ്കിൽ അത് വലിയ ഒരു കുറ വുതന്നെയാകുമായിരുന്നു.

# 06

## പ്രഭാഷകൻ

ബൈബിളിലെ ഏറ്റവും നീളമുള്ള ജ്ഞാനഗ്രന്ഥമാണ് പ്രഭാഷകൻ: 51 അധ്യായങ്ങൾ. വുൾഗാത്താ (ലത്തീൻ) വിവർത്തനത്തിൽ ലഭിച്ച എക്ലേസിയാസ്റ്റിക്കൂസ് (സഭാപരമായ ധപുസ്തകംപ) എന്ന പേരിൽനിന്നാണ് പ്രഭാഷകൻ എന്ന മലയാളനാമം ഗ്രന്ഥത്തിന് ലഭിച്ചത്. സുഭാഷിതങ്ങളുടെ ശൈലിയിലുള്ള ചെറിയ സൂക്തങ്ങൾക്ക് പുറമേ ദൈർഘ്യമുള്ള ചർച്ചകളും പുസ്തകത്തിലുണ്ട്. എന്നാൽ സുഭാഷിതങ്ങളിൽനിന്ന് വ്യത്യസ്ഥമായി ഒരു ഗ്രന്ഥകർത്താവെഴുതിയ ജ്ഞാനസൂക്തങ്ങളും ഉപദേശങ്ങളുമാണ് പ്രഭാഷകനിലുള്ളത്. ഗ്രന്ഥകർത്താവ് ആരാണെന്ന് 50:27-ൽ പറയുന്നുണ്ട്: "വിജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ഉപദേശങ്ങൾ ഈ ഗ്രന്ഥത്തിൽ ഞാൻ എഴുതിയിട്ടുണ്ട്; ജറുസലേമിലെ ഏലെയാസറിന്റെ മകൻ സിറാക്കിന്റെ പുത്രൻ യേശുവായ ഞാൻ ഹൃദയാഗാധത്തിൽ നിന്ന് പുറപ്പെടുവിച്ച ജ്ഞാനമാണ് ഇത്." അതുകൊണ്ട് പുസ്തകത്തിന്റെ പേര് സിറാക്കിന്റെ മകനായ യേശുവിന്റെ ജ്ഞാനം എന്നാണ് (ചുരുക്കി സിറാക്ക് എന്നുപറയും).

ക്രിസ്തുവിന് മുമ്പ് 190–175 കാലഘട്ടത്തിൽ ഈ ഗ്രന്ഥം ഹീബ്രുവിൽ രചിക്കപ്പെട്ടതായി കരുതപ്പെടുന്നു. ഇന്ന് നമുക്കുള്ളത് ഗ്രീക്ക് ഭാഷയിലുള്ള മൂലഗ്രന്ഥമാണ്. അത് തർജ്ജമചെയ്യപ്പെട്ടത് 132–ൽ ആണ്. എവുഎർഗെത്തെസിന്റെ 38–ാം ഭരണവർഷമാണ് പിതാമഹനായ യേശുവിന്റെ കൃതി അദ്ദേഹത്തിന്റെ കൊച്ചുമകൻ ഗ്രീക്കിലേയ്ക്ക് തർജ്ജമ ചെയതതെന്ന് മുഖവുരയിൽപ്പറയുന്നുണ്ട്. എവുഎർഗെത്തെസ് (Ptolemy VII- Physkon Euergetes II) ഭരണമാരംഭിച്ചത് 170 BC യിലാണ്. അങ്ങനെ കണക്കുകൂട്ടിയാണ് തർജ്ജമ നടന്നത് 132–ൽ ആണെന്ന് പറയുന്നത്. തർജ്ജമ ചെയ്ത യുവാവ് 132–ൽ ഈജിപ്തിലെത്തുകയും അധികം താമസംകൂടാതെ തന്റെ വലിയച്ഛന്റെ ഹീബ്രുഭാഷയിലുള്ള മൂലകൃതി ഗ്രീക്കുഭാഷയിലേക്ക് തർജ്ജമ ചെയ്യുകയും ചെയ്തു. പ്രഭാഷകൻ രചിക്കപ്പെട്ടത് സഭാപ്രസംഗകനും, ജോബും രചിക്കപ്പെട്ടതിനുശേഷമാണെന്ന് പറയേണ്ടതില്ലല്ലോ.

മനുഷ്യജീവിതത്തിന്റെ വിജയത്തിനായി അതിലെ ഓരോ സാഹചര്യങ്ങളിലും ജ്ഞാനത്താൽ നയിക്കപ്പെടുന്നതിന് വ്യക്തികളെ ഒരുക്കുകയാണ്, പരിചയസമ്പന്നനും, അനുഭവസമ്പത്തിനുടമയും, ഉയർന്ന ദൈവശാസ്ത്ര വീക്ഷണവുമുള്ള ഗ്രന്ഥകാരന്റെ ലക്ഷ്യം. ഗ്രന്ഥകാരൻ അനുഭവസമ്പന്നനാണ് എന്ന് അദ്ദേഹത്തിന്റെ ഉന്നതമായ ദൈവശാസ്ത്രവും, ആശയങ്ങൾ അവതരിപ്പിക്കുന്ന രീതിയും, ആശയങ്ങളുടെ വൈവിധ്യവും, സഹിഷ്ണുതാ മനോഭാവവും തെളിയിക്കുന്നു.

ആദിമസഭയിൽ ക്രിസ്ത്യാനികൾ ഈ ഗ്രന്ഥം വളരെ വ്യാപകമായി ഉപയോഗിച്ചിരുന്നു. ക്രിസ്തുവിനുമുമ്പുണ്ടായിരുന്ന പാലസ്തീനായിലെയും മറ്റുസ്ഥലങ്ങളിലേയും യഹൂദരും പ്രഭാഷകൻ വിശുദ്ധഗ്രന്ഥത്തിന്റെ ഭാഗമായി കണക്കാക്കിയിരുന്നു. അതുകൊണ്ടാണ് അതിന് സപ്തതിയിൽ സ്ഥാനം ലഭിക്കാൻ കാരണം. പാലസ്തീനായിലെ മസാദായിൽനിന്ന് ഒന്നാം നൂറ്റാണ്ടിൽ ഹീബ്രുവിൽ എഴുതപ്പെട്ട ഈ ഗ്രന്ഥത്തിന്റെ ഭാഗങ്ങൾ കണ്ടുകിട്ടിയിട്ടുണ്ട്. ധാർമ്മിക മൂല്യങ്ങൾക്ക് വലിയ വിലകല്പിക്കുന്ന ഗ്രന്ഥമാകയാൽ ആദിമ നൂറ്റാണ്ടുകളിലെ ക്രിസ്ത്യാനികളുടെയിടയിൽ ഈ ഗ്രന്ഥത്തിന് വലിയ പ്രചാരം ലഭിച്ചു. അതിൽനിന്നാകാം എക്ലേസിയാസ്റ്റിക്കൂസ് (സഭാപരമായ ഗ്രന്ഥം) എന്ന ലത്തീൻപേര് ഈ ഗ്രന്ഥത്തിന് കൈവന്നത്. ക്രിസ്തുവർഷം ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ഫരിസേയർ ഹെബ്രായഭാഷയിൽ രചിക്കപ്പെട്ടതാണെങ്കിലും എസ്രയുടെ കാലത്ത് ഉണ്ടായിരുന്നതല്ല എന്ന കാരണം പറഞ്ഞ് ഈ ഗ്രന്ഥം അവരുടെ കാനോനയിൽനിന്നൊഴിവാക്കി. അതിനുകാരണം ഗ്രന്ഥത്തിന് ക്രിസ്ത്യാനികളുടെ ഇടയിലുള്ള

പ്രചാരമോ, അതിലെ പഠനങ്ങൾക്ക് സദുക്കായരുടെ പഠനങ്ങളോടുള്ള സാമ്യമോ ആകാം (38:16-23). ഹിപ്പോയിലെയും (393), കാർത്തേജിലെയും (397; 419) സഭാസൂനഹദോസുകൾ ഈ ഗ്രന്ഥത്തെ കാനോനികമായി അംഗീകരിച്ചു.

പ്രഭാഷകൻ (സിറാക്ക്) ഒരു നിയമജ്ഞനായിരുന്നു (നിയമഗ്രന്ഥം പകർത്തിയെഴുതുന്ന ആൾ). അതുകൊണ്ടുതന്നെ സമൂഹത്തിലെ ജ്ഞാനിയും അറിവുള്ളവനുമായിരുന്നു അയാൾ. അദ്ദേഹം നിയമവും പ്രവാചകന്മാരും പിതാക്കന്മാരുടെ മറ്റ് ഗ്രന്ഥങ്ങളും (നമ്മുടെ ബൈബിൾ) സശ്രദ്ധം വായിക്കുകയും പഠിക്കുകയും നല്ല പാണ്ഡിത്യം സമ്പാദിക്കുകയും ചെയ്തതിനുശേഷം അന്യരെ ഈ ജ്ഞാനത്തെ ഉൾക്കൊള്ളാൻ സഹായിക്കുന്നതിനുവേണ്ടിയാണ് ഗ്രന്ഥം രചിച്ചതെന്ന് ഗ്രന്ഥകാരന്റെ കൊച്ചുമകൻ പറയുന്നുണ്ട്: "നിയമവും പ്രവാചകന്മാരും അവരെ പിന്തുടർന്നവരും വഴി നമുക്ക് മഹത്തായ അനവധി പ്രബോധനങ്ങൾ നൽകപ്പെട്ടിട്ടുണ്ട്. നമുക്ക് ലഭിച്ച ഈ പ്രബോധനങ്ങൾക്കും ജ്ഞാനത്തിനും ഇസ്രായേൽ നമ്മുടെ പ്രശംസയർഹിക്കുന്നു. എന്നാൽ ഇവ വായിക്കുന്നവർക്കു മാത്രം അറിവ് ലഭിച്ചാൽ പോരാ. അറിവ് നേടുന്നവരിൽ താൽപര്യമുള്ളവർ തങ്ങളുടെ വാക്കും, തൂലികയും മറ്റുള്ളവർക്കുകൂടി പ്രയോജനപ്രദമായ വിധത്തിൽ ഉപയോഗിക്കണം. ആകയാൽ എന്റെ പിതാമഹൻ യേശു നിയമവും പ്രവാചകന്മാരും നമ്മുടെ പിതാക്കന്മാരുടെ ഇതര ഗ്രന്ഥങ്ങളും സശ്രദ്ധം വായിക്കുകയും നല്ല പാണ്ഡിത്യം സമ്പാദിക്കുകയും ചെയ്തതിനുശേഷം ജ്ഞാനത്തെയും പ്രബോധനത്തെയും സംബന്ധിക്കുന്ന ചിലകാര്യങ്ങൾ എഴുതാൻ പ്രേരിതനായി. അറിവ് സമ്പാദിക്കുന്നതിൽ താൽപര്യമുള്ളവർ ഈ ഗ്രന്ഥം ശ്രദ്ധാപൂർവ്വം പാരായണം ചെയ്ത് നിയമമനുസരിച്ച് ജീവിക്കുന്നതിൽ ഉത്തരോത്തരം അഭിവൃദ്ധി പ്രാപിക്കണം എന്നതാണ് ഗ്രന്ഥകർത്താവിന്റെ ലക്ഷ്യം" (മുഖവുര - പ്രഭാഷകൻ). ജ്ഞാനഗ്രന്ഥങ്ങൾക്ക് മത-രാഷ്ട്രീയ പരിധികൾക്കപ്പുറം കടന്നുചെല്ലാൻ കഴിയുമെന്ന് പറയേണ്ടതില്ലല്ലോ. പ്രഭാഷകൻ ജ്ഞാനസാഹിത്യം എന്ന മാധ്യമം വിശ്വാസപ്രഘോഷണത്തിനുപയോഗിച്ചുവെന്ന് പറയാൻ കഴിയും.

പ്രഭാഷകന്റെ ജീവിതദർശനം എന്തായിരുന്നുവെന്ന് അദ്ദേഹം തന്നെ പറയുന്നുണ്ട്: "അത്യുന്നതന്റെ നിയമങ്ങൾ പഠിക്കുന്നതിൽ താൽപര്യമുള്ളവൻ എല്ലാ പൗരാണിക ജ്ഞാനവും ആരാഞ്ഞ് അറിയുകയും പ്രവചനങ്ങളിൽ ഔത്സുക്യം പ്രദർശിപ്പിക്കുകയും ചെയ്യും. അവൻ വിശ്രുതരുടെ വാക്കുകൾ വിലമതിക്കുകയും, ഉപമകളുടെ പൊരുൾ സൂക്ഷ്മമായി അപഗ്രഥിക്കുകയും ചെയ്യും. അവൻ ആപ്തവാക്യങ്ങളുടെ ആന്തരാർത്ഥം തേടുകയും ഉപമകളുടെ നിഗൂഢത

കളെ സ്വായത്തമാക്കുകയും ചെയ്യുന്നു. അവൻ മഹാന്മാരെ സേവിക്കുന്നു. ഭരണാധിപന്മാരുടെ മുമ്പിലും അവന് പ്രവേശനമുണ്ട്. വിദേശരാജ്യങ്ങളിൽ അവൻ സഞ്ചരിക്കും. മനുഷ്യരുടെ നന്മതിന്മകൾ അവൻ വേർതിരിച്ചറിയുന്നു. സ്രഷ്ടാവായ കർത്താവിനെ അന്വേഷിക്കാൻ അവൻ അതിരാവിലെ താൽപര്യപൂർവ്വം എഴുന്നേൽക്കുന്നു; അവൻ അത്യുന്നതന്റെ മുമ്പിൽ പ്രാർത്ഥനകൾ അർപ്പിക്കുന്നു. അവൻ പാപമോചനത്തിനായി യാചിക്കുന്നു" (39:1-5). ജ്ഞാനി എല്ലാ പൗരാണിക ഗ്രന്ഥങ്ങളും ആരാഞ്ഞു പഠിക്കണം; അവൻ പ്രവചനങ്ങളിൽ ഔത്സുക്യം പ്രദർശിപ്പിക്കണം; ജ്ഞാനികളുടെ വാക്കുകൾ വിലമതിക്കണം; കടംകഥകളുടെയും ഉപമകളുടെയും പൊരുൾ അറിയണം; അവൻ അന്യജനതകളെക്കുറിച്ച് അറിവുള്ളവനായിരിക്കണം; അവൻ ദൈവത്തോട് പ്രാർത്ഥിക്കുന്നവനായിരിക്കണം.

പ്രഭാഷകൻ ജീവിച്ചിരുന്നത് ജറുസലേമിലാണ് (50:27); അയാൾ വളരെയധികം യാത്രകൾ ചെയ്തിട്ടുമുണ്ട് (34:11-13; 8:15-16). ജറുസലേമിൽ ദൈവജനത്തോട് ചേർന്ന് ജീവിക്കുകയും, ലോകമാസകലം സഞ്ചരിക്കുകയും, താൻ പഠിച്ച അത്യുന്നതന്റെ നിയമത്തിന്റെയും, പ്രവാചക-ജ്ഞാന ഗ്രന്ഥങ്ങളുടെയും പശ്ചാത്തലത്തിൽ കണ്ടെത്തിയതിനെയെല്ലാം സംഗ്രഹിക്കുകയും വിശകലനം ചെയ്യുകയും തനിക്കുണ്ടായ ഉൾക്കാഴ്ച മുഴുവനും അന്യർക്കായി എഴുതിവയ്ക്കുകയും ചെയ്തവനാണ് പ്രഭാഷകൻ.

പ്രഭാഷകൻ ജീവിച്ചിരുന്ന ജറുസലേമിലെ രാഷ്ട്രീയ -സാമൂഹ്യ പശ്ചാത്തലമെന്തെന്ന് മനസ്സിലാക്കുന്നത് ആ ഗ്രന്ഥത്തിലെ കാര്യങ്ങൾ ഗ്രഹിക്കാൻ സഹായിക്കും. 539-ൽ ബാബിലോൺ കീഴടക്കി യഹൂദരെ വിപ്രവാസത്തിൽ നിന്ന് സ്വതന്ത്രരാക്കിയ പേർഷ്യൻ രാജ്യത്തിന്റെ അധീനതയിലായിരുന്നു പാലസ്തീന ആഇ 332 വരെ. 332-ൽ മഹാനായ അലക്സാണ്ടർ ചക്രവർത്തി പേർഷ്യയെ കീഴടക്കിയപ്പോൾ പാലസ്തീന യവന ആധിപത്യത്തിൻ കീഴിലായി (ഗ്രീക്ക് സാമ്രാജ്യം). 323-ൽ അലക്സാണ്ടർ മരിച്ചപ്പോൾ അദ്ദേഹത്തിന്റെ സാമ്രാജ്യം അദ്ദേഹത്തിന്റെ നാലു പട്ടാളമേധാവികൾക്കുമായി വിഭജിച്ച് നല്കപ്പെട്ടു. ടോളമിക്ക് പാലസ്തീനായുടെ തെക്കുഭാഗത്തുള്ള വലിയ ഈജിപ്ഷ്യൻ സാമ്രാജ്യവും, സെലൌക്കൂസിന് പാലസ്തീനയ്ക്ക് വടക്കുള്ള സിറിയൻ രാജ്യവും ലഭിച്ചു. തുടർന്ന് ഈ രണ്ട് ഗ്രീക്ക് സാമ്രാജ്യങ്ങൾ തമ്മിൽ പാലസ്തീനായുടെ നിയന്ത്രണത്തിനുവേണ്ടിയുള്ള പല യുദ്ധങ്ങളും നടന്നു. 301-ൽ ടോളമി ഒന്നാമൻ പാലസ്തീന സ്വന്തം അധീനതയിൽ കൊണ്ടുവരികയും തുടർന്ന് ഒരു ശതാബ്ദക്കാലം വിശുദ്ധനാട് ഈജിപ്ഷ്യൻ സാമ്രാജ്യത്തിന് കീഴിൽ സമാധാനപൂർവ്വം ജീവിക്കു

കയും ചെയ്തു. ടോളമി പേർഷ്യൻ സാമ്രാജ്യത്തിന്റെ ഭരണതന്ത്രങ്ങൾതന്നെ പിൻതുടർന്നതായാണ് കരുതപ്പെടുന്നത്. അതനുസരിച്ച് യഹൂദരുടെ പ്രധാന പുരോഹിതൻ ഒരു ആത്മീയഗുരു മാത്രമായിരുന്നില്ല, മറിച്ച് ഒരു രാജകുമാരൻ കൂടിയായിരുന്നു. ഈജിപ്തിനുവേണ്ടി ചുങ്കം പിരിച്ചിരുന്നതും അയാൾതന്നെയായിരുന്നു. അതിനാൽ സമാധാനത്തിൽ ജീവിക്കാനും ഈജിപ്ഷ്യൻ സാമ്രാജ്യത്തിലെ ചില ആനുകൂല്യങ്ങൾ അനുഭവിക്കാനും ഈജിപ്തുമായുള്ള കച്ചവടത്തിലൂടെ അഭിവൃദ്ധി പ്രാപിക്കാനും യഹൂദർക്ക് കഴിഞ്ഞു.

എന്നാൽ 199–98 പാനിയം (കേസറിയ ഫിലിപ്പി) യുദ്ധത്തിൽ സിറിയയുടെ രാജാവായ അന്തിയോക്കസ് മൂന്നാമൻ (223–187) ടോളമി നാലാമനെ (203–181) പരാജയപ്പെടുത്തുകയും, പാലസ്തീനാ സിറിയായുടെ അധീനതയിൽ കൊണ്ടുവരികയും ചെയ്തു. യഹൂദർ ഈ സമയത്ത് സിറിയാക്കാരെ സഹായിച്ചതായി ചരിത്രകാരനായ ജോസേഫൂസ് വിവരിക്കുന്നുണ്ട് (*Ant.* 12:3,3). ഈ സഹായത്തിന് പ്രത്യുപകാരമായി ജറുസലേം ദേവാലയത്തിന്റെ കേടുപാടുകൾ തീർക്കാൻ അന്ന് ആവശ്യമായിരുന്ന തടി രാജാവ് കൊടുക്കുകയും ചെയ്തു. അതോടൊപ്പം മറ്റ് നികുതിയിളവുകളും (50:1–4). അന്തിയോക്കസ് തുടർന്ന് റോമുമായി യുദ്ധം ചെയ്യുകയും, പരാജയപ്പെടുകയും അതേത്തുടർന്ന് റോമിന് കപ്പം കൊടുക്കാനായി അവന്റെതന്നെ ബാൽദേവന്റെ അമ്പലം കൊള്ളയടിക്കുന്നതിനിടെ കൊല്ലപ്പെടുകയും ചെയ്തു. പിൻഗാമിയായിവന്ന സെലൈഊക്കൂസ് നാലാമനും കഴിവില്ലാത്തവനായിരുന്നു; അവൻ വധിക്കപ്പെട്ടു. അപ്പോൾ അവന്റെ ഇളയസഹോദരനായ അന്തിയോക്കസ് എപ്പിഫാനെസ് നാലാമൻ ഭരണത്തിൽവന്നു (175–164). അയാളാണ് യഹൂദരെ ഗ്രീക്ക് സ്വാധീനത്തിൻകീഴിൽ കൊണ്ടുവരാൻ തന്റെ മുൻഗാമികളെക്കാൾ തീക്ഷ്ണമായി ശ്രമിച്ചത്. അന്തിയോക്കസ് എപ്പിഫാനെസിന്റെ (IV) വരവിനുമുമ്പുതന്നെ, 180–ഓടെ, സിറാക്ക് തന്റെ ഗ്രന്ഥം പ്രസിദ്ധീകരിച്ചുവെന്നാണ് കരുതപ്പെടുന്നത്.

ടോളമിയും സെലൈഊക്കുകളും യവനപാരമ്പര്യം തങ്ങളുടെ സാമ്രാജ്യങ്ങളിൽ സ്ഥാപിക്കാൻ പരിശ്രമിച്ചുകൊണ്ടിരുന്നു. അലക്സാണ്ടറിന്റെ “ഒരുലോകം, ഒരു സംസ്കാരം, ഒരു ഭാഷ, സമത്വം” എന്നീ തത്വങ്ങളായിരുന്നു ഇതിനടിസ്ഥാനം. ഇത് പല യഹൂദരെയും യവനസംസ്കാരത്തിലേയ്ക്ക് ആകർഷിക്കുകയും ചെയ്തു. വിശ്വാസിയായിരുന്ന പ്രഭാഷകൻ തന്റെ യാത്രയ്ക്കിടയിൽ യവനസംസ്കാരവും തത്വശാസ്ത്രവും എത്രമാത്രം യഹൂദപാരമ്പര്യങ്ങളെയും ജീവിതത്തെയും ചോദ്യം ചെയ്തു എന്നുകണ്ടു. എന്നാൽ തന്റെ കൃതിയിലൂടെ യവനസംസ്കാരത്തെ കരിതേച്ചുകാണിക്കാനല്ല മറിച്ച് എന്താണ് യഥാർത്ഥ ജ്ഞാനമെന്നും അതിന്റെ ഉറവിടം യവന

സംസ്കാരത്തിന്റെ ഈറ്റില്ലമായ ആതെൻസല്ല മറിച്ച് ജറുസലേമാണെന്ന് യഹൂദർക്ക് കാണിച്ചുകൊടുക്കുകയുമാണ് അദ്ദേഹം ചെയ്യുന്നത്. യവനരുടെ താത്ത്വീക സാഹിത്യത്തെക്കാൾ ഉന്നതമായത് യഹൂദരുടെ വെളിപാടുൾക്കൊള്ളുന്ന രചനകളാണെന്നദ്ദേഹം പറഞ്ഞു: "ജ്ഞാനത്തിന്റെ വാക്കുകൾ അവൾക്കുതന്നെ പുകഴ്ചയാണ്; തന്റെ ജ്ഞാനത്തിന്റെ മധ്യത്തിൽ അവൾ മഹത്വമാർജ്ജിക്കുന്നു. അത്യുന്നതന്റെ സഭയിൽ അവൾ വായ് തുറക്കുന്നു. അത്യുന്നതന്റെ നാവിൽനിന്ന് പുറപ്പെട്ട് മൂടൽമഞ്ഞുപോലെ ഞാൻ ഭൂമിയെ ആവരണം ചെയ്തു. ഉന്നതങ്ങളിൽ ഞാൻ വസിച്ചു. മേഘത്തൂണിലായിരുന്നു എന്റെ സിംഹാസനം, ഞാൻ തനിയെ ആകാശത്തിന് പ്രദക്ഷിണം വയ്ക്കുകയും പാതാളത്തിന്റെ ആഴങ്ങളിൽ സഞ്ചരിക്കുകയും ചെയ്തു. ആഴിയിലെ അലകളിലും ഊഴിയിലും എല്ലാ ജനതകളിലും രാജ്യങ്ങളിലും എനിക്ക് ആധിപത്യം ലഭിച്ചു. ഇവയിലെല്ലാം ഞാൻ വിശ്രമസങ്കേതം അന്വേഷിച്ചു; ആരുടെ ദേശത്ത് വസിക്കണമെന്ന് ഞാൻ ആലോചിച്ചു. അപ്പോൾ സകലത്തിന്റെയും സ്രഷ്ടാവ് എനിക്ക് കല്പന നൽകി; എന്റെ സ്രഷ്ടാവ് എനിക്ക് കൂടാരത്തിന് സ്ഥലം നിശ്ചയിച്ചുതന്നു. അവിടുന്നു പറഞ്ഞു: യാക്കോബിൽ വാസമുറപ്പിക്കുക; ഇസ്രായേലിൽ നിന്റെ അവകാശം സ്വീകരിക്കുക" (24:1-8). അതുകൊണ്ട് വിജ്ഞാനകേന്ദ്രം ജറുസലേമാണ്.

### ഗ്രന്ഥത്തിന്റെ ഘടന

പുസ്തകത്തെ അഞ്ച് ഭാഗങ്ങളായിതിരിക്കാം

1. ഗ്രന്ഥകാരന്റെ പൗത്രന്റെ ആവതാരിക
2. 1:1-23:28 : ദൈവത്തിൽനിന്നുവരുന്ന ജ്ഞാനത്തെക്കുറിച്ചുള്ള വിചിന്തനം.
3. 24:1-43:33 : ജ്ഞാനത്തെക്കുറിച്ചുള്ള ചർച്ചയോടെ തുടങ്ങുന്നു. ജ്ഞാനത്തെ നിയമത്തോട് താദാത്മ്യപ്പെടുത്തുന്നു.
4. 44:1-50:24 : പൂർവ്വികരെ അനുസ്മരിക്കുകയും അവരെ ജ്ഞാനികളായി വണങ്ങുകയും ചെയ്യുന്നു.
5. ഉപസംഹാരവും അനുബന്ധവും 50:25-51:30 - ഗ്രന്ഥകാരൻ ഇദുമെയരെയും, ഫിലിസ്ത്യരെയും, സമറിയാക്കാരെയും വെറുക്കുന്നു. ഇതെല്ലാം യഹൂദർ വെറുക്കുന്നവരാണ് (50:25-29).

### നിയമവും പ്രവാചകന്മാരും ലിഖിതങ്ങളും

തനിക്ക് മുമ്പു രചിക്കപ്പെട്ട ജ്ഞാനഗ്രന്ഥങ്ങളിൽനിന്നും വ്യത്യസ്ഥമായി പ്രഭാഷകൻ ഇസ്രായേലിന്റെ നിയമവും പ്രവാചകന്മാരും തന്റെ വിചിന്തനവിഷയമാക്കി. നിയമവും പ്രവാചകന്മാരും അക്കാ

ലത്തുണ്ടായിരുന്ന ലിഖിതങ്ങളും ഹൃദിസ്ഥമാക്കിയിരുന്ന പ്രഭാഷകൻ നിയമത്തിലെയും പ്രവാചകന്മാരിലെയും വചനങ്ങളെ അക്കാലത്തുള്ള യവനസംസ്കാരാധീനത്തിൽപ്പെട്ട സമൂഹത്തിന് മനസ്സിലാകുന്നവിധത്തിൽ അനുരൂപപ്പെടുത്തി വ്യാഖ്യാനിച്ചുവെന്ന് പറയാൻ കഴിയും. ഈ അനുരൂപണത്തിലൂടെ അദ്ദേഹം താൻ പ്രാധാന്യം നൽകാനാഗ്രഹിച്ച കാര്യങ്ങൾ ഊന്നിപ്പറയുകയും ചെയ്തു. ഉദാഹരണമായി, "നിങ്ങളുടെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും, പൂർണ്ണാത്മാവോടും, പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കണം" (നിയ 6:5) എന്ന നിയമാവർത്തനത്തിലെ മോശയുടെ കല്പന പ്രഭാഷകൻ കൂടുതൽ ആശയങ്ങൾ ചേർത്ത് വിപുലീകരിക്കുന്നത് കാണാം: "പൂർണ്ണഹൃദയത്തോടെ കർത്താവിനെ ഭയപ്പെടുക; അവിടുത്തെ പുരോഹിതന്മാരെ ബഹുമാനിക്കുക; സർവ്വശക്തിയോടുംകൂടി സ്രഷ്ടാവിനെ സ്നേഹിക്കുക; അവിടുത്തെ ശുശ്രൂഷകരെ പരിത്യജിക്കരുത്" (7:29–30). പുറപ്പാടിന്റെ പുസ്തകം 20:12 (നിയ 5:16) മാതാവിനെയും, പിതാവിനെയും ബഹുമാനിക്കുകയെന്ന് കല്പിക്കുന്നുണ്ട്: "നിന്റെ ദൈവമായ കർത്താവ് തരുന്ന രാജ്യത്ത് നീ ദീർഘകാലം ജീവിച്ചിരിക്കേണ്ടതിന് നിന്റെ പിതാവിനെയും, മാതാവിനെയും ബഹുമാനിക്കുക" (പുറ 20:12). ഈ വചനത്തെ ആധാരമാക്കിക്കൊണ്ടാണ് പ്രഭാ 3-ാം അദ്ധ്യായം 1 മുതൽ 16 വരെയുള്ള വാക്യങ്ങളിൽ ഗ്രന്ഥകാരൻ തന്റെ ഉപദേശം നല്കുന്നത്:

"കുഞ്ഞുങ്ങളേ നിങ്ങളുടെ പിതാവായ എന്റെ വാക്കുകേൾക്കുവിൻ; സുരക്ഷിതരായിരിക്കാൻ അതനുസരിച്ച് പ്രവർത്തിക്കുവിൻ; മക്കൾ പിതാവിനെ ബഹുമാനിക്കണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു: അവിടുന്ന് പുത്രന്മാരുടെ മേൽ അമ്മയ്ക്കുള്ള അവകാശം ഉറപ്പിച്ചിരിക്കുന്നു. പിതാവിനെ ബഹുമാനിക്കുന്നവൻ തന്റെ പാപങ്ങൾക്ക് പ്രായശ്ചിത്തം ചെയ്യുന്നു. അമ്മയെ മഹത്വപ്പെടുത്തുന്നവൻ നിക്ഷേപം കൂട്ടിവയ്ക്കുന്നു. പിതാവിനെ ബഹുമാനിക്കുന്നവനെ അവന്റെ മക്കൾ സന്തോഷിപ്പിക്കും. അവന്റെ പ്രാർത്ഥന കർത്താവ് കേൾക്കും. പിതാവിനെ ബഹുമാനിക്കുന്നവൻ ദീർഘകാലം ജീവിക്കും; കർത്താവിനെ അനുസരിക്കുന്നവൻ തന്റെ അമ്മയെ സന്തോഷിപ്പിക്കുന്നു. ദാസൻ എന്നപോലെ അവൻ മാതാപിതാക്കന്മാരെ സേവിക്കും; പിതാവിനെ വാക്കിലും പ്രവൃത്തിയിലും ബഹുമാനിച്ച് അവന്റെ അനുഗ്രഹത്തിന് പാത്രമാകുക. പിതാവിന്റെ അനുഗ്രഹം മക്കളുടെ ഭവനങ്ങളെ ബലവത്താക്കും; അമ്മയുടെ ശാപം അവയുടെ അടിത്തറ ഇളക്കും. മഹത്വം കാംക്ഷിച്ച് പിതാവിനെ അപമാനിക്കരുത്; പിതാവിന്റെ അപമാനം ആർക്കും ബഹുമതിയല്ല. പിതാവിനെ ബഹുമാനിക്കുന്നവൻ മഹത്വമാർജ്ജിക്കുന്നു.

അമ്മയെ അനാദരിക്കുന്നവൻ അപകീർത്തിക്കിരയാകും. മകനേ, പിതാവിനെ വാർദ്ധക്യത്തിൽ സഹായിക്കുക, മരിക്കുന്നതുവരെ അവന് ദുഃഖമുണ്ടാക്കരുത്. അവന് അറിവ് കുറവാണെങ്കിലും സഹിഷ്ണുത കാണിക്കുക; നീ എത്ര ബലവാനാണെങ്കിലും അവനെ നിന്ദിക്കരുത്. പിതാവിനോട് കാണിക്കുന്ന കാരുണ്യം വിസ്മരിക്കപ്പെടുകയില്ല. പാപങ്ങളുടെ കടം വീട്ടുന്നതിന് അതുപകരിക്കും. കഷ്ടതയുടെ ദിനത്തിൽ അത് നിനക്ക് കാരുണ്യത്തിനായി ഭവിക്കും. സൂര്യപ്രകാശത്തിൽ മൂടൽമഞ്ഞെന്നപോലെ നിന്റെ പാപങ്ങൾ മാഞ്ഞുപോകും. പിതാവിനെ പരിത്യജിക്കുന്നത് ദൈവദൂഷണത്തിന് തുല്യമാണ്. മാതാവിനെ പ്രകോപിപ്പിക്കുന്നവൻ കർത്താവിന്റെ ശാപമേൽക്കും" (പ്രഭാ 3:1-16).

നിയമാവർത്തനം ദൈവസ്നേഹമെന്നത് ദൈവപ്രമാണങ്ങളുടെ അനുസരണമാണെന്ന് പഠിപ്പിക്കുന്നു (നിയ 10:12-13; 30:16). ഇതുതന്നെയാണ് പ്രഭാ 2:15-16 ൽ അവതരിപ്പിക്കുന്നത്: "കർത്താവിനെ ഭയപ്പെടുന്നവൻ അവിടുത്തെ മാർഗ്ഗത്തിൽ ചരിക്കുന്നു. കർത്താവിനെ ഭയപ്പെടുന്നവൻ അവിടുത്തെ ഇഷ്ടം അന്വേഷിക്കും; അവിടുത്തെ സ്നേഹിക്കുന്നവൻ അവിടുത്തെ പ്രമാണങ്ങളാൽ പരിപുഷ്ടരാകും" (പ്രഭാ 2:15-16; നിയ 24:17-22 ഉം പ്രഭ 4:8-10 താരതമ്യപ്പെടുത്തുക). സിറാക്കിന്റെ ചിന്തകളിൽ പഞ്ചഗ്രന്ഥത്തിൽ നിന്നും, ജോഷ്വാ, സാമുവൽ, രാജാക്കന്മാർ, ദിനവൃത്താന്തം, നെഹെമിയാ എന്നീ ചരിത്രഗ്രന്ഥങ്ങളിൽനിന്നും, ഏശയ്യാ, ജറെമിയാ, എസെക്കിയേൽ, ഹഗ്ഗായി, മലാക്കി മുതലായ പ്രവാചകന്മാരിൽനിന്നും ഉദ്ധരിക്കുന്നതായോ അവരുടെ സന്ദേശത്തിലേക്ക് വിരൽ ചൂണ്ടുന്നതായോ കാണാം. ഇസ്രയേലിലെ ന്യായാധിപന്മാരെക്കുറിച്ചാണ് 46:11-12 ലെ വിചിന്തനം: "അവിശ്വസ്തത അറിയാത്ത ഹൃദയത്തോടുകൂടിയ, കർത്താവിൽനിന്ന് പിന്തിരിഞ്ഞ്പോകാത്ത അനേകം ന്യായാധിപന്മാരുണ്ട്. അവരുടെ സ്മരണ അനുഗ്രഹീതമായിരിക്കട്ടെ! ശവകുടീരങ്ങളിൽനിന്ന് അവരുടെ അസ്ഥികൾ നവജീവൻ പ്രാപിക്കട്ടെ! സംപൂജ്യരായ അവരുടെ നാമം പുത്രന്മാരിലൂടെ ജീവിക്കട്ടെ" (46:11-12). പ്രഭാഷകൻ 49:10 ൽ ഇസ്രായേലിലെ 12 കൊച്ചു പ്രവാചകന്മാരെ അനുസ്മരിക്കുന്നതു കാണാം; 47:6-11 സങ്കീർത്തനങ്ങൾ ദാവീദിന്റെ രചനകളാണെന്ന പാരമ്പര്യം ഏറ്റുപറയുന്നു. അതുപോലെതന്നെ (47:14-17) സുഭാഷിതങ്ങൾ സോളമന്റെ ആപ്തവാക്യങ്ങളാണെന്ന പാരമ്പര്യം സ്ഥിരീകരിക്കുന്നു.

നിയമത്തെയും പ്രവാചകന്മാരെയും വിചിന്തനവിഷയമാക്കിയപ്പോഴും ആത്യന്തികമായി പ്രഭാഷകൻ ജ്ഞാനപാരമ്പര്യത്തിൽ തന്നെയാണ് തന്റെ ചിന്തകളുടെ അടിസ്ഥാനം കെട്ടിപ്പടുത്തത്. ജ്ഞാനഗ്രന്ഥങ്ങളിൽ സുഭാഷിതങ്ങളാണ് ശൈലിയിലും ഉള്ളട

ക്കത്തിലും ഏറ്റവുമധികം പ്രഭാഷകനെ സ്വാധീനിച്ചതെന്ന് പറയാൻ കഴിയും. ചില ഉദാഹരണങ്ങൾകൊണ്ട് അത് വ്യക്തമാക്കാം:

"കർത്താവ് തന്റെ സൃഷ്ടികർമ്മത്തിന്റെ ആരംഭത്തിൽ തന്റെ എല്ലാ സൃഷ്ടികളുടെയും ആദ്യത്തെതായി എന്നെ സൃഷ്ടിച്ചു" എന്ന് ജ്ഞാനം പറയുന്നു (സുഭാ 8:22). പ്രഭാഷകൻ ഈ ആശയം അവതരിപ്പിക്കുന്നതിങ്ങനെയാണ്: "ജ്ഞാനമാണ് എല്ലാറ്റിനും മുമ്പ് സൃഷ്ടിക്കപ്പെട്ടത്. വിവേകപൂർണമായ അറിവ് അനാദിയാണ്" (1:4).

"ദൈവഭക്തിയാണ് അറിവിന്റെ ഉറവിടം; ഭോഷന്മാർ ജ്ഞാനത്തെയും പ്രബോധനത്തെയും പുച്ഛിക്കുന്നു" (സുഭാ 1:7) എന്ന സുഭാഷിതങ്ങൾ പഠിപ്പിച്ചതിനെ പ്രഭാഷകൻ അവതരിപ്പിച്ചത് താഴെ വരുന്ന പ്രകാരമാണ്: "കർത്താവിനോടുള്ള ഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു. മാതൃഗർഭത്തിൽ വിശ്വാസി ഉരുവാകുമ്പോൾ അവളും സൃഷ്ടിക്കപ്പെടുന്നു" (പ്രഭാ 1:14).

"എന്നെ സ്നേഹിക്കുന്നവരെ ഞാനും സ്നേഹിക്കുന്നു. ജാഗരൂഗതയോടെ അന്വേഷിക്കുന്നവർ എന്നെ കണ്ടെത്തുന്നു. സമ്പത്തും ബഹുമാനവും, നിലനിൽക്കുന്ന ധനവും, ഐശ്വര്യവും എന്റെ അടുക്കലുണ്ട്. എന്നിൽ നിന്നുള്ള ഫലം സ്വർണ്ണത്തെക്കാൾ, തങ്കത്തെക്കാൾ പോലും ശ്രേഷ്ഠമത്രേ; എന്റെ ഉത്പന്നം വിശിഷ്ടമായ വെള്ളിയെക്കാളും" എന്ന് ജ്ഞാനം സുഭാഷിതങ്ങളിൽ പഠിപ്പിക്കുമ്പോൾ (സുഭാ 8:17-19) പ്രഭാഷകൻ പറയുന്നതിങ്ങനെയാണ്: "കർത്താവിനോടുള്ള ഭക്തി ജ്ഞാനത്തിന്റെ പൂർണ്ണതയാണ്. അവൾ തന്റെ സത്ഫലങ്ങൾകൊണ്ട് മനുഷ്യരെ തൃപ്തരാക്കുന്നു. അവളുടെ ഭവനം അഭികാമ്യവസ്തുക്കൾകൊണ്ട് നിറയുന്നു, അവളുടെ കലവറ വിഭവങ്ങൾകൊണ്ടും" (1:16-17).

"മൂശയിൽ വെള്ളിയും, ഉലയിൽ സ്വർണ്ണവും ശോധന ചെയ്യപ്പെടുന്നു; ഹൃദയങ്ങളെ പരിശോധിക്കുന്നത് കർത്താവാണ് (സുഭാ 17:3) എന്ന് സുഭാഷിതങ്ങൾ പറയുമ്പോൾ "സ്വർണ്ണം അഗ്നിയിൽ ശുദ്ധിചെയ്യപ്പെടുന്നു; സഹനത്തിന്റെ ചൂളയിൽ കർത്താവിന് സ്വീകാര്യരായ മനുഷ്യരും" (പ്രഭ 2:5) എന്ന് പ്രഭാഷകൻ പഠിപ്പിക്കുന്നു.

പ്രഭാഷകൻ 24:1-22 -ൽ കാണുന്ന ജ്ഞാനത്തെക്കുറിച്ചുള്ള പല ആശയങ്ങളും സുഭാ 8:22-31 ൽ നിന്നും ഉരുത്തിരിഞ്ഞതാണ്: "കർത്താവിന്റെ വിസ്മയനീയമായ പ്രവൃത്തികൾ അവിടുത്തെ വിശുദ്ധർക്കുപോലും അവർണ്ണനീയമാണെന്ന്" സുഭാഷിതങ്ങളും (30:15-31) പ്രഭാഷകനും (42:15-43:33) പറയും. ജോബിന്റെ ജീവിതത്തെക്കുറിച്ചുള്ള വിചിന്തനങ്ങളും പ്രഭാഷകനിൽ കാണാൻ കഴിയും (ജോബ് 38:41): "എന്റെ വാക്കുകേൾക്കാൻ ആളുകൾ ആകാംക്ഷ

യോടെ കാത്തിരുന്നു. എന്റെ ഉപദേശത്തിനുവേണ്ടി നിശ്ശബ്ദരായിനിന്നു..." (29:21-25) എന്ന് തന്റെ ക്ലേശങ്ങളുടെമദ്ധ്യേ ജോബ് തന്റെ ഉയർച്ചയുടെ കാലത്തെക്കുറിച്ച് വിലയിരുത്തുമ്പോൾ ആ അനുഭവം മാനവരാശിയുടേതായിക്കണ്ട പ്രഭാഷകൻ പറയുന്നതിങ്ങനെയാണ്: "ധനവാൻ സംസാരിക്കുമ്പോൾ എല്ലാവരും നിശബ്ദരായിരിക്കും; മാനംമുട്ടെ പുകഴ്ത്തും; ദരിദ്രൻ സംസാരിക്കുമ്പോൾ ഇവനാര് എന്നവർ ചോദിക്കും; അവന് കാലിടറിയാൽ അവർ അവനെ തള്ളിയിടും" (പ്രഭാ 13:23). ദൈവത്തിന്റെ മഹത്ത്വത്തെയും മനുഷ്യന്റെ നിസ്സാരതയെയുംകുറിച്ച് പ്രഭാഷകന് ഉൾക്കാഴ്ച ലഭിക്കുന്നത് ജോബിൽ നിന്നാണെന്ന് ചിന്തിക്കുന്നതിന് തെറ്റില്ല (പ്രഭാ 18:1-7).

പ്രഭാഷകന്റെ ദൈവത്തെക്കുറിച്ചും ജ്ഞാനത്തെക്കുറിച്ചുമുള്ള ചിന്തകളിൽ സങ്കീർത്തനങ്ങളുടെ സ്വാധീനവും ദൃശ്യമാണ്. എന്നാൽ പ്രഭാഷകന്റെ ചിന്തകൾ കൂടുതൽ അർത്ഥവ്യാപ്തി ഉൾക്കൊള്ളുന്നതും കൂടുതൽ മാറ്റുള്ളവയുമാണ്: "മനുഷ്യഹൃദയത്തെ സന്തോഷിപ്പിക്കാൻ വീഞ്ഞും മുഖം മിനുക്കാൻ എണ്ണയും ശക്തിനൽകാൻ ഭക്ഷണവും പ്രദാനം ചെയ്യുന്നു" (സങ്കീ 104:15) എന്ന് സങ്കീർത്തകൻ പറയുമ്പോൾ വീഞ്ഞു നൽകുന്ന സന്തോഷം അതിന്റെ ഉപയോഗശൈലിയെ ആശ്രയിച്ചിരിക്കുന്നുവെന്ന് പ്രഭാഷകൻ പറയുന്നു: "മിതമായി കുടിച്ചാൽ വീഞ്ഞ് മനുഷ്യന് ജീവൻ പോലെയാണ്; വീഞ്ഞ് കുടിക്കാത്തവന് എന്തുജീവിതം? അത് മനുഷ്യന്റെ സന്തോഷത്തിന് സൃഷ്ടിച്ചിട്ടുള്ളതാണ്" (31:27; 31:12-31 കാണുക) എന്ന് പ്രഭാഷകൻ പറയുന്നു.

സങ്കീർത്തനങ്ങളുടെ രീതിയിൽ രൂപപ്പെടുത്തിയ രണ്ട് യാചനാപ്രാർത്ഥനകൾ പ്രഭാഷകനിൽ കാണാം:

(1) "എന്റെ പിതാവും, ജീവിതത്തിന്റെ നിയന്താവുമായ കർത്താവേ, അവയുടെ ഇഷ്ടത്തിന് എന്നെ ഏൽപിച്ചുകൊടുക്കരുതേ; അവ നിമിത്തം ഞാൻ വീഴാനിടയാക്കരുതേ! എന്റെ ചിന്തകളെ നേർവഴിക്കു നയിക്കാൻ ഒരു ചാട്ടയും എന്റെ വികാരങ്ങൾക്ക് വിവേകപൂർണമായ നിയന്ത്രണവും ഉണ്ടായിരുന്നെങ്കിൽ! എന്റെ പാപങ്ങൾ ശിക്ഷിക്കപ്പെടാതെ പോവുകയില്ല. എന്റെ കുറ്റങ്ങൾ അവഗണിക്കപ്പെടുകയുമില്ല. എന്റെ പാപങ്ങളും കുറ്റങ്ങളും പെരുകി, ഞാൻ എന്റെ ശത്രുക്കൾക്ക് കീഴ്പ്പെടുകയോ അവർ എന്നെച്ചൊല്ലി സന്തോഷിക്കുകയോ ചെയ്യുകയില്ല. എന്റെ പിതാവും ദൈവവുമായ കർത്താവേ എന്റെ ദൃഷ്ടികൾ ഔദ്ധത്യം നിറഞ്ഞതാകരുതേ! അധമവികാരങ്ങൾക്ക് ഞാൻ അടിമയാകരുതേ! അമിതമായ ആഹാരപ്രിയമോ

ഭോഗാസക്തിയോ എന്നെ കീഴടക്കാതിരിക്കട്ടെ! നിർലജ്ജമായ വികാരങ്ങൾക്ക് എന്നെ ഏല്പിച്ചുകൊടുക്കരുതേ!" (പ്രഭാ 23:1-6).

(2) "എല്ലാറ്റിന്റെയും ദൈവമായ കർത്താവേ, ഞങ്ങളെ കാരുണ്യപൂർവ്വം കടാക്ഷിക്കണമേ! എല്ലാ ജനതകളും അങ്ങയെ ഭയപ്പെടാൻ ഇടയാക്കണമേ! അന്യജനതകൾക്കെതിരെ അവിടുന്ന് കരമുയർത്തണമേ! അവിടുത്തെ ശക്തി അവർ ദർശിക്കട്ടെ! അവരുടെ മുമ്പിൽ ഞങ്ങൾ അങ്ങയെ മഹത്ത്വപ്പെടുത്തുന്നതുപോലെ ഞങ്ങളുടെ മുമ്പിൽ അവിടുത്തെ മഹത്ത്വപ്പെടുത്തുവാൻ ഇടയാക്കണമേ! കർത്താവേ ഞങ്ങൾ അങ്ങയെ അറിഞ്ഞതുപോലെ അവരും അങ്ങയെ അറിയുകയും, അങ്ങല്ലാതെ മറ്റൊരു ദൈവമില്ലെന്ന് മനസ്സിലാക്കുകയും ചെയ്യട്ടെ! അടയാളങ്ങളും, അത്ഭുതങ്ങളും വീണ്ടും പ്രവർത്തിച്ച് അങ്ങയുടെ കരബലം പ്രകടമാക്കണമേ! കോപത്തെ ഉണർത്തി ക്രോധം വർഷിച്ച് ശത്രുവിനെ നിശ്ശേഷം നശിപ്പിക്കണമേ! വാഗ്ദാനമനുസ്മരിച്ച് അങ്ങ് കാലത്തെ ത്വരിപ്പിക്കണമേ! അങ്ങയുടെ കരുത്തേറിയ പ്രവർത്തനങ്ങളെ ജനം പ്രകീർത്തിക്കട്ടെ! അവശേഷിക്കുന്നവൻ അങ്ങയുടെ കോപാഗ്നിയിൽ ദഹിക്കുകയും അവിടുത്തെ ജനത്തെ ദ്രോഹിക്കുന്നവർ നാശമടയുകയും ചെയ്യട്ടെ! ഞങ്ങൾക്ക് തുല്യം മറ്റാരുമില്ലെന്ന് ജല്പിക്കുന്ന ശത്രുരാജാക്കന്മാരുടെ തല തകർക്കണമേ! യാക്കോബിന്റെ ഗോത്രങ്ങളെ ഒരുമിച്ചുകൂട്ടുകയും അവരുടെയവകാശം മുമ്പിലത്തെപ്പോലെ അവർക്ക് നൽകുകയും ചെയ്യണമേ! കർത്താവേ അങ്ങയുടെ നാമത്തിൽ വിളിക്കപ്പെട്ട ജനത്തിന്റെമേൽ ആദ്യജാതനെപ്പോലെ അങ്ങ് പരിഗണിച്ച ഇസ്രായേലിൻമേൽ - കരുണയുണ്ടാകണമേ! അങ്ങയുടെ വിശുദ്ധ മന്ദിരം സ്ഥിതിചെയ്യുന്ന നഗരത്തോട് - അങ്ങയുടെ വിശ്രമസങ്കേതമായ ജറുസലേമിനോട് - കരുണതോന്നണമേ! അങ്ങയുടെ അത്ഭുത പ്രവൃത്തികളുടെ ഘോഷംകൊണ്ട് സീയോനെ നിറയ്ക്കണമേ! അങ്ങയുടെ മഹത്ത്വംകൊണ്ട് അങ്ങയുടെ ആലയത്തെയും. അങ്ങയുടെ ആദ്യസൃഷ്ടികൾക്ക് സാക്ഷ്യം നല്കണമേ! അങ്ങയുടെ നാമത്തിൽ അരുളിചെയ്യപ്പെട്ട പ്രവചനങ്ങൾ പൂർത്തിയാക്കണമേ! അങ്ങേക്കുവേണ്ടി കാത്തിരിക്കുന്നവർക്ക് പ്രതിഫലം നല്കണമേ! അങ്ങയുടെ പ്രവാചകന്മാരുടെ വിശ്വാസ്യത തെളിയട്ടെ. കർത്താവേ അങ്ങയുടെ ജനത്തിന് അഹറോൻ നല്കിയ അനുഗ്രഹത്തിനൊത്ത് അങ്ങയുടെ ദാസരുടെ പ്രാർത്ഥന കേൾക്കണമേ! അങ്ങാണ് യുഗങ്ങളുടെ ദൈവമായ കർത്താവെന്ന് ഭൂമിയിലുള്ള സകലജനതകളും അറിയട്ടെ!" (36:1-22).

അതുപോലെതന്നെ സങ്കീർത്തനങ്ങളിലെ സ്തുതിഗീതങ്ങളുടെ രൂപത്തിൽ രചിച്ച സ്തുതിപ്പുകളും പ്രഭാഷകനിലുണ്ട്: ഉദാ: 1:1-10; 18:1-7; 39:12-35; 42:15-43; 43:33; 50:22-24; 51:1-12.

ജ്ഞാനിയുടെ ചിന്തകൾ രാഷ്ട്രീയ/സാംസ്കാരിക പരിധികൾക്കതീതമാകയാലും, മാനുഷികാനുഭവങ്ങൾ അടിസ്ഥാനമാക്കിയുള്ളതാകയാലും, തന്റെ യാത്രകൾക്കിടയിൽ, അന്യജനതകളിൽ കണ്ടതും കേട്ടതുമായ ജ്ഞാനത്തെ ഉൾക്കൊള്ളാനും അത് യഹൂദർക്ക് നൽകാനും പ്രഭാഷകൻ ശ്രമിക്കുന്നുണ്ട്. യവന സാഹിത്യത്തിലെ പല ആശയങ്ങളും പ്രഭാഷകൻ തന്റെ ഉപദേശങ്ങളിൽ സ്വീകരിച്ചിട്ടുണ്ടെന്നാണ് പണ്ഡിതൻമാരുടെ അഭിപ്രായം. ഈജിപ്തിലെ ദുഅവൂഫിന്റെ ഉപദേശങ്ങൾ (Instruction of Duauf-*ANET* 432–34) ആണ് പ്രഭാഷകൻ 38:24–39:11 ന് അടിസ്ഥാനമായി നില്ക്കുന്നതെന്നാണ് പണ്ഡിതാഭിപ്രായം. അതുപോലെതന്നെ പ്രഭാഷകൻ വളരെയധികം ആശ്രയിക്കുന്ന (നേരിട്ട് ഉദ്ധരിക്കുന്നില്ല) ഒരു കൃതിയാണ് ഈജിപ്തിലെ ഫീബിസ് (Phibis).

ഇപ്രകാരം അന്യജനതകളുടെ ജ്ഞാനം സ്വീകരിച്ച പ്രഭാഷകന്റെ ചിന്ത എല്ലാവിശ്വാസവും തുല്ല്യമാണ് (Syncretic) എന്നതായിരുന്നില്ല (36:1–22). മറിച്ച് ഒരു ജ്ഞാനിയുടെ തുറവിയും തന്റെ പൂർവികരുടെ വിശ്വാസത്തോടുള്ള ബഹുമാനവുമായിരുന്നു. രാജ്യത്തിനു പുറമെയുള്ള നന്മകൾ സ്വീകരിക്കാവുന്നതാണെന്നും അതിലൂടെ സ്വന്തം വിശ്വാസത്തെ കാലാനുസൃതമായി നവീകരിക്കാൻ കഴിയുമെന്നു കാണിക്കുകയുമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. സമകാലീന ജനതകളിൽ പലതിന്റെയും ജ്ഞാനം സ്വീകരിച്ച പ്രഭാഷകൻ യഹൂദനിയമത്തെ യഥാർത്ഥ ജ്ഞാനമായി തിരിച്ചറിഞ്ഞുവെന്നതാണ് സത്യം. വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ, സ്വന്തം ജനതയുടെയും അന്യജനതകളുടെയും അനുഭവത്തിൽ നിന്നും തന്റെ തത്ത്വങ്ങളെ മെനഞ്ഞെടുത്ത പ്രഭാഷകന്റെ അടിസ്ഥാനപ്രമാണം ജ്ഞാനം ദൈവഭയമാണെന്നായിരുന്നു. യഥാർത്ഥ ജ്ഞാനത്തെ യഹൂദനിയമവുമായി തിരിച്ചറിയുകയും അങ്ങനെ പ്രഖ്യാപിക്കുകയും ചെയ്യുന്ന പ്രഭാഷകൻ ദൈവത്തെ ഭയപ്പെട്ടുകൊണ്ടും, അവന്റെ പ്രമാണങ്ങൾ അനുസരിച്ചുകൊണ്ടും മാത്രമേ ജ്ഞാനം സ്വന്തമാക്കാൻ കഴിയൂ എന്ന് വിശ്വസിച്ചിരുന്നു: എല്ലാ ജ്ഞാനവും ദൈവഭക്തിയിലടങ്ങുന്നു; ജ്ഞാനത്തിൽ നിയമത്തിന്റെ പൂർത്തീകരണമുണ്ട് (19:20). ജ്ഞാനം ദൈവഭയമാണെന്ന തന്റെ അടിസ്ഥാനതത്വമാണ് പ്രഭാഷകൻ ആദ്യം തന്നെ അവതരിപ്പിക്കുന്നത്:

സർവ്വജ്ഞാനവും കർത്താവിൽ നിന്ന് വരുന്നു. അത് എന്നേക്കും അവിടുത്തോടുകൂടെയാണ്. കടൽത്തീരത്തെ മണൽത്തരികളും മഴത്തുള്ളികളും നിത്യതയുടെ ദിനങ്ങളും എണ്ണാൻ ആർക്ക് കഴിയും (1:1–2); കർത്താവിനോടുള്ള ഭക്തി ജ്ഞാനത്തിന്റെ മകുടമാകുന്നു. അത് സമാധാനവും ആരോഗ്യവും സമൃദ്ധമാക്കുന്നു (1:18).

ഇതേത്തുടർന്നാണ് തന്റെ പുസ്തകത്തിന്റെ ആദ്യഭാഗത്തെ ഉപദേശങ്ങളെല്ലാം പ്രഭാഷകൻ നിരത്തിവെക്കുന്നത്. പുസ്തകത്തിന്റെ രണ്ടാം ഭാഗത്ത് മാനവീകരിച്ച ജ്ഞാനത്തിന്റെ വാക്കുകളിലൂടെ മേൽപ്പറഞ്ഞ ആശയം തന്നെ അവതരിപ്പിക്കുന്നത് കാണാം: "അത്യുന്നതന്റെ നാവിൽനിന്നും പുറപ്പെട്ട് മൂടൽമഞ്ഞുപോലെ ഞാൻ ഭൂമിയെ ആവരണം ചെയ്തു. ഉന്നതങ്ങളിൽ ഞാൻ വസിച്ചു; മേഘത്തൂണിലായിരുന്നു എന്റെ സിംഹാസനം" (24:3-4). ദൈവഭയത്തെ പ്രഭാഷകൻ ജ്ഞാനത്തിന്റെ ആരംഭമെന്നും (1:14), അതിനെ ജ്ഞാനത്തിന്റെ പൂർണതയെന്നും (1:16), ജ്ഞാനത്തിന്റെ മകുടമെന്നും (1:18), ജ്ഞാനത്തിന്റെ തായ്വേരെന്നും വിളിക്കുന്നു: അത് ഹൃദയത്തെ ആനന്ദിപ്പിക്കുന്നു. സന്തോഷവും ആനന്ദവും ദീർഘായുസ്സും പ്രദാനം ചെയ്യുന്നു. കർത്താവിനെ ഭയപ്പെടുന്നവന്റെ അവസാനം ശുഭമായിരിക്കാം; മരണദിവസം അവൻ അനുഗ്രഹീതനാവും (1:12-13).

ബുദ്ധിമാനായ മനുഷ്യൻ തന്റെ ജീവിതവിജയത്തിനായി ജ്ഞാനം സ്വന്തമാക്കണമെന്ന് പ്രഭാഷകൻ പഠിപ്പിച്ചു: മകനേ ചെറുപ്പം മുതലേ ജ്ഞാനോപദേശം തേടുക; വാർദ്ധക്യത്തിലും നീ ജ്ഞാനം സമ്പാദിച്ചുകൊണ്ടിരിക്കും. ഉഴുതു വിതയ്ക്കുന്ന കർഷകനെപ്പോലെ അവളെ സമീപിക്കുകയും നല്ല വിളവിനുവേണ്ടി കാത്തിരിക്കുകയും ചെയ്യുക: എന്തെന്നാൽ അവളുടെ വയലിൽ അല്പനേരം അദ്ധ്വാനിച്ചാൽ വളരെവേഗം വിഭവങ്ങൾ ആസ്വദിക്കാം. ശിക്ഷണം ലഭിക്കാത്തവന് അവൾ കർക്കശയാണ്. ബുദ്ധിഹീനന് അവളോടുകൂടെ വസിക്കുക അസാധ്യം. അവൾ അവന് ദുർവഹമായ കല്ലുപോലെയാണ്. അവൻ അവളെ വേഗം ഉപേക്ഷിക്കും. ജ്ഞാനം അവളുടെ പേര് സൂചിപ്പിക്കുന്നതുപോലെ ഏറെപ്പേർക്കും അപ്രാപ്യമാണ്. മകനേ, എന്റെ തീരുമാനം സ്വീകരിക്കുക. എന്റെ ഉപദേശം നിരാകരിക്കരുത്. നിന്റെ കാലുകൾ അവൾ ബന്ധിക്കട്ടെ: നിന്റെ കഴുത്ത് അവളുടെ ചങ്ങല അണിയട്ടെ. അവളുടെ നുകത്തിന് ചുമലു താഴ്ത്തുക; അവളുടെ കടിഞ്ഞാൺ കുടഞ്ഞെറിയരുത്. പൂർണ്ണഹൃദയത്തോടെ അവളെ സമീപിക്കുക; അവളുടെ മാർഗ്ഗത്തിൽത്തന്നെ സഞ്ചരിക്കാൻ സർവ്വശക്തിയും പ്രയോഗിക്കുക. അന്വേഷിക്കുകയും, തിരയുകയും ചെയ്യുക; അവൾ നിനക്ക് വെളിപ്പെടും. കണ്ടെത്തിക്കഴിഞ്ഞാൽ, വിട്ടുകളയരുത്. ഒടുവിൽ അവൾ നിനക്ക് ശാന്തി പ്രദാനം ചെയ്യും; അവൾ നിനക്ക് ആനന്ദമായി പരിണമിക്കുകയും ചെയ്യും. അപ്പോൾ അവളുടെ ബന്ധം നിനക്ക് സംരക്ഷണവും അവളുടെ ചങ്ങല നിനക്ക് അലങ്കാരവുമായിരിക്കും. അവളുടെ നുകം സ്വർണ്ണാഭരണവും കടിഞ്ഞാൺ നീലച്ചരടുമാകും. മഹത്വത്തിന്റെ നീലയങ്കിപോലെ നീയവളെ ധരിക്കും. തിളങ്ങുന്ന കിരീടം പോലെ നീയവളെ അണിയും. മകനേ മനസ്സു

വച്ചാൽ നിനക്ക് ജ്ഞാനിയാകാം, ഉത്സാഹിച്ചാൽ നിനക്ക് സമർത്ഥ നാകാം. താൽപര്യപൂർവ്വം ശ്രദ്ധിച്ചാൽ അറിവു ലഭിക്കും. ഏകാഗ്ര ചിത്തൻ വിവേകിയാകും. മുതിർന്നവരുടെ ഇടയിൽ, പക്വമതിയോ ടുചേർന്ന് നിൽക്കുക; ദിവ്യഭാഷണം ശ്രവിക്കാൻ മനസ്സിരുത്തുക. ജ്ഞാനസൂക്തമൊന്നും വിട്ടുകളയരുത്. ജ്ഞാനിയായ ഒരുവനെ കണ്ടെത്തിയാൽ അവനെ സന്ദർശിക്കാൻ വൈകരുത്. നിന്റെ പാദ ങ്ങൾ അവന്റെ വാതിൽപ്പടി നിരന്തരം സ്പർശിക്കട്ടെ. കർത്താ വിന്റെ നിയമങ്ങളെപ്പറ്റി ചിന്തിക്കുക; അവിടുത്തെ പ്രമാണങ്ങളെ പ്പറ്റി സദാ ധ്യാനിക്കുക. അവിടുന്ന് തന്നെയാണ് നിനക്ക് ഉൾകാഴ്ച നൽകുന്നത്; നിന്റെ ജ്ഞാനതൃഷ്ണ അവിടുന്ന് ശമിപ്പിക്കും (6:18-37). ഞാൻ കുറച്ചേ അദ്ധ്വാനിച്ചുള്ളൂ; എനിക്ക് ഏറെ വിശ്രമം കിട്ടിയെന്ന് കാണുവിൻ. വെള്ളി മുടക്കി വിദ്യ നേടിയാൽ ഏറെ സ്വർണ്ണം കരസ്ഥമാക്കാം (51:27-28).

എന്നാൽ ജ്ഞാനം മനുഷ്യൻ സ്വന്തം അദ്ധ്വാനത്തിലൂടെ മാത്രം സ്വന്തമാക്കുന്നതല്ല മറിച്ച് ദൈവസഹായത്തോടെ അവന്റെ പ്രമാ ണങ്ങൾ അനുസരിച്ചുകൊണ്ട് നേടുന്നതാകണം. കാരണം അത് ദൈവദാനമാണ്. ദൈവം അത് തന്നെ സ്നേഹിക്കുന്നവർക്കും (1:10) തന്റെ കല്പനകൾ പാലിക്കുന്നവർക്കുമാണ് നൽകുന്നത്: ജ്ഞാനം ആഗ്രഹിക്കുന്നവൻ പ്രമാണം കാക്കട്ടെ; കർത്താവ് അത് പ്രദാനം ചെയ്യും (1:26). അതുകൊണ്ട് പ്രഭാഷകന്റെ ഉപദേശവും ബോധ്യ വുമിതാണ്: കർത്തൃഭയത്തേക്കാൾ ശ്രേഷ്ഠമോ കർത്താവിന്റെ കല്പന അനുസരിക്കുന്നതിനേക്കാൾ മധുരമോ ആയി മറ്റൊന്നുമി ല്ലെന്ന് അവളെ അതിജീവിക്കുന്നവൻ അറിയും. ദൈവത്തെ അനു സരിക്കുന്നത് വലിയ ബഹുമതിയും അവിടുത്തെ അംഗീകാരം ദീർഘായുസ്സുമാണ് (23:27-28). ജ്ഞാനം നേടിയവൻ എത്ര ശ്രേഷ്ഠൻ. ദൈവഭക്തനേക്കാൾ ഉത്കൃഷ്ടനായി ആരുമില്ല. ദൈവ ഭക്തി എല്ലാറ്റിനെയും അതിശയിക്കുന്നു; അതിനെ മുറുകെപ്പിടി ക്കുന്നവൻ അതുല്യൻ" (25:10-11).

യവനസംസ്കാരത്തിന്റെ ആകർഷണത്തിൽപ്പെട്ട് അവരുടെ തത്ത്വശാസ്ത്രങ്ങളിൽ ആകൃഷ്ടരായി തങ്ങളുടെ പൂർവ്വികരുടെ പാരമ്പര്യത്തോട് വിടചൊല്ലാൻ തുടങ്ങുന്ന യഹൂദരോടുള്ള പ്രഭാ ഷകന്റെ ഉപദേശം ജറുസലേമാണ് യഥാർത്ഥ വിജ്ഞാന കേന്ദ്രമെ ന്നായിരുന്നു (24:3-8). യഹൂദജനതയെ ഏറ്റവും ബഹുമാന്യതയുള്ള ജനതയായി പ്രഭാഷകൻ കണ്ടു (24:12); ജറുസലേമിനെ വി. നഗര മായും (24:11).

തന്റെ ധ്യാനത്തിന്റെ അന്ത്യത്തിൽ ജ്ഞാനമെന്നത് ജറുസലേ മിൽ വസിക്കുന്ന അത്യുന്നതന്റെ നിയമമാണെന്ന് പ്രഭാഷകൻ തിരി

ച്ചറിഞ്ഞു (24:23). ജ്ഞാനം സ്വന്തമാക്കാൻ ആഗ്രഹിക്കുന്നവൻ ദൈവ പ്രമാണം അനുസരിക്കുകയും (15:1) അവരുടെ വിശ്വസ്തതയെ പരീക്ഷിക്കുന്ന കഷ്ടപ്പാടുകൾ സഹിക്കുകയും (2:1-10; 4:17-19) ചെയ്യണം. അങ്ങനെയായാൽ കഷ്ടപ്പാടിന്റെ ദിനങ്ങളിൽ ദൈവം വിശ്വാസിയെ കാത്തുകൊള്ളും (2:10-11). ജ്ഞാനം സ്വന്തമാക്കാനായി മനുഷ്യൻ നിരന്തരം പരിശ്രമിച്ചു കൊണ്ടിരിക്കണം: മകനേ ചെറുപ്പം മുതലേ ജ്ഞാനോപദേശം തേടുക; വാർദ്ധക്യത്തിലും നീ ജ്ഞാനം സമ്പാദിച്ചുകൊണ്ടിരിക്കും (6:18;14:20-27). പരിശ്രമിക്കുന്നവനെ ജ്ഞാനം അമ്മയെപ്പോലെയും നവവധുവിനെപ്പോലെയും സ്വീകരിക്കും (15:2). മനുഷ്യനെ മഹത്ത്വത്തിലേക്ക് നയിക്കുന്നത് ജ്ഞാനമാണെങ്കിലും (4:11-16) ജ്ഞാനം ഏറെപ്പേർക്കും അപ്രാപ്യമാണെന്നതാണ് സത്യം (6:22).

ദൈവത്തെ ഭയപ്പെട്ടുകൊണ്ടും, നിയമംപാലിച്ചുകൊണ്ടും ജ്ഞാനത്തെ സ്വന്തമാക്കുന്നവൻ പാപം ചെയ്യാതെ സൂക്ഷിക്കുകയും വേണം, കാരണം ജ്ഞാനം പാപിയെ കൈവിടുമെന്നതുതന്നെ: അവൻ വഴിതെറ്റിപ്പോയാൽ, അവൾ അവനെ പരിത്യജിക്കുകയും നാശത്തിന് വിടുകയും ചെയ്യും (4:19). അതുകൊണ്ടുതന്നെ പാപികൾക്കും വിഡ്ഢികൾക്കും ജ്ഞാനസമ്പാദനം അസാധ്യമാണ്: ഭോഷന്മാർക്ക് അവളെ സ്വന്തമാക്കാനോ പാപിക്ക് അവളെ കാണാനോ കഴിയില്ല. അഹങ്കാരികളിൽ നിന്ന് അവൾ അകന്ന് വർത്തിക്കുന്നു. നുണയന്മാരുടെ ചിന്തയ്ക്ക് അവൾ അപ്രാപ്യയാണ്. സ്തോത്രഗീതം പാപിക്ക് ഇണങ്ങുന്നില്ല (15:7-8).

### പ്രവൃത്തികൾക്കനുസരിച്ച് പ്രതിഫലം

സുഭാഷിതങ്ങളിലെ അടിസ്ഥാനപ്രമാണമായ പ്രവർത്തികൾക്കനുസരിച്ച് പ്രതിഫലമെന്ന തത്വം പ്രഭാഷകൻ അടിസ്ഥാനപരമായി അംഗീകരിക്കുന്നു: പാപിയുടെ ഭാഗ്യത്തിൽ അസൂയപ്പെടരുത്. അവന്റെ അവസാനം നിനക്കറിയില്ലല്ലോ. അഹങ്കാരിയുടെ വിജയത്തിൽ ഭ്രമിക്കേണ്ടാ; മരിക്കും മുമ്പ് അവർക്ക് ശിക്ഷ ലഭിക്കും (9:11-12); കരുണ കാണിക്കാൻ കർത്താവ് അവസരം കണ്ടെത്തും. പ്രവൃത്തികൾക്കനുസരിച്ച പ്രതിഫലം ഓരോരുത്തനും ലഭിക്കും (16:14); "അവിടുന്ന് അവരോട് പകരം ചോദിക്കും; അവരുടെ പ്രതിഫലം അവരുടെ ശിരസ്സിൽ പതിക്കും" (17:23); "നീതിയെ പിന്തുടർന്നാൽ നിനക്കത് ലഭിക്കും; മഹനീയമായ അങ്കിപോലെ അത് ധരിക്കുക. പക്ഷികൾ സ്വന്തം വർഗ്ഗത്തോടു കൂട്ടം ചേരുന്നതുപോലെ സത്യസന്ധത സത്യസന്ധനോട് ചേരുന്നു"(27:8-9). "നിശ്ചിത സമയത്തിനുമുമ്പ് ജോലി പൂർത്തിയാക്കുവിൻ യഥാകാലം ദൈവം നിങ്ങൾക്ക് പ്രതിഫലം നൽകും" (51:30); "താൻ കുഴിച്ച

കുഴിയിൽ താൻതന്നെ വീഴും; താൻ വെച്ച കെണിയിൽ താൻതന്നെ കുടുങ്ങും. താൻ ചെയ്ത തിന്മ തന്റെ മേൽ തന്നെ പതിക്കും. അത് എവിടെനിന്നുവന്നെന്ന് അവൻ അറിയുകയില്ല" (27:26–27).

എന്നാൽ ഈ അടിസ്ഥാന തത്ത്വത്തോടൊപ്പം സഭാപ്രസംഗകനിലെയും, ജോബിലെയുംപോലെ ദൈവം അപരിമിതനും മനുഷ്യബുദ്ധിക്കതീതനുമാണെന്നും നല്കപ്പെട്ട ജീവിതം ആസ്വദിക്കുകയും അംഗീകരിക്കുകയുമാണാവശ്യമെന്നും പ്രഭാഷകൻ പറയുന്നു. ജോബിന്റെ പുസ്തകം നൽകുന്ന എല്ലാം മനുഷ്യന് വിശദീകരിക്കാൻ കഴിയില്ല എന്ന ജ്ഞാനവീക്ഷണം സ്വന്തമാക്കിയ പ്രഭാഷകൻ ഇപ്രകാരം പറയും: എന്റെ മകനെ നീ കർത്തൃശുശ്രൂഷയ്ക്ക് ഒരുമ്പെടുന്നെങ്കിൽ പ്രലോഭനങ്ങളെ നേരിടാൻ ഒരുങ്ങിയിരിക്കുക. നിന്റെ ഹൃദയം അവക്രവും അചഞ്ചലവുമായിരിക്കട്ടെ; ആപത്തിൽ അടി പതറരുത്. അവിടുത്തോട് വിട്ടകലാതെ ചേർന്നു നിൽക്കുക. നിന്റെ അന്ത്യദിനങ്ങൾ ധന്യമായിരിക്കും. വരുന്ന ദുരിതങ്ങളെല്ലാം സ്വീകരിക്കുക; ഞെരുക്കുന്ന ദൗർഭാഗ്യങ്ങളിൽ ശാന്തത വെടിയരുത്, എന്തെന്നാൽ സ്വർണ്ണം അഗ്നിയിൽ ശുദ്ധി ചെയ്യപ്പെടുന്നു (2:1–5). "ഒരുവന് ഐശ്വര്യമുണ്ടാകുമ്പോൾ ശത്രുക്കൾ ദുഃഖിക്കുന്നു; കഷ്ടതയിൽ സ്നേഹിതന്മാർപോലും അകന്നുപോകും" (12:9). ജോബിന്റെ സുഹൃത്തുക്കളെ ഓർമ്മിച്ചുകൊണ്ടാവാം പ്രഭാഷകൻ ഈ വചനം പറയുന്നത്.

ജ്ഞാനിയാകാൻ ആഗ്രഹിക്കുന്നവൻ ജോബിന്റെ അനുഭവത്തിലൂടെ കടന്നുപോകേണ്ടിവരുമെന്ന് അറിയണം: ജ്ഞാനം തന്റെ പുത്രന്മാരെ മഹത്വത്തിലേക്ക് ഉയർത്തുകയും തന്നെ തേടുന്നവനെ സഹായിക്കുകയും ചെയുന്നു. അവളെ സ്നേഹിക്കുന്നവൻ ജീവനെ സ്നേഹിക്കുന്നു: അവളെ അതിരാവിലെ അന്വേഷിക്കുന്നവൻ ആനന്ദം കൊണ്ട് നിറയും. അവളെ ആശ്ലേഷിക്കുന്നവൻ മഹത്വം പ്രാപിക്കും; അവൻ വസിക്കുന്നിടം കർത്താവിനാൽ അനുഗ്രഹീതം. അവളെ സ്നേഹിക്കുന്നവൻ പരിശുദ്ധനായവനെ സേവിക്കുന്നു. അവളെ സ്നേഹിക്കുന്നവനെ കർത്താവ് സ്നേഹിക്കുന്നു. അവളെ അനുസരിക്കുന്നവൻ ജനതകളെ വിധിക്കും. അവളുടെ വാക്കു കേൾക്കുന്നവൻ സുരക്ഷിതനായിരിക്കും. അവളെ വിശ്വസിക്കുന്നവന് അവളെ ലഭിക്കും. അവന്റെ സന്തതികൾക്കും അവൾ അധീനയായിരിക്കും. ആദ്യം അവനെ ക്ലിഷ്ടമാർഗ്ഗങ്ങളിലൂടെ നയിക്കും; അങ്ങനെ അവനിൽ ഭയവും ഭീരുത്വവും ഉളവാക്കും; അവനിൽ വിശ്വാസമുറയ്ക്കുന്നതുവരെ അവൾ തന്റെ ശിക്ഷണത്താൽ അവനെ പീഡിപ്പിക്കും; തന്റെ ശാസനങ്ങൾവഴി അവനെ പരീക്ഷിക്കുകയും ചെയ്യും. അതിനു ശേഷം അവൾ നേർവഴികാട്ടി അവനെ ആനന്ദിപ്പിക്കുകയും അവന് തന്റെ രഹസ്യങ്ങൾ വെളിപ്പെടുത്തികൊടുക്കു

കയും ചെയ്യും (4:11–18). ഇവിടെ ജോബിന്റെ അനുഭവമാണ് പ്രഭാഷകന്റെ മനസ്സിലുള്ളതെന്ന് ചിന്തിക്കുന്നതിൽ തെറ്റില്ല.

എല്ലാം ദൈവദാനമാണെന്നും അവിടുന്ന് തന്ന ജീവിതം ആസ്വദിച്ചുകൊള്ളുകയെന്നും പറയുന്ന സഭാപ്രസംഗകനോടൊത്ത് പ്രഭാഷകൻ ഇപ്രകാരം പറയും: ഇന്നിന്റെ സന്തോഷങ്ങൾ നഷ്ടപ്പെടുത്തരുത്; നിനക്ക് അർഹമായ സന്തോഷത്തിന്റെ ഓഹരി വേണ്ടെന്ന് വയ്ക്കരുത്. നിന്റെ പ്രയത്നത്തിന്റെ ഫലം മറ്റുള്ളവർക്ക് വിട്ടിട്ടു പോകുകയും നീ അദ്ധ്വാനിച്ച് സമ്പാദിച്ചവ അവർ പങ്കിട്ടെടുക്കുകയും ചെയ്യുകയില്ലേ? കൊണ്ടും കൊടുത്തും ജീവിതം ആസ്വദിക്കുക; പാതാളത്തിൽ സുഖം അനുഭവിക്കാൻ കഴിയുകയില്ല (14:14–16).

ജീവിതം ഓരോരുത്തർക്കും, നൽകപ്പെട്ടിരിക്കുന്നതുപോലെ സ്വീകരിക്കുകയാണാവശ്യമെന്ന് ജോബും സഭാപ്രസംഗകനും പറയാൻ കാരണം, ദൈവം അപരിമേയനാണെന്നതും മനുഷ്യന് ദൈവത്തെ പൂർണ്ണമായി അറിയാൻ കഴിയില്ല എന്നുമുള്ള ബോധ്യങ്ങളായിരുന്നു. അതുതന്നെയാണ് പ്രഭാഷകനും ചിന്തിക്കുന്നത്: "മനുഷ്യദൃഷ്ടിക്ക് അഗോചരമായ കൊടുങ്കാറ്റുപോലെ അവിടുത്തെ മിക്ക പ്രവൃത്തികളും മറഞ്ഞിരിക്കുന്നു"(16:21). എന്നേക്കും ജീവിക്കുന്നവൻ പ്രപഞ്ചം സൃഷ്ടിച്ചു. കർത്താവ് മാത്രമാണ് നീതിമാൻ. അവിടുത്തെ പ്രവൃത്തി വിളംബരം ചെയ്യാൻ പോരുന്ന ശക്തി ആർക്കും നൽകപ്പെട്ടിട്ടില്ല. അവിടുത്തെ മഹത്തായ പ്രവൃത്തികൾ അളക്കാൻ ആർക്ക് കഴിയും? അവിടുത്തെ മഹത്ത്വപൂർണ്ണമായ ശക്തി തിട്ടപ്പെടുത്താൻ ആർക്ക് സാധിക്കും? അവിടുത്തെ കാരുണ്യം വർണ്ണിക്കാൻ ആർക്ക് കഴിയും? അവ കൂട്ടുകയോ കുറയ്ക്കുകയോ സാധ്യമല്ല; അവിടുത്തെ അത്ഭുതങ്ങളെ അളക്കാൻ ആർക്കും കഴിയുകയില്ല. മനുഷ്യന്റെ അന്വേഷണം അജ്ഞേയറ്റത്തെത്തിയാലും, അവൻ ആരംഭത്തിൽതന്നെ നിൽക്കുകയേ ഉള്ളൂ; അവന് അത് എന്നും പ്രഹേളികയായിരിക്കും 18:1–7). "വസ്ത്രമോടിയിൽ അഹങ്കരിക്കരുത്. ബഹുമാനിതനാകുമ്പോൾ ഞെളിയരുത്, എന്തെന്നാൽ കർത്താവിന്റെ പ്രവർത്തികൾ വിസ്മയകരവും മനുഷ്യദൃഷ്ടിക്ക് അഗോചരവുമാണ്" (11:4).

ദൈവം നീതിമാനാകയാൽ (23:19) സുഭാഷിതങ്ങളുടെ അടിസ്ഥാനതത്വമായ പ്രവൃത്തികൾക്കനുസൃതമായ പ്രതിഫലം ലഭിക്കുമെന്ന് വിശ്വസിക്കുന്നതോടൊപ്പം ജോബിനെപ്പോലുള്ള നീതിമാൻമാരുടെ സഹനങ്ങളും, ദുഷ്ടമാരുടെ അഭിവൃദ്ധിയുമൊന്നും പലപ്പോഴും മനുഷ്യന് വിശദീകരിക്കാൻ കഴിവില്ലെന്ന് ബോധവാനുമായിരുന്ന പ്രഭാഷകൻ ഇപ്രകാരം അനുമാനിച്ചു: "മൃത്യുദിനത്തിലും പ്രവൃത്തിക്കൊത്ത പ്രതിഫലം നൽകാൻ കർത്താവിന്

കഴിയും; ഒരു നാഴിക നേരത്തെ വേദന കഴിഞ്ഞകാലത്തെ സുഖങ്ങൾ മുഴുവൻ മായ്ച്ചുകളയുന്നു; ജീവിതാന്തത്തിൽ മനുഷ്യന്റെ യഥാർത്ഥ സ്വഭാവം വെളിപ്പെടും"(11:26–27).

**മരണാനന്തര ജീവിതം**

പ്രഭാഷകന്റെ കാലത്തുപോലും മരണാനന്തര ജീവിതത്തെക്കുറിച്ച് യഹൂദർ കാര്യമായി ചിന്തിക്കാൻ തുടങ്ങിയിരുന്നില്ല. മരണശേഷം മനുഷ്യൻ ഇരുട്ടിന്റെ ഇരിപ്പിടമായ പാതാളത്തിലേക്ക് പോകുമെന്ന് പ്രഭാഷകൻ കരുതി: ജീവിക്കുന്നവർ അത്യുന്നതന് സ്തുതിഗീതം പാടുന്നതുപോലെ പാതാളത്തിൽ ആര് അവിടുത്തെ സ്തുതിക്കും? അസ്ഥിത്വമില്ലാത്തവനിൽ നിന്നെന്നപോലെ മനുഷ്യൻ മരിക്കുമ്പോൾ അവന്റെ സ്തുതികൾ നിലയ്ക്കുന്നു; ആരോഗ്യത്തോടെ ജീവിക്കുന്നവരാണ് കർത്താവിനെ സ്തുതിക്കുന്നത് (17:27–28).

മനുഷ്യൻ അമർത്യനല്ല (17:30). മരണശേഷം ഒരുവൻ ജീവിക്കുന്നത് അവന്റെ മക്കളിലൂടെയാണ്: "പുത്രനെ സ്നേഹിക്കുന്നവൻ അവനെ പലപ്പോഴും അടിക്കുന്നു; വളർന്ന് വരുമ്പോൾ അവൻ പിതാവിനെ സന്തോഷിപ്പിക്കും. മകനെ ശിക്ഷണത്തിൽ വളർത്തുന്നവന് അവൻ മൂലം നന്മയുണ്ടാകും;" സ്നേഹിതരുടെ മുമ്പിൽ അവനെക്കുറിച്ച് അഭിമാനിക്കുകയും ചെയ്യും. മകനെ പഠിപ്പിക്കുന്നവൻ ശത്രുക്കളെ അസൂയാലുക്കളാക്കുന്നു; സ്നേഹിതരുടെ മുമ്പിൽ അവന് അഭിമാനിക്കാം. ആ പിതാവ് മരിച്ചാലും മരിക്കുന്നില്ല. തന്നെപ്പോലെ ഒരുവനെ അവൻ അവശേഷിപ്പിച്ചിട്ടുണ്ട് (30:1–4).

**പ്രഭാഷകനും ഏകദൈവവിശ്വാസവും**

വിശ്വാസത്തിന്റെ വെളിച്ചത്തിൽ ജീവിതാനുഭവങ്ങളെ വിലയിരുത്തുകയും, സ്വന്തമായതും മറ്റുള്ളവരുടേതുമായ അനുഭവങ്ങളെ ആ വിശ്വാസത്തിന്റെ വെളിച്ചത്തിൽ കാണുകയും ചെയ്ത പ്രഭാഷകൻ ഇസ്രയേലിന്റെ ദൈവമാണ് യഥാർത്ഥ ദൈവമെന്നും അവനല്ലാതെ മറ്റൊരു ദൈവമില്ലെന്നും വിശ്വസിച്ചു. നിയമാവർത്തന ചരിത്രകാരൻ നീതിമാന്മാരായി വിലയിരുത്തിയ രാജാക്കന്മാരെ മാത്രം നീതിമാന്മാരായിക്കണ്ട പ്രഭാഷകൻ (49:1–4) ഇസ്രയേലിന്റെ ആ വലിയ ഏകദൈവപാരമ്പര്യം ഉൾക്കൊണ്ടുകൊണ്ട് ഏക ദൈവമായ യാഹ്വെയെ എല്ലാവരും അറിയണമെന്നും ആഗ്രഹിച്ചു (36:1–2, 4–5).

"എല്ലാറ്റിന്റെയും ദൈവമായ കർത്താവേ, ഞങ്ങളെ കാരുണ്യപൂർവ്വം കടാക്ഷിക്കണമേ! എല്ലാ ജനതകളും അങ്ങയെ ഭയപ്പെടാനിടയാക്കണമേ! അന്യജനതകൾക്കെതിരെ അവിടുന്ന് കരമുയർത്തണമേ! അവിടുത്തെ ശക്തി അവർ ദർശിക്കട്ടെ അവരുടെ മുമ്പിൽ ഞങ്ങൾ അങ്ങയെ മഹത്ത്വപ്പെടുത്തുന്നതുപോലെ ഞങ്ങ

ളുടെ മുമ്പിൽ അവർ അവിടുത്തെ മഹത്ത്വപ്പെടുത്താൻ ഇടയാക്കണമേ! കർത്താവേ, ഞങ്ങൾ അങ്ങയെ അറിഞ്ഞതുപോലെ അവരും അങ്ങയെ അറിയുകയും, അങ്ങല്ലാതെ മറ്റൊരു ദൈവമില്ലെന്ന് മനസ്സിലാക്കുകയും ചെയ്യട്ടെ!" (36:1-5).

സത്യദൈവം അനാദിയാണ് (42:21); അവിടുന്നാണ് തന്റെ വചനത്തിലൂടെ എല്ലാം സൃഷ്ടിച്ചത് (39:18-21; 42:15); അവൻ എല്ലാ മറിയുകയും ചെയ്യുന്നു (39:19-20, 42:18-20).

ജ്ഞാനി തന്റെ അറിവിനടിസ്ഥാനമായിക്കാണുന്ന പ്രപഞ്ചത്തിലെ ക്രമം മുഴുവനും ദൈവത്തിന്റെ ജ്ഞാനവും ശക്തിയുമാണ് കാണിക്കുന്നത് (43:1-33). പ്രപഞ്ചത്തിലെ വസ്തുക്കളും സംഭവങ്ങളും ഒന്നിനോടൊന്ന് ചേർത്ത് ദൈവം ക്രമീകരിച്ചിരിക്കുകയാണ് (16:26-30). ദൈവത്തിന്റെ ഈ പ്രവൃത്തികളെ നോക്കി: അവിടുത്തെ പ്രവൃത്തികൾ എത്ര അഭികാമ്യം! അവ കാഴ്ചയ്ക്ക് എത്ര ദീപ്തമാണ്! (42:22) എന്നത്ഭുതപ്പെടാനേ മനുഷ്യന് കഴിയുക്കയുള്ളൂ.

പ്രപഞ്ചസ്രഷ്ടാവും പരിപാലകനുമായ ഈ ദൈവം ഇസ്രായേലിനോടു മാത്രമല്ല സകല ജനപദങ്ങളോടും കാരുണ്യം കാണിക്കുന്നവനാണ്: മനുഷ്യന്റെ സഹതാപം അയൽക്കാരനോടാണ്. എന്നാൽ, കർത്താവ് സകല ജീവജാലങ്ങളോടും ആർദ്രത കാണിക്കുന്നു. അവിടുന്നവരെ ശാസിക്കുന്നു അവർക്ക് ശിക്ഷണവും, പ്രബോധനവും നൽകുന്നു. ഇടയൻ ആടുകളെ എന്നപോലെ അവരെ തിരിച്ചുകൊണ്ടുവരുകയും ചെയ്യുന്നു (18:13).

ലോകത്തിന്റെ മുഴുവൻ സ്രഷ്ടാവും, പരിപാലകനുമായി ഒരു ദൈവമേ ഉള്ളുവെങ്കിൽ, ആ ദൈവത്തിന്റെ നിയമമാണ് പ്രപഞ്ചത്തെ ക്രമീകരിക്കുകയും (ജ്ഞാനം) അതിനെ ദൈവത്തോടടുപ്പിക്കുകയും ചെയ്യുന്നതെങ്കിൽ, പ്രപഞ്ചത്തിൽ ദൈവം അന്തർലീനമാക്കിയിരിക്കുന്ന നിയമവും (ജ്ഞാനവും) ദൈവം വെളിപ്പെടുത്തിയ നിയമവും (തോറ) ഒന്നാണെന്ന് പറയാൻ കഴിയും. അതുകൊണ്ടാണ് ജ്ഞാനമാണ് ദൈവത്തിന്റെ നിയമമെന്ന് പ്രഭാഷകൻ കരുതിയത്:

ജ്ഞാനത്തിന്റെ വാക്കുകൾ അവൾക്ക് തന്നെ പുകഴ്ചയാണ്. തന്റെ ജനത്തിന്റെ മധ്യത്തിൽ അവൾ മഹത്ത്വമാർജ്ജിക്കുന്നു. അത്യുന്നതന്റെ നാവിൽ നിന്ന് പുറപ്പെട്ട് മൂടൽമഞ്ഞുപോലെ ഞാൻ ഭൂമിയെ ആവരണം ചെയ്തു. ഉന്നതങ്ങളിൽ ഞാൻ വസിച്ചു. മേഘത്തൂണിലായിരുന്നു എന്റെ സിംഹാസനം. അവിടുന്ന് പറഞ്ഞു: യാക്കോബിൽ വാസമുറപ്പിക്കുക; ഇസ്രയേലിൽ നിന്റെ അവകാശം സ്വീകരിക്കുക. വിശുദ്ധമന്ദിരത്തിൽ അവിടുത്തെ മുമ്പിൽ ഞാൻ ശുശ്രൂഷ ചെയ്തു; സീയോനിൽ ഞാൻ വാസമുറപ്പിച്ചു. എന്നെ

ഭുജിക്കുന്നവന്റെ വിശപ്പ് ശമിക്കുകയില്ല; പിന്നെയും ആഗ്രഹിക്കും. എന്നെ പാനം ചെയ്യുന്നവൻ വീണ്ടും അഭിലഷിക്കും, എന്നെ അനുസരിക്കുന്നവൻ ലജ്ജിതനാവുകയില്ല. എന്റെ സഹായത്തോടെ അധ്വാനിക്കുന്നവൻ പാപത്തിൽ വീഴുകയില്ല. ഇതെല്ലാമാണ് അത്യുന്നത ദൈവത്തിന്റെ ഉടമ്പടി ഗ്രന്ഥം; യാക്കോബിന്റെ സമൂഹങ്ങൾക്ക് അവകാശമായി മോശ നമുക്ക് കല്പിച്ചു നല്കിയ നിയമം (24:1-24).

മോശയെക്കുറിച്ചുള്ള വിചിന്തനവേളയിൽ പ്രഭാഷകൻ തന്റെ ഈ വീക്ഷണം ഒരിക്കൽക്കൂടി വെളിപ്പെടുത്തുന്നു: ഇരുണ്ടമേഘങ്ങൾക്കുള്ളിലേക്ക് അവിടുന്ന് അവനെ നയിച്ചു; മുഖാഭിമുഖം കല്പനകൾ, ജീവന്റെയും വിജ്ഞാനത്തിന്റെയും നിയമം, അവിടുന്ന് നൽകി; യാക്കോബിനെ തന്റെ ഉടമ്പടിയും, ഇസ്രായേലിനെ തന്റെ നീതിയും അഭ്യസിപ്പിക്കേണ്ടതിന് തന്നെ" (45:5). അതുകൊണ്ട് പ്രഭാഷകന് പറയാനുണ്ടായിരുന്നത് ഇതാണ്: ജ്ഞാനി നിയമത്തെ വെറുക്കുകയില്ല. അതിനോട് ആത്മാർത്ഥതയില്ലാത്തവൻ കൊടുങ്കാറ്റിൽപ്പെട്ട തോണി പോലെയാണ്. വിവേകി നിയമത്തിൽ ആശ്രയിക്കും. ഉറിം കൊണ്ടുള്ള നിശ്ചയം പോലെ നിയമം അവന് വിശ്വാസ്യമാണ് (33:2-3).

യാക്കോബിന്റെ ദൈവമാണ് ലോകസ്രഷ്ടാവായ ദൈവമെന്നത് സത്യമെങ്കിൽ, അവിടുത്തെ നിയമം ജ്ഞാനമാണ് തരുന്നതെങ്കിൽ, ആ നിയമം കുടികൊള്ളുന്ന ദേവാലയം ജ്ഞാനത്തിന്റെ ഇരിപ്പിടമാണ്: അവിടുന്ന് പറഞ്ഞു: യാക്കോബിൽ വാസമുറപ്പിക്കുക, ഇസ്രായേലിൽ നിന്റെ അവകാശം സ്വീകരിക്കുക. കാലം ആരംഭിക്കുന്നതിനുമുമ്പ് അവിടുന്ന് എന്നെ സൃഷ്ടിച്ചു; ഞാൻ അനന്തമായി നിലനിൽക്കുന്നു. വിശുദ്ധമന്ദിരത്തിൽ അവിടുത്തെ മുമ്പിൽ ഞാൻ ശുശ്രൂഷ ചെയ്തു; സീയോനിൽ ഞാൻ വാസമുറപ്പിച്ചു. അങ്ങനെ പ്രിയങ്കരമായ നഗരത്തിൽ അവിടുന്നെനിക്ക് വിശ്രമം നൽകി. ജറുസലേമിൽ എനിക്ക് ആധിപത്യവും" (24:8യ-11).

മോശ നൽകുന്ന നിയമം ജ്ഞാനമാണ് പ്രദാനം ചെയ്യുന്നതെങ്കിൽ, അത് നിഷ്കർഷിക്കുന്ന ബലികളും കാഴ്ചകളും അവ ദൈവതിരുമുമ്പിൽ സമർപ്പിക്കുന്ന പുരോഹിതരും പ്രധാനപ്പെട്ടവനാണ്: നീതിമാന്റെ ബലി, ബലിപീഠത്തെ അഭിഷേകം ചെയ്യുന്നു; അതിന്റെ സുഗന്ധം അത്യുന്നതന്റെ സന്നിധിയിലേക്ക് ഉയരുന്നു. നീതിമാന്റെ ബലി സ്വീകാര്യമാണ്; അത് വിസ്മരിക്കപ്പെടുകയില്ല. കർത്താവിനെ മനം തുറന്ന് മഹത്വപ്പെടുത്തുക; ആദ്യഫലം സമർപ്പിക്കുമ്പോൾ ലുബ്ധ് കാണിക്കരുത്. കാഴ്ച സമർപ്പിക്കുമ്പോൾ മുഖം വാടരുത്. സന്തോഷത്തോടെ ദശാംശം കൊടുക്കുക; അത്യുന്നതൻ നൽകിയ പോലെ അവിടുത്തേക്ക് തിരികെ കൊടുക്കുക. കർത്താവ് പ്രതിഫലം നൽകുന്നവനാണ്. അവിടുന്ന് ഏഴിരട്ടിയായി തിരികെത്തരും" (35:8-13).

നിയമമനുശാസിക്കുന്ന ബലികൾപോലെ തന്നെ പ്രധാനപ്പെട്ട വരാണ് അവയർപ്പിക്കുന്ന പുരോഹിതരും. ഇസ്രായേലിന്റെ ആദ്യ പുരോഹിതനായ അഹറോനെക്കുറിച്ച് പ്രത്യേകമായ ഒരു വിചിന്തനം നടത്തിയതു കൂടാതെതന്നെ (45:6-12), ഇസ്രായേലിലെ പുരോഹിതന്മാരെക്കുറിച്ച് മറ്റ് ഉപദേശങ്ങളും പ്രഭാഷകൻ നൽകി: പൂർണ്ണഹൃദയത്തോടെ കർത്താവിനെ ഭയപ്പെടുക; അവിടുത്തെ പുരോഹിതന്മാരെ ബഹുമാനിക്കുക; സർവ്വശക്തിയോടും കൂടെ സ്രഷ്ടാവിനെ സ്നേഹിക്കുക; അവിടുത്തെ ശുശ്രൂഷകരെ പരിത്യജിക്കരുത്. കർത്താവിനെ ഭയപ്പെടുകയും, പുരോഹിതനെ ബഹുമാനിക്കുകയും, കല്പനപ്രകാരമുള്ള വിഹിതം അവന് നൽകുകയും ചെയ്യുക (7:29-31). ആദ്യ പുരോഹിതനായ അഹറോനെയും തുടർന്നുവന്ന ഫിനെഹസ്സിനെയുമെന്നപോലെ മക്കബായക്കാരുടെ കാലത്തുണ്ടായിരുന്നതും, ഒരുപക്ഷെ പ്രഭാഷകന്റെ സമകാലികനുമായിരുന്ന ശിമയോനെയും ബഹുമാനിക്കുന്നതിന് പ്രഭാഷകൻ മടികാണിച്ചില്ല (50:1-21). ബലിയർപ്പിക്കേണ്ടതിന്റെ ആവശ്യം ഊന്നിപ്പറയുകയും പുരോഹിതരെ ബഹുമാനിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നതോടൊപ്പം, ബലിയർപ്പണം അതിന് ചേർന്ന ധാർമിക - ആത്മീയ നിലപാടുകളോട് കൂടി ചെയ്താൽ മാത്രമേ നീതിമാനായ ദൈവത്തിന്റെ സന്നിധിയിൽ സ്വീകാര്യമാവുകയുള്ളൂവെന്ന് പ്രഭാഷകൻ പഠിപ്പിച്ചു: അന്യായസമ്പത്തിൽ നിന്നുള്ള ബലി പങ്കിലമാണ്; നിയമനിഷേധകന്റെ കാഴ്ചകൾ സ്വീകാര്യമല്ല; ദൈവഭക്തിയില്ലാത്തവന്റെ ബലികളിൽ അത്യുന്നതൻ പ്രസാദിക്കുന്നില്ല; അവൻ, എത്ര ബലിയർപ്പിച്ചാലും അവിടുന്ന് പ്രസാദിക്കുകയോ പാപമോചനം നൽകുകയോ ഇല്ല" (34:21-23); നീതിമാന്റെ ബലി സ്വീകാര്യമാണ് അത് വിസ്മരിക്കപ്പെടുകയില്ല (35:9). നിയമം അനുസരിക്കുന്നതാണ് യാന്ത്രികമായ ബലിയർപ്പണത്തേക്കാൾ ശ്രേഷ്ഠം: നിയമം പാലിക്കുന്നത് നിരവധി ബലികൾ അർപ്പിക്കുന്നതിന് തുല്യമാണ്. കല്പനകൾ അനുസരിക്കുന്നത് സമാധാനബലിക്ക് തുല്യവും; കരുണയ്ക്ക് പകരം കരുണ കാണിക്കുന്നത്, ധാന്യബലിക്ക് തുല്യമാണ്. ഭിക്ഷ കൊടുക്കുന്നവൻ കൃതജ്ഞതാ ബലിയർപ്പിക്കുന്നു; ദുഷ്ടതയിൽ നിന്നൊഴിയുന്നത് കർത്താവിന് പ്രീതികരമാണ്; അനീതി വർജിക്കുന്നത് പാപപരിഹാര ബലിയാണ് (35:1-5).

ബലി സ്വീകാര്യമാക്കാൻ മാത്രമല്ല, ജ്ഞാനിയാകാൻ മനുഷ്യൻ എല്ലാ വിധത്തിലും പൂർണ്ണനായിരിക്കണമെന്ന് പ്രഭാഷകൻ ചിന്തിച്ചു: ദരിദ്രന്റെ ജീവൻ അവന്റെ ആഹാരമാണ്; അത് അപഹരിക്കുന്നവൻ കൊലപാതകിയാണ്. അയൽക്കാരന്റെ ഉപജീവനമാർഗ്ഗം തടയുന്നവൻ അവനെ കൊല്ലുകയാണ്. വേലക്കാരന്റെ കൂലി കൊടുക്കാതിരിക്കുക രക്തച്ചൊരിച്ചിലാണ്. ഒരുവൻ പണിയുന്നു;

അപരൻ നശിപ്പിക്കുന്നു; അദ്ധ്വാനമല്ലാതെ അവർക്കെന്തു ലാഭം? ഒരുവൻ പ്രാർത്ഥിക്കുന്നു; അപരൻ ശപിക്കുന്നു; ആരുടെ ശബ്ദ മാണ് കർത്താവ് ശ്രദ്ധിക്കുക (34:25-29). കർത്താവിന് കൈക്കൂലി കൊടുക്കരുത് അവിടുന്ന് സ്വീകരിക്കുകയില്ല; അനീതിപൂർവ്വമായ ബലിയിൽ ആശ്രയിക്കരുത്. കർത്താവ് പക്ഷപാതമില്ലാത്ത ന്യായാ ധിപനാണ്. അവിടുന്ന് ദരിദ്രനോട് പക്ഷപാതം കാണിക്കുന്നില്ല. തിന്മയ്ക്ക് വിധേയനായവന്റെ പ്രാർത്ഥന അവൻ കേൾക്കും. അനാ ഥന്റെ പ്രാർത്ഥനയോ, വിധവയുടെ പരാതികളോ അവിടുന്ന് അവ ഗണിക്കുകയില്ല (35:14-17).

സാമൂഹ്യനീതിയും ദാനധർമ്മവും പാലിക്കണമെന്ന് പ്രഭാഷ കൻ പഠിപ്പിച്ചു: പാവപ്പെട്ടവന്റെ വാക്ക് ശ്രദ്ധിച്ച് കേട്ട് സമാധാന ത്തോടും സൗമ്യതയോടുംകൂടി മറുപടി നൽകുക. മർദ്ദകന്റെ കൈയിൽനിന്നും മർദ്ദിതനെ രക്ഷിക്കുക. അചഞ്ചലനായി ന്യായം വിധിക്കുക. അനാഥർക്ക് പിതാവും, അവരുടെ അമ്മയ്ക്ക് ഭർതൃ തുല്യനും ആയിരിക്കുക; അപ്പോൾ അത്യുന്നതൻ നിന്നെ പുത്ര നെന്ന് വിളിക്കുകയും അമ്മയുടേതിനേക്കാൾ വലിയ സ്നേഹം, അവിടുന്ന് നിന്നോട് കാണിക്കുകയും ചെയ്യും (4:8-10). ജലം ജ്വലി ക്കുന്ന അഗ്നിയെ കെടുത്തുന്നതു പോലെ ദാനധർമ്മം പാപത്തിന് പരിഹാരമാണ് (3:30).

ഇപ്രകാരം പൂർവ്വികരുടെ വിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ടും, നിയമത്തിലും പ്രവാചകന്മാരിലുമുള്ള സന്ദേശം മനനംചെയ്തു കൊണ്ടും യഹൂദരുടെയും അന്യദേശക്കാരുടെയും ജ്ഞാനോ പദേശങ്ങളുടെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ടും ഉന്നതവും പക്വവും അനുഭവാധിഷ്ഠിതമായ ഉപദേശങ്ങളാണ് പ്രഭാഷകൻ നല്കുന്നത്. സുഭാഷിതങ്ങളുടെതുപോലെ പ്രഭാഷകൻ ചർച്ചചെയ്യു ന്ന വിഷയങ്ങൾ അനവധിയാണ്; എന്നാൽ സുഭാഷിതങ്ങളിൽ നിന്ന് വ്യത്യസ്തമായി ഓരോ വിഷയത്തെക്കുറിച്ചുള്ള സൂക്തങ്ങളും പഴ ഞ്ചൊല്ലുകളുമൊക്കെ ഒരുമിച്ചുചേർത്ത് വയ്ക്കുവാൻ പ്രഭാഷകൻ ശ്രമിക്കുന്നുണ്ടെന്ന് മാത്രം.

### പ്രഭാഷകൻ പുതിയ നിയമത്തിലേയ്ക്ക് ഒരു വഴികാട്ടി

നിയമവും പ്രവാചകന്മാരും തനിക്ക് മുമ്പുണ്ടായിരുന്ന ഗുരുക്ക ന്മാരുടെ സൂക്തങ്ങളും ചരിത്രങ്ങളുമെല്ലാം വിചിന്തനവിഷയമാ ക്കിയ പ്രഭാഷകൻ വളരെ ഉന്നതമായ ഒരു ദൈവശാസ്ത്രം അവ തരിപ്പിച്ചുകൊണ്ട് പുതിയ നിയമത്തിലേയ്ക്ക് വിരൽ ചൂണ്ടുകയും ക്രിസ്തീയ ദൈവശാസ്ത്രത്തിന് അടിത്തറപാകുകയും ചെയ്തു. പ്രഭാഷകൻ നൽകുന്ന ധാർമ്മികോപദേശങ്ങളെല്ലാംതന്നെ ക്രിസ്തീ യമാണ്. മിശിഹാ വരുന്നതിനുമുമ്പ് ഏലിയാ വരും എന്ന കർത്താ

വിന്റെ കാലത്തെ വിശ്വാസം പ്രഭാഷകൻ എടുത്ത് പറയുന്നുണ്ട്: "ദൈവത്തിന്റെ കോപം ആളിക്കത്തുന്നതിന് മുമ്പ് അതിനെ തണുപ്പിക്കുന്നതിനും പിതാവിന്റെ ഹൃദയത്തെ പുത്രനിലേക്ക് തിരിക്കുന്നതിനും വേണ്ടി അങ്ങനെ യാക്കോബിന്റെ ഗോത്രങ്ങളെ പുനഃസ്ഥാപിക്കുന്നതിനും വേണ്ടി നിശ്ചിത സമയത്ത് നീ (ഏലിയ) തിരിച്ചുവരുമെന്ന് എഴുതപ്പെട്ടിട്ടുണ്ടല്ലോ" (48:10; ലൂക്ക 1:16–17).

ദൈവത്തെ 'പിതാവേ' എന്ന് വിളിച്ചുകൊണ്ടാണ് പ്രഭാഷകൻ പ്രാർത്ഥിക്കുന്നത്: "എന്റെ പിതാവും ജീവിതത്തിന്റെ നിയന്താവുമായ കർത്താവേ, അവയുടെ ഇഷ്ടത്തിന് എന്നെ ഏൽപിച്ചു കൊടുക്കരുതേ! അവ നിമിത്തം ഞാൻ വീഴാനിടയാക്കരുതേ! എന്റെ ചിന്തകളെ നേർവഴിക്കു നയിക്കാൻ ഒരു ചാട്ടയും എന്റെ വികാരങ്ങൾക്ക് വിവേകപൂർണ്ണമായ നിയന്ത്രണവും ഉണ്ടായിരുന്നെങ്കിൽ! എന്റെ പാപങ്ങൾ ശിക്ഷിക്കപ്പെടാതെ പോവുകയില്ല; എന്റെ കുറ്റങ്ങൾ അവ ഗണിക്കപ്പെടുകയുമില്ല. എന്റെ പാപങ്ങളും കുറ്റങ്ങളും പെരുകി ഞാൻ എന്റെ ശത്രുക്കൾക്ക് കീഴ്പ്പെടുകയോ, അവർ എന്നെച്ചൊല്ലി സന്തോഷിക്കുകയോ ചെയ്യുകയില്ല; എന്റെ പിതാവും ദൈവവുമായ കർത്താവേ, എന്റെ ദൃഷ്ടികൾ ഔദ്ധത്യം നിറഞ്ഞതാകരുതേ! അധമവികാരങ്ങൾക്ക് ഞാൻ അടിമയാകരുതേ! അമിതമായ ആഹാരപ്രിയമോ ഭോഗാസക്തിയോ എന്നെ കീഴ്പ്പെടുത്താതിരിക്കട്ടെ! നിർലജ്ജമായ വികാരങ്ങൾക്ക് എന്നെ ഏൽപിച്ചുകൊടുക്കരുതേ" (23:1–6). ദൈവത്തിനു കൃതജ്ഞതയർപ്പിച്ചുകൊണ്ട് പ്രഭാഷകൻ മറ്റൊരിക്കൽ പറയുന്നതിങ്ങനെയാണ്: "ക്ലേശകാലങ്ങളിൽ അഹങ്കാരികളുടെ മധ്യേ, ഞാൻ നിരാശ്രയനായി നിന്നപ്പോൾ എന്നെ ഉപേക്ഷിക്കരുതേ എന്ന് എന്റെ നാഥനും, പിതാവുമായ കർത്താവിനോട് കേണപേക്ഷിച്ചു" (51:10).

ദൈവത്തെ അഭിഷിക്തനായ രാജാവിന്റെ പിതാവായി സങ്കീർത്തനങ്ങളും, ദൈവത്തെ ഇസ്രായേൽ സമൂഹത്തിന്റെ പിതാവായി നിയമാവർത്തനപുസ്തകവും പ്രവാചകന്മാരും വിഭാവനം ചെയ്യുന്നുണ്ട്:

"അവിടുന്നെന്നോട് അരുൾചെയ്തു, നീ എന്റെപുത്രനാണ്
ഇന്നു ഞാൻ നിനക്ക് ജന്മം നല്കി"
(സങ്കീ 2:7; 2സാമു 7:14 കാണുക).
"ഭോഷരും ബുദ്ധിഹീനരുമായ ജനമേ,
ഇതോ കർത്താവിനു പ്രതിഫലം?
അവിടുന്നല്ലേ നിങ്ങളെ സൃഷ്ടിച്ച നിങ്ങളുടെ പിതാവ്?
(നിയ 32:6)
നിങ്ങളുടെ സ്രഷ്ടാവും പരിപാലകനും അവിടുന്നല്ലേ?"
"ഞാൻ ഇസ്രായേലിനു പിതാവാണ് എഫ്രായിം

എന്റെ ആദ്യജാതനും" (ജെറ 31:9).
"അബ്രഹാം ഞങ്ങളെ അംഗീകരിക്കുന്നില്ലെങ്കിലും
അങ്ങാണ് ഞങ്ങളുടെ പിതാവ്..." (ഏശ 63:16).
"... എന്നാലും കർത്താവേ അങ്ങ് ഞങ്ങളുടെ പിതാവാണ്.
ഞങ്ങൾ കളിമണ്ണും അങ്ങ് കുശവനുമാണ്" (ഏശ 64:8).
"നമുക്കെല്ലാം ഒരേ പിതാവല്ലേ ഉള്ളത്?
ഒരേ ദൈവം തന്നെയല്ലേ നമ്മെ സൃഷ്ടിച്ചത്" (മലാ 2:10).

എന്നാൽ ദൈവത്തെ ഒരു സാധാരണ വ്യക്തിയുടെ പിതാവായി കാണുന്നത് വി. ഗ്രന്ഥകാരന്മാരിൽ ആദ്യം പ്രഭാഷകനാണ്. ദൈവത്തെ വ്യക്തിപരമായി പിതാവേ എന്നു വിളിക്കുന്നത് ജ്ഞാന ഗ്രന്ഥങ്ങളുടെ പൊതു സ്വഭാവത്തിന് ചേർന്നതാണെന്നു പറയാം, കാരണം ജ്ഞാനി അന്വേഷിക്കുന്നതും കണ്ടെത്താനാഗ്രഹിക്കുന്നതും മനുഷ്യന്റെ വ്യക്തിപരമായ ജീവിതത്തിൽ ഇടപെടുന്ന സ്രഷ്ടാവായ ദൈവത്തെയാണ്.

രാജ്യത്തിന്റെ ചരിത്രത്തിലും പ്രപഞ്ചത്തിലെ വലിയ സംഭവങ്ങളിലും എന്നതിനെക്കാൾ ഉപരി, വ്യക്തികളുടെ അനുദിന ജീവിതത്തിലിടപെടുന്ന ദൈവത്തെ അന്വേഷിക്കുന്ന ജ്ഞാനി ദൈവം തന്റെ പിതാവാണ് എന്ന് തിരിച്ചറിയുന്നതാണ് പുതിയ നിയമത്തോടടുത്തു നില്ക്കുന്ന പ്രഭാഷകനിലെ ഏറ്റവും വലിയ ജ്ഞാനവെളിപാടെന്ന് പറയാം. അത് സ്വന്തമാക്കിക്കൊണ്ട് പ്രഭാഷകൻ തന്റെ ജ്ഞാനത്തിന്റെ ആഴവും വ്യാപ്തിയും വെളിപ്പെടുത്തുകയും, ഏറ്റവും വലിയ ജ്ഞാനിയാണ് താനെന്ന് പ്രഘോഷിക്കുകയും ചെയ്തു.

ഈ ഉൾക്കാഴ്ചയും, അതിനനുസൃതമായ ജീവിതത്തിലെ എല്ലാ മേഖലകളെയും സ്വാധീനിക്കുന്ന ഉപദേശങ്ങളും സൂക്തങ്ങളുമടങ്ങിയ ഗ്രന്ഥവുമാകയാൽ അത് യഹൂദരുടെ ഇടയിൽത്തന്നെ വലിയ പ്രചാരം നേടുകയും രണ്ടാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ഹീബ്രുവിൽ രചിക്കപ്പെട്ട ഗ്രന്ഥം അതേനൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ഗ്രീക്കിലേയ്ക്ക് തർജ്ജമ ചെയ്യപ്പെടുകയും യഹൂദരുടെ ദൈവനിവേശിത ഗ്രന്ഥത്തിന്റെ ഭാഗമായിത്തീരുകയും ചെയ്തു **(LXX).** ഒന്നാം നൂറ്റാണ്ടിലെ റബ്ബിമാർ പ്രഭാഷകനിൽനിന്ന് ഉദ്ധരിക്കുന്നതായി കാണുന്നുണ്ട്. എന്നാലിന്ന് പ്രഭാഷകനെ ദൈവനിവേശികമായി യഹൂദർ കണക്കാക്കുന്നില്ല. പ്രൊട്ടസ്റ്റന്റ് നവീകരണ കാലഘട്ടത്തിൽ യഹൂദരുടെ കാനൻ അടിസ്ഥാനപരമായി സ്വീകരിച്ച ലൂഥർ പ്രഭാഷകനെ അപ്പോക്രിഫയായി മാറ്റിനിർത്തി.

# 07

## ജ്ഞാനം

ജ്ഞാനം സോളമൻ രചിച്ചുവെന്നാണ് പരമ്പരാഗതമായി കരുതപ്പെടുന്നത്. ഇതിനുകാരണം ഗ്രന്ഥത്തിന്റെ മധ്യഭാഗത്ത് പേര് പറഞ്ഞിട്ടില്ലെങ്കിലും ഗ്രന്ഥകർത്താവ് സോളമൻ സംസാരിക്കുന്നതുപോലെ അദ്ദേഹത്തിന്റെ സ്ഥാനത്തുനിന്ന് സംസാരിക്കുന്നതുകൊണ്ടാണ് (6:22-9:18). ജ്ഞാനത്തിനുവേണ്ടിയുള്ള ഗ്രന്ഥകാരന്റെ പ്രാർത്ഥന സോളമന്റെ പ്രാർത്ഥനയെ അനുസ്മരിക്കുന്നുമുണ്ട് (ജ്ഞാനം 7:7-12; 9:1-12; 1രാജാ 3:4-15). എന്നാൽ ഗ്രന്ഥം രചിക്കപ്പെട്ടിരിക്കുന്നത് ഗ്രീക്ക് ഭാഷയിലാണെന്നു മാത്രമല്ല യവനതത്വശാസ്ത്രത്തിലെ പല ആശയങ്ങളും ഗ്രന്ഥകാരനെ സ്വാധീനിച്ചിട്ടുമുണ്ട് (8:19-20; 15:8). ഒന്നാം നൂറ്റാണ്ടിൽ അലക്സാണ്ട്രിയായിൽ ജീവിച്ചിരിക്കുകയും പഴയ നിയമത്തിലെ ഗ്രന്ഥങ്ങൾ മുഴുവൻ യവന തത്വശാസ്ത്രത്തിന്റെ പശ്ചാത്തലത്തിൽ വിവരിക്കാൻ ശ്രമിക്കുകയും ചെയ്ത ഫൈലോയുടേതിനോട് താരതമ്യപ്പെടുത്താവുന്നതാണ് ജ്ഞാനഗ്രന്ഥത്തിലെ പല ചിന്തകളും. ഫൈലോയുടേതുമാത്രമല്ല ഒന്നാം നൂറ്റാണ്ടിലെ മറ്റ് യവന തത്വശാസ്ത്രചിന്തകളുടെയും സ്വാധീനം പുസ്തകത്തിലുണ്ട്. ഗ്രീക്കുഭാഷയിൽ എഴുതപ്പെട്ട

തായതിനാലും, യവന തത്വചിന്തകളുടെ സ്വാധീനം കാണിക്കുന്ന തിനാലും, അലക്സാണ്ട്രിയായിലെ മറ്റ് സാമൂഹ്യ-രാഷ്ട്രീയ പശ്ചാത്തലം പ്രതിഫലിപ്പിക്കുന്നതിനാലും ജ്ഞാനഗ്രന്ഥം ഈജിപ്തിലെ അലക്സാണ്ട്രിയായിൽ രചക്കപ്പെട്ടെന്നു കരുതുന്നതിൽ തെറ്റില്ല. അങ്ങനെയെങ്കിൽ പഴയനിയമത്തിലെ ഏറ്റവും അവസാനം രചിക്കപ്പെട്ട ഗ്രന്ഥമാണത്.

ക്രിസ്തുവിനുമുമ്പ് 30-ാം വർഷം റോമാക്കാർ ഈജിപ്ത് കീഴടക്കി. അതിനുശേഷമായിരിക്കണം ഗ്രന്ഥരചന നടന്നത്; കാരണം ഒന്നാം നൂറ്റാണ്ടുമുതൽ മാത്രം ഗ്രീക്കുഭാഷയിൽ ഉപയോഗത്തിലിരുന്ന 35-ഓളം വാക്കുകൾ ജ്ഞാനഗ്രന്ഥത്തിലുണ്ട്. മാത്രമല്ല ഭൂമിയുടെ അതിർത്തിയിലുള്ള അധികാരികളും (6:1), വിദൂരസ്ഥരായ രാജാക്കന്മാരെ വണങ്ങാൻ പ്രതിമയുണ്ടാക്കുന്ന സാഹചര്യവും (14:17) റോമൻ ആധിപത്യത്തെ സൂചിപ്പിക്കുന്നു. ഈജിപ്തിലായിരുന്ന ഗ്രന്ഥകാരനെ സംബന്ധിച്ചിടത്തോളം റോമാ വളരെ അകലെയാണല്ലോ.

സുഭാഷിതങ്ങൾ ജ്ഞാനത്തെ മാനവീകരിച്ചിരിക്കുന്നതായി നാം കണ്ടു (സുഭാ 8:22-36). ജ്ഞാനത്തെ ദൈവത്തിന്റെ ആദ്യസൃഷ്ടിയായാണ് സുഭാഷിതങ്ങൾ കണ്ടത് (22-ാം വാക്യം). തുടർന്ന് നടന്ന പ്രപഞ്ചസൃഷ്ടികർമ്മത്തിൽ ജ്ഞാനം വിദഗ്ധനായ ഒരു ശില്പിയെപ്പോലെ ദൈവത്തോടൊത്ത് പ്രവർത്തിച്ചു. താത്വികമായ വിചിന്തനത്തിന് വിഷയമാക്കിയാൽ ബൈബിളിലെ ഈ വാക്യങ്ങൾ അവ്യക്തങ്ങളാണ്. സുഭാഷിതങ്ങൾ നടത്തുന്ന ദുർഗ്രഹവും അവ്യക്തവുമായ മറ്റൊരു പ്രസ്ഥാവനയാണ് എട്ടാമദ്ധ്യായത്തിൽ കാണുന്നത്: ജ്ഞാനത്തെ കണ്ടെത്തിയവൻ ജീവനെയും ദൈവത്തെയും കണ്ടെത്തിയിരിക്കുന്നു (8:35). ഏക ദൈവവിശ്വാസികളും അതോടൊപ്പംതന്നെ യവന തത്വശാസ്ത്രവും ഭാഷയും സംസ്കാരവും സ്വന്തമാക്കിയിരുന്നവരുമായ അലക്സാണ്ട്രിയായിലെ യഹൂദരെ സംബന്ധിച്ചിടത്തോളം ഏകദൈവമായ യാഹ്വേയോടുകൂടി ജോലി ചെയ്യുന്ന ഈ ജ്ഞാനം ആരാണ് എന്നത് ദുർഗ്രഹമായിരുന്നു എന്നു കരുതാം. ദൈവം ഏകനാണെന്ന് കരുതുന്നെങ്കിൽ ദൈവത്തോടുകൂടി സൃഷ്ടികർമ്മം നിർവ്വഹിച്ചെന്ന് തങ്ങളുടെ ജ്ഞാനപാരമ്പര്യം പറയുന്നത് ആരെക്കുറിച്ചാണ്? ഈ ചോദ്യത്തിന് യുക്തിസഹമായതും യവന തത്വശാസ്ത്രത്തിന്റെ പശ്ചാത്തലത്തിൽ സ്വീകാര്യവുമായ ഒരുത്തരം നല്കാൻ ശ്രമിക്കുകയാണ് ജ്ഞാനഗ്രന്ഥകാരൻ. അദ്ദേഹത്തിന്റെ ചിന്താഗതികളെ ഉൾകൊള്ളാൻ കഴിയണമെങ്കിൽ അലക്സാണ്ട്രിയായിലെ അക്കാലത്തെ സാമൂഹ്യ-രാഷ്ട്രീയ പശ്ചാത്തലവും അവിടുത്തെ താത്വിക പശ്ചാത്തലവും അറിയുന്നത് ഉപകാരപ്രദമാണ്.

## യവന രാഷ്ട്രീയ-സാമൂഹ്യ പശ്ചാത്തലം

ക്രിസ്തുവിനുമുമ്പ് 587-ൽ ബാബിലോൺ യൂദായെ തകർത്ത തിനെത്തുടർന്നുണ്ടായ രാഷ്ട്രീയ-സാമൂഹ്യ അരക്ഷിതാവസ്ഥ യിൽനിന്ന് രക്ഷനേടാൻ കുറേ യഹൂദർ ഈജിപ്തിൽ അഭയം പ്രാപിച്ചു (ജെറ 42-43). തുടർന്ന് അവർ അവിടെ തങ്ങളുടെ പരമ്പ രാഗത വിശ്വാസം കാത്തുസൂക്ഷിച്ചുകൊണ്ട് ജീവിച്ചുവന്നു. പേർഷ്യൻ സാമ്രാജ്യത്തെ കീഴടക്കിയശേഷം മധ്യപൂർവ്വദേശം മുഴു വൻ തന്റെ ആധിപത്യമുറപ്പിച്ച മഹാനായ അലക്സാണ്ടർ ചക്ര വർത്തി ഈജിപ്തും തന്റെ അധീനതയിൽ കൊണ്ടുവന്നു. അദ്ദേ ഹത്തിന്റെ മരണശേഷം ആ വലിയ സാമ്രാജ്യം അദ്ദേഹത്തിന്റെ നാല് പട്ടാളമേധാവികളുടെ അധികാരത്തിൻകീഴിൽ വന്നു. ഈജിപ്ത് ലഭിച്ചത് അവരിലൊരുവനായ ടോളമിയ്ക്കായിരുന്നു. യവന സംസ്കാരവും ഭാഷയും ലോകത്തെ മുഴുവൻ അഭ്യസിപ്പി ക്കാനും അങ്ങനെ ഭൂലോകം മുഴുവനും ഒരൊറ്റ സംസ്കാരത്തിൻ കീഴിൽ കൊണ്ടുവന്ന് പുതിയ സാഹോദര്യം സൃഷ്ടിക്കാനും ആഗ്ര ഹിച്ച അലക്സാണ്ടറിന്റെ സ്വപ്നം സാക്ഷാത്കരിക്കാൻ അദ്ദേഹ ത്തിന്റെ പിൻഗാമികൾ ആത്മാർത്ഥമായി പരിശ്രമിച്ചു എന്ന് നാം കണ്ടു. തത്ഫലമായി ടോളമി ഒന്നാമന്റെ കാലത്ത് (323-285 BC) ഈജിപ്തിന്റെ തലസ്ഥാനമായ അലക്സാണ്ട്രിയ യവന സംസ്കാ രത്തിന്റെയും തത്വചിന്തയുടെയും കേന്ദ്രമായി മാറി. ഈ മാറ്റത്തിന്റെ അടയാളവും മകുടോദാഹരണവുമായിരുന്നു അവിടെ ഉണ്ടായിരുന്ന മ്യൂസിയവും പ്രശസ്തമായ ലൈബ്രറിയും.

ആ സമൂഹത്തിന്റെ ഒരു പ്രധാന ഭാഗമായിരുന്നു അവിടെ ജീവി ച്ചിരുന്ന യഹൂദരും. അവർ യവനസംസ്കാരവും തത്വശാസ്ത്രവും ഭാഷയും പഠിക്കുകയും സമൂഹത്തിന്റെ മുഖ്യധാരയിൽത്തന്നെ ജീവി ക്കുകയും ചെയ്തു. തങ്ങളുടെ വിശ്വാസപാരമ്പര്യങ്ങളെ യവന സംസ്കാരത്തോട് അനുരൂപപ്പെടുത്തുന്നതിനും അവർ ശ്രമിച്ചു. ഈജിപ്തിൽ ജനിച്ച പുതിയ തലമുറകൾക്ക് പരമ്പരാഗത ഹെബ്രാ യഭാഷ നിശ്ചയമില്ലാതിരുന്നതിനാൽ ഹെബ്രായ ഭാഷയിൽനിന്ന് ബൈബിളും അവർ ഗ്രീക്കിലേയ്ക്ക് തർജ്ജമ ചെയ്തു. അങ്ങനെ യാണ് (ടോളമി രണ്ടാമന്റെ കാലത്തായിരിക്കാം - 285-247 BC) സപ്തതി വിവർത്തനം (LXX) നടന്നത്. അന്ന് അലക്സാണ്ട്രിയാ യിൽ ഹെബ്രായ ഭാഷവശമില്ലാത്തവരും എന്നാൽ ഗ്രീക്കുഭാഷ അറിയാവുന്നവരുമായ ഒരു വിശ്വാസ സമൂഹമുണ്ടായിരുന്നു എന്ന് ഇതിൽനിന്ന് വ്യക്തമാണല്ലോ. തുടർന്ന് ഒന്നാം നൂറ്റാണ്ടിൽ ജീവിച്ച യഹൂദതത്വചിന്തകനായ ഫൈലോ (20 BC-50 AD) ബൈബിളിലെ എല്ലാഗ്രന്ഥങ്ങളും യവന തത്വചിന്തയുടെ വെളിച്ചത്തിൽ വിശദീ കരിക്കാനും ശ്രമിച്ചു.

ടോളമിയുടെ കാലം മുതൽ റോമൻ ചക്രവർത്തിയായ അഗസ്റ്റസിന്റെ കാലംവരെ (31 BC-14 AD) അലക്സാണ്ട്രിയായിലെ യഹൂദർക്ക് ചില ആനുകൂല്യങ്ങൾ രാജാവിൽനിന്ന് ലഭിച്ചിരുന്നു. എന്നാൽ ക്രിസ്തുവിനുമുമ്പ് 24-ാം വർഷം റോമൻ ചക്രവർത്തി ഏർപ്പെടുത്തിയ ഒരു നികുതി (Poll tax) ഈജിപ്തിലെ ആളുകളെ പല വിഭാഗങ്ങളായി തിരിക്കുകയും സാമൂഹിക അസമത്വം സൃഷ്ടിക്കുകയും ചെയ്തു. ഗ്രീക്കുകാർ നികുതിയിൽനിന്ന് പൂർണമായി ഒഴിവാക്കപ്പെട്ടിരുന്നു; ഭാഗികമായി നികുതികൊടുക്കേണ്ട യവനരുമുണ്ടായിരുന്നു; നാട്ടുകാരായ ഈജിപ്തുകാരാകട്ടെ നികുതി മുഴുവൻ കൊടുക്കാൻ ബാധ്യസ്ഥരായിരുന്നു. എന്നാൽ യഹൂദരുടെ കാര്യത്തിൽ കൃത്യമായ തീരുമാനമുണ്ടായിരുന്നില്ല. ഈ പശ്ചാത്തലത്തിൽ അവിടെയുള്ള യഹൂദരിൽ പലരും ഗ്രീക്ക് പൗരത്വം സ്വന്തമാക്കാൻ ശ്രമിക്കുകയും അതിനുവേണ്ടി തങ്ങളുടെ വിശ്വാസം പോലും ത്യജിക്കാൻ തയ്യാറാവുകയും ചെയ്തു. ഇതേത്തുടർന്ന് ഗ്രീക്കുകാരുടെ എതിർപ്പുമൂലം യഹൂദർക്ക് ഗ്രീക്ക്പൗരത്വം ലഭ്യമല്ലാതായി. ഇത് സമൂഹത്തിൽ അസ്വസ്ഥത സൃഷ്ടിക്കാൻ ഇടയാവുകയും അത് വളരെ വർഷങ്ങൾ നീണ്ടുനിൽക്കുകയും ചെയ്തു. ക്രിസ്തുവർഷം 38-ൽ അലക്സാണ്ട്രിയായിലെ യഹൂദരെ ആ സമൂഹത്തിലെതന്നെ മറ്റ് ജനങ്ങൾ ആക്രമിക്കുകയും അവരുടെ സിനഗോഗുകൾ പലതും തകർക്കുകയോ അല്ലെങ്കിൽ അതിനുള്ളിൽ ചക്രവർത്തിയായ കലിഗുളയുടെ ചിത്രങ്ങൾ പ്രതിഷ്ഠിച്ച് അശുദ്ധമാക്കുകയോ ചെയ്തു. തുടർന്ന് റോമൻ പ്രീഫെക്ടായ അവില്ലിയൂസ് ഫ്ളാക്കൂസ് (Avillius Flaccus, A) യഹൂദരെ വിദേശികളായി പ്രഖ്യാപിച്ചു.

ക്രിസ്തുവർഷം 39-ൽ യഹൂദചിന്തകനായ ഫൈലോ ചക്രവർത്തിയുടെ അടുത്തേയ്ക്ക് ഒരു സംഘവുമായി പോവുകയും തങ്ങളുടെ കഷ്ടതകളെക്കുറിച്ച് പരാതിപ്പെടുകയും ചെയ്തെങ്കിലും ഫലമുണ്ടായില്ല. 41-ാം വർഷം കലിഗുളച്ചക്രവർത്തി മരിച്ചപ്പോൾ അലക്സാണ്ട്രിയായിലെ യഹൂദർ വിപ്ലവം അഴിച്ചുവിട്ടു. തുടർന്നുവന്ന ക്ലാവുദിയൂസ് ചക്രവർത്തി അന്ന് നിലവിലുള്ള ക്രമങ്ങൾ (*Status quo*) തുടരാൻ കല്പന നല്കി. യഹൂദർക്കെതിരായ ഗ്രീക്കുകാരുടെ ശത്രുതാമനോഭാവത്തെ അദ്ദേഹം വിലക്കിയെങ്കിലും യഹൂദർക്ക് ഗ്രീക്കുപൗരത്വത്തിന് അവകാശമില്ല എന്നദ്ദേഹം കല്പന പുറപ്പെടുവിച്ചു. ചക്രവർത്തിയുടെ ഈ കല്പന താത്കാലികമായി സാമൂഹിക സമാധാനം പുനഃസ്ഥാപിക്കാൻ ഉപകരിച്ചെങ്കിലും യഹൂദർക്ക് ഗ്രീക്കുകാരെപ്പോലെ തുല്യസ്ഥാനമില്ല എന്ന സാമൂഹിക വീക്ഷണത്തിന് അത് കാരണമായിത്തീർന്നു. സാമൂഹിക അസമത്വത്തിന്റെ ഈ പശ്ചാത്തലം വീണ്ടും വിപ്ലവത്തിലേയ്ക്ക് നയിക്കു

കയും 115-117 വർഷങ്ങളിലെ വിപ്ലവത്തോടെ അലക്സാണ്ട്രിയാ യിലെ യഹൂദസമൂഹം നാമാവശേഷമാവുകയും ചെയ്തു.

ശുദ്ധമായ ഗ്രീക്കിലെഴുതിയ ജ്ഞാനഗ്രന്ഥവും അതിലെ സാമൂ ഹിക നീതിയ്ക്കുവേണ്ടിയുള്ള മുറവിളിയും (1:1; 2:10-24; 6:1) നീതി യ്ക്കുവേണ്ടി നിലകൊള്ളാനുള്ള ആഹ്വാനവും (3:1-9; 4:7,16) അല ക്സാണ്ട്രിയായിലെ യഹൂദസമൂഹമനുഭവിച്ച മതമർദ്ദനത്തിന്റേതായ ഈ പശ്ചാത്തലത്തിൽനിന്നുവേണം മനസ്സിലാക്കാൻ. വിഗ്രഹാരാ ധകരായ ശത്രുക്കളെക്കുറിച്ചുള്ള പരാതികൾ ഈ പശ്ചാത്തലംത ന്നെയാണ് വെളിപ്പെടുത്തുന്നത് (14:12-21; 15:13-14; 16:24; 17:1-3). വിഗ്രഹാരാധകർക്ക് ശിക്ഷ ലഭിക്കുമെന്ന പ്രത്യാശയും ഗ്രന്ഥ കർത്താവ് പ്രകടിപ്പിക്കുന്നുണ്ട് (19:13-15). വിശ്വാസം ത്യജിക്കാൻ മടികാണിക്കാത്ത യഹൂദരെ വിഗ്രഹാരാധനയുടെ ഭോഷത്തത്തെ ക്കുറിച്ച് അനുസ്മരിപ്പിച്ചുകൊണ്ട് അവരെ വിശ്വാസത്തിൽ ഉറപ്പി ക്കാൻ ഗ്രന്ഥകർത്താവ് ശ്രമിക്കുന്നുണ്ട് (13:1-15:19). നീതിചെയ്യാൻ ഭരണാധിപന്മാരെയും ദൈവികമായ നീതിയിൽ ജീവിക്കാൻ വിശ്വാ സികളെയും ഗ്രന്ഥകർത്താവ് ആഹ്വാനം ചെയ്യുന്നു (1:1; 2:10; 3:1; 4:7; 5:1; 6:1-7).

**യവന-താത്വിക പശ്ചാത്തലം**

യൂറോപ്പിലേയും ലോകത്തിന്റെ ബഹുഭൂരിപക്ഷം ജനങ്ങളുടേ യും ചിന്താഗതികളെയും സഭയുടെ വിശ്വാസസംഹിതകളെയും സ്വാധീനിച്ച ലോകത്തിലെ ഏറ്റവും വലിയ തത്വശാസ്ത്രമാണ് ഗ്രീക്കുകാരുടെതെന്ന് പറയാം. സോക്രട്ടീസ്, പ്ലേറ്റോ, അരിസ്റ്റോ ട്ടിൽ തുടങ്ങിയ വലിയ തത്വശാസ്ത്രജ്ഞന്മാരിൽനിന്നുലഭിച്ച ആഴ മേറിയ താത്വികചിന്തകൾ മാത്രമല്ല, അത് വ്യക്തമായി പ്രകടി പ്പിക്കാൻ കഴിയുന്ന ശക്തവും സമ്പന്നവുമായ ഭാഷയും ഗ്രീക്ക് സംസ്കാരത്തിന്റെ പ്രത്യേകതകളായിരുന്നു. ആ സാംസ്കാരിക പശ്ചാത്തലത്തിൽ വളർന്നുവന്ന അലക്സാണ്ട്രിയായിലെ യഹൂ ദരെ സംബന്ധിച്ചിടത്തോളം അവരുടെ ജ്ഞാനപാരമ്പര്യത്തിലെ ജ്ഞാനത്തെക്കുറിച്ചുള്ള പല ചിന്തകളും അവ്യക്തവും അഗ്രാഹ്യ വുമായിരുന്നെന്ന് കരുതാം.

പ്രപഞ്ചത്തെ മുഴുവൻ നിയന്ത്രിക്കാൻ കഴിവുള്ളവനാണ് യഥാർത്ഥ ദൈവം. അങ്ങനെ ഒരു ദൈവമേയുള്ളൂ. ഒരേ ലോക ത്തിൽ ശക്തിപ്രകടിപ്പിക്കാൻ കഴിവുള്ള രണ്ടു ദൈവങ്ങൾ നിലനി ല്ക്കുക സാധ്യമല്ലല്ലോ. ഏക ദൈവവിശ്വാസികളായ യഹൂദർക്ക് ഈ തത്വം സ്വീകാര്യമായിരുന്നു. പക്ഷേ, ലോകം മുഴുവൻ സൃഷ്ടി ക്കുകയും അവിടെ ജീവിക്കുകയും ഭരിക്കുകയും ചെയ്യുന്ന ദൈവം ഏകനാണെങ്കിൽ, ദൈവത്തോടുകൂടി സൃഷ്ടി നടത്തുന്ന ജ്ഞാന

മാരാണ് (ഉദാ: സുഭാ 8:22–30) എന്ന് ഏക ദൈവവിശ്വാസത്തിന്റെ വെളിച്ചത്തിൽ യുക്തിസഹമായി വിവരിക്കേണ്ടതുണ്ട്. ആ പരിശ്ര മമാണ് ജ്ഞാനഗ്രന്ഥകാരൻ നടത്തുന്നത് എന്നു പറയാം: ജ്ഞാന ത്തെക്കുറിച്ചുള്ള പരമ്പരാഗത വീക്ഷണത്തെ യവനതത്വശാസ്ത്ര ത്തിന്റെ വെളിച്ചത്തിൽ വിശദീകരിക്കുകയാണദ്ദേഹം.

ഗ്രന്ഥകാരന്റെ ഈ പരിശ്രമത്തിൽ ഏറ്റവുമധികം സഹായകമാ യിത്തീർന്നത് ക്രിസ്തുവിനുമുമ്പ് 80-ാം വർഷംമുതൽ ക്രിസ്തു വർഷം 220-വരെ ശക്തമായിരുന്ന മിഡിൽ പ്ലേറ്റോണിസം (Middle Platonism) എന്ന പ്ലേറ്റോയുടെ പാരമ്പര്യത്തിൽപ്പെട്ട തത്വചിന്ത യാണെന്നാണ് കരുതപ്പെടുന്നത്.

ഗ്രേക്കോറോമൻ അലക്സാണ്ട്രിയായിൽ മിഡിൽ പ്ലേറ്റോണിസം വളരെ ശക്തമായിരുന്നു. ഗ്രാഹ്യമായ എല്ലാ കാര്യങ്ങളെക്കുറിച്ചും വ്യക്തത അന്വേഷിച്ച ഈ താത്വികർ എല്ലാറ്റിന്റെയും ഉറവിടമായ ദൈവം ആരാണ് എന്ന് നിർവ്വചിക്കാൻ ശ്രമിച്ചു. ദൈവത്തെക്കു റിച്ച് പറയുമ്പോൾ ആദ്യം മനുഷ്യൻ ചിന്തിക്കുന്നത് അവൻ അപ രിമേയനും അഗ്രാഹ്യനും അനാദിയുമാണ് എന്ന ദൈവത്തിന്റെ ഒഴിച്ചുകൂടാൻപറ്റാത്ത ഗുണഗണങ്ങളാണ്. ദൈവം മനുഷ്യന്റെ ഇന്ദ്രി യങ്ങൾക്കതീതനാണ്; അവൻ അദൃശ്യനാണ്.

അപരിമേയനും അഗ്രാഹ്യനുമായ ദൈവം താൻ സൃഷ്ടിച്ച പ്രപ ഞ്ചത്തിന്റെ പരിപാലകനാണ് എന്നതും സത്യംതന്നെ. അവൻ ലോകത്തിലെ എല്ലാ പ്രവൃത്തികളും നിയന്ത്രിച്ചുകൊണ്ടിരിക്കുന്നു എന്നതും സത്യമാണ്. അവൻ എല്ലായിടത്തും സന്നിഹിതനാണ്. ഒരു തരത്തിൽപ്പറഞ്ഞാൽ ദൈവം അദൃശ്യനാണ്; മറ്റൊരുവിധ ത്തിൽപ്പറഞ്ഞാൽ ദൈവം ലോകത്തിൽ എപ്പോഴും ദൃശ്യനാണ്. അതുകൊണ്ട് ദൈവത്തിൽ രണ്ട് വ്യത്യസ്ഥ ഭാവങ്ങളുണ്ടെന്ന് താത്വി കർ കരുതി: (1) ഇന്ദ്രിയങ്ങൾക്കതീതവും അപരിമേയവുമായ ദൈവീ കഭാവം; (2) ലോകത്തിൽ പ്രവർത്തനനിരതമായ, ലോകത്തിലെ മുഴുവൻ ക്രമവും പാലിക്കുന്ന ദൈവീകഭാവം. ലോകത്തിൽ പ്രവർത്തനനിരതമായ ഈ ദൈവികഭാവത്തെ യവന താത്വികർ ലോഗോസ് (Logos) എന്നുവിളിച്ചു.

ലോഗോസ് എന്ന ഗ്രീക്ക് പദത്തിന്റെ അർത്ഥം 'വചനം' എന്നാ ണ്. ദൈവവചനമാണ് ലോകത്തെ സൃഷ്ടിക്കുകയും പരിപാലി ക്കുകയും ചെയ്യുന്നതെന്നർത്ഥം. ഈജിപ്തിന്റെ വിശ്വാസപാരമ്പ ര്യത്തിലാകട്ടെ ഹൂ (Hu) വും സിയ (Sia) യും ലോകസൃഷ്ടിനട ത്തുന്ന ദൈവമായ റേ ആത്തുമിന്റെ (Re Atum) സൃഷ്ടിക്കുന്ന വചനമായി കരുതപ്പെട്ടിരുന്നു.

ഈ തത്വചിന്തകൾ പ്രബലമായിരുന്ന ഈജിപ്തിൽ ജീവിച്ചിരുന്ന യഹൂദരെ സംബന്ധിച്ചിടത്തോളം അവരെ സ്വാധീനിക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു കാര്യം സംഭവിച്ചുകഴിഞ്ഞിരുന്നു. ഹെബ്രായ ഭാഷ വശമില്ലാതിരുന്ന വിശ്വാസ സമൂഹത്തിനുവേണ്ടി ബൈബിൾ ഗ്രീക്കിലേയ്ക്ക് തർജ്ജമ ചെയ്യപ്പെട്ടു (LXX) എന്ന് നാം കണ്ടു. ഈ തർജ്ജമയിൽ (സപ്തതി) 'വചനം,' 'വചനങ്ങൾ' എന്ന ഹെബ്രായ വാക്കുകളെ പ്രധാനമായും റേമ (*Rhema*), ലോഗോസ് (*Logos*) എന്നീ രണ്ടു ഗ്രീക്ക് പദങ്ങളുപയോഗിച്ചാണ് പണ്ഡിതന്മാർ തർജ്ജമ ചെയ്തത്. പ്രവാചക ഗ്രന്ഥങ്ങളിലും ജ്ഞാനഗ്രന്ഥങ്ങളിലും ലോഗോസ് എന്ന വാക്കിനാണ് മുൻഗണന ലഭിച്ചത് (ലോഗോസ് 320, റേമ 40 = പ്രവാചകന്മാരിൽ; ജ്ഞാനഗ്രന്ഥങ്ങളിൽ- ലോഗോസ് 221, റേമ 40). തർജ്ജമ ചെയ്തതിനുശേഷം ഗ്രീക്കിലുള്ള ഈ വചനങ്ങൾ വായിച്ചപ്പോൾ ലോഗോസ് എന്ന് തർജ്ജമ ചെയ്യപ്പെട്ട പല തിരുവചന ഭാഗങ്ങളിലും ഗ്രീക്ക് ഭാഷയുടെ പ്രത്യേകതകൊണ്ട് ആ പദം ചലനാത്മകമായ ഒരു സ്വഭാവവിശേഷം കൈവരിച്ചിട്ടുണ്ടെന്ന് അനുഭവപ്പെട്ടു. ഉദാഹരണമായി

> "കർത്താവിന്റെ നിയമം സീയോനിൽനിന്ന് പുറപ്പെട്ടു
> അവിടുത്തെ വചനം ജറുസലേമിൽനിന്നും" (ഏശ 2:3)
> (ജറുസലേമിൽ നിന്ന് വചനം വരുന്നു).
> "ഒരിക്കലും തിരിച്ചെടുക്കാത്ത വചനം
> എന്നിൽനിന്ന് പൊട്ടിപ്പുറപ്പെട്ടിരിക്കുന്നു
> എല്ലാവരും എന്റെ മുമ്പിൽ മുട്ടുമടക്കും" (ഏശ 45:23-24)
> (വചനം ശക്തമായി മുന്നേറിക്കൊണ്ടിരിക്കുന്നു).
> "അങ്ങയുടെ ഭക്തർ എന്നെക്കണ്ട് സന്തോഷിക്കും
> എന്തെന്നാൽ ഞാൻ അങ്ങയുടെ വചനത്തിൽ
> പ്രത്യാശയർപ്പിച്ചു" (സങ്കീ 119:74)
> (= വചനം രക്ഷാദായകമാണ്).
> "അവിടുന്ന് ഭൂമിയിലേയ്ക്ക് കല്പന അയയ്ക്കുന്നു
> അവിടുത്തെ വചനം പാഞ്ഞുവരുന്നു" (സങ്കീ 147:15).

ഇതുപോലുള്ള വചനങ്ങൾ വായിക്കുമ്പോൾ വചനം എന്ന വാക്കിന് ചലനാത്മകമായ ഒരു ശക്തിയുണ്ടെന്ന് അലക്സാണ്ട്രിയായിലെ വായനക്കാർക്ക് തോന്നുമായിരുന്നു. ലോഗോസ് എന്ന പദം സ്രഷ്ടാവായ ദൈവത്തിന്റെ പ്രപഞ്ചത്തിൽ പ്രവർത്തനനിരതമായ ശക്തിയാണെന്ന് ചിന്തിച്ചിരുന്ന തത്ത്വചിന്ത നിലവിലിരുന്ന അലക്സാണ്ട്രിയായിലെ താത്വിക പശ്ചാത്തലം ഇത്തരുണത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

കൂടാതെ പല സങ്കീർത്തനങ്ങളിലും പ്രഭാഷകനിലും വചനം (Logos) എന്ന പദം ദൈവത്തിന്റെ സൃഷ്ടികർമ്മവുമായി ബന്ധപ്പെട്ടാണുപയോഗിച്ചിരിക്കുന്നത്. ഉദാഹരണമായി

“കർത്താവിന്റെ വചനത്താൽ ആകാശം നിർമ്മിക്കപ്പെട്ടു
അവിടുത്തെ കല്പനയാൽ ആകാശഗോളങ്ങളും” (സങ്കീ 33:6).
“സ്വന്തം ശക്തിയാൽ അവിടുന്ന് ലക്ഷ്യം പ്രാപിക്കുന്നു
അവിടുത്തെ വചനത്താൽ എല്ലാം നിശ്ചിത
മാർഗ്ഗത്തിൽ ചരിക്കുന്നു” (പ്രഭാ 43:26).

ഞാൻ ഇപ്പോൾ കർത്താവിൻെറ പ്രവൃത്തികളെ അനുസ്മരിക്കുകയും ഞാൻ കണ്ടതു പ്രഘോഷിക്കുകയും ചെയ്യും; കർത്താവിൻെറ പ്രവൃത്തികൾ വചനംവഴി നിർവഹിക്കപ്പെടുന്നു. (പ്രഭാ 42:15)

ഈജിപ്തുകാരുടെ മാനവീകരിക്കപ്പെട്ട ‘വചന’ ശാസ്ത്രവുമായി ഈ ചിന്ത വളരെ അടുത്തുനില്ക്കുന്നു എന്ന് പറയേണ്ടതില്ലല്ലോ.

മേൽപ്പറഞ്ഞ വചനഭാഗങ്ങളിലെല്ലാം ലോഗോസ് എന്ന വാക്ക് ദൈവവചനമെന്ന സാധാരണ അർത്ഥത്തിലാണ് ഉപയോഗിച്ചിരുന്നതെങ്കിലും യവനതത്ത്വചിന്തയുടെയും ഈജിപ്തിലെ ദൈവശാസ്ത്രത്തിന്റെയും പശ്ചാത്തലത്തിൽ ചലനാത്മകമായിത്തോന്നിയ ഈ വചനത്തെ (ലോഗോസ്) ദൈവത്തിന്റെ സൃഷ്ടിയും പരിപാലനയുമായി ബന്ധപ്പെട്ട ശക്തിയായി അലക്സാണ്ട്രിയായിലെ യഹൂദർ കണ്ടുതുടങ്ങി. അവർ ബൈബിളിലുള്ള വചനത്തെ (ലോഗോസ്) മിഡിൽ-പ്ലേറ്റോണിസത്തിലെ ലോഗോസുമായി സാവധാനം താദാത്മ്യപ്പെടുത്തിത്തുടങ്ങി. സാവധാനം വളർന്നുവന്ന ഈ ചിന്താധാരയുടെ പക്വമായ ഭാവം ഒന്നാംനൂറ്റാണ്ടിലെ യഹൂദ തത്വചിന്തകനും ബൈബിൾ വ്യാഖ്യാതാവുമായ ഫൈലോയിൽ ക്കാണാം (20 BC-50 AD).

ഫൈലോ പ്രധാനമായും ഗ്രീക്ക് സപ്തതി (LXX) വിശദീകരിക്കുകയാണ് ചെയ്തത്. അദ്ദേഹം മോശയുടെ നിയമത്തെ യവനതത്വശാസ്ത്രത്തിന്റെ-പ്രധാനമായും മിഡിൽ-പ്ലേറ്റോണിസത്തിന്റെ - വെളിച്ചത്തിൽ വ്യാഖ്യാനിക്കാൻ ശ്രമിച്ചു. ഫൈലോയുടെ തത്വമനുസരിച്ച് മേൽപ്പറഞ്ഞ ബൈബിളിലെ ലോഗോസ് അപരിമേയനും അതീന്ദ്രിയനുമായ ദൈവത്തിനും ഇന്ദ്രിയഗോചരമായ പ്രപഞ്ചത്തിനുമിടയിലുള്ള ഒരു മധ്യവർത്തിയായിരുന്നു. ഇത് മിഡിൽ പ്ലേറ്റോണിസത്തിലെ ലോഗോസിനെക്കുറിച്ചുള്ള ചിന്തയോട് വളരെ താരതമ്യം പുലർത്തുന്ന ചിന്തയാണ്.

ഫൈലോ ലോഗോസിനെക്കണ്ടത് ദൈവത്തിന്റെ ഛായയും സാദൃശ്യവുമായാണ്. ദൈവത്തോട് ഏറ്റവും അടുത്തുനില്ക്കുന്ന സത്ത. ലോഗോസ് ദൈവത്തിന്റെ ഛായയാണെന്നുമാത്രമല്ല അത് പ്രപഞ്ചത്തെ ക്രമീകരിക്കാനുള്ള മാതൃകയുമാണ്. ലോകത്തിലുള്ള എല്ലാ ക്രമത്തിന്റെയും മൂലമാതൃക ലോഗോസിലുണ്ട്. ലോഗോ

സിലുള്ള മാതൃകയനുസരിച്ചാണ് പ്രപഞ്ചത്തിലെ ഓരോ പരമാണുവും ക്രമീകൃതമായിരിക്കുന്നത്.

ലോഗോസ് ഇങ്ങനെ പ്രപഞ്ചത്തിലെ സർവ്വതിനും മാതൃക മാത്രമല്ല, അത് പ്രപഞ്ചസൃഷ്ടിയുടെ ഉപകരണവും അതിനുപിന്നിൽ പ്രവർത്തിച്ച ശക്തിയും കൂടിയാണ്. ഇന്നും പ്രപഞ്ചത്തെ പരിപാലിക്കുന്ന ശക്തിയാണത്. തന്റെ വചനവ്യാഖ്യാനത്തിന്റെ മറ്റ് ഭാഗങ്ങളിൽ ഫൈലോ ലോഗോസിനെ അനന്തനായ ദൈവത്തിന്റെ സൃഷ്ടിക്കപ്പെടാത്ത പുത്രനെന്നും മുഖ്യമാലാഖയെന്നും, പ്രപഞ്ചത്തിന്റെ പ്രധാന പുരോഹിതനെന്നും, ദൈവമനുഷ്യനെന്നുമൊക്കെ വിശേഷിപ്പിച്ചു. ലോഗോസിന്റെ പ്രധാന ജോലി ദൈവത്തിനും മനുഷ്യനുമിടയിൽ മധ്യവർത്തിയാവുക എന്നതായിരുന്നുവെന്ന് ഫൈലോ കരുതി.

ലോഗോസിന്റെ മാതൃകയിലാണ് മനുഷ്യമനസ്സ് സൃഷ്ടിക്കപ്പെട്ടത് എന്നതാണ് മറ്റൊരു പ്രത്യേകത. ഉൽപത്തി 1:27 വിശദീകരിച്ചുകൊണ്ട് മനുഷ്യൻ ദൈവഛായയിലല്ല, മറിച്ച് ദൈവഛായയ്ക്കനുസൃതമായാണ് സൃഷ്ടിക്കപ്പെട്ടത് എന്ന് ഫൈലോ പറഞ്ഞു. മനുഷ്യൻ ദൈവഛായയല്ല മറിച്ച് ദൈവഛായയെ (ലോഗോസിനെ) മാതൃകയാക്കി സൃഷ്ടിക്കപ്പെട്ടവനാണ്. അതായത് ദൈവം ® ദൈവഛായ (ലോഗോസ്) ® മനുഷ്യൻ. ദൈവഛായ ലോഗോസ് മാത്രമാണ്; മനുഷ്യനാകട്ടെ ദൈവഛായയുടെ പ്രതിഫലനമാണ് (കോളോ 1:15 കാണുക).

ദൈവഛായയെ മാതൃകയാക്കി സൃഷ്ടിക്കപ്പെട്ട മനുഷ്യമനസ്സ് ദൈവഛായയുടെ പ്രതിഫലനം മാത്രമല്ല, ദൈവഛായയുടെ ഒരു ഭാഗം കൂടിയാണെന്ന് ഫൈലോ കരുതി. മനുഷ്യനിൽ ലോഗോസ് കുടികൊള്ളുന്നുണ്ട്. മനുഷ്യമനസ്സിൽ കുടികൊള്ളുന്ന ഈ ലോഗോസാണ് മനുഷ്യനെ ദൈവത്തിലേയ്ക്ക് നയിക്കുന്നത്. മനുഷ്യമനസ്സിന്റെ ആത്യന്തികലക്ഷ്യം ദൈവത്തെ അറിയുകയും കാണുകയും ചെയ്യുക എന്നതാണ്. ദൈവദർശനവും ദൈവത്തെക്കുറിച്ച് അറിവും സാധ്യമാകണമെങ്കിൽ മനുഷ്യൻ ദൈവീകമായ ലോഗോസിനെ അറിയുകയും അതിൽ പങ്കുപറ്റുകയും വേണം. അതിന് ആദ്യമായി മനുഷ്യൻ തന്റെതന്നെ ഇല്ലായ്മയെ അംഗീകരിക്കണം. അങ്ങനെ സ്വയം അംഗീകരിച്ച് ദൈവത്തെ സ്രഷ്ടാവായിക്കണ്ട് അവനിലേയ്ക്ക് തിരിയുമ്പോൾ മനുഷ്യൻ ഭൗമിക ബന്ധങ്ങളിൽനിന്ന് മുക്തനാവുകയും ലോഗോസിനെ ധ്യാനിക്കാൻ ശക്തനാവുകയും ചെയ്യും. ദൈവീകമായ ലോഗോസാണ് ഈ ധ്യാനത്തിലൂടെ മനുഷ്യനെ ദൈവത്തിലേയ്ക്ക് നയിക്കുന്നത്.

ചുരുക്കിപ്പറഞ്ഞാൽ ദൈവം അദൃശ്യനും ഇന്ദ്രിയങ്ങൾക്കതീതനുമാണെന്ന് ഫൈലോ വിശ്വസിച്ചു. എന്നാൽ ഭൗതിക ലോകത്തിന്റെ അസ്ഥിത്വവും അവിടെ പരിപാലിക്കപ്പെടുന്ന ക്രമവും ദൈവത്തിൽനിന്നുതന്നെ വരുന്നതാണ്. അതുകൊണ്ട് ദൃശ്യപ്രപഞ്ചത്തെ അദൃശ്യനായ ദൈവവുമായി ബന്ധിപ്പിക്കുന്ന ഒരു മധ്യവർത്തിയുണ്ടാകണം. പ്രപഞ്ചത്തിൽ ദൈവത്തിനുവേണ്ടി നിരന്തരം പ്രവർത്തനനിരതമായ ഈ ശക്തിയാണ് ലോഗോസ്. മിഡിൽ പ്ലേറ്റോണിസത്തിന്റെ സഹായത്തോടെ ബൈബിൾ വിശദീകരിച്ചുകൊണ്ട് തന്റെ ലോഗോസ് തത്വം അവതരിപ്പിച്ച ഫൈലോ ആ സിദ്ധാന്തത്തിലൂടെ ദൈവത്തിന്റെ അപരിമേയതയും അതേസമയം അവന്റെ പ്രപഞ്ചത്തിലുള്ള പ്രവർത്തനനിരതമായ നിരന്തര സാന്നിദ്ധ്യവും താത്വീകമായി വിശദീകരിക്കാൻ ശ്രമിക്കുകയായിരുന്നു.

## ഗ്രന്ഥത്തിന്റെ ഘടനയും ദൈവശാസ്ത്രവും

സുഭാഷിതങ്ങളുടെ അടിസ്ഥാന പ്രമാണമായ പ്രവർത്തികൾക്കനുസരിച്ച് പ്രതിഫലം ദൈവം നല്കുമെന്ന തത്വത്തെ ഏറ്റു പറയുന്നതിനോടൊപ്പം (1:6-8; 2:18, 22; 3:10, 14; 4:7; 5:15; 6:5; 12:14) സഭാപ്രാസംഗകന്റേതുപോലെ നല്കപ്പെട്ടിരിക്കുന്ന ജീവിതം ഹ്രസ്വമാണെന്നും, അതിനാൽ അത് ആസ്വദിക്കാനും ഗ്രന്ഥകാരൻ ആഹ്വാനം ചെയ്യുന്നു (2:2-9). അതോടൊപ്പംതന്നെ, ജോബിനെപ്പോലെ നീതി പാലിച്ചുകൊണ്ട് ദൈവിക സംരക്ഷണമനുഭവിക്കുകയും വേണം (3:1-9). കൂടാതെ പ്രഭാഷകനിൽക്കാണുന്ന ഉന്നതമായ ദൈവശാസ്ത്ര വീക്ഷണവും എല്ലാറ്റിനെയും സമന്വയിപ്പിച്ചു കാണാനുള്ള ഹൃദയവിശാലതയും ജ്ഞാനഗ്രന്ഥകാരനുണ്ട്. അതുകൊണ്ടുതന്നെ വെളിപ്പെടുത്തപ്പെട്ട നിയമത്തെയും (3:14-16) ദേവാലയത്തെയും (3:14) പുരോഹിതനെയും (18:20-22) സോളമനെയുമെല്ലാം ഗ്രന്ഥകാരൻ ധ്യാനവിഷയമാക്കുന്നുണ്ട്. ജ്ഞാനഗ്രന്ഥത്തെ മൂന്ന് ഭാഗങ്ങളായിത്തിരിക്കാം (1:1-6:21; 6:22-9:18; 10:1-19:22).

### ഒന്നാം ഭാഗം (1:1-6:21)

പുസ്തകത്തിന്റെ ഒന്നാംഭാഗത്ത് നീതിയെക്കുറിച്ചും മരണത്തെക്കുറിച്ചും അവസാന വിധിയെക്കുറിച്ചും നിത്യജീവിതത്തെക്കുറിച്ചുമുള്ള ചർച്ചകളാണ്. നീതിയും അനീതിയും തമ്മിലുള്ള പോരാട്ടമാണ് ചർച്ചാവിഷയം. ജീവന്റെ ആരംഭം കുറിക്കുകയും മരണത്തിന്റെ ആവിർഭാവം എങ്ങനെയെന്ന് വിവരിക്കുകയും ചെയ്യുന്ന ഉൽപത്തി 1-3 അധ്യായങ്ങളിലെ വിഷയങ്ങൾ ഈ ഭാഗത്ത് പ്രതിഫലിക്കുന്നുണ്ട്.

നീതി പ്രവർത്തിക്കാൻ ഗ്രന്ഥകാരൻ എല്ലാവരെയും ഉദ്ബോധിപ്പിക്കുന്നു: ദൈവം ഏകനാണെന്നെ അടിസ്ഥാന തത്വത്തി

ലുറച്ചുനിന്നുകൊണ്ട് (6:3; 12;27; 13:1–19; 14:3, 12) എല്ലാവരെയും നീതിപൂർവ്വം വിധിക്കുന്ന ദൈവത്തിനുമുമ്പിൽ നീതിയോടെ വർത്തിക്കാൻ ഗ്രന്ഥകാരൻ രാഷ്ട്രീയ അധികാരികളെ ആഹ്വാനം ചെയ്യുന്നു (6:1–7). ഏകദൈവത്തിനു മുമ്പിൽ നീതി ചെയ്യാൻ കഴിയണമെങ്കിൽ ഭൂപാലകർ അവന്റെ ജ്ഞാനം സ്വന്തമാക്കണം: "കർശനമായ വിചാരണ പ്രബലനെ കാത്തിരിക്കുന്നു. ഏകാധിപതികളെ നിങ്ങളോടാണ് ഞാൻ പറയുന്നത് ജ്ഞാനം അഭ്യസിക്കുവിൻ; വഴിതെറ്റിപ്പോകരുത്. വിശുദ്ധമായവ വിശുദ്ധിയോടെ പരികർമ്മം ചെയ്യുന്നവർ വിശുദ്ധരാകും; അവ അഭ്യസിക്കുന്നവർ രക്ഷ കണ്ടെത്തും. എന്റെ വചനങ്ങളിൽ അഭിലാഷമർപ്പിക്കുവിൻ; അവയോട് തീവ്രാഭിനിവേശം കാണിക്കുവിൻ! നിങ്ങൾക്ക് ജ്ഞാനം ലഭിക്കും" (6:8–11).

അതോടൊപ്പംതന്നെ യവന-റോമൻ ഭരണാധികാരികളുടെ കീഴിൽ അനീതിയ്ക്ക് വിധേയരായവരെ വിശ്വാസത്തിൽ ഉറപ്പിച്ചു നിർത്താൻ ഗ്രന്ഥകാരൻ ശ്രമിക്കുന്നു: "ദൈവം മനസ്സിന്റെ സൂക്ഷ്മ വ്യാപാരങ്ങളെ അറിയുന്നവനും, ഹൃദയത്തെ യഥാർത്ഥമായി നിരീക്ഷിക്കുന്നവനും നാവിൽനിന്ന് ഉയരുന്നത് കേൾക്കുന്നവനുമാണ്; കർത്താവിന്റെ ആത്മാവിനാൽ ലോകം നിറഞ്ഞിരിക്കുന്നു" (1:6–7); "നീതിമാൻ പ്രായമെത്താതെ മരിച്ചാലും വിശ്രാന്തി ആസ്വദിക്കും" (4:7); "മരിച്ച നീതിമാൻ ജീവിക്കുന്ന അധർമ്മികളെ വിധിക്കും; വേഗം പൂർണ്ണത നേടിയ യുവാവ് നീണ്ട വാർധക്യം ബാധിച്ച അധർമ്മികളേയും" (4:16); "നീതിമാൻമാർ എന്നേയ്ക്കും ജീവിക്കും; അവരുടെ പ്രതിഫലം കർത്താവിന്റെ പക്കലുണ്ട്; അത്യുന്നതൻ അവരെ പരിപാലിക്കുന്നു" (5:15).

ദൈവം നീതിമാനാകയാൽ നീതി ചെയ്ത് ജീവൻ നേടുകയാണ് യുക്തം. ആദിമനുഷ്യൻ പാപം ചെയ്ത് മരണത്തെ ദൈവം സൃഷ്ടിച്ച മനോഹരമായ പ്രപഞ്ചത്തിലേക്ക് സ്വാഗതം ചെയ്തു (1:12–13); മരണം ദൈവത്തിന്റെ സൃഷ്ടിയല്ല; ദൈവം ഏകനും നീതിമാനുമാണ്. ഏകദൈവമായ സൃഷ്ടാവിനെ അറിയുന്നതാണ് യഥാർത്ഥ നീതി: "അങ്ങയെ അറിയുന്നതാണ് നീതിയുടെ പൂർണ്ണത; അങ്ങയുടെ ശക്തി അറിയുന്നതാണ് അമർത്യതയുടെ ആരംഭം" (15:3).

### നീതിയും മരണാനന്തരജീവിതവും

നീതിമാന് തീർച്ചയായും പ്രതിഫലം ലഭിക്കുമെന്നു ജ്ഞാനി കരുതിയെങ്കിലും പല ജീവിതാനുഭവങ്ങളും ഈ തത്വം തെളിയിക്കുന്നതായിരുന്നില്ല. അതിനാൽ നീതിമാന് മരണശേഷവും പ്രതിഫലം നൽകാൻ കഴിവുള്ളവനാണ് നിത്യനായ ദൈവം എന്ന

നിഗമനത്തിൽ അദ്ദേഹം എത്തിച്ചേർന്നു (3:1). ജ്ഞാനിയുടെ ഈ ചിന്തയാണ് മരണശേഷം മനുഷ്യരെ അവരുടെ പ്രവൃത്തികൾക്കനുസരിച്ച് ദൈവം വിധിക്കുന്ന അന്ത്യവിധിയുണ്ടാകുമെന്നും (4:6, 20) നീതിമാന് നിത്യജീവൻ സമ്മാനമായി ലഭിക്കുമെന്നുമുള്ള വിശ്വാസത്തിന് വ്യക്തത നല്കിയത് (4:7, 16,17).

മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള വിശ്വാസം യഹൂദരുടെ ഇടയിൽ വളരെ സാവധാനം വളർന്നുവന്ന ഒന്നാണ്. ക്രിസ്തുവിനുമുമ്പ് രണ്ടാംനൂറ്റാണ്ടിൽ എഴുതപ്പെട്ട ദാനിയേലിന്റെ പുസ്തകത്തിലും (ദാനി 12:2-3) മക്കാബായക്കാരുടെ രണ്ടാം പുസ്തകത്തിലും (7:9) മാത്രമാണ് പഴയനിയമത്തിൽ ഈ ആശയം കാണുന്നത്. ഇസ്രായേലിന്റെ ബാബിലോൺ പ്രവാസകാലത്ത് തന്റെ ജനത്തെ ദൈവം പുനരുദ്ധരിക്കും എന്നുകാണിക്കാൻ മരിച്ചവരുടെ ഉയിർപ്പെന്ന ആശയം ഗ്രന്ഥകാരന്മാർ ആലങ്കാരികമായി ഉപയോഗിച്ചിരുന്നു എന്നത് സത്യമാണ് (ഉദാ: എസെ 37; ഹോസി 6:1-3); എന്നാൽ അതൊന്നും വ്യക്തിപരമായ മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള പഠനങ്ങളായിരുന്നില്ല. കർത്താവിന്റെ ഭൗമികജീവിതകാലത്തുപോലും മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള വിശ്വാസം യഹൂദമതത്തിന്റെ അടിസ്ഥാന വിശ്വാസപ്രമാണമായിരുന്നില്ല: അക്കാലത്ത് ഫരിസേയർ മരിച്ചവർക്ക് പുനരുത്ഥാനമുണ്ടെന്ന് വിശ്വസിക്കുകയും സദുക്കായർ അത് നിഷേധിക്കുകയും ചെയ്തിരുന്നു (മത്താ 12:18-27; 22:23-33; ലൂക്കാ 20:27-40; അപ്പ 23:6-10).

യഥാർത്ഥ ദൈവത്തെ അറിയുകയും അവന്റെ നിയമം പാലിക്കുകയുമാണ് നീതിയെന്ന് ഗ്രന്ഥകാരൻ അലക്സാണ്ട്രിയായിലെ ജനങ്ങളെ ഉപദേശിച്ചു. ദൈവം ഏകനാണെന്നും അത് ഇസ്രായേലിന്റെ ദൈവമാണെന്നും ആ ദൈവത്തിന്റെ ഹിതമനുസരിക്കുന്നതാണ് നീതിയെന്നും ജ്ഞാനമെന്നുമുള്ള കാര്യങ്ങൾ ജ്ഞാനഗ്രന്ഥകാരന് ലഭിച്ചത് നിയമാവർത്തന പാരമ്പര്യത്തിൽനിന്നും പ്രഭാഷകനിൽ നിന്നുമാണെന്ന് പറയാൻ കഴിയും. പ്രഭാഷകന്റെ സവിശേഷതയായ പാരമ്പര്യത്തെയും ജ്ഞാനചിന്തകളെയും ഒരുമിച്ചു നിർത്താനുള്ള പരിശ്രമം ജ്ഞാനഗ്രന്ഥത്തിലും ദൃശ്യമാണ്. ഏകദൈവത്തിന്റെ ഹിതമനുസരിച്ച് നീതിമാന്മാരായി ജീവിക്കുന്നത് എന്തിനാണ് എന്ന ചോദ്യത്തിന് ഉത്തരം ഗ്രന്ഥകാരൻ നൽകുന്നുണ്ട്: നീതിമാന്മാരായി ജീവിക്കാൻ മനുഷ്യൻ കടപ്പെട്ടവനാണ്, കാരണം ഹ്രസ്വമായ അവന്റെ ജീവിതം ദൈവദാനമാണ്. ഈ ജീവിതത്തിനുശേഷം ദൈവത്തിന്റെ സന്നിധിയിൽ ഒരന്ത്യവിധിയുണ്ടാകും (4:6, 20). ദൈവം അനീതി പ്രവർത്തിച്ചവരെ ശിക്ഷിക്കുകയും (3:16) നീതിമാന്മാർക്ക് നിത്യജീവൻ നല്കുകയും ചെയ്യും (3:13; 4:7).

“നീതിമാന്മാർ എന്നേയ്ക്കും ജീവിക്കും; അവരുടെ പ്രതിഫലം കർത്താവിന്റെ (ഏകദൈവത്തിന്റെ) പക്കലുണ്ട്; അത്യുന്നതൻ അവരെ പരിപാലിക്കും” (5:15). അതുകൊണ്ട് നീതി ചെയ്യുക യെന്നതാണ് ഈലോകത്തിൽ കരണീയമായിട്ടുള്ളത്. നീതിയഭ്യ സിക്കാൻ മനുഷ്യനെ സഹായിക്കുന്ന ദൈവീകശക്തിയാണ് ജ്ഞാനം. പുസ്തകത്തിന്റെ ഒന്നാം ഭാഗം അവസാനിക്കുന്നത് നീതി പാലിക്കാൻ അത്യന്താപേക്ഷിതമായ ജ്ഞാനത്തെ ഭൂപാലകർക്ക് മുമ്പിൽ അവതരിപ്പിച്ചു കൊണ്ടാണ്: “ഏകാധിപതികളേ നിങ്ങ ളോടാണ് ഞാൻ പറയുന്നത് ജ്ഞാനം അഭ്യസിക്കുവിൻ; വഴി തെറ്റി പോകരുത് ... ” (6:9-11). ഈ ആഹ്വാനത്തിന്ശേഷം ജ്ഞാനത്തോട് കേൾവിക്കാരനിൽ ആഭിമുഖ്യമുണർത്താൻ പര്യാപ്തമായ വിധ ത്തിൽ ജ്ഞാനം സ്വന്തമാക്കിയാലുണ്ടാകുന്ന ഫലങ്ങളെക്കുറിച്ച് ഗ്രന്ഥകാരൻ വിവരിക്കുന്നു (6:12-21).

**രണ്ടാം ഭാഗം (6:22-9:18)**

ഗ്രന്ഥത്തിന്റെ രണ്ടാംഭാഗത്ത് ഗ്രന്ഥകർത്താവ് ജ്ഞാനത്തെ മാന വീകരിക്കുകയും, ജ്ഞാനമെന്തെന്നു വ്യാഖ്യാനിക്കുകയും, അതു ലഭിക്കാൻ എന്തു ചെയ്യണമെന്ന് ഉപദേശിക്കുകയും ചെയ്യുന്നു.

ഒന്നാം നൂറ്റാണ്ടിലെഴുതപ്പെട്ടെന്നു കരുതപ്പെടുന്ന ഈ ഗ്രന്ഥം ഫൈലോയോ, അദ്ദേഹത്തിന്റെ സമകാലികരോ, ആ നൂറ്റാണ്ടിലെ മറ്റേതെങ്കിലും ചിന്തകനോ രചിച്ചതായിക്കരുതാം. യഹൂദമതവി ശ്വാസിയായിരുന്ന ഗ്രന്ഥകർത്താവ് തന്റെ വിശ്വാസപാരമ്പര്യത്തിൽ ജ്ഞാനത്തെ മാനവീകരിച്ചിരിക്കുന്നതായിക്കണ്ടിരുന്നു (സുഭാ 8:22 -36; ജോബ് 28:12-28; പ്രഭാ 24). എന്നാൽ ഈ ജ്ഞാനം ആരാണെന്ന് വ്യക്തമായ ഒരു ധാരണകൊടുക്കാൻ ഗുരുക്കന്മാർക്ക് കഴിഞ്ഞിരു ന്നില്ല എന്നുവേണം കരുതാൻ. ഏക ദൈവവിശ്വാസിയെ സംബ ന്ധിച്ചിടത്തോളം ദൈവത്തിന്റെ സഹചാരിയെന്നു പറയപ്പെടുന്ന ജ്ഞാനമാരാണ് എന്നചോദ്യം വളരെ പ്രധാനപ്പെട്ടതായിരുന്നു. ഈ ചോദ്യത്തിനുള്ള ഉത്തരമാണ് ജ്ഞാനഗ്രന്ഥം നല്കുന്നതെന്നു പറയാം.

ഗ്രന്ഥത്തിന്റെ മധ്യഭാഗത്ത് തന്റെ ലക്ഷ്യം എന്താണെന്ന് വിശ ദീകരിച്ചുകൊണ്ട് ഗ്രന്ഥകാരൻ ഇപ്രകാരം പറയുന്നുണ്ട്: “ജ്ഞാന മെന്തെന്നും എങ്ങനെയുണ്ടായെന്നും പറയാം; ഒന്നും ഞാനൊളിച്ചു വയ്ക്കുകയില്ല; സൃഷ്ടിയുടെ ആരംഭം മുതലുള്ള അവളുടെ ഗതി ഞാൻ വരച്ചുകാട്ടാം; അവളെക്കുറിച്ചുള്ള അറിവ് ഞാൻ പകർന്നുതരാം” (6:22). തുടർന്നുവരുന്ന വാക്യങ്ങളിൽ ജ്ഞാനമാ രാണെന്ന് വിശദീകരിക്കാൻ ശ്രമിക്കുകയാണദ്ദേഹം.

ജ്ഞാനത്തെ ഒരു വ്യക്തിയായിക്കാണുന്ന കാര്യത്തിൽ സുഭാഷിതങ്ങളുടെയും (8:22-26) പ്രഭാഷകന്റെയും (24:1-22) പാരമ്പര്യം ഗ്രന്ഥകാരൻ തുടരുക മാത്രമാണ് ചെയ്യുന്നത്. ജ്ഞാനത്തെക്കുറിച്ച് സംസാരിക്കാൻ തുടങ്ങുമ്പോൾ ആദ്യമായി ഗ്രന്ഥകാരനു പറയാനുള്ളത് ജ്ഞാനത്തിന്റെ 21 ഗുണഗണങ്ങളെ പറ്റിയാണ്. ഇവയിൽ മിക്കവയും യവനസംസ്ക്കാരത്തിന്റെയും തത്വചിന്തയുടെയും പശ്ചാത്തലത്തിലെ ആശയങ്ങളാണ്: "അവളുടെ (ജ്ഞാനത്തിന്റെ) ചൈതന്യം 1. വിവേകമുള്ളതും, 2. വിശുദ്ധവും, 3. അതുല്യവും, 4. ബഹുമുഖവും, 5. സൂക്ഷ്മവും, 6. ചലനാത്മകവും, 7. സ്പഷ്ടവും, 8. നിർമ്മലവും, 9. വ്യതിരിക്തവും, 10. ക്ഷതമേൽപ്പിക്കാത്തതും, 11. നന്മയെ സ്നേഹിക്കുന്നതും, 12. തീക്ഷ്ണവും, 13. അപ്രതിരോധ്യവും, 14. ഉപകാരപ്രദവും, 15. ആർദ്രവും, 16. സ്ഥിരവും, 17. ഭദ്രവും, 18. ഉത്കണ്ഠയിൽനിന്ന് മുക്തവും, 19. സർവ്വശക്തവും, 20. സകലതും നിയന്ത്രിക്കുന്നതും, 21. ബുദ്ധിയും നൈർമ്മല്യവും സൂക്ഷ്മതയുമുള്ള ചേതനയിലേക്ക് ചൂഴ്ന്നിറങ്ങുന്നതുമാണ്" (7:23). 21 ഗുണങ്ങൾ എന്നാൽ 7 × 3 ആണെന്ന് ഓർമ്മിക്കുക.

ജ്ഞാനത്തിൽ ആരോപിക്കപ്പെടുന്ന ഓരോ സ്വഭാവഗുണവും ദൈവത്തിന്റെ സ്വഭാവഗുണങ്ങളാണെന്ന് പറയാൻ കഴിയും. അവയെല്ലാം ദൈവത്തിൽ നിന്നുടലെടുക്കുന്നതാണ്. അതുകൊണ്ട് ഗ്രന്ഥകാരൻ തുടർന്നുപറയുന്നതിപ്രകാരമാണ്: തന്റെ നിർമ്മലതയിൽ എല്ലാറ്റിലും വ്യാപിക്കുകയും, തന്റെ വിവേകത്തിൽ എല്ലാമറിയുകയും ചെയ്യുന്ന ജ്ഞാനം (7:24) ദൈവത്തിന്റെ ശക്തിയുടെ ശ്വാസവും സർവ്വശക്തന്റെ മഹത്വത്തിന്റെ ശുദ്ധമായ നിസ്സരണവുമാണ് (7:25). എല്ലാ ഗുണഗണങ്ങളുടെയും ശക്തിയുടെയും മഹത്വത്തിന്റെയും ഉറവിടമായ ദൈവത്തിൽനിന്ന് പ്രപഞ്ചത്തിലേക്ക് കവിഞ്ഞൊഴുകുന്ന ദൈവത്തിന്റെ ശക്തിയും മഹത്വവുമാണ് ജ്ഞാനം (7:25). അപ്രകാരം പ്രപഞ്ചത്തിലേക്ക് പ്രവഹിക്കുന്ന ദൈവികശക്തിയും മഹത്വവുമാകയാൽ ഭൗതികപ്രപഞ്ചത്തിനും അഗ്രാഹ്യനായ ദൈവത്തിനുമിടയിൽ ഒരു മധ്യവർത്തിയായി ജ്ഞാനം മാറുന്നു (യവനതത്ത്വശാസ്ത്രത്തിലെ ലോഗോസിനെപ്പോലെ).

ഫൈലോയുടെ ചിന്തകളിൽക്കണ്ടതിനുസമാനമായി ജ്ഞാനഗ്രന്ഥത്തിൽ ജ്ഞാനത്തെ ദൈവത്തിന്റെ പ്രതിഛായയായാണ് ഗ്രന്ഥകാരൻ കാണുന്നത്. ദൈവത്തിന്റെ പ്രവർത്തനങ്ങളുടെ മുഴുവൻ കണ്ണാടിയാണ് ജ്ഞാനം; അവന്റെ നന്മകളുടെ പ്രതിരൂപമാണത് (7:26). അദൃശ്യനായ ദൈവത്തെ മനുഷ്യന് ദൃശ്യമാക്കുന്ന ദൈവഛായയാണത്. അദൃശ്യനായ ദൈവത്തെയറിയാൻ അവന്റെ പ്രതിഛായയായ ജ്ഞാനത്തിലൂടെ മാത്രമേ സാധ്യമാകുകയുള്ളു എന്ന

താണ് സത്യം. കാരണം അപരിമേയനായ ദൈവം തന്നെക്കുറിച്ച് മനുഷ്യന് വെളിപ്പെടുത്താനാഗ്രഹിച്ചുകൊണ്ട് പ്രപഞ്ചത്തിൽ നിക്ഷേപിച്ചിരിക്കുന്ന അവിടുത്തെ പ്രതിഛായയാണത്.

ലോകം മുഴുവൻ മൂടൽമഞ്ഞുപോലെ വ്യാപിക്കുന്ന ദൈവത്തിന്റെ ഈ പ്രതിഛായയിൽ (പ്രഭാ 24:3) അശുദ്ധമായ ഒന്നിനും പ്രവേശനമില്ല (ജ്ഞാനം 7:25). ജ്ഞാനം ഏകയാണെങ്കിലും എല്ലാം അവൾക്ക് സാധ്യമാണ്. സ്വയം മാറ്റത്തിന് വിധേയയാകാതെ അവൾ സർവ്വതും നവീകരിക്കുന്നു (7:27). പ്രപഞ്ചത്തിൽ പ്രവർത്തനനിരതമായ ദൈവികശക്തിയാണ് ജ്ഞാനമെന്ന് സാരം. മറ്റുവാക്കുകളിൽ പറഞ്ഞാൽ, അദൃശ്യനും അപരിമേയനും പ്രപഞ്ചത്തിന് ഉൾകൊള്ളാൻ കഴിയാത്തവനുമായ ദൈവം ദൃശ്യവും പരിമിതവുമായ ഈ പ്രപഞ്ചത്തിൽ പ്രവർത്തിക്കുന്നത് തന്റെ ജ്ഞാനം വഴിയാണ്. പ്രപഞ്ചത്തിലെ തന്റെ പ്രവർത്തനങ്ങളിൽ വ്യാപൃതയായിരിക്കുന്ന ജ്ഞാനം ഓരോ തലമുറയിലുമുള്ള വിശുദ്ധ ചേതനകളിൽ പ്രവേശിക്കുകയും അവരെ ദൈവമിത്രങ്ങളും പ്രവാചകൻമാരുമാക്കുകയും ചെയ്യുന്നു (7:27).

ജ്ഞാനം മനുഷ്യനിൽ വന്നാൽ മാത്രമേ അവന് ദൈവത്തിന്റെ മിത്രമാകാൻ കഴിയുകയുള്ളു. മലിനമായ ഒന്നിനും അവളിൽ പ്രവേശനമില്ല എന്ന് ഗ്രന്ഥകർത്താവ് ഇതിനുമുമ്പ് പറഞ്ഞുകഴിഞ്ഞിരിക്കുന്നു (7:25). ചുരുക്കിപ്പറഞ്ഞാൽ ജ്ഞാനം ദൈവത്തിൽനിന്ന് പ്രപഞ്ചത്തിലേക്ക് കവിഞ്ഞൊഴുകുന്ന ശക്തിമാത്രമല്ല അത് വിശുദ്ധരായ മനുഷ്യരിൽ നിറയുകയും അവരെ ദൈവമിത്രങ്ങളാക്കുകയും ചെയ്യുന്നശക്തികൂടിയാണ്. ജ്ഞാനമെന്നത് ഇസ്രായേലിന്റെ പാരമ്പര്യത്തിൽ പ്രപഞ്ചത്തിൽ അന്തർലീനമായിരിക്കുന്ന ക്രമമാണെന്ന് നാം കണ്ടുകഴിഞ്ഞതാണ്. ഈ ആശയം ജ്ഞാനഗ്രന്ഥകാരനാണ് വ്യക്തമായി പ്രസ്താവിക്കുന്നത്: "ഭൂമിയിൽ ഒരറ്റം മുതൽ മറ്റേയറ്റംവരെ ജ്ഞാനം സ്വാധീനം ചെലുത്തുന്നു; അവൾ എല്ലാ കാര്യങ്ങളും നന്നായി ക്രമപ്പെടുത്തുന്നു" (8:1). ജ്ഞാനഗ്രന്ഥകാരൻ ഈ പ്രസ്താവനയ്ക്ക് താത്വികമായ അടിത്തറ നൽകുന്നുണ്ടെന്നതാണ് ശ്രദ്ധേയമായ വസ്തുത. ജ്ഞാനം ദൈവത്തോടൊത്താണ് ജീവിക്കുന്നത്: "ദൈവത്തോടൊത്ത് ജീവിച്ച് തന്റെ കുലീനജന്മം അവൾ മഹത്വപ്പെടുത്തുന്നു" (8:3). തന്നോടൊത്ത് ജീവിക്കുകയും പ്രപഞ്ചത്തിൽ തന്റെ പ്രവൃത്തികൾ നിർവ്വഹിക്കുകയും ചെയ്യുന്ന ജ്ഞാനത്തെ ദൈവം സ്നേഹിക്കുന്നു (7:28).

ജ്ഞാനത്തെക്കുറിച്ചുള്ള അവ്യക്തമായ പരമ്പരാഗത കാഴ്ച്ചപ്പാടുകളെ യവനതത്വശാസ്ത്രത്തിന്റെ സഹായത്തോടെ കൂടുതൽ വ്യക്തമായി വിശദീകരിച്ചുകൊണ്ട് ജ്ഞാനം ദൈവത്തിൽനിന്ന് നിർഗ്ഗളിക്കുന്ന ശക്തിയാണെന്നും, അത് അവന്റെ പ്രതിഛായയാ

ണെന്നും, ജ്ഞാനം സ്വന്തമാക്കിക്കൊണ്ടും, ഈ ശക്തിയാൽ നയിക്കപ്പെട്ടും മാത്രമേ മനുഷ്യനു ദൈവത്തിലെത്തിച്ചേരാൻ കഴിയുകയുള്ളുവെന്നും ഗ്രന്ഥകാരൻ പഠിപ്പിച്ചു. ദൈവഹിതമറിയാൻ ജ്ഞാനം കൂടിയേതീരൂ (9:17). അദൃശ്യനായ ദൈവത്തിനും ഭൗമികനായ മനുഷ്യനുമിടയിലെ മദ്ധ്യവർത്തിയാണു ജ്ഞാനം; എല്ലാ സൃഷ്ടവസ്തുക്കളിലും കുടികൊള്ളുന്ന ദൈവിക ചൈതന്യത്തിന്റെ ആദ്യപടി അവളാണ്; അവിടുത്തെ പ്രവർത്തനങ്ങളുടെ കൂട്ടാളിയാണവൾ" (8:4).

ഗുരുക്കന്മാർ അടിസ്ഥാനപരമായി അന്വേഷിച്ചത് പ്രപഞ്ചത്തിലൂടെയും സംഭവങ്ങളിലൂടെയും അനുദിന ജീവിതാനുഭവങ്ങളിലൂടെയും തന്നെത്തന്നെ വെളിപ്പെടുത്തുന്ന ദൈവത്തെയാണെന്ന് ഈ ചർച്ചയുടെ ആരംഭത്തിൽ നാം കണ്ടതാണ്. ഇപ്രകാരം സ്രഷ്ടപ്രപഞ്ചത്തിലൂടെ വെളിപ്പെടുത്തുന്ന ദൈവത്തെ കണ്ടെത്താനാഗ്രഹിക്കുന്നവരോട് ജ്ഞാനിയ്ക്ക് പറയാനുള്ളതിതാണ്: അപരിമേയനും അദൃശ്യനുമായ (9:17) ദൈവത്തെ അറിയണമെന്ന് നിനക്കാഗ്രഹമുണ്ടോ, എങ്കിൽ നീ ആദ്യം അവന്റെ പ്രതിച്ഛായയും അവന്റെ ശക്തിയുമായ ജ്ഞാനത്തെ അറിയുകയും ആ ശക്തിയാൽ നിറയുകയും അതിനായി നിന്നെത്തന്നെ സ്വയം വിശുദ്ധീകരിക്കുകയും വേണം. ദൈവികമായ ക്രമം - ശക്തി - മനുഷ്യനിൽ നിറയുമ്പോഴാണ് അവന് ദൈവത്തെ കാണാൻ കഴിയുക.

**ജ്ഞാനം സ്വന്തമാക്കാൻ എന്തുചെയ്യണം?**

ദൈവത്തെ അറിയാൻ ജ്ഞാനം സ്വന്തമാക്കണം. ജ്ഞാനം സ്വന്തമാക്കാൻ ഏറ്റവുമാദ്യം ചെയ്യേണ്ടത് ദൈവദാനമായ ജ്ഞാനത്തിനുവേണ്ടി പ്രാർത്ഥിക്കുകയാണ്: "ഞാൻ പ്രാർത്ഥിച്ചു; എനിക്ക് വിവേകം ലഭിച്ചു; ഞാൻ ദൈവത്തെ വിളിച്ചപേക്ഷിച്ചു ജ്ഞാനചൈതന്യം എനിക്ക് ലഭിച്ചു" (7:7). മറ്റ് ജ്ഞാനഗ്രന്ഥങ്ങളെക്കാളുപരി ജ്ഞാനം ലഭിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കണമെന്ന് പഠിപ്പിക്കുന്നത് ജ്ഞാനഗ്രന്ഥകാരനാണ്. ജ്ഞാനമെന്തെന്ന് വിശദമാക്കാം എന്നു പറഞ്ഞതിനുശേഷം (6:22-25) മാനവീകരിച്ച ജ്ഞാനത്തെ (7:22-8:21) ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത് ഇസ്രായേലിലെ ഏറ്റവും വലിയ ജ്ഞാനിയായ സോളമന്റെതെന്ന് തോന്നിക്കുന്ന രണ്ട് പ്രാർത്ഥനകൾക്കിടയിലാണ് (7:1-21; 9:1-18). ജ്ഞാനത്തിന്റെ ഉറവിടവും, അതിന്റെ ദാതാവും ദൈവമാകയാൽ ജ്ഞാനത്തിനുവേണ്ടി മനുഷ്യൻ പ്രാർത്ഥിക്കണം.

ദൈവം നൽകുന്നില്ലെങ്കിൽ ആർക്കും ജ്ഞാനം സ്വന്തമാക്കാൻ കഴിയില്ലെന്ന് ഗ്രന്ഥകാരൻ പറയുന്നു: "ദൈവം നൽകുന്നില്ലെങ്കിൽ ജ്ഞാനമെനിക്ക് ലഭിക്കുകയില്ലെന്ന് ഞാനറിഞ്ഞു. ആരുടെ ദാന

മാണ് അവൾ എന്നറിയുന്നത് ഉൾക്കാഴ്ചയുടെ ലക്ഷണമാണ്..." (8:21). "കാരണം ദൈവശാസനകൾ ആർക്ക് ഗ്രഹിക്കാനാകും? കർത്താവിന്റെ ഹിതം തിരിച്ചറിയാൻ ആർക്കു കഴിയും? മർത്യരുടെ ആലോചന നിസ്സാരമാണ്. ഞങ്ങളുടെ പദ്ധതികൾ പരാജയപ്പെടും. നശ്വരജീവിതം ആത്മാവിന് ദുർവഹമാണ്. ഈ കളിമൺകൂടാരം ചിന്താശീലമുള്ള മനസ്സിനെ ഞെരുക്കുന്നു. ഭൂമിയിലെ കാര്യങ്ങൾ ഊഹിക്കുക ദുഷ്കരം. അടുത്തുള്ളതുപോലും അദ്ധ്വാനിച്ചു വേണം കണ്ടെത്താൻ. പിന്നെ ആകാശത്തിലുള്ള കാര്യങ്ങൾ കണ്ടെത്താൻ ആർക്കു കഴിയും? അങ്ങ് ജ്ഞാനത്തെയും പരിശുദ്ധാത്മാവിനെയും ഉന്നതത്തിൽനിന്ന് നൽകിയില്ലെങ്കിൽ അങ്ങയുടെ ഹിതം ആരറിയും! ജ്ഞാനം ഭൂവാസികളുടെ പാത നേരെയാക്കി; അങ്ങേയ്ക്ക് പ്രസാദമുള്ളവ അവരെ പഠിപ്പിച്ചു; അവർ രക്ഷപ്പെടുകയും ചെയ്തു" (9:13-18).

ജ്ഞാനം കടന്നുവരേണ്ടത് മനുഷ്യരിലാകയാൽ വിശുദ്ധയായ അവളെ സ്വീകരിക്കാൻ ഓരോരുത്തരും സ്വയം വിശുദ്ധീകരിക്കയും (7:27) പാപത്തിൽനിന്ന് അകന്നിരിക്കുകയും ചെയ്യണം (12:3-27); ജ്ഞാനം ലഭിക്കാൻ മനുഷ്യൻ പ്രയത്നിക്കുന്നത് അവളെ സ്നേഹിച്ചുകൊണ്ടായിരിക്കണം (7:10). ജ്ഞാനം സ്വന്തമാക്കിക്കൊണ്ടു മാത്രമേ ദൈവഹിതം മനസ്സിലാക്കാനും (9:17) അങ്ങനെ ദൈവത്തിലെത്തിച്ചേരാനും ഭൗമികനായ മനുഷ്യന് കഴിയുകയുള്ളു.

### ജ്ഞാനവും മരണാനന്തരജീവിതവും

ദൈവം തന്റെ ജ്ഞാനത്തിലാണ് മനുഷ്യനെ സൃഷ്ടിച്ചത്. മനുഷ്യമനസ്സിൽ ജ്ഞാനം കുടികൊള്ളുന്നുണ്ട്. ദൈവവും ജ്ഞാനവും അനന്തമാണ്. അങ്ങനെയെങ്കിൽ ജ്ഞാനം കുടികൊള്ളുന്ന (സ്വന്തമാക്കുന്ന) മനുഷ്യനും അനന്തതയ്ക്കായി സൃഷ്ടിക്കപ്പെട്ടവനാണ്: "അവളുടെ (ജ്ഞാനത്തിന്റെ) നിയമങ്ങൾ പാലിക്കലാണ് അവളോടുള്ള സ്നേഹം. അവളുടെ നിയമത്തിലുള്ള ശ്രദ്ധ അമർത്യതയുടെ വാഗ്ദാനമാണ്. അമർത്യത മനുഷ്യനെ ദൈവത്തിലേക്കടുപ്പിക്കുന്നു" (6:18-19); "ദൈവം മനുഷ്യനെ അനന്തതയ്ക്കുവേണ്ടി സൃഷ്ടിച്ചു; തന്റെ അനന്തതയുടെ സാദൃശ്യത്തിൽ നിർമ്മിച്ചു; പിശാചിന്റെ അസൂയ നിമിത്തം മരണം ലോകത്തിൽ പ്രവേശിച്ചു; അവന്റെ പക്ഷക്കാർ അതനുഭവിക്കുന്നു" (2:23-24) എന്നാണ് ഗ്രന്ഥകാരൻ പറയുന്നത്.

### മൂന്നാം ഭാഗം (10:1-19:22)

മൂന്നാംഭാഗത്ത് ജ്ഞാനം എങ്ങനെ മനുഷ്യചരിത്രത്തെ സ്വാധീനിക്കുകയും നയിക്കുകയും ചെയ്തുവെന്ന് പഞ്ചഗ്രന്ഥത്തിന്റെ വെളിച്ചത്തിൽ ഗ്രന്ഥകാരൻ വ്യാഖ്യാനിക്കുന്നു. ലോകസൃഷ്ടിയിലും,

പൂർവ്വ പിതാക്കന്മാരിലൂടെയും, ഈജിപ്തിൽനിന്നുള്ള വിമോചനത്തിലും ജ്ഞാനമാണ് പ്രവർത്തനനിരതമായിരിക്കുകയും മാനവചരിത്രത്തെ നയിക്കുകയും ചെയ്തത് എന്നിവിടെ പ്രഖ്യാപിക്കുന്നു. ആരംഭം മുതലുള്ള ചരിത്രം അവലോകനം ചെയ്തിട്ട് ദൈവത്താൽ രക്ഷിക്കപ്പെട്ടവരെല്ലാം (നോഹ, അബ്രഹാം, യാക്കോബ്, ജോസഫ്, മോശ, ഇസ്രായേൽ ജനം) ജ്ഞാനത്താലാണ് രക്ഷിക്കപ്പെട്ടത് എന്ന് ഗ്രന്ഥകാരൻ പറയുന്നു. ദൈവത്താൽ നശിപ്പിക്കപ്പെട്ടവർ അനുതപിക്കാത്തവരും ഏകദൈവത്തെ അറിയാത്തവരും വിഗ്രഹാരാധകരുമായിരുന്നു.

## ദൈവം എല്ലാ ജനതകളോടും കരുണ കാണിക്കുന്നവനാണ്

ചരിത്രത്തിൽനിന്ന് വെളിവാകുന്ന മറ്റൊരുകാര്യം ദൈവം കരുണാമയനാണെന്നുള്ളതാണ്. അവൻ ശിക്ഷിക്കുന്നത് മനുഷ്യരെ അനുതാപത്തിലേയ്ക്ക് നയിക്കാനാണ് (12:10, 19, 22, 26). 'അനുതപിക്കുക,' 'ദൈവത്തിലേയ്ക്ക് തിരിയുക' എന്ന സന്ദേശം ഗ്രന്ഥകാരൻ തുടർച്ചയായി നൽകുന്നുണ്ട്: "മനുഷ്യൻ പശ്ചാത്തപിക്കേണ്ടതിന് അവിടുന്ന് അവരുടെ പാപങ്ങളെ അവഗണിക്കുന്നു; എല്ലാറ്റിനേയും അങ്ങ് സ്നേഹിക്കുന്നു; അങ്ങ് സൃഷ്ടിച്ച ഒന്നിനെയും അങ്ങ് ദ്വേഷിക്കുന്നില്ല" (11:23–24); വാഗ്ദത്തദേശത്തെ ആദിവാസികൾ വിഗ്രഹാരാധകരായിരുന്നിട്ടുകൂടി ദൈവം അവരോട് കരുണ കാണിച്ചു (12:3–8): "അവരുടെ ജനനം തിന്മയിലാണെന്നും ദുഷ്ടത അവർക്ക് ജന്മസിദ്ധമെന്നും, അവരുടെ ചിന്താഗതിക്കു മാറ്റമില്ലെന്നും അറിഞ്ഞിട്ടും അവരെയങ്ങ് പടിപടിയായി ശിക്ഷിച്ച് അനുതപിക്കാൻ അവർക്ക് അവസരം നൽകി" (12:10).

ദൈവത്തിന്റെ ഈ മനോഭാവം മനസ്സിലാക്കാതെ അവന്റെ പ്രവൃത്തികളെ അവഗണിക്കുന്നവൻ ശിക്ഷയനുഭവിക്കും: "ലഘുശിക്ഷകളുടെ താക്കീത് ഗൗനിക്കാത്തവർ ദൈവം നൽകുന്ന അർഹമായ ശിക്ഷയനുഭവിക്കും" (12:26). ഈ വചനത്തിലൂടെ വിജാതിയരെ നീതിപ്രവർത്തിക്കാനും യഹൂദരെ തങ്ങളുടെ വിശ്വാസത്തിലുറച്ചുനിന്നുകൊണ്ട് പ്രശ്നങ്ങളെ അതിജീവിക്കാനും ഗ്രന്ഥകർത്താവ് ആഹ്വാനം ചെയ്യുന്നു. ദൈവം നൽകുന്ന താക്കീതുകൾ അനുസരിക്കാത്ത പീഡകർ ശിക്ഷിക്കപ്പെടുകതന്നെ ചെയ്യും.

## വിഗ്രഹാരാധന ഏറ്റവും വലിയപാപം

ഏകദൈവത്തെയും അവന്റെ ജ്ഞാനത്തെയും അറിയുന്നതിന് വിഘാതമായി നിൽക്കുന്ന ഏറ്റവും വലിയപാപം വിഗ്രഹാരാധനയാണ്. വിഗ്രഹാരാധന നിമിത്തമാണ് കാനാൻകാർക്ക് ദേശം നഷ്ടപ്പെട്ടതും (12:3–6) ഈജിപ്തുകാർക്ക് ഇസ്രായേലിനുമുമ്പിൽ പരാജയം സമ്മതിക്കേണ്ടിവന്നതും (10:20; 12:2–7). സത്യദൈവത്തെ

അറിയാത്തവർ സ്വതേ ഭോഷന്മാരാണ് എന്ന് പ്രസ്ഥാവിച്ചതിനു ശേഷം വിഗ്രഹാരാധനയുടെ ഭോഷത്തത്തെക്കുറിച്ച് ഗ്രന്ഥ കർത്താവ് ദീർഘമായി സംസാരിക്കുന്നുണ്ട്. പ്രപഞ്ചത്തിലേയ്ക്ക് നോക്കി സ്രഷ്ടവസ്തുക്കളുടെ മാഹാത്മ്യത്തെക്കുറിച്ച് ചിന്തിച്ചാൽ അവയുടെ സ്രഷ്ടാവിൽ എത്തിച്ചേരാൻ കഴിയും എന്ന് ജ്ഞാനി കരുതുന്നു (13:1-9). ഇതിന് കഴിയാത്തവരാണ് ഭോഷന്മാർ; അവർ സത്യദൈവത്തെ അന്വേഷിക്കുന്നതിന് പകരം തങ്ങൾക്കിഷ്ടമുള്ള വിഗ്രഹങ്ങളുണ്ടാക്കി അവയെ ദൈവത്തിന്റെ സ്ഥാനത്ത് പ്രതിഷ്ഠി ക്കുന്നു; അതിനുശേഷം ജീവനില്ലാത്ത ആ വസ്തുക്കളോട് അവർ പ്രാർത്ഥിക്കുന്നു (13:10; 14:11).

നീതിമാനായ സത്യദൈവത്തെ അറിയാത്തതിനാൽ ദൈവ ത്തിന്റെ സ്ഥാനത്തു സ്വയം നിർമ്മിച്ച വിഗ്രഹങ്ങളെ പ്രതിഷ്ഠിച്ചു കൊണ്ട് തങ്ങൾക്കിഷ്ടമുള്ള വിധത്തിൽ ജീവിക്കാൻ ശ്രമിക്കുന്ന വരുടെ തിന്മകളെ നോക്കി ഗ്രന്ഥകർത്താവ് പറയുന്നതിങ്ങനെ യാണ്: "വിഗ്രഹനിർമ്മാണ ചിന്തയാണ് അവിശ്വസ്ഥതയുടെ ആരംഭം; അവയുടെ കണ്ടുപിടുത്തമാണ് ജീവിതത്തെ ദുഷിപ്പിച്ചത്" (14:12). കാരണം മനുഷ്യൻ പ്രപഞ്ചത്തിലെ വലിയകാര്യങ്ങൾ ദർശിച്ച് അവയുടെ സ്രഷ്ടാവിലേയ്ക്ക് തിരിയുകയും, അവന്റെ ഹിതം (ജ്ഞാനം) അന്വേഷിക്കുകയും ചെയ്യുന്നതിനുപകരം തനി ക്കിഷ്ടമുള്ള വിഗ്രഹമുണ്ടാക്കി സ്രഷ്ടാവിന്റെ സ്ഥാനത്ത് പ്രതി ഷ്ഠിച്ചതിനുശേഷം തനിക്കിഷ്ടമുള്ളതെല്ലാം ചെയ്യുന്നു.

വിഗ്രഹാരാധനയെക്കുറിച്ച് ഇത്രയും പൊതുവായി പറഞ്ഞതിനു ശേഷം വിഗ്രഹാരാധന എങ്ങനെ ഉടലെടുത്തു എന്ന് ഗ്രന്ഥകാരൻ വിശദീകരിക്കുന്നു (14:12-15:18). രണ്ട് ഉത്ഭവകാരണങ്ങളാണ് അദ്ദേഹം കാണുന്നത്. ഒന്ന്: "അകാലത്തിൽ പുത്രൻ മരിച്ച ദുഃഖം ഗ്രസിച്ച അവന്റെ പിതാവ് തന്നിൽനിന്നപഹരിക്കപ്പെട്ട മകന്റെ പ്രതി മയുണ്ടാക്കി" (14:15). അവൻ നിരന്തരം ബഹുമാനിച്ചുപോന്ന പ്രതിമ അവന്റെ പിൻഗാമികളുടെ വണക്കത്തിനർഹമാകുകയായിരുന്നു. സാവധാനം ഈ വിഗ്രഹത്തെചുറ്റിപ്പറ്റിയുള്ള ആരാധനാരീതികളും ഉടലെടുത്തു (14:17-21). അതുപോലെ തന്നെ വിദൂരസ്ഥനായ ഭര ണാധികാരിയെ സമീപസ്ഥനാക്കാൻ ശില്പി രാജാവിന്റെ പ്രതിമ യുണ്ടാക്കി (14:17). രാജാവിനോടുള്ള ബഹുമാനം അവൻ പ്രതിമ യോടുകാണിച്ചു തുടങ്ങി. തുടർന്ന് ഈ പ്രതിമ എല്ലാവരാലും വണ ങ്ങപ്പെടാൻ അവൻ കരുക്കൾ നീക്കുകയായിരുന്നു (14:17-21). ഈ വിധത്തിൽ വിദൂരസ്ഥരായ ഭരണാധികാരികളെക്കുറിച്ചുള്ള ചിന്തയും വിഗ്രഹാരാധനയെ സമാധാനമെന്നു വിളിക്കുന്നുവെന്ന കുറ്റപ്പെടുത്തലും (14:22) റോമൻ ഭരണത്തിൻ കീഴിൽ പീഡസഹി ക്കേണ്ടിവന്ന ഇസ്രായേലിന്റെ ജീവിത പശ്ചാത്തലത്തിലേക്ക് വിരൽ

ചൂണ്ടുന്നു എന്നു നാം കണ്ടു. വിഗ്രഹാരധനയെക്കുറിച്ചുള്ള ചിന്തയുടെ ആദ്യഭാഗം അവസാനിക്കുന്നത് വിഗ്രഹാരാധനയെ ദ്വേഷിക്കുകയും സത്യദൈവത്തെ അറിയുകയെന്നത് അമർത്യതയുടെ ആരംഭമാണ് എന്നു പ്രഖ്യാപിക്കുന്ന ഒരു പ്രാർത്ഥനയോടുംകൂടിയാണ് (15:1-6): വിഗ്രഹങ്ങൾ നിർമ്മിക്കുകയോ ആഗ്രഹിക്കുകയോ ആരാധിക്കുകയോ ചെയ്യുന്നവർ തിന്മയുടെ കമിതാക്കളാണെന്നിവിടെ പറഞ്ഞു വയ്ക്കുന്നു.

വിഗ്രഹാരാധനയെക്കുറിച്ചുള്ള ചർച്ചയുടെ രണ്ടാം ഭാഗം (15:7-18) തുടങ്ങുന്നത് കളിമൺവിഗ്രഹ നിർമ്മാണത്തെപ്പറ്റിയുള്ള ചർച്ച ചെയ്തുകൊണ്ടാണ്: ജഡപദാർത്ഥങ്ങളിൽ നിന്ന് വിഗ്രഹങ്ങൾ നിർമ്മിക്കുന്നത് പാപമാണെന്ന് വിഗ്രഹനിർമ്മാതാക്കൾ അറിയുന്നില്ല (15:13); വിഗ്രഹാരാധകരല്ലാത്ത ദൈവജനത്തെ പീഡിപ്പിക്കുന്നവർ ബുദ്ധിഹീനരും ശോചനീയാവസ്ഥയിലുള്ളവരുമാണ് (15:14); ദൈവജനത്തിന്റെ ശത്രുക്കൾ ദുഷ്ടജന്തുക്കളെപ്പോലും ആരാധിക്കുന്നു (15:18).

ദൈവജനത്തിന്റെ ശത്രുക്കളുടെ ശോചനീയാവസ്ഥയെന്തെന്ന് പറഞ്ഞതിനുശേഷം ഈജിപ്തിൽനിന്നുള്ള പുറപ്പാടിൽ ദൈവം എങ്ങനെ തന്റെ ജനത്തിന്റെ ശത്രുക്കളെ തകർത്തുകളഞ്ഞു എന്ന വിചിന്തനമാണ് ഗ്രന്ഥത്തിന്റെ അവസാനംവരെ നടത്തുന്നത് (16-19). ഈ അനുഭവം വിശ്വാസത്തിന്റെ പേരിൽ ഈജിപ്തിൽ പീഡനം അനുഭവിക്കുന്നവർക്ക് പ്രചോദനമാകണം. വിഗ്രഹാരാധനയാണ് അന്ന് ഫറവോയെയും അവന്റെ ആളുകളേയും ശിക്ഷിക്കാൻ കാരണമായതെങ്കിൽ ഇന്ന് വിഗ്രഹാരാധനയിലേർപ്പെട്ടിരിക്കുന്ന ഭരണാധികാരികൾക്കും അതുതന്നെ സംഭവിക്കുമെന്നർത്ഥം.

ഇപ്രകാരം ഗ്രന്ഥകാരൻ വിശ്വാസികളെ പീഡകളുടെ മധ്യേയും സത്യദൈവത്തിലുള്ള വിശ്വാസം കാത്തുസൂക്ഷിക്കാൻ പ്രേരിപ്പിച്ചു: “കർത്താവേ സ്വജനത്തെ അങ്ങ് എല്ലാറ്റിലും ഉയർത്തുകയും മഹത്വപ്പെടുത്തുകയും ചെയ്തു... അവരെ തുണയ്ക്കാൻ അങ്ങ് മടിച്ചില്ല” (19:22) എന്ന പ്രാർത്ഥനയോടെയാണ് ഗ്രന്ഥം അവസാനിക്കുന്നത്.

പ്രപഞ്ചത്തിലേക്ക് കണ്ണുതുറന്ന് നോക്കുകയും അവിടെ വെളിവാകുന്ന ദൈവത്തിന്റെ അത്ഭുതകരമായ പ്രവൃത്തികൾ കാണുകയും അങ്ങനെ പ്രപഞ്ചസൃഷ്ടാവിനെക്കുറിച്ചും അവന്റെ നിയമങ്ങളെക്കുറിച്ചും അറിയുകയും ചെയ്യുകയാണ് ഒരു ജ്ഞാനിയുടെ ദൗത്യമെന്ന് ഈ ഗ്രന്ഥത്തിന്റെ ആരംഭത്തിൽ നാം കണ്ടുകഴിഞ്ഞതാണ്. ഈ ആശയം കൂടുതൽ വ്യക്തമായി അവതരിപ്പിക്കുകയാണ് ജ്ഞാനഗ്രന്ഥകാരൻ: “സൃഷ്ടികളുടെ ശക്തിസൗന്ദര്യങ്ങളിൽനിന്ന് അവയുടെ സ്രഷ്ടാവിന്റെ ശക്തി സൗന്ദര്യങ്ങളെക്കുറിച്ചറിയാം”

(13:5) എന്നദ്ദേഹം പറയുന്നു. മനുഷ്യന്റെ ദൈവാന്വേഷണ പ്രക്രിയയിൽ ഏറ്റവും പ്രതിബന്ധമായിനിന്നത് വിഗ്രഹങ്ങളാണ്. കാരണം ദൈവത്തിന്റെ പ്രവൃത്തികൾ വിഗ്രഹാരാധകർ തങ്ങളുടെ വിഗ്രഹങ്ങളിൽ ആരോപിക്കുകയും സത്യദൈവത്തെ അവഗണിക്കുകയും ചെയ്തു. മനുഷ്യന്റെ ദൈവത്തിലേക്കുള്ള യാത്രയിൽ ഏറ്റവും വലിയ തടസ്സം സൃഷ്ടിക്കുന്നത് അവന്റെ തന്നെ കൈവേലയായ വിഗ്രഹമാണ്. അതുകൊണ്ടാണ് ജ്ഞാനഗ്രന്ഥകാരൻ ഈ വിഷയം ദീർഘമായി ചർച്ച ചെയ്യുന്നതും.

### ജ്ഞാനഗ്രന്ഥവും പുതിയ നിയമവും

പഴയനിയമത്തിലെ ഏറ്റവും അവസാനം രചിക്കപ്പെട്ട ഗ്രന്ഥമെന്ന നിലയിലും കൂടുതൽ വളർന്നതും പുതിയനിയമത്തോടടുത്ത് നിൽക്കുന്നതുമായ വൈദ്യശാസ്ത്രമുൾക്കൊള്ളുന്നതിനാലും ജ്ഞാനഗ്രന്ഥം പഴയനിയമത്തെയും പുതിയനിയമത്തെയും ബന്ധിപ്പിക്കുന്ന കണ്ണിയാണെന്ന് പറയാൻ കഴിയും. ജ്ഞാനപാരമ്പര്യത്തിലെ ഏറ്റവും വളർച്ച പ്രാപിച്ചതും പൂർണ്ണവുമായ ഒരു ദൈവശാസ്ത്രവീക്ഷണം ഈ ഗ്രന്ഥത്തിലുണ്ട്.

പ്രപഞ്ചത്തെ ധ്യാനിച്ചുകൊണ്ട് ദൈവത്തെക്കണ്ടെത്താൻ ശ്രമിച്ച വിശ്വാസിയായ ജ്ഞാനി പുതിയനിയമത്തിലെ ഏറ്റവും വലിയ വെളിപാടായ ദൈവം ത്രിത്വമാണെന്ന വിശ്വാസത്തിന് താത്വികമായ കളമൊരുക്കിയെന്നത് ശ്രദ്ധേയമായ വസ്തുതയാണ്. ദൈവത്തിൽനിന്ന് കവിഞ്ഞൊഴുകുന്ന ശക്തിയാണ് ജ്ഞാനമെന്ന് ഗ്രന്ഥകാരൻ ജ്ഞാനത്തെ നിർവ്വചിച്ചു (7:25); ആ ശക്തിയെ ഒരു വ്യക്തിയായും ഗുരു ഭാവനയിൽക്കണ്ടു (7:23; 8:1–8). അതോടൊപ്പം തന്നെ ഈ ജ്ഞാനം ദൈവവചനമാണ് എന്നദ്ദേഹം പ്രസ്ഥാവിച്ചു: "ഞാൻ പറഞ്ഞു" എന്റെ പിതാക്കന്മാരുടെ ദൈവമേ, കരുണാമയനായ കർത്താവെ, വചനത്താൽ അങ്ങ് സകലതും സൃഷ്ടിച്ചു; ജ്ഞാനത്താൽ അവിടുന്ന് മനുഷ്യന് രൂപം നൽകി" (9:1). ഈജിപ്ത്തിലെ ആദ്യജാതരെ സംഹരിച്ച ദൂതനെ ദൈവവചനമായും ജ്ഞാനമായും കണ്ടുകൊണ്ടദ്ദേഹം ഇപ്രകാരം പറഞ്ഞു: "സർവ്വത്ര പ്രശാന്തമൂകത വ്യാപിച്ചപ്പോൾ, അർദ്ധരാത്രിയായപ്പോൾ, അങ്ങയുടെ ആജ്ഞയുടെ മൂർച്ചയുള്ള ഖഡ്ഗം ധരിച്ച യോദ്ധാവ്, അങ്ങയുടെ സർവ്വശക്തമായ വചനം, സ്വർഗ്ഗസിംഹാസനത്തിൽ നിന്ന് ആ ശാപഗ്രസ്തമായ രാജ്യത്തിന്റെ മദ്ധ്യേ വന്നു. അവൻ ഭൂമിയിൽ കാലുറപ്പിച്ച് സ്വർഗ്ഗത്തോളം ഉയർന്നുനിന്ന് എല്ലാറ്റിനെയും മൃതുവാൽ നിറച്ചു" (18:14–16). സ്വർഗ്ഗസിംഹാസനത്തിൽനിന്ന് ഭൂമിയിലേക്ക് വരുന്ന വചനത്തെ ഒരു വ്യക്തിയായും സ്രഷ്ടാവായ ദൈവത്തിൽനിന്ന് പുറപ്പെടുന്ന അവന്റെ ശക്തിയായുമാണ് ഗ്രന്ഥകർത്താവ് കാണുന്നതെന്ന് പറയേണ്ടതില്ലല്ലോ. ദൈവത്തിന്റെ

ജ്ഞാനവചനത്തെ രോഗങ്ങൾ സുഖപ്പെടുത്തുന്ന വചനമായും (16:12), വിശ്വാസികളുടെ വിശപ്പടക്കുന്ന വചനമായും (16:25-26), ദൈവശിക്ഷ ശമിപ്പിക്കുന്ന വചനമായും (18:22) ഗുരു കണ്ടു.

അതുപോലെതന്നെ ദൈവീകശക്തിയായ ജ്ഞാനത്തെ ദൈവത്തിന്റെ ആത്മാവായും ഗ്രന്ഥകാരൻ കാണുന്നുണ്ട്. ഉദാഹരണമായി ലോകം മുഴുവൻ വ്യാപിക്കുകയും ലോകത്തിലെ സകല ചലനങ്ങളും നിയന്ത്രിക്കുകയും ചെയ്യുന്നത് ജ്ഞാനമാണെന്നു കരുതുന്ന ഗ്രന്ഥകാരൻ ജ്ഞാനത്തെ മാനവീകരിക്കുകയും അതിനെ ദൈവത്തിന്റെ ആത്മാവുമായി താദാത്മ്യപ്പെടുത്തുകയും ചെയ്തുകൊണ്ട് പറയുന്നതിങ്ങനെയാണ്: "കർത്താവിന്റെ ആത്മാവിനാൽ ലോകം നിറഞ്ഞിരിക്കുന്നു. എല്ലാറ്റിനേയും ആശ്ലേഷിക്കുന്ന അത് മനുഷ്യൻ പറയുന്നതറിയുന്നു" (1:7); ദൈവത്തോട് ജ്ഞാനി ഏറ്റു പറയുന്നത്: "കർത്താവേ സകലത്തിലും അങ്ങയുടെ അക്ഷയമായ ആത്മാവ് കുടികൊള്ളുന്നു" (12:1) എന്നാണ്. ഇപ്രകാരം ദൈവാത്മാവിനെ മാനവീകരിക്കുന്ന ഗ്രന്ഥകാരൻ ആ ആത്മാവ് ദൈവത്തിൽ നിന്നും പുറപ്പെടുന്നതാണെന്നും പറയുന്നുണ്ട്: "അങ്ങ് ജ്ഞാനത്തെയും അങ്ങയുടെ ആത്മാവിനേയും ഉന്നതത്തിൽ നിന്ന് നല്കിയില്ലെങ്കിൽ അങ്ങയുടെ ഹിതം ആരറിയും?" (9:17). ജ്ഞാനം (പ. ആത്മാവ്) ഭൂവാസികളുടെ പാത നേരെയാക്കുകയും ദൈവത്തിന് പ്രസാദമുള്ളവ അവരെ പഠിപ്പിക്കുകയും അവരെ രക്ഷിക്കുകയും ചെയ്യുന്നു (9:18).

ദൈവവചനത്തെയും ദൈവാത്മാവിനേയും മാനവീകരിക്കപ്പെട്ട ദൈവശക്തിയായിക്കണ്ട ഗ്രന്ഥകാരൻ പുതിയനിയമത്തിലെ ഏറ്റവും വലിയ വെളിപാടായ ത്രിത്വത്തിലേയ്ക്ക് ദൈവികമായി വിരൽ ചൂണ്ടിയെന്ന് പറയാം.

പ്രഭാഷകനിൽ കാണുന്നതുപോലെതന്നെ ജ്ഞാനഗ്രന്ഥത്തിലും ദൈവത്തെ വിശ്വാസി "പിതാവേ" എന്നു വിളിക്കുന്നതായിക്കാണാം. നീതിമാൻ ദൈവം തന്റെ പിതാവാണെന്നഹങ്കരിക്കുന്നു എന്നാണ് ദുഷ്ടൻ പറയുന്നത് (2:16). വിഗ്രഹാരാധകരായ കടൽ യാത്രക്കാരുടെ ഉപയോഗശൂന്യമായ പ്രവർത്തികളെ നോക്കി ജ്ഞാനി ദൈവത്തോട് പറയുന്നതിങ്ങനെയാണ്: "പിതാവേ, അങ്ങയുടെ പരിപാലനയാണ് അതിനെ (കപ്പലിനെ) നയിക്കുന്നത് (വിഗ്രഹമല്ല)" (14:3). ഇപ്രകാരം ജ്ഞാനഗ്രന്ഥകാരൻ സ്രഷ്ടാവായ ദൈവത്തെ പിതാവായി കാണുന്നു. പുതിയ നിയമത്തിലെ വലിയ വെളിപാടാണതെന്ന് നമുക്കറിയാം.

പഴയനിയമത്തിലെ മറ്റ് പല പുസ്തകങ്ങളിലും ഇല്ലാത്തതും ഉണ്ടെങ്കിൽത്തന്നെ വ്യക്തമല്ലാത്തതുമായ മറ്റ് മൂന്ന് കാര്യങ്ങൾകൂടി ജ്ഞാനഗ്രന്ഥം അവതരിപ്പിക്കുന്നുണ്ട്:

1. മരിച്ചവർക്ക് ഉയിർപ്പുണ്ടാകുമെന്ന വിശ്വാസം (3:1-18; 4:7, 16).

2. മരണശേഷം അന്ത്യവിധിയുണ്ടാകുമെന്ന വിശ്വാസം (4:6; 4:20).

3. നീതിമാന് നിത്യജീവൻ സമ്മാനമായി ലഭിക്കുമെന്ന പ്രതീക്ഷ (4:7; 4:16-17; 3:13-14; 2:23; 6:19); ഈ കാര്യങ്ങൾ നാം ചർച്ച ചെയ്തു കഴിഞ്ഞു.

ഈ മൂന്ന് ചിന്തകളും പുതിയ നിയമത്തിൽ വെളിപ്പെടുത്തപ്പെട്ട വിശ്വാസസത്യങ്ങളിൽ വളരെ പ്രധാനപ്പെട്ടവയാണ്. ഇവ പഴയനിയമത്തിലവതരിപ്പിച്ചുകൊണ്ടാണ് ജ്ഞാനസാഹിത്യത്തിലെ അവസാന ഗ്രന്ഥം പുതിയനിയമവെളിപാടിന് വേദിയൊരുക്കുന്നത്.

സാർവ്വത്രികമായ തുറവിയോടുകൂടി പ്രപഞ്ചസ്രഷ്ടാവായ ദൈവത്തെ അന്വേഷിച്ച ജ്ഞാനികൾ സാവധാനം ഇസ്രായേലിന്റെ ദൈവത്തെ ഏകദൈവമായി തിരിച്ചറിഞ്ഞതും (പ്രഭാ 24; 36:5) തുടർന്ന് പുതിയ നിയമത്തിലെ വെളിപാടുവരെ എത്തിനിന്നതുമാണ് ബൈബിളിലെ ജ്ഞാനഗ്രന്ഥങ്ങളിൽ കാണുന്നത്. അതുകൊണ്ടാണ് വി. പൗലോസ് റോമാക്കാരോട് ഇപ്രകാരം പറയുന്നത്: "ലോകസൃഷ്ടി മുതൽ ദൈവത്തിന്റെ അദൃശ്യപ്രകൃതി, അതായത് അവിടുത്തെ അനന്തശക്തിയും ദൈവത്വവും സ്രഷ്ടവസ്തുക്കളിലൂടെ സ്പഷ്ടമായി അറിഞ്ഞിട്ടുണ്ട്; അതുകൊണ്ട് അവർക്ക് (ദൈവത്തെ വിശ്വസിക്കാത്തവർക്ക്) ഒഴികഴിവില്ല; അവർ ദൈവത്തെ അറിഞ്ഞിരുന്നെങ്കിലും അവിടുത്തെ ദൈവമായി മഹത്വപ്പെടുത്തുകയോ അവിടുത്തേയ്ക്ക് നന്ദി പ്രകാശിപ്പിക്കുകയോ ചെയ്തില്ല. മറിച്ച് അവരുടെ യുക്തിവിചാരങ്ങൾ നിഷ്ഫലമായിത്തീരുകയും വിവേകരഹിതമായ ഹൃദയം അന്ധകാരത്തിലാണ്ടുപോവുകയും ചെയ്തു" (റോമ 1:20-21).

ദൈവത്തോടുകൂടെ പ്രപഞ്ചത്തിലേക്കും അവനവന്റെ വ്യക്തിജീവിതത്തിലേയ്ക്കും നോക്കുവാനും അവിടെ നമുക്ക് സ്വയം വെളിപ്പെടുത്തുകയും വ്യക്തിപരമായി നമ്മോട് സംസാരിക്കുകയും ചെയ്യുന്ന ദൈവത്തെ കണ്ടെത്തുവാനും ആ ദൈവം തന്റെ എഴുതപ്പെട്ട വചനത്തിലൂടെയും തന്റെ ആലയമായ സഭയിലൂടെയും തന്റെ കരവേലയായ പ്രപഞ്ചത്തിലൂടെയും നമുക്ക് നൽകുന്ന കൽപ്പനകൾ സ്വാംശീകരിക്കുവാനും ബൈബിളിലെ ജ്ഞാനഗ്രന്ഥങ്ങൾ നമ്മെ സഹായിക്കട്ടെ.

## ജ്ഞാനസാഹിത്യത്തെ മനസ്സിലാക്കാനുപകരിക്കുന്ന ചില ആധുനിക ഗ്രന്ഥങ്ങൾ


Barre, M.L., ed., *Wisdom, You are My Sister: Studies in Honor of R.E. Murphy O. Carm. On the Occasion of his 80th Birthday*, Washington, CBQMS 29, Catholic Biblical Association of America 1997.

Brown, W.P., *Ecclesiastes*, Luisville, John Knox 2000.

Burkes, S., *Death in Qoheleth and Egyptian Biographies of the Late Period*, Atlanta, SBL D Series 170, Scholars Press 1999.

Crenshaw, J.L., *Defending God: Biblical Responses to the Problem of Evil*, Oxford, Oxford University 2005.

----------., *Education in Ancient Israel: Across the Deadening Silence*, New York, Doubleday 1998.

Day, J. - Gordon R.P. - Williams, eds., *Wisdom in Ancient Israel: Essays in Honor of J.A. Emerton*, Cambridge, Cambridge University 1995.

Dell, K.J., *The Book of Job as Sceptical Literature*, Berlin - New York, Walter de Gruyter, BZAW 197, 1991.

----------., *The Book of Proverbs in Social and Theological Context*, Cambridge, Cambridge University 2006.

Estes, D.J., *Hear, My Son: Teaching and Learning in Proverbs 1-9*, Grand Rapids, Eerdmans 1997.

Fox, M., *A Time to Tear Down and a Time to Build Up: A Rereading of Ecclesiastes*, Grand Rapids, Eerdmans 1999.

Gammie J.G - Perdue L.G., eds., *The Sage in Israel and in the Ancient Near East*, Winona Lake, Eisenbrauns 1990.

Iwanski, D., *The Dynamics of Job's Intercession*, Roma, PBI, Analecta 161, 2006.

Koh, Y.V., *Royal Autobiography in the Book of Qoheleth*, Berlin - New York, Walter de Gruyter, BZAW 369, 2007.

Murphy, R.E., *Proverbs*, Nashville, WBC 22, Thomas Nelson 1998.

Newsome, C., *The Book of Job: A Context of Moral Imaginations*, Oxford, Oxford University 2003.

Perdue, L.G., *Wisdom and Creation*, Nashville, Abingdon 1994.

---------., *Wisdom Literature: A Theological History*, Louisville, Westminster John Knox 2007.

Pyeon, Y., *You have Not Spoken What is Right About Me: Intertextuality and the Book of Job*, New York, Peter Lang, Studies in Biblical Literature 45, 2003.

Schoors, A., ed., *Qohelet in the Context of Wisdom*, Leuven, BETL 136, Leuven University 1998.

Schroer, S., *Wisdom Has Built Her House: Studies on the Figure of Sophia in the Bible*, Collegeville, Liturgical Press 2000 [orig. 1996].

von Rad, G., *Wisdom in Israel*,. Nashville 1972.

Weeks, S., *Early Israelite Wisdom*, Claredon, Oxford 1994.